
# സുവിശേഷങ്ങൾ

## ഒരു പശ്ചാത്തല പഠനം



എഡിറ്റർ: ഫിലിപ്പ് തയ്യിൽ വി. സി.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# സുവിശേഷങ്ങൾ

## ഒരു പശ്ചാത്തല പഠനം

എഡിറ്റർ
ഫിലിപ്പ് തയ്യിൽ വി.സി.

രചയിതാക്കൾ

പോൾ തരകൻ വി.സി.
ഐസക് മാരിപ്പാട്ട് വി.സി.
ജോസ് പഴേവീട്ടിൽ വി.സി.
സാബു അടിമാക്കിയിൽ വി.സി.
അലക്സ് ചാലങ്ങാടി വി.സി.
തോമസ് അമ്പാട്ടുകുഴിയിൽ വി.സി.
സാജു കൊച്ചുകുന്നത്തുപറമ്പിൽ വി.സി.
ജോൺസൺ ഈന്തുംകുഴിയിൽ വി.സി.

128

www.malankaralibrary.com

[Malayalam]
**SUVISESHANGAL: ORU PASCHATHALAPADANAM**
Editor: **Philip Thayil V.C.**
First Published: 25th December 1999
© Editor
Cover Design: William Nellickal
Typesetting: ASL Computers, Cochin-16
Printing: Best Offset, Kochi-18,

Published by:
**Philip Thayil V.C.**
**Vincentian House**
Angamally South P.O.
Kerala-683 573

www.malankaralibrary.com

# ഉള്ളടക്കം


| | | വേജ് |
|---|---|---|
| | ആമുഖം | 4 |
| 1. | പലസ്തീന - ഭൂപ്രകൃതിയും കാലാവസ്ഥയും | 5 |
| 2. | ജനങ്ങളും ജീവിതരീതിയും | 12 |
| 3. | രാഷ്ട്രീയ പശ്ചാത്തലം | 22 |
| 4. | മതപശ്ചാത്തലം | 41 |
| 5. | യഹൂദവിഭാഗങ്ങൾ | 79 |
| 6. | അവഗണിക്കപ്പെട്ടവർ | 89 |
| 7. | സുവിശേഷങ്ങൾ - രൂപീകരണവും ഉള്ളടക്കവും | 96 |
| | Select Bibliography | 128 |


www.malankaralibrary.com

# ആമുഖം

യേശുക്രിസ്തുവിൻെറ ജീവിതത്തെക്കുറിച്ചും പ്രബോധനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഗ്രന്ഥങ്ങളെന്ന നിലയിൽ സുവിശേഷങ്ങൾക്ക് ക്രൈസ്തവരുടെ ജീവിതത്തിൽ വലിയ സ്ഥാനമാണുള്ളത്. വായനയ്ക്കും വിചിന്തനത്തിനും പ്രബോധനത്തിനും പ്രാർത്ഥനയ്ക്കുമായി സഭാസമൂഹങ്ങളിൽ കൂടുതൽ ഉപയോഗിക്കുന്നതും സുവിശേഷഗ്രന്ഥങ്ങൾ തന്നെ. ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുമ്പ് എഴുതപ്പെട്ട സുവിശേഷഗ്രന്ഥങ്ങളുടെ സന്ദേശം മനസ്സിലാക്കുവാൻ അവ എഴുതപ്പെട്ട കാലഘട്ടത്തിലെ രാഷ്ട്രീയവും സാമൂഹ്യവും, സാംസ്കാരികവും സാമ്പത്തികവും മതപരവുമായ പശ്ചാത്തലം മനസ്സിലാക്കേണ്ടതുണ്ട്. കാരണം, യേശുവിൻെറ പ്രഘോഷണത്തിലും പ്രവർത്തനങ്ങളിലും യേശുസംഭവത്തെക്കുറിച്ചുള്ള സുവിശേഷകന്മാരുടെ വിവരണങ്ങളിലും ഈ ഘടകങ്ങൾ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്.

സുവിശേഷഗ്രന്ഥങ്ങൾ കുടുതൽ ആഴത്തിൽ മനസ്സിലാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സഹായകമായി പലസ്തീനയെക്കുറിച്ചും യഹൂദരുടെ ജീവിതരീതികളെയും ആചാരാനുഷ്ഠാനങ്ങളെയുംകുറിച്ചും അവരുടെ സാമ്പത്തികവും രാഷ്ട്രീയവും മതപരവുമായ അവസ്ഥയെക്കുറിച്ചും സുവിശേഷഗ്രന്ഥങ്ങളുടെ രൂപീകരണത്തെയും അവയുടെ ഉള്ളടക്കത്തെയും കുറിച്ചും അറിവു നൽകുകയാണ് ഈ ചെറിയ ഗ്രന്ഥംകൊണ്ട് ഉദ്ദേശിക്കുന്നത്. ലളിതമായ ശൈലിയിൽ എളുപ്പം മനസ്സിലാക്കത്തക്കവിധമാണ് ഇതിലെ വിഷയങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ഇതിലേക്ക് ലേഖനങ്ങൾ തയ്യാറാക്കിയത് 1998-1999 വർഷത്തിൽ ആലുവ വിൻസെൻഷ്യൻ വിദ്യാഭവനിൽ നിന്നും വൈദികപരിശീലനം പുർത്തിയാക്കി പൗരോഹിത്യം സ്വീകരിച്ച എൻെറ പ്രിയപ്പെട്ട ശിഷ്യന്മാരായ അലക്സ് ചാലങ്ങാടി, ജോൺസൺ ഈന്തുംകുഴിയിൽ, തോമസ് അമ്പാട്ടുകുഴിയിൽ, പോൾ തരകൻ, സാബു അടിമാക്കിയിൽ, സാജു കൊച്ചുകുന്നത്തുപറമ്പിൽ, ഐസക് മാരിപ്പാട്ട്, ജോസ് പഴേവീട്ടിൽ എന്നിവരാണ്. ഈ സഹോദരവൈദികരുടെ ശുശ്രൂഷയിൽ ദൈവാനുഗ്രഹം നേരുന്നു. കൈയെഴുത്തുപ്രതി വായിച്ച് ഭാഷാശുദ്ധി വരുത്തുവാൻ സഹായിച്ചത് റവ. ഡോ. ജോർജ്ജ് കുരുക്കൂർ അച്ചനാണ്. അച്ചന് ആത്മാർത്ഥമായ നന്ദി. ഇതിൻെറ ടൈപ്പ്സെറ്റിംഗ് ചെയ്ത എ.എസ്.എൽ. കമ്പ്യൂട്ടേഴ്സിനും അച്ചടി ഭംഗിയായി നിർവ്വഹിച്ച ബെസ്റ്റ് ഓഫ്സെറ്റിനും നന്ദി.

തനിക്കു ലഭിച്ച വിളിയോട് വിശ്വസ്തത പുലർത്തിക്കൊണ്ട് സന്തോഷപൂർവ്വം പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിച്ച് പിതൃസന്നിധിയിൽ പ്രവേശിച്ച വിൻസെൻഷ്യൻ സഭാംഗവും എൻെറ പ്രിയ സുഹൃത്തുമായിരുന്ന ബഹു. അലക്സ് ഐക്കര അച്ചൻെറ പാവനസ്മരണയ്ക്ക് ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

ഫാ. ഫിലിപ്പ് തയ്യിൽ വി.സി.
വിൻസെൻഷ്യൻ ഹൗസ്
അങ്കമാലി സൗത്ത്-683 573

ഡിസംബർ 25, 1999

www.malankaralibrary.com

# 1

# പലസ്തീന ഭൂപ്രകൃതിയും കാലാവസ്ഥയും

വിസ്തീർണ്ണത്തിൽ ചെറുതെങ്കിലും (36000 ചതുരശ്ര കി. മീ.) മാനവ ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു ഭൂപ്രദേശമാണ് പലസ്തീന. ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിൻെറ അധിവാസ സ്ഥലം, മനുഷ്യനായി അവതരിച്ച ദൈവപുത്രനായ യേശുവിൻെറ ജന്മസ്ഥലവും പ്രവർത്തനരംഗവും, അവിടുത്തെ മൗതികശരീരമായ തിരുസഭയുടെ ജന്മസ്ഥലം എന്നീ നിലകളിലെല്ലാം ഇതിന് പ്രാധാന്യമുണ്ട്. ബൈബിൾ പഠനത്തിന്, പ്രത്യേകിച്ച് സുവിശേഷപഠനത്തിന് പലസ്തീനയുടെ ഭൂഘടനയും ചരിത്രവും കാലാവസ്ഥയും അറിഞ്ഞിരിക്കുക അനിവാര്യമാണ്.

വിശുദ്ധ ഗ്രന്ഥത്തിൽ "കാനാൻ" എന്ന വാക്കാണ് പ്രധാനമായും ഈ സ്ഥലത്തെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നത് (ഉൽപ 12:5; 17:8; പുറ 3:17). നോഹിൻെറ പുത്രനായ കാനാനും (ഉൽപ 9:19) സന്തതികളും വസിച്ചിരുന്ന ദേശമായതുകൊണ്ടാണ് ഇതിന് "കാനാൻ ദേശം" അഥവാ "കാനാന്യരുടെ നാട്" (ഉൽപ 17:8) എന്ന പേരു ലഭിച്ചത്. ജോർദാൻെറ പടിഞ്ഞാറുവശത്തുള്ള പ്രദേശങ്ങളെ സൂചിപ്പിക്കുവാൻ ബൈബിളിൽ ഈ പേര് ഉപയോഗിച്ചുപോന്നു. ഹെബ്രായരായ അബ്രാഹവും ലോത്തും താമസിച്ചിരുന്ന ദേശമായിരുന്നതുകൊണ്ട് "ഹെബ്രായദേശം" (ഉൽപ 40:15) എന്ന പേരും ഇതിനു ലഭിച്ചു. ഇസ്രായേൽ ജനതയുടെ അധിവാസ സ്ഥലമായിരുന്നതുകൊണ്ട് "ഇസ്രായേൽ ദേശ"മെന്നും (1 രാജാ 11:13; എസെ 7:2) ഇത് അറിയപ്പെടുന്നു. അബ്രാഹമിന് ദൈവം വാഗ്ദാനം ചെയ്ത പ്രദേശമായതിനാൽ "വാഗ്ദത്തനാട്" (ഉൽപ 12:6-7; പുറ 12:5; നിയ 9:28) എന്നും ഇതിനു പേരുണ്ട്. വിശുദ്ധനഗരമായ ജറുസലേമും നഗരത്തെ വിശുദ്ധമാക്കുന്ന ദേവാലയവും സ്ഥിതിചെയ്യുന്ന രാജ്യമായതിനാൽ "വിശുദ്ധനാട്" എന്നും

www.malankaralibrary.com

വിളിക്കപ്പെടുന്നു. ദൈവപുത്രനായ യേശുക്രിസ്തുവിൻെറ ജീവിതത്തോടും പ്രവർത്തനത്തോടും ബന്ധപ്പെട്ട നാടായതിനാൽ ഈ പേര് തികച്ചും അനുയോജ്യമാണ്. ബി.സി. 1200-ൽ ഫിലിസ്ത്യർ ഈ പ്രദേശങ്ങൾ കീഴടക്കുകയും ഇവിടെ താമസമുറപ്പിക്കുകയും ചെയ്തു. "ഫിലിസ്ത്യരുടെ നാട്" എന്ന അർത്ഥം ദ്യോതിപ്പിക്കുന്നതാണ് പലസ്തീന എന്ന പേര്.


ഏഷ്യാ ഭൂഖണ്ഡത്തിൻെറ പടിഞ്ഞാറെയറ്റത്തായി പലസ്തീന സ്ഥിതിചെയ്യുന്നു. ഏഷ്യയെ ആഫ്രിക്കൻ ഭൂഖണ്ഡങ്ങളുമായി ബന്ധിപ്പിക്കുന്നത് പലസ്തീനയാണ്. മറ്റുള്ള ജനവിഭാഗങ്ങളിൽനിന്നും ഒറ്റപ്പെട്ട് നാലുവശത്തും പ്രകൃതിദത്തമായ അതിർത്തികളാൽ സംരക്ഷിക്കപ്പെട്ട പലസ്തീന ഭൂമിശാസ്ത്രപരമായി മറ്റു രാജ്യങ്ങളിൽനിന്നും വ്യത്യസ്തമായിരുന്നു. വടക്ക് ലെബനോൻ പർവ്വത നിരകളും പടിഞ്ഞാറ് മെഡിറ്ററേനിയൻ സമുദ്രവും തെക്കും കിഴക്കും മരുഭൂമികളും പലസ്തീനയെ മറ്റു ഭൂവിഭാഗങ്ങളിൽനിന്നും വേർതിരിക്കുന്നു. അന്യമതസ്ഥരിൽനിന്നും വേർതിരിഞ്ഞ് ഏക ദൈവവിശ്വാസത്തിൽ അടിയുറച്ച് സമാധാനത്തോടെ കഴിയുവാൻ ഇസ്രായേൽ ജനത്തിന് സ്വാഭാവിക പ്രേരണ നൽകുന്നതാണ് പലസ്തീനയുടെ സ്ഥാനം.

ഭൂമിശാസ്ത്രപരമായി പലസ്തീന, കുന്നുകളും താഴ്വരകളും നിറഞ്ഞ പ്രദേശമായതിനാൽ പ്രധാനമായും തീരപ്രദേശമായിരുന്നു യാത്രയ്ക്ക് ഉപയോഗിച്ചിരുന്നത്. കൂടാതെ ഏഷ്യാഭൂഖണ്ഡത്തിൻെറ പടിഞ്ഞാറെ അറ്റത്തു സ്ഥിതിചെയ്യുന്ന പലസ്തീന ആഫ്രിക്കാ, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളെ ബന്ധിപ്പിച്ചിരുന്ന ഏക കരമാർഗ്ഗവുമായിരുന്നു. ഈജിപ്ത്, ബാബിലോണിയ, പേർഷ്യ, റോമ തുടങ്ങിയ സാമ്രാജ്യശക്തികൾ മറ്റു രാജ്യങ്ങളെ കീഴടക്കാൻ യാത്ര ചെയ്തിരുന്നത് പലസ്തീന വഴിയായിരുന്നു. അതുകൊണ്ട് പലസ്തീന പലപ്പോഴും വിദേശശക്തികളുടെ ആധിപത്യത്തിലായിരുന്നു (യേശുവിൻെറ കാലത്ത് പലസ്തീന റോമാക്കാരുടെ അധീനതയിലായിരുന്നു.) വാണിജ്യബന്ധങ്ങളും വിദേശാധിപത്യവും വഴി മറ്റു ജനതകളുടെ സംസ്കാരം പലസ്തീനയിൽ എത്തിച്ചേരുവാൻ ഇടയായിട്ടുണ്ട്.

പലസ്തീനയെ ലംബമാനമായി (Vertical) നാലു ഭാഗമായി തിരിക്കാവുന്നതാണ്.

1. മധ്യധരണ്യാഴി തീരപ്രദേശം (Mediterranean Coastal Plain)
2. മദ്ധ്യഭാഗത്തുള്ള ഉയർന്ന പീഠഭൂമി (Central Palestine)
3. ജോർദാൻെറ താഴ്വര പ്രദേശങ്ങൾ (Jordan Valley)
4. ജോർദാൻെറ കിഴക്കുവശത്തുള്ള പർവ്വതനിരകൾ (Transjordan Mountains)

www.malankaralibrary.com




യേശുവിൻെറ കാലത്തെ പലസ്തീന

1. മധ്യധരണ്യാഴി തീരപ്രദേശം

വടക്ക് ലെബനോൻ മുതൽ തെക്ക് ഗാസവരെ 180കി.മീ. നീളത്തിൽ മധ്യധരണ്യാഴി പ്രദേശം വ്യാപിച്ചുകിടക്കുന്നു. ഈ പ്രദേശം വളരെ ഫലഭൂയിഷ്ഠമാണ്. ഒലിവ്, മുന്തിരി, വാഴ തുടങ്ങിയവ ഇവിടെ സമൃദ്ധമായി കൃഷി

www.malankaralibrary.com

ചെയ്യപ്പെടുന്നു. യോപ്പ, കേസറിയ തുടങ്ങിയവ തീരപ്രദേശത്തോടു ചേർന്ന പട്ടണങ്ങളാണ്.

2. **മദ്ധ്യഭാഗത്തുള്ള ഉയർന്ന പീഠഭൂമി**

പലസ്തീനയുടെ മദ്ധ്യഭാഗത്ത് വടക്കുമുതൽ തെക്കുവരെ മിക്കവാറും തുടർച്ചയായ പർവ്വതനിരകളും ഇടവിട്ട് താഴ്വരകളുമാണുള്ളത്. ലബനോൻ പർവ്വതനിരകളുടെ തുടർച്ചയായ കർമ്മലമലയും തുടർന്ന് എസ്ദ്രലോൻ (Esdrelon) സമതലപ്രദേശവും, ഗലീലിയൻ മലകളും, സമരിയ, യുദയാ പ്രദേശങ്ങളും അടങ്ങുന്നതാണ് മദ്ധ്യപലസ്തീന. ഈ പ്രദേശത്തിന്റെ ഉയരം 500 - 1200 മീറ്ററാണ്. ഗലീലിയായിലെ നഫ്ത്താലി, സമരിയായിലെ ഗരിസീം, ഏബാൽ, യുദയായിലെ ഹെബ്രോൻ എന്നീ മലകൾ ഈ ഭാഗത്തുള്ള ഏറ്റവും ഉയർന്ന മലകളാണ്. ബൈബിളിൽ പരാമർശിച്ചിരുന്ന താബോർ, ഒലിവുമല, ജറുസലേം പട്ടണം പണിയപ്പെട്ടിരിക്കുന്ന കുന്നുകൾ തുടങ്ങിയവയും ഈ പ്രദേശത്ത് ഉൾപ്പെട്ടിരിക്കുന്നു.

3. **ജോർദാന്റെ താഴ്വരപ്രദേശം**

ജോർദാൻ നദിയുടെ ഇരുവശത്തും ഉയർന്നുനിൽക്കുന്ന പർവ്വത നിരകൾ സൃഷ്ടിക്കുന്ന, ഏതാണ്ട് 350 കി.മീ. നീളത്തിൽ വ്യാപിച്ചുകിടക്കുന്ന ഒരു പ്രദേശമാണിത്. ചിലയിടങ്ങളിൽ ഈ താഴ്വരക്ക് നല്ല വീതിയുണ്ട്. സമുദ്രനിരപ്പിൽനിന്ന് വളരെ താഴ്ന്ന ഈ പ്രദേശം വനനിബിഡവും വന്യമൃഗങ്ങളുടെ വിഹാരരംഗവുമാണ് (ജറെ 49:19; സംഖ്യ 11:13). ഈ പ്രദേശത്തു കൂടി ഒഴുകുന്ന ജോർദാൻ നദി രണ്ടു തടാകങ്ങൾ സൃഷ്ടിക്കുന്നു. 'എൽ-ഹൂളെ' എന്ന പേരിലറിയപ്പെടുന്ന ആദ്യത്തെ തടാകം ഇന്ന് വരണ്ട പ്രദേശമായി മാറിയിരിക്കുന്നു. രണ്ടാമത്തേത് 'ഗനാസറത്ത്' 'തിബേരിയോസ്' എന്നീ പേരുകളിലും അറിയപ്പെടുന്ന ഗലീലിയ തടാകമാണ്. ഇതിന് 21 കി.മീ. നീളവും 11 കി.മീ. വീതിയുമുണ്ട്. യേശുവിന്റെ പ്രവർത്തനങ്ങൾ ഗലീലിയത്തടാകത്തോടും അതിനോടനുബന്ധിച്ച പട്ടണങ്ങളോടും ബന്ധപ്പെടുത്തി സുവിശേഷകന്മാർ വിവരിക്കുന്നുണ്ട്. ജോർദാൻ നദി അവസാനിക്കുന്നത് ചാവുകടലിലാണ് (Dead Sea). ബൈബിളിൽ 'ഉപ്പുകടൽ' എന്ന പേരിലാണ് ഇതറിയപ്പെടുന്നത്. പുറത്തേക്ക് ഒഴുകുവാൻ മാർഗ്ഗമില്ലാത്തതിനാൽ ഇതിലെ വെള്ളം കെട്ടിക്കിടക്കുന്നു. ഉയർന്ന ബാഷ്പീകരണം നടക്കുന്നതുമൂലം ഇതിലെ ജലത്തിൽ ലവണാംശം കൂടുതലുണ്ട്. ജലത്തിന്റെ കാഠിന്യം നിമിത്തം ഇതിൽ പൊങ്ങിക്കിടക്കുവാൻ നിഷ്പ്രയാസം സാധിക്കും. ഒരു ജീവിക്കും ഇതിൽ ജീവിക്കുവാൻ സാധിക്കാത്തതുകൊണ്ടാണ് ഇതിനെ 'ചാവുകടൽ' എന്നുവിളിക്കുന്നത്.

www.malankaralibrary.com

4. **ജോർദാൻെറ കിഴക്കുവശത്തുള്ള പർവ്വതനിരകൾ**

സമുദ്രനിരപ്പിൽനിന്ന് 600-1200 മീ. ഉയരമുള്ള ഫലഭൂയിഷ്ഠവും ആടു മേച്ചിലിനു പറ്റിയതുമായ പ്രദേശമാണിത്. ബൈബിളിൽ പരാമർശിച്ചിരിക്കുന്ന മോവാബ്, നേബോ, ബാഷാൻ, ഗിലയാദ്, അമ്മോൻ, ഏദോം, മിദിയാൻ തുടങ്ങിയ സ്ഥലങ്ങൾ ഈ പ്രദേശത്താണ്.

തിരശ്ചീനമായി (Horizontal) പലസ്തീനയെ മൂന്നു ഭാഗങ്ങളായി വിഭജിക്കാം.

1. ഗലീലിയ : പലസ്തീനയുടെ വടക്കൻ ഭാഗമാണ് ഗലീലിയ. ഫലഭൂയിഷ്ഠമായ എസ്ദ്രലോൺ (Esdrelon) സമതലം ഈ പ്രദേശത്താണ്. കാർമെൽ മല, നസ്രത്ത്, താബോർ, കാന, നായിൻ, തിബേരിയസ് തടാകം അതിനോനടു ചേർന്നുള്ള കഫർണാം, മഗ്ദല, ബേത്സയ്ദാ, തിബേരിയാസ് തുടങ്ങിയ പട്ടണങ്ങൾ ഗലീലിയായിലാണ്. സമാന്തര സുവിശേഷകന്മാരുടെ വിവരണമനുസരിച്ച് യേശുവിൻെറ പ്രവർത്തനങ്ങളുടെ ഭൂരിഭാഗവും ഗലീലിയാ പ്രദേശത്തായിരുന്നു.

2. സമരിയ : പലസ്തീനയുടെ മധ്യഭാഗം സമരിയയാണ്. സെബാസ്ത, കേസറിയ, ഷെക്കെം, സിക്കാർ എന്നീ പട്ടണങ്ങളും, ഗരിസീം, ഏബാൽ മലകളും സമരിയായിലാണ്. യേശു സമരിയായും പ്രവർത്തന രംഗമാക്കുന്നുണ്ട് (യോഹ. 4:1-42; ലൂക്കാ 9:51-56).

3. യൂദയാ: പലസ്തീനയുടെ തെക്കുഭാഗം യൂദയാ ആണ്. ബത്‌ലഹം, ജറുസലെം, ബഥാനിയ, ജറീക്കോ, എമ്മാവൂസ്, ലിദ്ദാ, അരിമത്തിയ, ചാവുകടൽ തുടങ്ങിയവ യൂദയായിലാണ്. യേശുവിൻെറ പരസ്യജീവിതത്തിൻെറ അവസാന നാളുകളിൽ അവിടുന്നു പ്രവർത്തിച്ചത് യൂദയായിൽ പ്രത്യേകിച്ച് യഹൂദമതത്തിൻെറ കേന്ദ്രമായ ജറുസലെമിലാണ്. രക്ഷാകര സംഭവങ്ങൾ നടന്നതും ജറുസലേമിൽ തന്നെ.

## കാലാവസ്ഥ

പലസ്തീനയിലെ കാലാവസ്ഥ ജനങ്ങളുടെ മതപരവും സാമൂഹികവും സാമ്പത്തികവുമായ ജീവിതത്തെ ഏറെ സ്വാധീനിച്ചിരുന്നു. കൃഷി ചെയ്തിരുന്നതും തിരുനാളുകൾ ആഘോഷിച്ചിരുന്നതും കാലാവസ്ഥയോടു ബന്ധപ്പെടുത്തിയാണ്. പലസ്തീനയിലെ കാലാവസ്ഥയെ പ്രധാനമായി രണ്ടായി വിഭജിക്കാം.

1. വേനൽക്കാലം (മെയ് - ഒക്ടോബർ)
2. ശീതകാലം (ഒക്ടോബർ - ഏപ്രിൽ)

www.malankaralibrary.com

**വേനൽക്കാലം**

പലസ്തീനയിൽ ഓരോ പ്രദേശത്തും വ്യത്യസ്തമായിട്ടാണ് വേനൽക്കാലത്തിൻെറ തീവ്രത അനുഭവപ്പെടുന്നത്. തീരപ്രദേശങ്ങളിലും ജോർദാൻെറ താഴ്വരകളിലും മലമ്പ്രദേശത്തെക്കാൾ കൂടുതൽ ചൂട് അനുഭവപ്പെടുന്നു. രാവിലെ ഒമ്പതു മുതൽ സന്ധ്യവരെ പലസ്തീനയിലുടനീളം മരുഭൂമിയിൽനിന്ന് ചൂടുകാറ്റ് ആഞ്ഞടിക്കുന്നു. വേനൽക്കാലത്തിൻെറ ആരംഭത്തിലും അവസാനത്തിലുമാണ് (മെയ്, ഒക്ടോബർ മാസങ്ങൾ) ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുക. വേനൽക്കാലത്ത് ജെറീക്കോയിലും ഗലീലിയത്തടാകത്തിൻെറ സമീപപ്രദേശങ്ങളിലും സാമാന്യം ഭേദപ്പെട്ട കാലാവസ്ഥയാണ്. രാത്രികാലങ്ങളിൽ വേനൽക്കാലത്ത് മഞ്ഞുകാറ്റ് അടിച്ചുകൊണ്ടിരിക്കും. രാത്രികാലങ്ങളിൽ വീഴുന്ന മഞ്ഞുതുള്ളികളാണ് ചെടികളുടെയും വൃക്ഷങ്ങളുടെയും വളർച്ചയ്ക്ക് ഉപകരിക്കുന്നത്. പ്രത്യേകിച്ച് മുന്തിരിച്ചെടിയുടെ വളർച്ചയ്ക്ക് ഇതു വളരെ സഹായകമാണ്. സാധാരണയായി മെയ്മാസത്തിലാണ് വിളവെടുപ്പു നടത്തുന്നത്. അതോടനുബന്ധിച്ച് വിളവെടുപ്പു തിരുനാളാഘോഷിക്കുന്നു. ഒരു വേനൽക്കാലത്താണ് യേശു സമരിയായിലെ സിക്കാർ പട്ടണത്തിൽ വരുകയും യാക്കോബിൻെറ കിണറ്റിൻെറ കരയിൽ ക്ഷീണിതനായി കുടിക്കുവാൻ വെള്ളം ചോദിക്കുന്നതും (യോഹ. 4:7). കടുത്ത വരൾച്ചയുടെ അവസരങ്ങളിൽ ജലദൗർലഭ്യം പലസ്തീനയുടെ പല ഭാഗങ്ങളിലും അനുഭവപ്പെടാറുണ്ട്. വേനൽക്കാലത്ത് ഒരു പാത്രം തണുത്തവെള്ളം കൊടുക്കുന്നത് ദൈവത്തിൽനിന്നും പ്രതിഫലം ലഭിക്കുന്ന പരസ്നേഹ പ്രവൃത്തിതന്നെയാണ് (മത്താ. 10:42).

**ശീതകാലം**

ഒക്ടബോർ പകുതിയോടെ ആരംഭിച്ച് ഏപ്രിലിൽ അവസാനിക്കുന്ന ശീലതാലത്തിൻെറ ആദ്യഘട്ടത്തിൽ (ഒക്ടോബർ - ഡിസംബർ) കാര്യമായ തണുപ്പുണ്ടായിരിക്കുകയില്ല. ഇക്കാലയളവിൽ ചിലപ്പോൾ ആഴ്ചയിലെ മൂന്നു ദിവസങ്ങളിൽ കനത്തമഴയും ചുഴലിക്കാറ്റും ഉണ്ടായിരിക്കും. ബാക്കി ദിവസങ്ങളിൽ വളരെ ശാന്തവും മനോഹരവുമായ കാലാവസ്ഥയായിരിക്കും. ശക്തമായ കാറ്റിനുമുമ്പ് ആകാശം പൊടിപടലം കൊണ്ട് നിറയും (മത്താ 16:3). ദൈവാനുഗ്രഹത്തിൻെറ അടയാളമായാണ് യഹൂദർ മഴയെ കണ്ടിരുന്നത്. കൃഷിയും ശുദ്ധജല സംലഭ്യതയുമെല്ലാം മഴയെ ആശ്രയിച്ചാണിരുന്നത്. പലസ്തീനയുടെ വടക്കുഭാഗത്ത് പ്രത്യേകിച്ച് അവിടുത്തെ തീരപ്രദേശങ്ങളിലാണ് മഴ കൂടുതൽ ലഭിക്കുന്നത്. മഴക്കാലത്ത് ചിലപ്പോൾ വെള്ളപ്പൊക്കമുണ്ടാവുകയും അത് വീടുകൾ ഒഴുകിപ്പോകുവാൻ ഇടയാക്കുകയും ചെയ്യുന്നു (മത്താ 7:27).

www.malankaralibrary.com

രണ്ടാം ഘട്ടം (ജനുവരി-ഏപ്രിൽ) കൂടുതൽ തണുപ്പ് അനുഭവപ്പെടുന്നു. മലമ്പ്രദേശങ്ങളിൽ ഇക്കാലത്ത് മഞ്ഞുപെയ്യാറുണ്ട്. ജറുസലെമിൽ ഇതു വിരളമായേ സംഭവിക്കാറുള്ളൂ. പെസഹാത്തിരുനാൾ ശീതകാലത്താണ് ആചരിച്ചിരുന്നത്. യേശുവിന്റെ പീഡാനുഭവവും കുരിശുമരണവും ശീതകാലത്തായിരുന്നു (മർക്കോ 14:66-67; യോഹ 18:25). ദരിദ്രരെ സംബന്ധിച്ചിടത്തോളം ഇത് ദുരിതത്തിന്റെ കാലമാണ്. തണുപ്പ് അതിജീവിക്കുവാൻ വേണ്ടത്ര വസ്ത്രമില്ലാതെ അവർ ക്ലേശിച്ചിരുന്നു (മത്താ 25:43). തണുപ്പു കാലത്ത് പുറങ്കുപ്പായം ആവശ്യമായ വസ്ത്രമായിരുന്നു. പുറങ്കുപ്പായം വിറ്റ് വാൾ വാങ്ങണമെന്ന് യേശു ശിഷ്യരെ ഉപദേശിക്കുമ്പോൾ (ലൂക്കാ 22:36) വരാൻ പോകുന്ന സാഹചര്യത്തെ ത്യാഗം സഹിച്ചുതന്നെ നേരിടുന്നതിന് ഒരുങ്ങണമെന്ന് അവരെ ഓർമ്മിപ്പിക്കുകയാണ് (ഇവിടെ "വാൾ" എന്നത് വാച്യാർത്ഥത്തിലല്ല എടുക്കേണ്ടത്). ഭീകര ദുരിതങ്ങളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ അവ ശീതകാലത്ത് സംഭവിക്കാതിരിക്കുവാൻ പ്രാർത്ഥിക്കുവിൻ എന്ന് യേശു പറയുന്നത് (മർക്കോ 13:18) ശൈത്യകാലത്തിലെ ദുരിതത്തിന്റെ പശ്ചാത്തലത്തിലാണ്.

www.malankaralibrary.com

# 2

# ജനങ്ങളും ജീവിതരീതിയും

യേശു ദൈവരാജ്യത്തിൻെറ സുവിശേഷം പ്രസംഗിച്ചത് പലസ്തീനയിലെ യഹൂദരുടെ ഇടയിലാണ്. അവരുടെ ജീവിതരീതികളും, ആചാരാനുഷ്ഠാനങ്ങളും, സംസ്കാരവുമെല്ലാം സുവിശേഷങ്ങളിൽ അലിഞ്ഞുചേർന്നിട്ടുണ്ട്. അവയെക്കുറിച്ചുള്ള അറിവ് സുവിശേഷസന്ദേശം മനസ്സിലാക്കുവാൻ കൂടുതൽ സഹായകമാകും.

**ജനങ്ങൾ**

അല്പം വളഞ്ഞ മൂക്കും ഗോതമ്പിൻെറ നിറവും സാമാന്യവും ഒത്ത ഉയരവുമുള്ള യഹൂദർ പൊതുവെ അരോഗദൃഢഗാത്രരും ക്ലേശകരമായ ജോലിചെയ്യുവാൻ മടിയില്ലാത്തവരുമായിരുന്നു. പ്രതികൂല സാഹചര്യങ്ങളേയും കാലാവസ്ഥയേയും ചെറുത്തുനില്ക്കുവാനുള്ള കഴിവ് ഇവരുടെ പ്രത്യേകതയാണ്. യഹൂദർ വികാരിജീവികളായിരുന്നു. വംശത്തോടും പിതാക്കന്മാരുടെ പാരമ്പര്യങ്ങളോടും നിയമത്തോടും അതിരറ്റ സ്നേഹവും ആദരവും ഇവർ പ്രകടിപ്പിച്ചിരുന്നു.

ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരാണ് തങ്ങളെന്ന അവബോധം യഹൂദർ എപ്പോഴും പുലർത്തുകയും മതാനുഷ്ഠാനങ്ങൾ വളരെ നിഷ്ഠയോടെ പാലിക്കുകയും ചെയ്തിരുന്നു. മറ്റു ജനതകളിൽനിന്നും തങ്ങൾ വേർതിരിക്കപ്പെട്ടവരാണെന്നു കാണിക്കുവാൻ വേഷഭൂഷാദികളിലൂടെയും ആചാരാനുഷ്ഠാനങ്ങളിലൂടെയും അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പുരുഷന്മാർ മുടിയും താടിയും വളർത്തുകയും ശിരസ്സിൽ ഒരു വെള്ളത്തുണികൊണ്ട് ചുറ്റിയുണ്ടാക്കിയ തൊപ്പി ധരിക്കുകയും ചെയ്തിരുന്നു. സ്ത്രീകൾ ശിരോവസ്ത്രവും മൂടുപടവും ധരിച്ചിരുന്നു. ശിരോവസ്ത്രം ധരിക്കാതെ പൊതുരംഗത്തു പ്രത്യക്ഷപ്പെടുന്ന സ്ത്രീ അവളെയും അവളുടെ ഭർത്താവി

www.malankaralibrary.com

ൻെറയും അനാദരിക്കുന്നതായി കരുതപ്പെട്ടിരുന്നു. ക്രൈസ്തവ സ്ത്രീകൾക്ക് ശിരോവസ്ത്രം അഭിലഷണീയമാണെന്ന് വി. പൗലോസ് അഭിപ്രായപ്പെടുന്നത് (1 കൊറി 11:10) യഹൂദപശ്ചാത്തലത്തിൽ മനസ്സിലാക്കാവുന്നതാണ്.

ആഭരണപ്രിയരും ആഘോഷങ്ങളോടു താത്പര്യമുള്ളവരുമായിരുന്നു യഹൂദർ. സ്ത്രീകൾ മുടിയിൽ സ്ത്രീധനമായി കിട്ടിയ നാണയങ്ങൾ കോർത്ത ഒരു നാട അണിയുമായിരുന്നു. ഈ നാണയങ്ങളിലേതെങ്കിലും ഒന്നു നഷ്ടപ്പെട്ടാൽ അനിഷ്ടകരമായത് ജീവിതത്തിൽ സംഭവിക്കുമെന്ന വിശ്വാസം യഹൂദരുടെ ഇടയിലുണ്ടായിരുന്നു. നഷ്ടപ്പെട്ട നാണയം തിരിച്ചുകിട്ടിയപ്പോൾ സുവിശേഷത്തിലെ സ്ത്രീക്കുണ്ടായ സന്തോഷം (ലൂക്കാ 15:8) മനസ്സിലാക്കാവുന്നതേയുള്ളു. തിരുനാളുകൾ, മറ്റു മതപരമായ അനുഷ്ഠാനങ്ങൾ, വിവാഹം തുടങ്ങിയവയോടനുബന്ധിച്ച് ദിവസങ്ങൾ നീണ്ടുനില്ക്കുന്ന ആഘോഷങ്ങളായിരുന്നു ഇവർക്കുണ്ടായിരുന്നത്.

### ആചാരാനുഷ്ഠാനങ്ങൾ

യഹൂദർ ആചാരാനുഷ്ഠാനങ്ങളിൽ പ്രത്യേകശ്രദ്ധ ചെലുത്തിയിരുന്നു. തമ്മിൽ കണ്ടുമുട്ടുമ്പോൾ അഭിവാദനം ചെയ്തിരുന്നു. ചിലപ്പോൾ അഭിവാദനത്തോടൊപ്പം ഒരു പ്രാർത്ഥനയും കൂട്ടിച്ചേർത്തിരുന്നു. ഏറ്റവും അടുത്ത സ്നേഹിതരും ബന്ധുക്കളും പരസ്പരം ചുംബിച്ചാണ് സ്നേഹാദരവുകൾ പ്രകടിപ്പിച്ചിരുന്നത് (അപ്പ 20:37; 1 കൊറി 16:20). ഉയർന്ന നിലയിലുള്ള വ്യക്തി അനുകമ്പയും ക്ഷമയും പ്രകടിപ്പിക്കുവാൻ കീഴിലുള്ളവരെ ചുംബിക്കുന്ന പതിവും ഉണ്ടായിരുന്നു. റബ്ബിമാരുടെ കരങ്ങളിൽ ചുംബിച്ചുകൊണ്ടാണ് ശിഷ്യന്മാർ ആദരവു പ്രകടിപ്പിച്ചിരുന്നത്. യഹൂദർ സൽക്കാരപ്രിയരും ആതിഥ്യമര്യാദകൾ കൃത്യമായി പാലിച്ചിരുന്നവരുമാണ്. അതിഥികളെ സ്നേഹാദരപൂർവ്വം സ്വീകരിക്കുകയും അവർക്ക് അനിഷ്ടകരമായത് സംഭവിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തിരുന്നു. കാലു കഴുകുവാൻ വെള്ളം നൽകിക്കൊണ്ടാണ് അതിഥികളെ ആതിഥേയർ സ്വീകരിച്ചിരുന്നത് (ലൂക്കാ 7:44). സമൂഹത്തിൽ അംഗീകാരമുള്ളവരേയും റബ്ബിമാരേയും വിരുന്നിന് യഹൂദർ പ്രത്യേകം ക്ഷണിച്ചിരുന്നു.

മരിച്ചുപോയവരോട് യഹൂദർ പ്രത്യേകം സ്നേഹാദരവുകൾ പ്രകടിപ്പിച്ചിരുന്നു. മൃതശരീരം വേണ്ടത്ര ബഹുമതിയോടെ സംസ്കരിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മൃതശരീരം കുളിപ്പിച്ചശേഷം കച്ചകളാൽ പൊതിയുകയും മുഖം നേരിയ തുണികൊണ്ട് മറയ്ക്കുകയും കൈകാലുകൾ നാട

www.malankaralibrary.com

കൊണ്ട് ബന്ധിക്കുകയും ചെയ്തിരുന്നു. മൃതശരീരം സുഗന്ധദ്രവ്യങ്ങൾ പൂശിയാണ് അടക്കം ചെയ്തിരുന്നത് (മത്താ 26:12; യോഹ 19:39-40). മരണത്തോടനുബന്ധിച്ച് വിലപിക്കുക ഒരു ചടങ്ങായിരുന്നു. വിലാപസമയത്ത് കുഴൽ ഊതുവാൻ ആളുകളെ നിയമിച്ചിരുന്നു. ദരിദ്രൻെറ ശവസംസ്കാരത്തിന് രണ്ടു കുഴൽ വായനക്കാരും ഒരു വിലാപകനും എങ്കിലും ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു.

മതപരമായ ആചാരനുഷ്ഠാനങ്ങൾ യഹൂദർ കൃത്യമായി പാലിച്ചിരുന്നു. ജനനം, വിവാഹം, തിരുനാളാഘോഷങ്ങൾ തുടങ്ങിയവയോടനുബന്ധിച്ച് വിവിധങ്ങളായ ആചാരങ്ങളും അനുഷ്ഠാനങ്ങളും യഹുദരുടെ ഇടയിൽ നിലവിലുണ്ടായിരുന്നു. ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും അവയുടെ ആന്തരികതയ്ക്ക് ഊന്നൽ കൊടുക്കാതിരിക്കുകയും ചെയ്യുന്ന മതാനുഷ്ഠാനങ്ങളെ പഴയനിയമ പ്രവാചകന്മാരും യേശുവും നിശിതമായി വിമർശിക്കുന്നുണ്ട്.

ശുദ്ധിയേയും അശുദ്ധിയേയും സംബന്ധിച്ച് യഹൂദരുടെ ഇടയിൽ പ്രത്യേക നിയമങ്ങളും അനുഷ്ഠാനക്രമങ്ങളുമുണ്ടായിരുന്നു. തങ്ങളെ വിളിച്ച യഹോവ പരിശുദ്ധനായിരിക്കുന്നതുപോലെ പരിശുദ്ധരായിരിക്കുവാൻ തങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്ന് യഹൂദർ വിശ്വസിക്കുകയും പരിശുദ്ധി സംരക്ഷിക്കുവാനായി തങ്ങളെ മലിനമാക്കുന്ന എല്ലാറ്റിൽനിന്നും - വ്യക്തികൾ, ജീവികൾ, വസ്തുക്കൾ, ഭക്ഷണപദാർത്ഥങ്ങൾ, സ്ഥലങ്ങൾ - അകന്നു ജീവിക്കുവാൻ യഹൂദർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതിനായി പ്രത്യേക നിയമങ്ങളും അവർ രൂപപ്പെടുത്തി. വിജാതീയരുമായുള്ള സമ്പർക്കം ഒഴിവാക്കിയിരുന്നു (എസ്ര 9:10-11). വംശശുദ്ധി ഇല്ലാത്തവരേയും അതു തെളിയിക്കുവാൻ കഴിയാത്തവരെയും അശുദ്ധരായി പരിഗണിച്ചു (എസ്ര 2:62; നെഹ 7:64). കുഷ്ഠരോഗികളിൽനിന്നും ശരീരസ്രവങ്ങൾ ഉള്ളവരിൽനിന്നും അകന്നിരുന്നു (ലേവ്യ 13:15). വിജാതീയർ ഒരുക്കുന്ന ഭക്ഷണം അശുദ്ധമായി കരുതി (ഹോസ 9:3; യോഹ 4:9; അപ്പ 11:3). വിജാതീയരുടെ ദേശം അശുദ്ധമാകയാൽ അതിൽ പ്രവേശിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അശുദ്ധരായിത്തീർന്ന യഹൂദരെ ശുദ്ധീകരിക്കുവാൻ പ്രത്യേക അനുഷ്ഠാന വിധികൾ യഹൂദരുടെ ഇടയിൽ ഉണ്ടായിരുന്നു (ലേവ്യ 12-14). യഹുദ ജനത ബാഹ്യമായ ശുദ്ധിക്കാണ് പ്രാധാന്യം കല്പിച്ചിരുന്നത്. എന്നാൽ ആന്തരിക പരിശുദ്ധിയാണ് ഏറ്റവും പ്രധാനപ്പെട്ടതെന്ന് വിശുദ്ധഗ്രന്ഥം ഓർമ്മിപ്പിക്കുന്നു (സങ്കീ 24:3-4; ജോബ് 17:9). ബാഹ്യമായ ശുദ്ധിയേക്കാൾ ആന്തരികമായ ശുദ്ധിക്ക്, ഹൃദയ നൈർമ്മല്യത്തിന് യേശു പ്രാധാന്യം കല്പിച്ചു.

www.malankaralibrary.com

കുടുംബം

യഹൂദരുടെ ഇടയിൽ 'കുടുംബ'ത്തിന് വലിയ സ്ഥാനമാണുള്ളത്. കൂട്ടായ്മയുടേയും മതജീവിതത്തിൻേറയും കളരി എന്ന നിലയിൽ "കുടുംബം" യഹൂദ സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. "പിതാവിൻെറ ഭവനം" എന്നർത്ഥം വരുന്ന വാക്കാണ് ഹെബ്രായ ഭാഷയിൽ കുടുംബത്തെ സൂചിപ്പിക്കുവാനായി ഉപയോഗിച്ചിരുന്നത്. പിതാവിനു പ്രാധാന്യമുള്ള മക്കത്തായ രീതിയിലായിരുന്നു യഹൂദ കുടുംബങ്ങൾ. കുടുംബത്തലവൻ എന്ന നിലയിൽ മക്കളുടെ വളർച്ച, ആരോഗ്യം, വിദ്യാഭ്യാസം, വിവാഹം, കുടുംബത്തിൻെറ സുസ്ഥിതി തുടങ്ങിയവ ഉറപ്പുവരുത്തുന്നത് പിതാവാണ്. മതജീവിതത്തിൻെറ പാരമ്പര്യങ്ങളും ആചാരാനുഷ്ഠാനങ്ങളും കാത്തുസൂക്ഷിക്കുവാനും മക്കളെ അവ ശ്രദ്ധയോടെ അഭ്യസിപ്പിക്കുവാനുമുള്ള ഉത്തരവാദിത്വവും പിതാവിനാണ്. യഹൂദ കുടുംബങ്ങളിൽ ആൺമക്കൾക്കായിരുന്നു കുടുതൽ സ്ഥാനവും പ്രാധാന്യവും. മകൻ എപ്പോഴും പിതാവിനു വിധേയനാണ് (യോഹ 14:28). കുടുംബത്തിൽ മൂത്ത മകന് പ്രത്യേക അവകാശങ്ങളുണ്ട്. എന്നാൽ ജ്യേഷ്ഠ പുത്രസ്ഥാനം ഒരാളിൽനിന്ന് എടുത്ത് മറ്റൊരാൾക്കു നൽകുവാൻ പിതാവിന് അധികാരമുണ്ട് (ഉത്പ 21:10; 27:36). പിതാവിൻെറ മരണശേഷം മൂത്ത പുത്രനാണ് കുടുംബനായകൻ. മൂത്തപുത്രൻമാർ ഇളയവരുടെ മേൽ ഭരണം നടത്തുകയും അവരിൽനിന്ന് ബഹുമാനം ബലം പ്രയോഗിച്ച് വാങ്ങുകയും ചെയ്തിരുന്നതിനാൽ ഇളയ പുത്രൻമാർക്ക് അവരോടും പിതാവിനോടും ചിലപ്പോൾ നീരസം തോന്നിയിരുന്നു (മത്താ 21:30; ലൂക്കാ 15:11-32). യഹൂദ കുടുംബങ്ങളിൽ ആൺമക്കൾക്കു ലഭിക്കുന്നത്ര പരിഗണന പെൺമക്കൾക്കു ലഭിച്ചിരുന്നില്ല. "നിയമം" (തോറ) പഠിക്കുവാൻ അവരെ അനുവദിച്ചിരുന്നില്ല. ഗാർഹിക കലകൾ അഭ്യസിക്കുന്നതിൽ അവരുടെ വിദ്യാഭ്യാസം ഒതുങ്ങി നിന്നിരുന്നു. പ്രായപൂർത്തിയാകുന്നതുവരെ (പന്ത്രണ്ടര വയസ്സുവരെ) പിതാവിന് പുത്രിമാരുടെ മേൽ സമ്പൂർണ്ണ അധികാരമുണ്ടായിരുന്നു. അവരുടെ ആഗ്രഹത്തിന് വിരുദ്ധമായി അവരുടെ വിവാഹം ഉറപ്പിക്കുവാനും നടപ്പാക്കുവാനും പിതാവിന് അധികാരമുണ്ടായിരുന്നു.

ഹെബ്രായ കുടുംബത്തിൽ മാതാവിൻെറ ഉത്തരവാദിത്വം പ്രധാനമായും മക്കൾക്കു ജൻമം കൊടുക്കുകയും അവരെ വളർത്തുകയും ചെയ്യുക എന്നതാണ്. മാതൃത്വം വളരെയേറെ ബഹുമാനിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്തിരുന്നു. വന്ധ്യത ദൗർഭാഗ്യമായും അപമാനമായും ആണ് കണക്കാക്കപ്പെട്ടിരുന്നത് ( 1 സാമു 1:1-18; ലൂക്കാ 1:25). ഭാര്യയുടെമേൽ

www.malankaralibrary.com

ഭർത്താവിന് പൂർണ്ണ അധികാരമുണ്ടായിരുന്നു. ബഹുഭാര്യത്വം അനുവദിച്ചിരുന്നു. ഭാര്യയിൽ എന്തെങ്കിലും തെറ്റുകണ്ടാൽ (പ്രത്യേകിച്ച് ദാമ്പത്യ അവിശ്വസ്തത) അവളെ ഉപേക്ഷിക്കുവാൻ ഭർത്താവിന് അവകാശമുണ്ടായിരുന്നു (നിയ 22:13; 24:1). എന്നാൽ ഭർത്താവിനെ ഉപേക്ഷിക്കുവാൻ നിയമം ഭാര്യയെ അനുവദിച്ചിരുന്നില്ല. ഭർത്താവു മരിച്ചുപോയാൽ പിന്നീട് അയാളുടെ സഹോദരനെ വിവാഹം ചെയ്ത് അവൾ ജീവിക്കണം (നിയ 25:5-10). അയാൾ അനുവദിച്ചാൽ മാത്രമെ മറ്റൊരാളെ വിവാഹം ചെയ്യുവാൻ പാടുള്ളു. എന്നാൽ വിവാഹത്തെ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന യഹൂദ ചിന്താഗതിയെ യേശു തിരുത്തിക്കുറിച്ചു. ദൈവതിരുമുമ്പിൽ സ്ത്രീയും പുരുഷനും സ്ഥാനത്തിലും മഹത്വത്തിലും തുല്യരാണെന്നും ഭാര്യാഭർത്തൃബന്ധം ദൈവസ്ഥാപിതമാകയാൽ അത് വേർപെടുത്തുവാൻ ആർക്കും അധികാരമില്ലെന്നും അവിടുന്നു പഠിപ്പിച്ചു (മത്താ 19:4-6).

യഹൂദകുടുംബം മതജീവിതത്തിൻേറയും ആചാരാനുഷ്ഠാനങ്ങളുടേയും കേന്ദ്രസ്ഥാനം വഹിക്കുന്ന ഒരു സ്ഥാപനമാണ്. യഹൂദ പാരമ്പര്യമനുസരിച്ചുള്ള ആചാരാനുഷ്ഠാനങ്ങൾ കുടുംബങ്ങളിൽ വളരെ നിഷ്കർഷയോടെ പാലിച്ചു പോന്നിരുന്നു (ലൂക്കാ 2:21-24; 39-40; 41-42). പുറപ്പാടു സംഭവത്തിൻെറ ഓർമ്മ കുടുംബങ്ങളിൽ സജീവമായി നില നിറുത്തുകയും ആഘോഷിച്ചു പോരുകയും ചെയ്തിരുന്നു (പുറ 12:1-14). ഇത് ഓർമ്മിക്കുന്ന പെസഹാഭക്ഷണത്തിൻെറ അവസരത്തിൽ കുടുംബനാഥൻ പുറപ്പാടു സംഭവത്തിൻെറ അർത്ഥവും സന്ദേശവും കുടുംബാംഗങ്ങൾക്കു വ്യാഖ്യാനിച്ചു കൊടുത്തിരുന്നു.

### ഉപജീവന മാർഗ്ഗങ്ങൾ

യേശുവിൻെറ കാലത്ത് യഹൂദരുടെ പ്രധാനപ്പെട്ട ഉപജീവനമാർഗ്ഗം കൃഷി, കരകൗശലവിദ്യ, വാണിജ്യം, ആടുമേയിക്കൽ, മത്സ്യബന്ധനം എന്നിവയായിരുന്നു. തുകൽ പണി (അപ്പ 10:6). ചുങ്കംപിരിക്കൽ (മത്താ 9:9; ലൂക്ക 3:12; 19:2), കെട്ടിട നിർമ്മാണം തുടങ്ങിയവയും ജീവനമാർഗ്ഗമായി ആളുകൾ സ്വീകരിച്ചിരുന്നു.

### കൃഷി

പലസ്തീനയിലെ ജനങ്ങളിൽ ഭൂരിഭാഗവും കൃഷിക്കാരായിരുന്നു. മണ്ണിൻെറ പ്രത്യേകതയും കാലാവസ്ഥയും പൊതുവെ കൃഷിക്ക് അനുകൂലമായിരുന്നില്ല. കുന്നുകളും മലകളും, പാറക്കെട്ടുകളും ഉള്ള പ്രദേശങ്ങളിൽ കൃഷിക്ക് സ്ഥലം ഒരുക്കുക ക്ലേശകരമായിരുന്നു. വിതക്കാരൻെറ ഉപമ ഇതിലേക്ക്

www.malankaralibrary.com

വെളിച്ചം വീശുന്നതാണ്. കൃഷി പ്രധാനമായും മഴയെ ആശ്രയിച്ചാണിരുന്നത്. കാലാവസ്ഥയിൽ അപ്രതീക്ഷിതമായുണ്ടാകുന്ന മാറ്റവും (വരൾച്ചയും, അമിതമായ മഴയും) കൃഷിയെ പ്രതികൂലമായി ബാധിച്ചിരുന്നു. ക്ലേശകരമായ അദ്ധ്വാനം കൂടാതെ ഭൂമിയിൽനിന്ന് കർഷകന് ഫലം ലഭിച്ചിരുന്നില്ല. ഗലീലി, സമരിയ, പലസ്തീനയുടെ വടക്കുള്ള സമതലങ്ങൾ, ജറുസലേമിൻെറ സമീപപ്രദേശങ്ങൾ എന്നിവിടങ്ങളിൽ കൃഷി ചെയ്തിരുന്നു. പ്രധാനമായും ഗോതമ്പ്, ബാർലി, പയറുവർഗ്ഗങ്ങൾ, കടുക്, മുന്തിരി തുടങ്ങിയവയായിരുന്നു കൃഷി ഇനങ്ങൾ. കർഷകർ പൊതുവെ ദരിദ്രരായിരുന്നു. എങ്കിലും ചുരുക്കം ചില സമ്പന്നരായ ഭൂവുടമകളും കർഷകരും ഉണ്ടായിരുന്നു (ലൂക്കാ 12:16-21; മത്താ 23:33-36). വിളവെടുപ്പ് വലിയ ഉത്സവമായി ആഘോഷിച്ചിരുന്നു. യഹൂദരുടെ പല തിരുനാളുകളുടേയും ഉദ്ഭവം വിളവെടുപ്പിനോട് ബന്ധപ്പെട്ടതാണെന്ന കാര്യം ശ്രദ്ധേയമാണ്. കൃഷി സ്ഥലങ്ങളിൽ ജോലിക്കായി ദിവസവേതനത്തിന് ജോലിക്കാരെ ഏർപ്പെടുത്തിയിരുന്നു (മത്താ 20:1-16). ദിവസവേതനമായ ഒരു ദനാറകൊണ്ട് കുടുംബം പുലർത്തുവാൻ ജോലിക്കാർ ക്ലേശിച്ചിരുന്നു. മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയിൽ (മത്താ 20:1-16) അവസാനമണിക്കൂറിൽ ജോലിക്കു പ്രവേശിച്ചവന് ഒരു ദനാറ കൂലി കൊടക്കുന്നത് യജമാനൻെറ മഹാമനസ്കതയും കാരുണ്യവും വെളിപ്പെടുത്തുന്നു.

യേശുവിൻെറ പ്രബോധനങ്ങളിൽ, പ്രത്യേകിച്ച് ഉപമകളിൽ കൃഷിയും കൃഷിക്കാരനും നിറഞ്ഞുനില്ക്കുന്നുണ്ട്. കൃഷിയും കൃഷിക്കാരനുമായി ബന്ധപ്പെടുത്തിയാണ് അവിടുന്ന് പ്രധാനമായും ദൈവരാജ്യത്തെക്കുറിച്ചുള്ള സത്യങ്ങൾ പഠിപ്പിച്ചത് (മത്താ 13:1-9; 13:24-30; 13:31-35; 20:1-16; മർക്കോ 4:26-29; 12:1-12; മത്താ 21:28-32; ലൂക്ക 12:13-21; 13:6-9). ശ്രോതാക്കൾക്ക് അവിടുത്തെ വചനത്തിൻെറ പൊരുൾ പെട്ടെന്ന് മനസ്സിലാക്കുവാൻ ഇതുമൂലം സാധിച്ചു. പഴയനിയമത്തിലും ദൈവിക സത്യങ്ങൾ വെളിപ്പെടുത്തുവാൻ 'കൃഷി' 'കൃഷിരീതി', 'കൃഷിക്കാരൻ' എന്നിവ ആലങ്കാരികമായി ഉപയോഗിച്ചിട്ടുണ്ട്.

## വാണിജ്യം

പലസ്തീനയിൽ മാന്യതയുള്ള ഒരു തൊഴിലായിട്ടാണ് വാണിജ്യത്തെയും വ്യവസായത്തെയും കണ്ടിരുന്നത്. പുരോഹിതൻമാർ പോലും ഈ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നു. സീദോനിൽനിന്ന് സ്ഫടികവും ടയിറിൽനിന്ന് അടിമകളെയും, മത്സ്യം, മാംസം തുടങ്ങിയവയും ജറുസലെമിൽ ഇറക്കുമതി ചെയ്തിരുന്നു. ബാബിലോണിൽനിന്നു കൊണ്ടുവന്നിരുന്ന വളരെ

www.malankaralibrary.com

വിലകൂടിയ പട്ടുവസ്ത്രങ്ങൾ ദേവാലയത്തിലെ വിശുദ്ധസ്ഥലത്തും കർമ്മ വിധികളുടെ സമയം പുരോഹിതർ ധരിക്കാനും ഉപയോഗിച്ചിരുന്നു. വളരെ ധനികരും ആഢംഭരപ്രിയരും ഇത്തരം വസ്ത്രങ്ങൾ ഉപയോഗിച്ചിരുന്നതായി സുവിശേഷത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ് (ലൂക്ക 16:19). വില യേറിയ രത്നങ്ങൾ വ്യാപാരം നടത്തുന്നവരും പലസ്തീനയിലുണ്ടായിരുന്നു (മത്താ 13:45). ക്ഷാമ കാലത്ത് ഈജിപ്തിൽനിന്ന് ധാന്യങ്ങൾ ഇറക്കുമതി ചെയ്തിരുന്നതായി യഹുദചരിത്രകാരനായ ജൊസേഫുസ് രേഖപ്പെടുത്തു ന്നുണ്ട്.

പലസ്തീനയിൽനിന്ന് ഗോതമ്പ്, എണ്ണ, ആടുമാടുകൾ തുടങ്ങിയവ കയറ്റുമതി ചെയ്തിരുന്നു. ആടുമാടുകളും നിത്യോപയോഗസാധനങ്ങളും വില്ക്കുന്നതിനും വാങ്ങുന്നതിനുമായി ജറുസലേമിൽ നിരവധി ചന്തകളുണ്ടാ യിരുന്നു. മറ്റു പട്ടണങ്ങളിലും ഗ്രാമങ്ങളിലും ക്രയവിക്രയാവശ്യങ്ങൾക്കായി ചന്തകൾ നിലവിൽവന്നു. ഇവിടേയ്ക്ക് കൂടുതൽ ആളുകൾ വരാൻ തുടങ്ങി യതോടെ ഇവ ശബ്ദമുഖരിതമായി (മത്താ 11:17). ജറുസലേം ദേവാലയത്തിൽ വിജാതീയർക്കായി നീക്കിവച്ചിരുന്ന അങ്കണത്തിൽ ബലിമൃഗങ്ങളെ വി ല്ക്കുന്നതിനും നാണയ മാറ്റം നടത്തുന്നതിനും വേണ്ട സൗകര്യങ്ങളുണ്ടായി രുന്നു. ഇവിടെനിന്നാണ് യേശു കാളകളേയും ആടുകളേയും പ്രാവുകളേയും വില്ക്കുന്നവരെ പുറത്താക്കുകയും നാണയമാറ്റക്കാരുടെ മേശകൾ മറിച്ചിടു കയും ചെയ്തത് (മത്താ 21:12-13; യോഹ 2:14). ഉപജീവനത്തിനുള്ള മാർ ഗ്ഗമായ കച്ചവടം കൊണ്ട് കൊള്ളലാഭം എടുത്തിരുന്ന വ്യാപാരികളും ഉണ്ടാ യിരുന്നു. ഇപ്രകാരം അനീതി പ്രവർത്തിക്കുന്ന വ്യാപാരികളെ യാക്കോബ് ശ്ലീഹാ വിമർശിക്കുന്നുണ്ട് (യാക്കോ 4:13-16).

### ആടുമേയിക്കൽ

ആടും ആടുമേയിക്കലും യഹൂദചരിത്രത്തിന്റെ ഭാഗമാണ്. ബൈബി ളിൽ 500-ലധികം പ്രാവശ്യം ആടുകളെക്കുറിച്ച് പരാമർശമുണ്ട്. യഹൂദരിൽ ഗണനീയമായ ഒരു വിഭാഗം ആടുവളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീ കരിച്ചിരുന്നവരാണ്. ആടിന്റെ പാൽ, രോമം, മാംസം തുടങ്ങിയവ യഹൂദരു ടെ ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളായിരുന്നു. ബലിക്കുള്ള മൃഗമാ യും (പുറ 20:24; സംഖ്യ 22:40; യോഹ 2:14) വസ്തുക്കളുടെ കൈമാറ്റത്തിൽ പണത്തിനു പകരമായും ആടുകളെ ഉപയോഗിച്ചിരുന്നു (2 രാജാ 3:4; എസെ 27:18-19). ഇസ്രായേലിൽ ഇടയൻമാരുടെ ജീവിതം ദുരിതപൂർണ്ണമായിരുന്നു. ആടുകൾക്ക് മേച്ചിൽപ്പുറങ്ങൾ തേടി യാത്രചെയ്തിരുന്നതുകൊണ്ട് അവർ ക്ക് സ്ഥിരമായ വാസസ്ഥലമുണ്ടായിരുന്നില്ല. അവയ്ക്ക് വെള്ളവും

www.malankaralibrary.com

ഭക്ഷണവും നൽകുകയും വന്യമൃഗങ്ങളിൽനിന്ന് അവയെ രക്ഷിക്കുകയും ചെയ്യുക ക്ലേശകരമായ ജോലിയായിരുന്നു. വന്യമൃഗങ്ങൾ ആടുകളെ ആക്രമിക്കുവാൻ വരുന്ന സന്ദർഭങ്ങളിൽ കൂലിക്കാരായ ഇടയൻമാർ മിക്കപ്പോഴും അവയെ ഉപേക്ഷിച്ചു പോയിരുന്നു. എന്നാൽ സ്വന്തമായി ആടുകളുള്ള ഇടയൻമാർ തങ്ങളുടെ ആടുകളെ കരുതലോടെ സംരക്ഷിച്ചിരുന്നു (സങ്കീ 23; ലൂക്കാ 15:3-6; യോഹ 10:7-18). സമ്പന്നരായ ഇടയൻമാർ വിരളമായിരുന്നു. സാധാരണ ഉപജീവനമാർഗ്ഗമാണ് ആടുമേയിക്കലെങ്കിലും ഇത് ഒരു മാന്യമായ തൊഴിലായി കണക്കാക്കപ്പെട്ടിരുന്നില്ല. ആട്ടിടയരെ അജ്ഞരും, നിയമം അറിയാത്തവരും പാപികളുമായാണ് യഹൂദസമുദായത്തിലെ മേൽത്തട്ടിൽപെട്ടവർ കണക്കാക്കിയിരുന്നത്. സമൂഹത്തിൽ സ്ഥാനങ്ങൾ വഹിക്കുന്ന തിനും കോടതികളിൽ സാക്ഷ്യം നൽകുന്നതിനും ഇവരെ അനുവദിച്ചിരുന്നില്ല. ഇടയൻമാർ പൊതുവെ കള്ളം പറയുന്നവരാണെന്നുള്ള ധാരണ സമൂഹത്തിൽ ഉണ്ടായിരുന്നതുകൊണ്ട് കൂലിക്കാരായ ഇടയൻമാരിൽനിന്നും ആടുകളെയോ, ആടിൻെറ പാൽ, രോമം, തുകൽ തുടങ്ങിയവയോ വാങ്ങിക്കരുതെന്ന് യഹൂദറബ്ബിമാർ നിഷ്കർഷിച്ചിരുന്നു. മാന്യമല്ലെന്നു കരുതിയിരുന്ന തൊഴിലിലേർപ്പെട്ടിരുന്ന ആട്ടിടയരെയാണ് വി. ലൂക്കായുടെ വിവരണമനുസരിച്ച് ദൂതൻ രക്ഷകനായ യേശു ജനിച്ച കാര്യം അറിയിക്കുന്നത്. അവരാണ് ആദ്യമായി ശിശുവിനെ സന്ദർശിക്കുന്നതും ദൈവത്തെ മഹത്വപ്പെടുത്തുന്നതും (ലൂക്കാ 2:8-20). യേശു സാർവ്വത്രിക രക്ഷകനാണെന്നും സമൂഹം അവഗണിക്കുന്നവരെ ദൈവം അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുമെന്നും ഈ സംഭവം ഓർമ്മിപ്പിക്കുന്നു.

## മത്സ്യബന്ധനം

സുവിശേഷങ്ങളിൽ മത്സ്യബന്ധനത്തെക്കുറിച്ച് ധാരാളം പരാമർശങ്ങളുണ്ട്. യേശുവിൻെറ കാലത്ത് പലസ്തീനയിൽ മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരുന്ന നിരവധി പേരുണ്ടായിരുന്നു. യഹൂദർ മത്സ്യം മുഖ്യഭക്ഷണമായി ഉപയോഗിച്ചിരുന്നു (മർക്കോ 6:38; മത്താ 14:17; ലൂക്ക 9:13; യോഹ 6:9; 21:9). ഗലീലിയത്തടാകത്തിലും (മത്താ 4:18) ജോർദാൻ നദിയിലുമാണ് മത്സ്യബന്ധനം നടത്തിയിരുന്നത്. മത്സ്യബന്ധനം കഠിനമായ പ്രയത്നം ആവശ്യപ്പെടുന്ന ഒരു തൊഴിലായിരുന്നു. സാധാരണയായി വഞ്ചിയിൽ വലകൾ ഉപയോഗിച്ചാണ് മത്സ്യം പിടിച്ചിരുന്നത് (മത്താ 4:20-22; ലൂക്കാ 5:1-11). മത്സ്യബന്ധനത്തിന് സംഘമായാണ് പോകുക പതിവ്. ചിലപ്പോൾ രാത്രി കാലങ്ങളിലും മത്സ്യബന്ധനത്തിനു പോയിരുന്നു (ലൂക്കാ 5:5; 21:3). അനിശ്ചിതത്വം നിറഞ്ഞ ഒരു തൊഴിലായിരുന്നു

www.malankaralibrary.com

ഇത്. മിക്കപ്പോഴും മീൻ ഒന്നും കിട്ടാതെ നിരാശരായി മീൻപിടുത്തക്കാർ മടങ്ങാറുണ്ട് (ലൂക്കാ 5:5). യേശുവിൻെറ ശിഷ്യത്വത്തിലേക്കുവന്ന ആദ്യശിഷ്യൻമാർ പത്രോസും അന്ത്രയോസും, യാക്കോബും യോഹന്നാനും മീൻപിടുത്തക്കാരായിരുന്നു (മത്താ 4:18-22). അവിടുന്ന് അവരെ "മനുഷ്യരെ പിടിക്കുവാൻ" നിയോഗിച്ചു (മത്താ 4:19; മർക്കോ 1:17). മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നവരെ താഴ്ന്ന വിഭാഗമായിട്ടാണ് കരുതിയിരുന്നത്. ഇക്കൂട്ടത്തിൽപെട്ടവരെ ശിഷ്യത്വത്തിലേക്കു സ്വീകരിച്ചതുവഴി യേശു സമൂഹത്തിൽ അവഗണിക്കപ്പെട്ടവർക്ക് അംഗീകാരം നൽകുക കൂടിയാണ് ചെയ്തത്. ഒരു തൊഴിലും മേൻമ കുറഞ്ഞതല്ലന്നുകൂടി അവിടുന്നു വെളിപ്പെടുത്തി. സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള സത്യം ആവിഷ്കരിക്കുവാൻ മത്സ്യബന്ധനത്തിൻെറ ചിത്രം അവിടുന്ന് സ്വീകരിച്ചു (മത്താ 13:47-48).

## ധനികരും ദരിദ്രരും

ഗോത്രസംവിധാനപ്രകാരം, ആടുമാടുകളെ മേയിച്ചു നടന്ന കാലഘട്ടത്തിൽ ഇസ്രായേൽക്കാരുടെ ഇടയിൽ ധനികരും ദരിദ്രരും എന്ന വ്യത്യാസം കാര്യമായുണ്ടായിരുന്നില്ല. വാഗ്ദാനഭൂമിയിൽ താമസമാക്കിയതോടെ ഈ അവസ്ഥയ്ക്കു മാറ്റംവന്നു. പട്ടണങ്ങളിൽ വസിച്ചിരുന്ന കാനാൻകാരുമായുള്ള സമ്പർക്കവും, വിവിധ വ്യാപാരരംഗങ്ങളിൽ ഏർപ്പെട്ടതും രാജഭരണത്തിൻെറ ആരംഭവും മാറ്റത്തിനു കാരണമായി, രാജവാഴ്ച തുടങ്ങിയതോടെ ഇസ്രായേലിൽ സമ്പന്നവർഗ്ഗം രൂപംകൊണ്ടു. അന്യായമാർഗ്ഗത്തിലൂടെ സ്വത്തുണ്ടാക്കി ആഢംബരത്തിലും സുഖലോലുപതയിലും മുഴുകി ജീവിച്ച് ദരിദ്രരെ അവഗണിച്ചിരുന്ന ഇക്കൂട്ടർക്കെതിരെ പ്രവാചകൻമാർ ആഞ്ഞടിക്കുന്നുണ്ട് (ഏശ 10:1-3; ജറെ 5:27-31: 15:13; എസെ. 7: 11-14 ; ഹോസ 12:8). യേശുവിൻെറ കാലഘട്ടത്തിൽ ധനികരും ദരിദ്രരും തമ്മിലുള്ള വ്യത്യാസം വർദ്ധിച്ചു. ആഢംബരത്തിലും സുഖലോലുപതയിലും ജീവിച്ച ധനികരും പരിതാപകരമായ അവസ്ഥയിൽ ജീവിച്ച ദരിദ്രരും യേശുവിൻെറ കാലത്തുണ്ടായിരുന്നു.

പുരോഹിതപ്രമാണികളും, രാജാക്കൻമാരും, ഭൂവുടമകളും നൂറുകണക്കിന് അടിമകളും സേവകരും സഹിതം കൊട്ടാരങ്ങളിലാണ് കഴിഞ്ഞിരുന്നത് (യോഹ 18:15-18; മത്താ 14:1-12). ദേവാലയത്തിൽ ഉയർന്ന ജോലി വഹിച്ചിരുന്നവരും, സാൻഹെദ്രിൻ സംഘത്തിലെ അംഗങ്ങളും ചുങ്കക്കാരും സമ്പന്ന വിഭാഗത്തിൽപെട്ടവരായിരുന്നു (യോഹ 3:1; 19:39; ലൂക്കാ 3:12-13; 19:1). ജറുസലേം ദേവാലയത്തിൽ കച്ചവടം നടത്തിയിരുന്നവർ കൊള്ളലാഭമെടുത്ത് സമ്പന്നരായി മാറിയെന്ന് ജൊസേഫുസ് രേഖപ്പെടുത്തുന്നുണ്ട്.

www.malankaralibrary.com

ചില്ലറ വ്യാപാരികൾ, കരകൗശലവസ്തുക്കൾ നിർമ്മിക്കുന്നവർ, സത്രം സൂക്ഷിപ്പുകാർ തുടങ്ങിയവരുൾപ്പെടുന്ന ഒരു മദ്ധ്യവർഗ്ഗവും യേശുവിൻെറ കാലത്തുണ്ടായിരുന്നു. ജറുസലെമിൽ താമസിച്ചിരുന്ന പുരോഹിതരും ഈ വിഭാഗത്തിൽ പെടുമെങ്കിലും ഭൂരിഭാഗം പുരോഹിതരും വളരെ ദരിദ്രരായിരുന്നു.

ജനസംഖ്യയുടെ ഭൂരിഭാഗവും ദരിദ്രവിഭാഗത്തിൽപെട്ടവരായിരുന്നു. ദിവസവേതനക്കാർ, വിധവകൾ, യാചകർ, അടിമകൾ തുടങ്ങി വലിയൊരു വിഭാഗം ദരിദ്രർ യേശുവിൻെറ കാലത്തുണ്ടായിരുന്നു. അന്ധരും മുടന്തരും രോഗികളുമായ യാചകർ ജറൂസലെം ദേവാലയത്തിൽ വരുന്ന ഭക്തൻമാരുടെ ദാനം സ്വീകരിച്ച് ജീവിച്ചു പോന്നു (ലൂക്കാ 18:35-36; അപ്പ 3:1-2). തൊഴിലന്വേഷകരും (മത്താ 20:7) അർദ്ധരാത്രിയിൽ വന്ന സ്നേഹിതനു വേണ്ടി അപ്പമന്വേഷിച്ച് അയൽവീട്ടിൽ പോകുന്നവരും (ലൂക്കാ 11:5-7), ജീവിതത്തിലെ ആകെ സമ്പാദ്യമായ 2 ലെപ്തോൺ ദേവാലയഭണ്ഡാരത്തിൽ നിക്ഷേപിക്കുന്ന വിധവയും ദരിദ്രരുടെ പ്രതിനിധികളാണ്. ദരിദ്രരെ പരിഗണിക്കുവാനും (ലൂക്കാ 14:7-24; 16:19-31) സമ്പത്ത് അവരുമായി പങ്കുവയ്ക്കുവാനും (ലൂക്കാ 3:11; 18:22; 19:8) സമ്പന്നർക്ക് യേശു നൽകുന്ന ഉപദേശവും യേശുവിൻെറ കാലഘട്ടത്തിൽ സമ്പന്നരും ദരിദ്രരും ഉണ്ടായിരുന്നു എന്ന വസ്തുതയിലേക്ക് വെളിച്ചം വീശുന്നതാണ്.

www.malankaralibrary.com

## 3

# രാഷ്ട്രീയ പശ്ചാത്തലം

യേശുവിൻെറ ആദ്യകാല ശിഷ്യൻമാരും പുതിയ നിയമഗ്രന്ഥകർത്താക്കളിൽ മിക്കവരും പലസ്തീനയിൽ വസിച്ചിരുന്ന യഹൂദന്മാരായിരുന്നു. അതുകൊണ്ട് പുതിയ നിയമത്തെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കാൻ പലസ്തീനയിലെ യഹൂദരെക്കുറിച്ചും, അവർ കടന്നുവന്ന വഴികളെക്കുറിച്ചും ജീവിച്ച സാഹചര്യങ്ങളെക്കുറിച്ചും അറിയേണ്ടിയിരിക്കുന്നു. അതിൽ പ്രധാനപ്പെട്ട ഒരുകാര്യം അവരുടെ രാഷ്ട്രീയ ചരിത്രം മനസ്സിലാക്കുക എന്നതാണ്.

ഇസ്രായേൽ ജനത്തിന് ദൈവം വാഗ്ദാനം ചെയ്ത ദേശമായിരുന്നു പലസ്തീന. അവർ, ജോഷ്വായുടെ നേതൃത്വത്തിൽ, വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന ദേശത്ത് പ്രവേശിച്ചു. സാവുളിൻെറയും, ദാവീദിൻെറയും, സോളമൻെറയുമൊക്കെ ഭരണകാലത്ത് അറിയപ്പെടുന്ന ശക്തിയായി ഇസ്രായേൽ വളർന്നു. സോളമൻെറ ഭരണശേഷം രാജ്യം ഛിന്നഭിന്നമായി. ബി.സി. 931-ൽ, രാജ്യം യൂദയാ എന്നും ഇസ്രായേൽ എന്നും രണ്ടായി വിഭജിക്കപ്പെട്ടു. ഇസ്രായേലിൽ ശക്തരായ ആർക്കും വിപ്ലവത്തിലൂടെ രാജസിംഹാസനം കരസ്ഥമാക്കുവാൻ കഴിയുമായിരുന്നു. എന്നാൽ, യൂദയായിൽ രാജസ്ഥാനം ദാവീദിൻെറ വംശത്തിനു മാത്രമായി നീക്കിവയ്ക്കപ്പെട്ടിരുന്നു. ബി.സി 722-ൽ അസ്സീറിയൻ രാജാവായ സാർഗൻ (Sargon) രണ്ടാമൻ ഇസ്രായേലിനെ കീഴടക്കി. അങ്ങനെ ഇസ്രായേൽ അസ്സീറിയൻ അടിമത്തത്തിലായി.

ഇസ്രായേലിനെ അപേക്ഷിച്ച് കൂടുതൽ സുസ്ഥിരമായിരുന്നു യൂദയായിലെ ഭരണം. എങ്കിലും ബി.സി. 587-ൽ ബാബിലോൺ രാജാവായ നബുക്കദ്നേസർ (Nebuchadnezzar) യൂദയായെ ആക്രമിച്ച് കീഴടക്കി. യൂദയായിലെ പ്രഭുക്കൻമാരിൽ പലരും വധിക്കപ്പെട്ടു. ജറുസലേം നഗരവും,

www.malankaralibrary.com

ദേവാലയവും വിശുദ്ധമന്ദിരങ്ങളും നശിപ്പിക്കപ്പെട്ടു. ഇസ്രായേൽ ജനങ്ങളിൽ അവശേഷിച്ചവരെ ബാബിലോണിലേക്ക് അടിമകളായി കൊണ്ടുപോയി. ബാബിലോണിയൻ അടിമത്തത്തിലായിരുന്ന ഇസ്രായേൽ ജനം ഏറെ കഷ്ടതകൾ അനുഭവിക്കേണ്ടി വന്നു. ബി.സി. 539-ൽ പേർഷ്യൻ രാജാവായിരുന്ന സൈറസ് ബാബിലോണിനെ കീഴടക്കുകയുംപേർഷ്യൻ സാമ്രാജ്യം സംസ്ഥാപിക്കുകയും ചെയ്തു. ഒരു വർഷത്തിനുശേഷം ബി.സി. 538-ൽ ബാബിലോൺ അടിമത്തത്തിൽ കഴിഞ്ഞിരുന്ന യഹൂദർക്ക്, തങ്ങളുടെ നാട്ടിലേക്ക് മടങ്ങുന്നതിനും, ദേവാലയം പണിയുന്നതിനും അനുമതിനൽകിക്കൊണ്ട് അദ്ദേഹം വിളംബരം പുറപ്പെടുവിച്ചു. യൂദയായിലെത്തിയ ദൈവജനം നശിപ്പിക്കപ്പെട്ട ദേവാലയത്തിന്റെ സ്ഥാനത്ത് ഒരു ബലിപീഠം പണിയുകയും ബലിയർപ്പിക്കുകയുമാണ് ആദ്യമായി ചെയ്തത്. ബി.സി. 515 നോടുകൂടി അവർ ജറുസലെം ദേവാലയത്തിന്റെ പണിപൂർത്തിയാക്കി.

## 1. ഗ്രീക്കുകാരുടെ ആധിപത്യം

ബി.സി. നാലാം നൂറ്റാണ്ടിന്റെ പകുതിയിൽ യൂദയാ, വീണ്ടും ചില രാഷ്ട്രീയമാറ്റങ്ങൾക്ക് ഇരയായി. പേർഷ്യൻ സാമ്രാജ്യത്തിന്റെ അധഃപതനവും ഗ്രീക്കു സാമ്രാജ്യത്തിന്റെ വളർച്ചയുമാണ് അവയിൽ ഏറ്റവും പ്രധാനപ്പെട്ടത്.

ബി.സി. 336-ൽ മഹാനായ അലക്സാണ്ടർ, മാസിഡോണിയായിലെ രാജാവായി അധികാരത്തിൽവന്നു. അദ്ദേഹമാണ് ക്രിസ്തുവിന്റെ കാലത്തെ പലസ്തീനയ്ക്ക് പുതിയ രൂപവും ഭാവവും കൊടുത്തത്. ഗ്രീക്ക് സംസ്കാരത്തോടും ജീവിതരീതികളോടും, ഭാഷയോടും ഒരു പ്രത്യേക താത്പര്യം, അലക്സാണ്ടറിനുണ്ടായിരുന്നുവെന്ന് ചെറുപ്പകാലത്തെ അദ്ദേഹത്തിന്റെ പഠനങ്ങളിൽനിന്ന് മനസ്സിലാക്കാം. ലോകത്തെ മുഴുവൻ ഏക ഭരണത്തിൽ കൊണ്ടുവന്ന്, യവനസംസ്കാരം (ഗ്രീക്കുസംസ്കാരം) എല്ലായിടത്തും പ്രചരിപ്പിക്കണമെന്നത് അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു. അതിനായി യുദ്ധങ്ങൾ നടത്തി, നിരവധി രാജ്യങ്ങൾ കീഴടക്കി. അക്കൂട്ടത്തിൽ ബി.സി. 333-ൽ ഈസൂസ് യുദ്ധത്തിൽവച്ച് (Battle of ISSUS) പേർഷ്യൻ സൈന്യത്തെ കീഴടക്കുകയും യൂദയായിൽ ആധിപത്യം ഉറപ്പിക്കുകയും ചെയ്തു. ഈ രാജ്യങ്ങളിലെല്ലാം യവനവത്കരണത്തിന്റെ (Hellenisation) ഭാഗമായി നിരവധി പരിഷ്കാരങ്ങൾ അദ്ദേഹം ഏർപ്പെടുത്തി. തങ്ങളുടേത് (ഗ്രീക്ക് സംസ്കാരം) മാത്രമേ ശ്രേഷ്ഠമായതുള്ളുവെന്നും, മറ്റുള്ളവരുടേത് നികൃഷ്ടമാണെന്നുമുള്ള ചിന്താഗതിയാണ് ഇതിലേക്ക് അദ്ദേഹത്തെ നയിച്ചത്. ബലപ്രയോഗത്തിലൂടെ നേടിയ രാജ്യങ്ങളിൽ സാംസ്കാരികവും സാമൂഹികവുമായ ഐക്യവും സമാധാനവും കൈവരുത്താനുള്ള ഉപാധിയായി

www.malankaralibrary.com

അലക്സാണ്ടർ യവന വത്കരണത്തെ കണക്കാക്കി. ഗ്രീക്ക് ഭാഷയും, സംസ്കാരവും, മതാചാര ങ്ങളും താൻ കീഴടക്കിയ രാജ്യങ്ങളിലെല്ലാം അദ്ദേഹം പ്രചരിപ്പിച്ചു. ജനങ്ങൾ തിങ്ങിക്കൂടുന്ന, കായികാഭ്യാസക്കളരികളും (Gymnasium) തിയേറ്ററുകളും യവനവത്കരണത്തിന്റെ വേദികളായി മാറി. ഗ്രീക്ക് വേഷഭൂഷാദികളും, ഗ്രീക്ക് രീതികളും വളരെവേഗം അനുകരണവിധേയമായി. ഗ്രീക്ക് ഭാഷ അഭ്യസ്തവിദ്യരുടെ ഭാഷയായി കരുതപ്പെട്ടു. ബി.സി. 323-ൽ മുപ്പത്തിമൂന്നാമത്തെ വയസ്സിൽ അലക്സാണ്ടർ മരണമടഞ്ഞു.

മഹാനായ അലക്സാണ്ടറിനുശേഷം അദ്ദേഹത്തിന്റെ വിശാലമായ സാമ്രാജ്യം, നാല് സൈന്യാധിപൻമാർ വിഭജിച്ചെടുത്തു. ഇതിൽ പലസ്തീനയുടെ ചരിത്രവുമായി ബന്ധമുള്ളത് ഈജിപ്തിലെ ടോളമി (Ptolemy) വംശജർക്കും, സിറിയയിലെ സെലൂസിഡ് (Selucid) വംശജർക്കുമാണ്. ഈജിപ്തിനും സിറിയയ്ക്കും മധ്യേ സ്ഥിതി ചെയ്തിരുന്ന പലസ്തീന കുറേ വർഷങ്ങളോളം ഒരു വിവാദ വിഷയമായിരുന്നു. അവസാനം ഇപ്സൂസ് യുദ്ധത്തോടെ (Battle of Ipsus) ബി.സി. 301-ൽ പലസ്തീന ഈജിപ്തിലെ ടോളമി വംശജരുടെ ആധിപത്യത്തിലായി.

ടോളമികൾ ബി.സി. 198 വരെ പലസ്തീന ഭരിച്ചു. ടോളമി രാജാക്കൻമാരും യഹൂദരും സുഹൃദ്ഭാവത്തിലാണ് കഴിഞ്ഞത്. ഉന്നതസ്ഥാനങ്ങളിൽ പലതും യഹൂദർക്ക് നൽകപ്പെട്ടിരുന്നു. പൂർണ്ണമായ മതസ്വാതന്ത്ര്യവും ഇക്കാലത്ത് അവർക്കുണ്ടായിരുന്നു. യഹൂദരുടെ കാര്യങ്ങൾ നിയന്ത്രിച്ചിരുന്നത് ജറുസലേമിലെ പ്രധാന പുരോഹിതൻമാരായിരുന്നു. യഹൂദർ അലക്സാണ്ഡ്രിയയിൽ തന്നെ പ്രമുഖ സ്ഥാനങ്ങൾ അലങ്കരിച്ചിരുന്നു. ഇക്കാലത്താണ് (ബി.സി. 320-200) അലക്സാണ്ഡ്രിയയിൽ വച്ച് ബൈബിൾ ഗ്രീക്കുഭാഷയിലേക്ക് വിവർത്തനം ചെയ്തത്. ആ വിവർത്തനത്തെ ഗ്രീക്കു സപ്തതി (Septugint) എന്നുവിളിക്കുന്നു.

ബി.സി. 198-ൽ സിറിയയിലെ സെലൂസിഡ് വംശജനായ അന്തിയോക്കസ് മൂന്നാമൻ (Antiochus III) ഈജിപ്ഷ്യൻ സൈന്യത്തെ പരാജയപ്പെടുത്തുകയും, പലസ്തീന കൈവശത്തിലാക്കുകയും ചെയ്തു. അങ്ങനെ പലസ്തീന സിറിയയുടെ ഭരണത്തിൻ കീഴിലായി. യവനവത്കരണത്തിന്റെ പ്രചാരകരായിരുന്നു സെലൂസിഡ് രാജാക്കൻമാർ. ഒരു രാജ്യം, ഒരു ജനത, ഒരു മതം, ഒരു ഭാഷ എന്ന സങ്കൽപം പ്രായോഗികമാക്കാൻ അവർ എല്ലാ ശ്രമങ്ങളും നടത്തി. ഇത് ഏറ്റവും ശക്തമായത് അന്തിയോക്കസ് മൂന്നാമനുശേഷം ബി.സി. 175-ൽ പുത്രൻ അന്തിയോക്കസ് നാലാമൻ അധികാരമേറ്റതോടെയാണ്. അതോടെ, യഹൂദർക്ക് നൽകിവന്നിരുന്ന എല്ലാ

www.malankaralibrary.com

സ്വാതന്ത്ര്യവും പിൻവലിച്ചു. പ്രധാന പുരോഹിതൻമാരെ, രാജാക്കൻമാർ നിയമിക്കുന്ന വ്യവസ്ഥയുണ്ടായി. സാബത്ത്, പരിച്ഛേദനം, ശുദ്ധിയും അശുദ്ധിയും വേർതിരിക്കുന്നതിനെ സംബന്ധിക്കുന്ന നിയമങ്ങൾ, തിരുനാളുകൾ തുടങ്ങിയ, പരമ്പരാഗതമായ യഹൂദാചാരങ്ങളും മൂല്യങ്ങളും യഹൂദർക്ക് ഉപേക്ഷിക്കേണ്ടിവന്നു. അവർക്ക് നിഷിദ്ധമായിരുന്ന പന്നിമാംസം ഭക്ഷിക്കാൻപോലും അവർ നിർബന്ധിതരായി. കായികാഭ്യാസക്കളരികളിൽ നഗ്നരായി വ്യായാമ മുറകളിലും മത്സരങ്ങളിലും പങ്കെടുക്കണം എന്നതും യഹൂദർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കി. ഇതിനിടയിൽ ജറുസലേം ദേവാലയം കൊള്ളയടിക്കുകയും അതിൽ ഗ്രീക്കുദേവനായ സേയൂസിൻെറ ബലിപീഠം സ്ഥാപിക്കുകയും ആ ദേവാലയം സേയൂസ് ദേവൻെറ നാമത്തിലുള്ള തീർത്ഥാടന സ്ഥലമായി പ്രഖ്യാപിക്കുകയും ചെയ്തു.

മേൽപറഞ്ഞ നീക്കങ്ങളെ, മതാനുഷ്ഠാനങ്ങളിൽ കൂടുതൽ നിഷ്ഠയുണ്ടായിരുന്ന യഹൂദരിൽ ചിലർ ചെറുത്തു നിൽക്കാൻ ശ്രമിച്ചു. അവരെ ഹസിദേയർ (Hasideans) എന്നാണ് വിളിച്ചിരുന്നത്. വിശ്വാസത്തിലുറച്ചു നിന്നിരുന്നവരുടെ നേരെ മർദ്ദനങ്ങൾ അഴിച്ചുവിട്ടു. യവനവത്കരണത്തെ അനുകൂലിക്കുന്നവർക്ക് സമ്മാനങ്ങളും സ്ഥാനമാനങ്ങളും നൽകി. ഇതിൽ ആകൃഷ്ടരായ പല യഹൂദരും കാലത്തിനൊത്ത് നീങ്ങാൻ തയ്യാറായി. സ്വാർത്ഥലാഭവും ആധുനികതാവത്കരണത്തോടുള്ള മോഹവുമാണ് യവന സംസ്കാരത്തെ പുൽകാൻ അവരെ പ്രേരിപ്പിച്ചത്.

2. **മക്കബായ വിപ്ലവം: (Maccabean Revolution)**

ബി.സി. 166 മുതൽ സെലൂക്യൻ ആധിപത്യത്തിനെതിരെ യൂദയായിലെ യഹൂദർ നടത്തിയ വിപ്ലവത്തെയാണ് 'മക്കബായ വിപ്ലവം' എന്നു വിളിക്കുന്നത്. ഇതിനു നേതൃത്വം കൊടുത്ത യൂദാസ് മക്കബേയുസും സ്ഹോദരൻമാരും ഹസ്മോണിയൻ കുടുംബാംഗങ്ങളാകയാൽ ഈ വിപ്ലവത്തെ 'ഹസ്മോണിയൻ വിപ്ലവം' എന്നും വിളിക്കാറുണ്ട്.

അന്തിയോക്കസ് നാലാമൻ ക്രൂരമായ മർദ്ദനങ്ങൾ അഴിച്ചുവിട്ടിട്ടും ഹസിദേയർ യഹൂദ മതാചാരങ്ങൾ തിരസ്കരിക്കാൻ തയ്യാറായില്ല. രാജകൽപനപ്രകാരം, ബി.സി. 167-ൽ മൊദെയിൻ (Modein) ഗ്രാമത്തിൽ വിജാതീയ രീതിയിൽ ബലിയർപ്പിക്കാനുള്ള ഒരു ശ്രമം നടന്നു. അതിനു നേതൃത്വം കൊടുക്കാനെത്തിയ ഉദ്യോഗസ്ഥനെയും, ബലിയർപ്പിക്കാൻ വന്ന യഹൂദനെയും മത്താത്തിയാസ് (Mattathias) എന്ന പുരോഹിതൻ വധിക്കുന്നതോടെയാണ് വിപ്ലവം ആരംഭിക്കുന്നത്. ഈ സംഭവത്തിനുശേഷം മത്താത്തിയാ

www.malankaralibrary.com

സും പുത്രൻമാരും ഒളിവിൽ പോയി. സെലൂഷ്യൻ ആധിപത്യത്തിൽ അസംതൃപ്തരായ യഹൂദരും ഇവരുടെ കൂടെ കൂടി. മതാനുഷ്ഠാനങ്ങൾ പുനഃസ്ഥാപിക്കപ്പെടണമെന്ന ആഗ്രഹത്തോടെ ഹസിദേയരും ഇവരെ സഹായിച്ചു. യവനവത്കരണത്തിനെതിരേ ഗറില്ലാ യുദ്ധതന്ത്രമുറയ്ക്കാണ് ഇവർ രൂപംകൊടുത്തത്. യവന സംസ്കാരത്തിന്റെ സ്വാധീനംമൂലം മാറ്റങ്ങൾക്കു വേണ്ടി നിലകൊണ്ടിരുന്ന യവന യഹൂദരെയാണ് പ്രധാനമായും മത്താത്തിയാസ് ലക്ഷ്യമിട്ടത്. ഒന്നാം മക്കബായരുടെ പുസ്തകത്തിൽ ഇതിനെക്കുറിച്ച് വിശദമായ പരാമർശങ്ങളുണ്ട് (1 മക്ക 2:1-70).

മത്താത്തിയാസിന്റെ മരണശേഷം അദ്ദേഹത്തിന്റെ മൂന്നാമത്തെ പുത്രനായ യൂദാ മക്കബേയൂസ് (Judas Maccabaeus) വിപ്ലവത്തിന്റെ നേതൃത്വമേറ്റെടുത്തു. (1 മക്ക 3:1-9:22). ഒരു വീരയോദ്ധാവായ അദ്ദഹേം യഹൂദരിൽ ഐക്യബോധം ഉളവാക്കി. സെലൂഷ്യൻ സൈന്യവും, യൂദയാ സൈന്യവും തമ്മിൽ ഏറ്റുമുട്ടാൻ തുടങ്ങി. വിപ്ലവം വിജയിച്ചു, യഹൂദർക്ക് മതസ്വാതന്ത്ര്യവും ലഭിച്ചു. ജറുസലേം നഗരത്തിൽ വസിച്ചിരുന്ന ഗ്രീക്കുകാരെ അദ്ദേഹം തുരത്തി. ബി.സി. 164-ൽ ദേവാലയം വിശുദ്ധീകരിച്ച് പുനഃപ്രതിഷ്ഠ നടത്തി. (1 മക്ക 4:36-61) ആ പുണ്യദിനത്തിന്റെ സ്മരണയ്ക്കായി 'ഹനുക്ക'തിരുനാളും (Festival of Hanukkah) സ്ഥാപിച്ചു. പുതിയ നിയമത്തിൽ ഈ തിരുനാളിന്റെ പരാമർശമുണ്ട്. (പ്രതിഷ്ഠയുടെ തിരുനാൾ- യോഹ: 10:22).

ഒരു സ്വതന്ത്രയഹൂദരാജ്യം സ്വപ്നം കണ്ട മക്കേബിയൂസ് വീണ്ടും യുദ്ധത്തിലേർപ്പെട്ടു. ബി.സി. 161-ൽ അദ്ദേഹം കൊല്ലപ്പെട്ടു. അതിനുശേഷം യൂദായുടെ സഹോദരനായ ജോനാഥൻ (Jonathan) വിപ്ലവ നേതൃത്വം ഏറ്റെടുത്തു (1 മക്ക. 9:23; 12:53) ആക്രമണ-പ്രതിരോധ യുദ്ധങ്ങളിലൂടെ ജറുസലെം സംരക്ഷിക്കാനും രാജ്യാതിർത്തി വർദ്ധിപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. റോമാക്കാരും സ്പാർത്താക്കാരുമായി (spartans) സഖ്യത്തിലേർപ്പെട്ടു. ചുരുക്കത്തിൽ യവനവത്കരണത്തെ ചെറുക്കാനും, യഹൂദ പാരമ്പര്യങ്ങളെയും വിശ്വാസത്തെയും സംരക്ഷിക്കുവാനും ജോനാഥന് കഴിഞ്ഞു. ബി.സി. 142-ൽ സിറിയൻ ജനറലായ ട്രിഫോ (Trypho) യുമായുള്ള ഏറ്റുമുട്ടലിൽ അദ്ദേഹം കൊല്ലപ്പെട്ടു.

മത്താത്തിയാസിന്റെ ശേഷിക്കുന്ന പുത്രനായ ശിമയോനായിരുന്നു (Simon) ജോനാഥന്റെ പിൻഗാമി. (മക്ക 13:1-16:24). ആ വർഷംതന്നെ സിറിയൻ (സെലൂഷ്യൻ) രാജാവായ ദിമേട്രിയൂസ് രണ്ടാമൻ (Demetrius II) യഹൂദർക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകി. ശിമയോൻ പ്രധാന പുരോഹിതനും, സേനാനായകനും, ഭരണാധിപനുമായി. ബി.സി. 134-ൽ ടോളമി ശിമയോ

www.malankaralibrary.com

നെയും രണ്ട് പുത്രൻമാരെയും വധിച്ചു. ശിമയോൻെറ ശേഷിക്കുന്ന പുത്രനായ ജോൺ ഹിർക്കാനൂസ് (John Hyrcanus) പ്രധാന പുരോഹിതനായി ഭരണമാരംഭിച്ചു. ബി.സി. 104-ൽ അദ്ദേഹത്തിൻെറ മരണശേഷം പുത്രൻ അരിസ്റ്റോബുളുസ് (Aristobulus) തൻെറ മൂന്ന് സഹോദരൻമാരെ തടവിലാക്കുകയും ഒരാളെ വധിക്കുകയും ചെയ്തശേഷം അധികാരമേറ്റു. പക്ഷേ, ഒരു വർഷത്തിനുള്ളിൽ രോഗബാധിതനായി അദ്ദേഹം മരിച്ചു. അദ്ദേഹത്തിൻെറ ഭാര്യ അലക്സാന്ത്രിയ സഹോദരൻമാരെ മോചിപ്പിക്കുകയും അവരിലൊരാളായ അലക്സാണ്ടർ ജാനേവൂസിനെ (Alexander Janneus) വിവാഹം കഴിക്കുകയും ചെയ്തു. അലക്സാണ്ടർ ജാനേവൂസ് ബി.സി. 76-വരെ ഭരണം നടത്തി. അദ്ദേഹത്തിൻെറ മരണശേഷം ബി.സി. 66 വരെ ഭരണം നടത്തിയിരുന്നത് അലക്സാന്ത്രിയ രാജ്ഞിയായിരുന്നു. രാജ്ഞിയുടെ മരണത്തെത്തുടർന്ന് അവരുടെ രണ്ടു പുത്രൻമാർ, ഹിർക്കാനൂസും (Hircanus) അരിസ്റ്റോബുളൂസും തമ്മിൽ സിംഹാസനത്തിനും പ്രധാനപുരോഹിത സ്ഥാനത്തിനും വേണ്ടി മത്സരിച്ചു. ആൻറിപാത്തറിൻെറ (Antipater) നേതൃത്വത്തിലുള്ള 'ഇദുമേയ' സൈന്യം ഹിർക്കാനുസിൻെറ സഹായത്തിനെത്തി. യഹൂദചരിത്രത്തിൽ ഏറെ ചലനങ്ങൾ സൃഷ്ടിച്ചിട്ടുള്ള ഹേറോദേസ് മഹാരാജാവിൻെറ പിതാവാണിദ്ദേഹം. ഈ അവസരത്തിലാണ് അതിവേഗം ഒരു ലോകശക്തിയായി വളർന്നുകൊണ്ടിരുന്ന റോമാക്കാർ രംഗത്തു വരുന്നത്. അവർ തങ്ങളുടെ ശക്തി വർദ്ധിപ്പിക്കാൻ ഈ അവസരം ശരിക്കും വിനിയോഗിച്ചു. പോംപെ (Pompey) യുടെ നേതൃത്വത്തിൽ ജറുസലേമിനു പുറത്ത് താവളമടിച്ചിരുന്ന റോമൻ സൈന്യത്തെ ഹിർക്കാനൂസ് സ്വാഗതം ചെയ്തു. ഏകപക്ഷീയമായ യുദ്ധത്തിൽ അരിസ്റ്റോബുളുസ് പരാജയപ്പെട്ടു. അദ്ദേഹത്തെ തടവുകാരനായി റോമിലേക്ക് കൊണ്ടുപോയി. ഹിർക്കാനൂസിനെ റോമാക്കാർ രാജാവായിട്ടല്ല, പ്രധാന പുരോഹിതനായിട്ടാണ് അവരോധിച്ചത്. അങ്ങനെ ബി.സി.-63ൽ യൂദയായുടെ നിയന്ത്രണം റോമൻ സാമ്രാജ്യത്തിൻെറ കൈകളിലായി.

### 3. റോമൻ ആധിപത്യം

പോംപെയുടെ വിജയത്തെത്തുടർന്ന് യൂദയാ റോമിൻെറ പ്രോവിൻസായ സിറിയായുടെ ഭാഗമായി. ഹിർക്കാനൂസിന് യൂദയായുടെ 'എത്നാർക്ക്' സ്ഥാനമുണ്ടായിരുന്നുവെങ്കിലും ഇദുമേയനായ ആൻറിപാത്തറാണ് ഭരണ ചുമതല വഹിച്ചിരുന്നത്. വളരെ പ്രഗത്ഭനായ ആൻറിപാത്തറിനെ, ബി.സി 47-ൽ ജൂലിയസ് സീസർ യൂദായുടെ പ്രൊക്കുറേറ്ററാക്കി. ഇദ്ദേഹത്തിൻെറ മകനായ ഹേറോദേസ് മഹാരാജാവ് (Herod the Great) റോമാക്കാരു

www.malankaralibrary.com

ടെ അംഗീകാരത്തോടെ ബി.സി 37 മുതൽ 4 വരെ യൂദയാ ഭരിച്ചു. ഹേറോദേസിൻെറ ഭരണകാലം സംഭവബഹുലമായിരുന്നു. അക്ഷീണ പ്രയത്നത്തിലും നിശ്ചയദാർഢ്യത്തിലും, പ്രൗഢിയിലും, പ്രതാപത്തിലും, അതോടൊപ്പം ക്രൂരതയിലും മൃഗീയതയിലും അദ്ദേഹം മുന്നിട്ടു തന്നെ നിന്നിരുന്നു. അധികാരത്തോടുള്ള അതിയായ മോഹമായിരുന്നു, അദ്ദേഹത്തിൻെറ സകലപ്രവൃത്തികളുടെയും പിന്നിലുണ്ടായിരുന്നത്.

ഹേറോദേസ് റോമിനോട് എന്നും കൂറുപുലർത്തിയിരുന്നു. കാരണം, റോമൻ ചക്രവർത്തിമാരെ പ്രീണിപ്പിച്ചാൽ മാത്രമേ തനിക്ക് സുഗമമായി മുന്നേറാനാകൂ എന്ന് അദ്ദേഹത്തിനറിയാമായിരുന്നു. റോമിൻെറ പ്രതിനിധികളിൽ ഏറ്റവും ശക്തിയുള്ളവൻെറ കൂടെ അദ്ദേഹം മാറിമാറി നിലകൊണ്ടു. പ്രായോഗിക നേട്ടങ്ങളിൽ മാത്രം ശ്രദ്ധിച്ചിരുന്ന ഹേറോദേസ് തത്വസംഹിതകളുടെ പുറകേ പോകാൻ തയ്യാറല്ലായിരുന്നു. ഒക്ടേവിയൻ ചക്രവർത്തിയുടെ അപ്രീതി സമ്പാദിക്കാതിരിക്കാൻ ഹേറോദേസ് പ്രത്യേകം ശ്രദ്ധിച്ചു. കാരണം, റോമാ സാമ്രാജ്യത്തിലെ അതിപ്രബലനായിരുന്ന ചക്രവർത്തിയായിരുന്നു ഒക്ടേവിയൻ. അദ്ദേഹമാണ് പിന്നീട് അഗസ്റ്റസ് സീസർ എന്ന പേരിൽ അറിയപ്പെട്ടത്. ഇതോടൊപ്പം യഹൂദരുടെ മതവികാരങ്ങളെ മുറിപ്പെടുത്താതിരിക്കാനും ഹേറോദേസ് ശ്രമിച്ചിരുന്നു. ജീർണ്ണിച്ചു കിടന്നിരുന്ന ജറുസലെം ദേവാലയം പുനരുദ്ധരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. വലിയ സൗധങ്ങളോടും കൊത്തുപണികളോടും കൂടെ ദേവാലയം മോടിപിടിപ്പിച്ചു. മർക്കോസിൻെറ സുവിശേഷത്തിൽ കാണുന്ന, ദേവാലയ നാശത്തെക്കുറിച്ചുള്ള, യേശുവിൻെറ പ്രവചനത്തിൽനിന്ന് ഇതു വ്യക്തമാകുന്നുണ്ട് (മർക്കോ 13:1-2). പ്രധാനാചാര്യൻമാരെയും, സാൻഹെദ്രീൻ സംഘാംഗങ്ങളെയുമൊക്കെ തൻെറ ഇഷ്ടമനുസരിച്ചാണ് അദ്ദേഹം തിരഞ്ഞെടുത്തിരുന്നത്. മതപരമായ കാര്യങ്ങളിൽ നേരിട്ട് ഇടപെട്ടിരുന്നില്ലെങ്കിലും പുറമേനിന്നു കൊണ്ട് അദ്ദേഹം എല്ലാം സസൂക്ഷ്മം നിരീക്ഷിച്ചിരുന്നു. യഹൂദനിയമത്തെമാനിച്ച്, അദ്ദേഹം ഇറക്കിയ നാണയങ്ങളിൽ ജീവിച്ചിരിക്കുന്ന മനുഷ്യരുടെ രൂപങ്ങൾ ചേർക്കാതിരിക്കാനും ശ്രദ്ധിച്ചിരുന്നു. യഹൂദമതത്തോടുള്ള ഭക്തിയേക്കാളുപരി പ്രായോഗിക പരിഗണനകൾ മാത്രമായിരുന്നു ഇതിൻെറയെല്ലാം പിന്നിൽ ഉണ്ടായിരുന്നത്. ഇങ്ങനെയൊക്കെ ചെയ്തെങ്കിലും ബഹുഭൂരിപക്ഷം യഹൂദർക്കും ഹേറോദേസിനെ ഇഷ്ടമല്ലായിരുന്നു. അദ്ദേഹം അവരുടെ മേൽ ചുമത്തിയിരുന്ന അമിതമായ നികുതിഭാരവും വെറുപ്പിന് കാരണമായി. ഇത് അദ്ദേഹത്തിനറിയാമായിരുന്നു. തൻമൂലം ജനരോഷത്തെ നേരിട്ടുകൊണ്ട്പോലും തൻെറ അധികാരം ഉറപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു.

www.malankaralibrary.com

തന്റെ സിംഹാസനത്തിനെതിരായി ഗൂഢാലോചനകളും ഭീഷണികളും ഉയരുന്നു എന്ന് മനസ്സിലാക്കിയ ഹേറോദേസ് ക്രൂരതയുടെയും മൃഗീയതയുടെയും മാർഗ്ഗമാണ് സ്വീകരിച്ചത്. റോമൻ സൈന്യത്തിന്റെ സഹായത്തോടെ ജറുസലേം കീഴടക്കിയ ഉടനെ തന്റെ ഹസ്മോണിയൻ എതിരാളിയെയും അനുചരൻമാരെയും സാൻഹെദ്രീൻ സംഘത്തിലെ വളരെയധികം അംഗങ്ങളെയും വധിച്ചു. ബി.സി. 35-ൽ, രാജകൽപനയനുസരിച്ച് ഇഷ്ടപത്നിയായ മറിയാമ്നെയുടെ (Mariamne) സഹോദരനും, പ്രധാനാചാര്യനുമായിരുന്ന അരിസ്റ്റോബുളുസിനെ (Aristobulus) ജറീക്കോയിലെ ഒരു കുളത്തിൽ മുക്കിക്കൊന്നു. ബി.സി. 34-ൽ സഹോദരി സലോമിയുടെ ഭർത്താവായ ജോസഫിനെ തൂക്കിലേറ്റി. ബി.സി. 29-ൽ ഇഷ്ടപത്നിയും, പ്രാണനു തുല്യം സ്നേഹിച്ചവളുമായ മറിയാംമ്നെയെ ചില സംശയങ്ങളുടെ പേരിൽ അദ്ദേഹം നിഷ്കരുണം വധിച്ചു. ഏതാണ്ട് ഒരു വർഷത്തിനു ശേഷം മറിയാംമ്നെയുടെ അമ്മയായ അലക്സാണ്ഡ്രിയായെയും വധിച്ചു. ഹേറോദേസിന് മറിയാംമ്നെയിലുള്ള രണ്ട് മക്കളായിരുന്നു അലക്സാണ്ടറും അരിസ്റ്റോബുളൂസും. അഗസ്റ്റസ് സീസറിന്റെ കൊട്ടാരത്തിൽനിന്ന് പഠിച്ചുവളർന്ന അവർ ജറുസലേമിലേക്ക് തിരിച്ചുചെന്നപ്പോൾ അദ്ദേഹം അവരെയും വധിച്ചു. ബി.സി. 4-ൽ, അദ്ദേഹം മരിക്കുന്നതിന് ഏതാനുംനാൾ മുൻപ്, അനന്തരാവകാശിയായി നിശ്ചയിച്ചിരുന്ന അന്തിപ്പാത്തറിനെ തൂക്കിലിട്ടു. ഇതെല്ലാം സുചിപ്പിക്കുന്നത് ഹേറോദേസ് അതിക്രൂരനായ ഒരു ഭരണാധികാരിയായിരുന്നു എന്നാണ്. ഇദ്ദേഹമാണ് യഹൂദർക്ക് രാജാവായി യേശു ജനിച്ചു എന്ന് കേട്ടപ്പോൾ അസ്വസ്ഥനാകുകയും യേശുവിനെ വധിക്കാൻവേണ്ടി ബെത്ലഹെമിലെയും, സമീപപ്രദേശങ്ങളിലെയും രണ്ടും അതിൽ താഴെയും വയസ്സുള്ള എല്ലാ ആൺകുട്ടികളെയും വധിക്കാൻ കല്പന പുറപ്പെടുവിക്കുകയും ചെയ്തത് (മത്താ 2:16). അദ്ദേഹത്തിന്റെ ക്രൂരതയുടെ പൂർത്തീകരണമെന്നോണം മറ്റൊരു സംഭവം കൂടി അരങ്ങേറി. അന്ത്യമടുത്തപ്പോൾ തന്റെ മരണത്തിൽ പ്രജകൾക്ക് സന്തോഷമേ ഉണ്ടാകൂ എന്ന് അദ്ദേഹം മനസ്സിലാക്കി. എന്നാൽ, തന്റെ മരണത്തോടനുബന്ധിച്ച് കുറച്ചുപേരെങ്കിലും കണ്ണീരൊഴുക്കണം എന്നതിൽ നിർബന്ധമുണ്ടായിരുന്ന ഹേറോദേസ് രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും പ്രസിദ്ധരായ യഹൂദരെ, താൻ രോഗിയായി കിടന്നിരുന്ന ജറീക്കോയിലേക്ക് വിളിച്ചു വരുത്തി തന്റെ മരണസമയത്ത് അവരെയും കൊലപ്പെടുത്തണം എന്ന കൽപനയും നൽകി. അദ്ദേഹത്തിന്റെ മരണത്തെ വലിയ ആഹ്ലാദത്തോടെയാണ് യഹൂദജനത സ്വീകരിച്ചത്. അതോടൊപ്പം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ലഹളകളും പൊട്ടിപ്പുറപ്പെട്ടു. ഹേറോദേസിന്റെ പുത്രനായ

www.malankaralibrary.com

അർക്കലാവോസ് ലഹള അടിച്ചമർത്താനുള്ള ശ്രമത്തിൽ ആയിരക്കണക്കിന് യഹൂദരെ കൊലപ്പെടുത്തി. അങ്ങനെ, ഹേറോദേസ് പദ്ധതിയിട്ട പ്രകാരമല്ലെങ്കിലും അദ്ദേഹത്തിന്റെ മരണം വലിയൊരു ദുഃഖത്തിന് കാരണമായി.

റോമിലെ അഗസ്റ്റസ് ചക്രവർത്തിയുമായി എന്നും നല്ല ബന്ധം പുലർത്താൻ ഹേറോദേസ് പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരുന്നു. യഥാർത്ഥത്തിൽ അഗസ്റ്റസിന്റെ നിയന്ത്രണത്തിലായിരുന്നു ഹേറോദേസിന്റെ ഭരണം. സ്വന്തമായ പട്ടാളവും, നീതിന്യായം, സാമ്പത്തികം എന്നീ കാര്യങ്ങളിൽ പൂർണ്ണമായ അധികാരവും ഹേറോദേസിനുണ്ടായിരുന്നുവെങ്കിലും ചക്രവർത്തിയുടെ അനുവാദം കൂടാതെ മറ്റു രാജ്യങ്ങളുമായി യുദ്ധം ചെയ്യാനോ, അവരുമായുള്ള ബന്ധങ്ങളുടെയും ഇടപാടുകളുടെയും കാര്യത്തിൽ തീരുമാനം എടുക്കുവാനോ അദ്ദേഹത്തിനു സാധിക്കുമായിരുന്നില്ല. ചക്രവർത്തിയുടെ നേരിട്ടുള്ള അനുമതി കൂടാതെ പിൻഗാമികളെ വാഴിക്കാനോ അധികാരം പിൻഗാമികളിലേക്ക് കൈമാറാനോ അധികാരമില്ലായിരുന്നു. അങ്ങനെ എല്ലാവിധത്തിലും നിയന്ത്രിക്കപ്പെട്ട ഹേറോദേസ് യഥാർത്ഥത്തിൽ അഗസ്റ്റസിന്റെ ഒരാശ്രിതൻ മാത്രമായിരുന്നു. യജമാനനെ പ്രീണിപ്പിക്കുന്നതിൽ ഹേറോദേസ് പരാജയപ്പെട്ടില്ല. സീസറിനോടുള്ള ആദരവ് പ്രകടിപ്പിക്കാൻ പുരാതന സമറിയാ നഗരം പുതുക്കിപ്പണിയുകയും അതിനു 'സെബാസ്തെ' എന്ന് പേരിടുകയും ചെയ്തു. മെഡിറ്ററേനിയൻ തീരത്തുള്ള പട്ടണത്തിന് കേസറിയ എന്നു പേരിട്ടതും ഇതേ ലക്ഷ്യത്തോടെയാണ്. ഗംഭീരവും മനോഹരവുമായ സൗധങ്ങൾ ചക്രവർത്തിയുടെയും അദ്ദേഹത്തിന്റെ കുടുംബക്കാരുടെയും പേരുകളിൽ ഹേറോദേസ് പടുത്തുയർത്തി. തന്റെ നിസ്സാരങ്ങളായ കുടുംബകാര്യങ്ങൾ പോലും അദ്ദേഹം അപ്പപ്പോൾ ചക്രവർത്തിയെ അറിയിച്ചുകൊണ്ടിരുന്നു. റോമിൽനിന്നും ലഭിച്ച കൽപനപ്രകാരമാകാം, ബി.സി. 7-6-ൽ റോമൻ ചക്രവർത്തിയോട് കൂറും വിശ്വസ്തതയും വാഗ്ദാനം ചെയ്യാൻ അദ്ദേഹം തന്റെ പ്രജകളോട് ആവശ്യപ്പെട്ടത്. അതികർക്കശ ഭരണാധികാരിയായിരുന്നിട്ടും അഗസ്റ്റസിനു ഹേറേദേസിന്റെ നിലപാടുകൾ തൃപ്തികരമായിരുന്നു. തൻമൂലം അഗസ്റ്റസിൽ നിന്നും പല ആനുകൂല്യങ്ങളും സഹായസഹകരണങ്ങളും ഹേറോദേസിന് ലഭിക്കുകയും ചെയ്തു.

യേശുവിന്റെ ജനനം അഗസ്റ്റസ് സീസറിന്റെയും ഹേറോദേസിന്റെയും കാലഘട്ടത്തിലാണ് സംഭവിച്ചത്. ' ആ ദിവസങ്ങളിൽ ലോകമാസകലമുള്ള ജനങ്ങളുടെ പേര് എഴുതിച്ചേർക്കപ്പെടണം എന്ന് അഗസ്റ്റസ്

www.malankaralibrary.com

സീസറിൽനിന്ന് കൽപന പുറപ്പെട്ടു. കിരിനിയോസ് സിറിയായിൽ ദേശാധിപതി ആയിരിക്കുമ്പോൾ ആദ്യത്തെ ഈ പേരെഴുത്ത് നടന്നു.' (ലൂക്കാ 2:1-2). യേശുവിന്റെ ജനനത്തെക്കുറിച്ച് പുതിയനിയമഗ്രന്ഥം നൽകുന്ന സൂചനകളിൽ പ്രധാനപ്പെട്ട ഒന്നാണിത്. അഗസ്റ്റസ് സീസറിന്റെ ഭരണകാലം ബി.സി. 30 മുതൽ എ.ഡി. 14 വരെയാണ്. 'ലോകമാസകലമുള്ള ജനങ്ങളുടെ പേര് എഴുതിച്ചേർത്തു' എന്നു പറയുമ്പോൾ റോമാ സാമ്രാജ്യം മുഴുവനുമുള്ള ജനങ്ങളുടെ പേര് എന്നാണ് മനസ്സിലാക്കേണ്ടത്. പതിനാല് വർഷങ്ങൾ കൂടുമ്പോൾ സെൻസസ് എടുക്കുക റോമാ സാമ്രാജ്യത്തിൽ പതിവായിരുന്നു. സാധാരണയായി നികുതി കണക്കാക്കുവാനും, സൈനിക സേവനത്തിനുള്ള ആളുകളെ കണ്ടെത്തുവാനും വേണ്ടിയാണ് സെൻസസ് നടത്തിയിരുന്നത്. ഹേറോദേസിന്റെ ഭരണകാലത്ത് യേശു ജനിച്ചുവെന്ന് വി. ലൂക്കായും (1:5), വി. മത്തായിയും (2:1) രേഖപ്പെടുത്തുന്നു. ഹേറോദേസിന്റെ മരണത്തിനുമുമ്പ് യേശു ജനിച്ചതായി മത്താ 2:15-19-ൽ നിന്നും മനസ്സിലാക്കാൻ പറ്റും. ചരിത്രകാരൻമാരുടെ കണക്കനുസരിച്ച് ബി.സി. 4-ൽ ആണ് ഹേറോദേസിന്റെ മരണം. അതായത് യേശു ജനിച്ച് രണ്ടോ മൂന്നോ വർഷങ്ങൾക്കു ശേഷം ഹേറോദേസ് മരണമടഞ്ഞു. ജറീക്കോയിൽ വച്ചായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

### 3.1 ഹേറോദേസിന്റെ പിൻഗാമികൾ:

ഹേറോദേസിന്റെ മരണശേഷം അദ്ദേഹത്തിന്റെ മക്കളായ അർക്കെലാവോസിനും (Archelaus) അന്തിപ്പാസിനും (Herod Antipas) ഫിലിപ്പിനും (Philip) രാജ്യം വിഭജിച്ചു നൽകാനായിരുന്നു വിൽപ്പത്രം ശുപാർശ ചെയ്തിരുന്നത്. പക്ഷേ ഇത് നടപ്പിലാക്കണമെങ്കിൽ അഗസ്റ്റസിന്റെ അംഗീകാരം ആവശ്യമായിരുന്നു. ഹേറോദേസിന്റെ പിൻഗാമികളിൽനിന്ന് വീണ്ടും തിൻമകളെയുണ്ടാകൂ എന്ന് ഭയന്ന് നല്ലൊരു ശതമാനം യഹൂദരും ഇതിനോട് എതിർപ്പു പ്രകടിപ്പിച്ചു. എല്ലാവരുടെയും അഭിപ്രായം അഗസ്റ്റസ് ചക്രവർത്തി കേട്ടെങ്കിലും, കാര്യമായ മാറ്റങ്ങളൊന്നും വരുത്താതെ ഹേറോദേസിന്റെ ആഗ്രഹം നടപ്പിലാക്കുകയാണുണ്ടായത്. ആർക്കും സ്വയംഭരണാധികാരമോ, രാജപദവിയോ ചക്രവർത്തി നൽകിയില്ല. അർക്കെലാവോസിനു വിൽപത്രത്തിൽ പറഞ്ഞ പ്രകാരം യൂദയാ, സമരിയ, ഇദുമയ പ്രദേശങ്ങൾ നല്കിയെങ്കിലും, രാജാവെന്ന സ്ഥാനപ്പേർ നല്കിയില്ല. പകരം അവിടുത്തെ 'എത്നാർക്' (ethnarch) ആയാണ് നിയമിച്ചത്. അതേസമയം വിൽപ്പത്രത്തിൽ നിർദ്ദേശച്ചിരുന്നതുപോലെ ഫിലിപ്പിനെ ഇത്തൂരിയ (Ituraea), ത്രാക്കോണിത്തിസ് (Trachonitis), ഗൗലാനിത്തിസ് (Gaulanitis), ബറ്റനേയ

www.malankaralibrary.com

(Batanea), അവുരാനിത്തിസ് (Auranitis) എന്നീ പ്രദേശങ്ങളുടെ തെത്ത്റാർക്കായും (Tetrach), അന്തിപ്പാസിനെ ഗലീലി, പേരായ (Perea) പ്രദേശങ്ങളുടെ തെത്ത്റാർക്കായും നിയമിച്ചു. (എത്നാർക്കിനു തെത്ത്റാർക്കിനെക്കാൾ അധികാരങ്ങളുണ്ടായിരുന്നു).

ക്രൂരവും സ്വേച്ഛാധിപത്യപരവുമായിരുന്നു അർക്കെലൊവോസിൻെറ ഭരണം. ജറുസലേമിലുണ്ടായ ഒരു കലാപം അമർച്ച ചെയ്യാൻ മൂവായിരത്തോളം പേരെ അദ്ദേഹം വധിച്ചു. അക്കൂട്ടത്തിൽ ജറൂസലേമിൽ തീർത്ഥാടനത്തിനു വന്നവരും ഉണ്ടായിരുന്നു. ഈ പശ്ചാത്തലത്തിലാകണം, യേശുവിനെയും മറിയത്തെയും കൂട്ടി ഇസ്രായേലിലേക്ക് മടങ്ങിപ്പോകാൻ ദൈവത്തിൻെറ ദൂതൻ ജോസഫിനോട് ആവശ്യപ്പെട്ടപ്പോൾ യൂദയായിലേക്ക് പോകാതെ ഗലീലിയിലേക്ക് പോകുന്നത്. 'മകൻ അർക്കലാവോസാണ് പിതാവായ ഹേറോദേസിൻെറ സ്ഥാനത്ത് യൂദയായിൽ ഭരിക്കുന്നതെന്ന് കേട്ടപ്പോൾ അവിടേക്ക് പോകാൻ ജോസഫിനു ഭയമായി. സ്വപ്നത്തിൽ ലഭിച്ച മുന്നറിയിപ്പനുസരിച്ച് അവൻ ഗലീലി പ്രദേശത്തേക്ക് പോയി (മത്താ 2:22). അർക്കെലാവോസിൻെറ ഭരണത്തിൽ പൊറുതിമുട്ടിയപ്പോൾ യഹൂദരും സമരിയാക്കാരുമുൾപ്പെടുന്ന ഒരു പ്രതിനിധി സംഘം, പരാതികളുമായി അഗസ്റ്റസിൻെറ പക്കലെത്തി. അർക്കെലാവോസ് കുറ്റക്കാരനെന്ന് കണ്ടെത്തിയ ചക്രവർത്തി അദ്ദേഹത്തെ 'ഗോളി' (Gaul) ലേക്ക് നാടുകടത്തി. എ.ഡി. 6-ലാണ് ഇത് സംഭവിച്ചത്. അന്നുമുതൽ അദ്ദേഹം ഭരിച്ചിരുന്ന പ്രദേശങ്ങളെ റോമാ സാമ്രാജ്യത്തോട് ചേർക്കുകയും ഗവർണ്ണർമാരെ ഭരണ ചുമതലയേൽപ്പിക്കുകയും ചെയ്തു. അവരിൽ പ്രധാനിയാണ് യേശുവിനെ മരണശിക്ഷയ്ക്ക് വിധിച്ച പീലാത്തോസ്.

ഹേറോദേസിൻെറ പിൻഗാമികളിൽ രണ്ടാമനായ ഫിലിപ്പ്, പൊതുവേ ശാന്തനും പക്വമതിയുമായിരുന്നു. എ.ഡി. 34-ൽ മരിക്കുന്നത് വരെ, തൻെറ കീഴിലുള്ള പ്രദേശങ്ങൾ അദ്ദേഹം ഭരിച്ചു. യേശുവിൻെറ ജീവിതവുമായി ഫിലിപ്പ് നേരിട്ട് ബന്ധപ്പെടുന്നതായി കാണുന്നില്ല. അഗസ്റ്റസിനെ പ്രീതിപ്പെടുത്താൻ ഇദ്ദേഹം ശ്രദ്ധിച്ചിരുന്നു. പുരാതനമായ പനിയാസ് (Panias) നഗരം പുനരുദ്ധരിച്ച് ചക്രവർത്തിയുടെ ബഹുമാനാർത്ഥം കേസറിയാ (caesarea) എന്ന പേർ അതിനു കൊടുത്തു. ഇതേ പേരുള്ള മറ്റ് നഗരങ്ങളിൽനിന്ന് തിരിച്ചറിയാൻ വേണ്ടി സാധാരണ, കേസറിയാ ഫിലിപ്പി (Caesarea Philippi. Caesarea of Philip) എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. ഒരിക്കൽ യേശു കേസറിയാഫിലിപ്പിയിൽ ചെല്ലുന്നതായി സുവിശേഷത്തിൽ പറയുന്നുണ്ട് (മത്താ 16:13). ഇവിടെ വച്ചാണ് പത്രോസിൻെറ വിശ്വാസ പ്രഖ്യാപനം നടക്കുന്നത്.

www.malankaralibrary.com


ഹേറോദേസിൻെറ പിൻഗാമികളിൽ മൂന്നാമനായ അന്തിപ്പാസിൻെറ ഭരണം സുദീർഘമായ ഒന്നായിരുന്നു. ബി.സി. 4-ൽ പതിനേഴ് വയസ്സുള്ളപ്പോൾ തുടങ്ങിയ ഭരണം എ.ഡി. 39 വരെ നീണ്ടുനിന്നു. യേശുവിൻെറ പ്രവർത്തനങ്ങൾ അധികവും അന്തിപ്പാസിൻെറ ഭരണപരിധിയിൽപെട്ട പ്രദേശങ്ങളിലായിരുന്നു. അതുകൊണ്ട് തന്നെ സുവിശേഷങ്ങളിൽ പലയിടത്തും ഇദ്ദേഹത്തെക്കുറിച്ച് പരാമർശങ്ങളുണ്ട്. ഹേറോദേസ് എന്ന പേരു തന്നെയാണ് സുവിശേഷങ്ങൾ ഇദ്ദേഹത്തിനും കൊടുക്കുക (Herod Antipas).

ചക്രവർത്തിമാരുമായി അടുത്ത ബന്ധം പുലർത്തുവാൻ ഹേറോദേസും ശ്രദ്ധിച്ചു. അഗസ്റ്റസിൽ നിന്ന് കാര്യമായ നേട്ടങ്ങളൊന്നും കിട്ടിയില്ലെങ്കിലും പിൻഗാമിയായ തിബേരിയസിന് ഇദ്ദേഹം പ്രിയങ്കരനായിരുന്നു. പൗരസ്ത്യദേശത്തെ റോമൻ ഭരണാധികാരികളെക്കുറിച്ചുള്ള വിവരങ്ങൾ വിശ്വസ്തതയോടെ അപ്പഴപ്പോൾ ചക്രവർത്തിക്ക് എത്തിച്ചുകൊടുത്തിരുന്നത് ഇദ്ദേഹമായിരുന്നു. ഈ ചാരപ്പണി മനസ്സിലാക്കിയവർ ഇദ്ദേഹത്തിൽ നിന്ന് അകന്നു. ഇതാണ് പീലാത്തോസുമായി ഹേറോദേസ് ശത്രുതയിലാകാനുള്ള (ലൂക്കാ 23:12) ഒരു കാരണം.

ഹേറോദേസിൻെറ പതനത്തിനു പ്രധാന കാരണം ഹേറോദിയായുമായുള്ള ബന്ധമാണ്. നബാത്തിയായിലെ രാജാവായ (Nabatean king) അരീത്താസിൻെറ മകളെയായിരുന്നു ഹേറോദേസ് വിവാഹം ചെയ്തിരുന്നത്. എന്നാൽ റോമിൽ വസിച്ചിരുന്ന തൻെറ ഒരർദ്ധ സഹോദരനായ ഹേറോദ് പീലിപ്പോസിൻെറ (തെത്രാർക്കായ ഫിലിപ്പല്ല) ഭാര്യ ഹേറോദിയായെ സ്വന്തമാക്കുന്നതിനുവേണ്ടി സ്വന്തം ഭാര്യയെ ഉപേക്ഷിക്കാൻ ഹേറോദേസ് തയ്യാറായി. ഇത് അരീത്താസും ഹേറോദേസും തമ്മിലുള്ള ശത്രുതയ്ക്ക് വഴിതെളിച്ചു. റോമിൽനിന്ന് പുത്രി സലോമിയുമായി ഹേറോദിയ, ഹേറോദേസിൻെറ കൊട്ടാരത്തിലെത്തി താമസമാക്കി. ഹേറോദേസിൻെറ ഈ പ്രവർത്തിയിൽ പ്രജകൾക്ക് കടുത്ത അമർഷമുണ്ടായിരുന്നു. അത് പരസ്യമായി പ്രകടിപ്പിച്ചതിൻെറ പേരിൽ സ്നാപകയോഹന്നാൻ കാരാഗൃഹത്തിലടയ്ക്കപ്പെട്ടു. യോഹന്നാനെ വധിക്കാൻ ഹേറോദേസ് നിർബന്ധിതനായി. സുവിശേഷങ്ങളിൽ ഇതിനെക്കുറിച്ച് വിശദമായ പരാമർശങ്ങളുണ്ട് (മത്താ 14:1-12; മർക്കോ 6:14-29).

ഹേറോദേസിൻെറ മുമ്പിൽ യേശു വിചാരണയ്ക്ക് നിൽക്കുന്നുണ്ട്. പീലാത്തോസിൻെറ കോടതിയിൽ യേശുവിനെ വിസ്തരിച്ചപ്പോൾ യേശു ഗലീലിയനാണെന്നു കേട്ട പീലാത്തോസ് അത് ഹേറോദേസിൻെറ ഭരണസീ

www.malankaralibrary.com




**പാലസ്തീനയിലെ റോമൻ ഭരണം**

www.malankaralibrary.com

മയിൽപ്പെട്ട സ്ഥലമാണെന്ന് പറഞ്ഞാണ് യേശുവിനെ അങ്ങോട്ടയച്ചത്. ഹേറോദേസ് യേശുവിനോട് വളരെ നിന്ദ്യമായി പെരുമാറി (ലൂക്കാ 23:6-12). അവസാനം വിധി പ്രസ്താവിക്കാതെ പീലാത്തോസിൻെറ അടുത്തേക്ക് യേശുവിനെ തിരിച്ചയയ്ക്കുകയാണ് അയാൾ ചെയ്തത്.

ഹേറോദേസിനോട് പ്രതികാരം ചെയ്യാൻ തക്കം പാർത്തിരുന്ന അരീത്താസ് രാജാവ്, എ.ഡി. 36-ൽ, അതിർത്തി സംബന്ധിച്ചുണ്ടായ ഒരു തർക്കത്തെ തുടർന്ന്, ഹേറോദേസുമായി യുദ്ധം പ്രഖ്യാപിച്ചു. അതിൽ ഹേറോദേസ് പരാജയപ്പെട്ടു. തിബേരിയസ് ചക്രവർത്തി മരണമടയുകയും, റോമിൽ കലിഗുള പുതിയ ചക്രവർത്തിയായി സ്ഥാനമേൽക്കുകയും ചെയ്തു. എ.ഡി. 39-ൽ രാജ്യദ്രോഹക്കുറ്റം ചുമത്തി കലിഗുള ഹേറോദേസിനെ ഗോളിലെ ലിയോൺസിലേക്ക് (Lyons) നാടുകടത്തി.

ഇതിനിടെ കലിഗുള, ഹേറോദേസ് മഹാരാജാവ് കൊല ചെയ്ത പുത്രൻ അരിസ്റ്റോബുലുസിൻെറ (Aristobulus) മകനായ ഹേറോദേസ് അഗ്രിപ്പാ ഒന്നാമനെ (Herod Agrippa I) എ.ഡി. 37-ൽ തെത്ത്റാർക്ക് ഫിലിപ്പ് ഭരിച്ചിരുന്ന പ്രദേശങ്ങളുടെ രാജാവാക്കി. എ.ഡി. 39-ൽ ഹേറോദേസിനെ നാട് കടത്തിയപ്പോൾ, അദ്ദേഹം ഭരിച്ചിരുന്ന പ്രദേശങ്ങൾകൂടി അഗ്രിപ്പായുടെ പ്രദേശങ്ങളോട് ചേർക്കപ്പെട്ടു. രണ്ടു വർഷങ്ങൾക്ക് ശേഷം ക്ലാവുദിയൂസ് (Claudius) ചക്രവർത്തിയുടെ കാലത്ത് യൂദയായും സമരിയായും അഗ്രിപ്പായുടെ കീഴിലാക്കി. അങ്ങനെ ബി.സി. 4 വരെ ഹേറോദേസ് മഹാരാജാവ് ഭരിച്ചിരുന്ന പ്രദേശങ്ങളെല്ലാം, എ.ഡി. 41-ൽ അഗ്രിപ്പായുടെ അധികാര പരിധിയിലായി. ക്രിസ്ത്യാനികളോട് വളരെ ക്രൂരമായാണ് അദ്ദേഹം പെരുമാറിയിരുന്നത്. യോഹന്നാൻെറ സഹോദരനായ യാക്കോബിനെ വാളിനിരയാക്കിയതും, പത്രോസിനെ ബന്ധനസ്ഥനാക്കിയതും ഇദ്ദേഹമാണ് (അപ്പ 12: 1-3). അദ്ദേഹത്തിൻെറ അഹങ്കാരത്തിനുള്ള ദൈവത്തിൻെറ ശിക്ഷയെന്നോണം എ.ഡി. 44-ൽ അദ്ദേഹം മരണമടഞ്ഞു. (അപ്പ 12:2-23). അന്ന് അദ്ദേഹത്തിൻെറ പുത്രൻ അഗ്രിപ്പാ രണ്ടാമൻ തീരെ ചെറുപ്പമായിരുന്നു.

അഗ്രിപ്പാ ഒന്നാമൻെറ മരണശേഷം ക്ലാവുദിയൂസ് ചക്രവർത്തി, പലസ്തീനയെ റോമൻ പ്രവിശ്യയാക്കി മാറ്റി. എ.ഡി. 53-ൽ അഗ്രിപ്പാ രണ്ടാമനു (Herod Agrippa Roman II) തെത്ത്റാർക്ക് ഫിലിപ്പ് ഭരിച്ചിരുന്ന രാജ്യങ്ങളുടെ അധികാരം കിട്ടി. പിന്നീട് നീറോ ചക്രവർത്തി (എ.ഡി. 56-ലോ, 61-ലോ) ഗലീലിയും, പേരെയായും കൂടി അദ്ദേഹത്തിൻെറ അധികാര സീമയിൽ പെടുത്തി. അഗ്രിപ്പാ രണ്ടാമനും, അദ്ദേഹത്തിൻെറ സഹോദരി ബർനിക്കെയും (Bernice) ദേശാധിപതിയായ ഫേസ്തൂസിനെ കാണാൻ കേസറി

www.malankaralibrary.com

യായിൽ ചെന്നപ്പോഴാണ് പൗലോസിൻെറ വിചാരണ നടക്കുന്നത്. (അപ്പ 25:13; 26:32).

3.2. റോമൻ ഗവർണ്ണർമാർ

ഒരു പ്രദേശം റോമിൻെറ നേരിട്ടുള്ള ഭരണത്തിൻകീഴിൽ വരുമ്പോൾ അത് ഒരു പ്രോവിൻസാക്കി മാറ്റുകയോ അല്ലെങ്കിൽ നിലവിലിരിക്കുന്ന ഏതെങ്കിലും പ്രോവിൻസിനോട് ചേർക്കുകയോ ആയിരുന്നു പതിവ്. ചക്രവർത്തിയുടെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ വരുന്ന പ്രോവിൻസുകളും, സെനറ്റിൻെറ കീഴിൽ വരുന്ന പ്രോവിൻസുകളും ഉണ്ടായിരുന്നു. അധികാര പരിധിയിൽ വരുന്ന പ്രോവിൻസുകളുടെയെല്ലാം ജനറൽ പ്രോകോൺസുൾ (General Proconsul) ചക്രവർത്തിയായിരുന്നെങ്കിലും ഭരണം നടത്തിയിരുന്നത് അദ്ദേഹം നേരിട്ട് നിയമിച്ചിരുന്ന പ്രതിപുരുഷൻമാർ (Legates) വഴിയായിരുന്നു. കാര്യക്ഷമമായി കൈകാര്യം ചെയ്യേണ്ടിയിരുന്ന പ്രോവിൻസുകളിൽ പ്രീഫെക്ട്മാരെ (Praefectus) ഭരണച്ചുമതലയേൽപ്പിച്ചു. സാമ്രാജ്യത്തോട് പുതുതായി ചേർക്കപ്പെട്ടതോ, ഏതെങ്കിലും പ്രത്യേക പ്രശ്നങ്ങൾ അലട്ടിയിരുന്നതോ ആയ പ്രദേശങ്ങൾ ഭരിക്കാൻ എക്വെസ്ട്രിയൻ പദവി (Equestrian rank) യിലുള്ള ഒരു ഗവർണ്ണറെയാണ് നിയോഗിച്ചിരുന്നത്.

എ.ഡി. 6-ൽ അർക്കെലാവോസിൻെറ ഭൂപ്രദേശങ്ങൾ സിറിയൻ പ്രോവിൻസിനോടാണ് ചേർത്തത്. ഭരണത്തിനായി ഒരു ഗവർണ്ണറെ നിയമിച്ചു. അദ്ദേഹത്തിൻെറ അധികാരം സിറിയയിലെ പ്രതിപുരുഷനു വിധേയപ്പെട്ടിരുന്നു. ഗവർണ്ണറുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും, നിരീക്ഷിക്കുന്നതിനും, അദ്ദേഹത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും പ്രതിപുരുഷനു കഴിയുമായിരുന്നു. മെഡിറ്ററേനിയൻ കടൽത്തീരത്തെ കേസറിയായിലായിരുന്നു (Caesarea) റോമൻ ഗവർണ്ണർമാർ താമസിച്ചിരുന്നത്. ജറുസലെമിലായിരിക്കുമ്പോൾ താമസസ്ഥലം ഹേറോദേസിൻെറ അരമനകളായിരുന്നു. ഗവർണ്ണറുടെ ആസ്ഥാനത്തിനു 'പ്രിത്തോറിയം' എന്നാണ് പറയുക. പ്രതിരോധസേന താവളമടിച്ചിരുന്ന ജറുസലേമിലെ അൻേറാണിയകോട്ടയും ഗവർണ്ണർമാർ ഉപയോഗിച്ചിരുന്നു.

ഭരണത്തലവൻ എന്ന നിലയിൽ പലതരത്തിലുള്ള നികുതികൾ പിരിക്കാൻ ഗവർണ്ണർമാർക്ക് അധികാരമുണ്ടായിരുന്നു. ചക്രവർത്തിയുമായി നേരിട്ട് ബന്ധപ്പെട്ട പ്രോവിൻസുകളിലെ എല്ലാ പിരിവുകളും ചക്രവർത്തിയുടെ ഖജനാവിലേക്കാണ് പോയിരുന്നത്. ചുങ്കം, കരം, തീരുവ തുടങ്ങിയവ പിരിച്ചിരുന്നത് ചുങ്കക്കാരെന്നു വിളിച്ചിരുന്ന കോൺട്രാക്ടർമാരായിരുന്നു. അവർ ഒരു നിശ്ചിത തുക ഗവർണ്ണർക്ക് നല്കും. തോന്നുന്ന രീതിയിൽ

www.malankaralibrary.com

അവർ ജനങ്ങളിൽനിന്ന് കരം പിരിച്ചിരുന്നു. നികുതിദായകരായ സാധാരണജനം ഇക്കൂട്ടരെ ഏറെ വെറുത്തിരുന്നു എന്നത് സുവിശേഷങ്ങളിൽനിന്നു വ്യക്തമാണ്. സീസറിനു കൊടുക്കേണ്ട നികുതിയേക്കുറിച്ചും സുവിശേഷങ്ങളിൽ പരാമർശമുണ്ട് (മത്താ. 22:15-22).

മരണശിക്ഷ വിധിക്കുന്നതിനു വരെ അധികാരമുള്ള ഒരു നീതിന്യായപീഠം ഗവർണ്ണർമാർക്കുണ്ടായിരുന്നു. എന്നാൽ റോമൻ പൗരത്വമുള്ളവർക്ക് ഈ കോടതിയിൽനിന്ന് റോമിലെ സീസറിൻെറ കോടതിയിലേക്ക് അപ്പീലുമായി പോകാനുള്ള അവകാശമുണ്ടായിരുന്നു. പൗലോസിൻെറ വിചാരണ സമയത്ത് ഇത് വളരെ വ്യക്തമാണ്. സഹസ്രാധിപൻെറയും, അഗ്രിപ്പാരാജാവിൻെറയും, ദേശാധിപതികളുടെയും മുൻപിൽ നിന്ന് വിചാരണ നേരിടുമ്പോൾ, താനൊരു റോമൻ പൗരനാണെന്നും, അന്തിമമായി സീസറിൻെറ ന്യായാസനത്തിങ്കലാണ് വിചാരണ ചെയ്യപ്പെടേണ്ടതെന്നും, ചക്രവർത്തിയുടെ തീരുമാനം ഉണ്ടാകുന്നതു വരെ തനിക്ക് സംരക്ഷണം നല്കണമെന്നും പൗലോസ് അവകാശപ്പെടുന്നുണ്ട് (അപ്പ 22:28; 25:10.12.21). സാധാരണ കേസുകളും മറ്റും തീരുമാനിക്കുന്നതിന് ഇതിനു പുറമേ പ്രാദേശിക നീതിന്യായ കോടതികളുണ്ടായിരുന്നു. സാൻഹെദ്രീൻ സംഘം ഇതിനുദാഹരണമാണ്. മരണശിക്ഷ നല്കാനുള്ള അധികാരം ഈ കോടതികൾക്ക് നിഷേധിക്കപ്പെട്ടിരുന്നു. അതുകൊണ്ടാണ് യേശുവിൻെറ വിചാരണസമയത്ത് സാൻഹെദ്രീൻ സംഘം അവിടുത്തെ മരണശിക്ഷയ്ക്ക് വിധിച്ചെങ്കിലും അത് നടപ്പിലാക്കാനായി റോമൻ ഗവർണ്ണറുടെ അടുത്ത് അംഗീകാരത്തിനായി ചെല്ലുന്നതും, യേശുവിനെ വേറൊരു വിചാരണയ്ക്കായി ഗവർണ്ണരുടെ കോടതിയിൽ ഹാജരാക്കുന്നതും.

റോമൻ ഭരണവർഗത്തിൽപ്പെട്ടവരോട് തീവ്രവാദികളെപ്പോലെ (Zealots) നേരിട്ട് ഏറ്റുമുട്ടുന്ന ഒരു ശൈലി യേശുവിനില്ലായിരുന്നു. അധികാരത്തെ അംഗീകരിക്കാൻ യേശു എന്നും തയ്യാറായിരുന്നു. നികുതികൊടുക്കേണ്ട സന്ദർഭം വന്നപ്പോൾ, കടലിൽചെന്ന് ചൂണ്ടയിടുമ്പോൾ കിട്ടുന്ന മത്സ്യത്തിൻെറ വായിൽനിന്ന് നാണയമെടുത്ത് നികുതി കൊടുക്കാൻ പത്രോസിനെ നിർബന്ധിക്കുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. (മത്താ 17:23-26). രാഷ്ട്രീയാധികാരികളുമായി ബന്ധപ്പെടുത്തി ചില ഉപമകളും അവിടുന്ന് പറയുന്നുണ്ട്. ഉദാ:- വിവാഹവിരുന്നിൻെറ ഉപമ (മത്താ 22:1-14), നിർഭയനായ ഭൃത്യൻെറ ഉപമ (മത്താ 18:23-35). എങ്കിലും റോമൻ അധികാരികളുടെ ചെയ്തികളെ യേശു അപ്പാടെ അംഗീകരിച്ചിരുന്നില്ല. യേശുവിൻെറ വിചാരണസമയത്ത് രാഷ്ട്രീയാരോപണങ്ങളും യഹൂദർ

www.malankaralibrary.com

ഉന്നയിക്കുന്നുണ്ട്. യേശുവിൻെറ വധശിക്ഷയ്ക്ക് റോമൻ ഗവർണ്ണറുടെ അംഗീകാരം കിട്ടാൻ വേണ്ടിയായിരുന്നു ഇത്. റോമൻ അധികാരത്തിനെതിരായി വിപ്ലവം അഴിച്ചുവിടുന്ന അപകടം പിടിച്ച ഒരു വിപ്ലവകാരിയായി യേശുവിനെ അവതരിപ്പിക്കാനാണവർ ശ്രമം നടത്തിയത്. ഇതിനവർ കരുതിക്കൂട്ടി കണ്ടുപിടിച്ച ആരോപണങ്ങൾ ഇപ്രകാരമാണ്. 'ഈ മനുഷ്യൻ ജനത്തെ വഴിതെറ്റിക്കുകയും സീസറിനു നികുതികൊടുക്കുന്നത് നിരോധിക്കുകയും രാജാവായ ക്രിസ്തു താൻ തന്നെയാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു' (ലൂക്കാ 23:2). അങ്ങനെ റോമിനെതിരേ ഗൂഢാലോചന നടത്തിയെന്ന കുറ്റമാരോപിച്ച് യേശുവിനെ പീലാത്തോസിൻെറ മുമ്പിൽ കൊണ്ടുവന്നു. ആരോപണം അടിസ്ഥാനരഹിതമാണെന്ന് അദ്ദേഹത്തിന് തോന്നിയെങ്കിലും, യേശുവിനെ വിസ്തരിക്കാനും, ജനങ്ങളുടെ ഇംഗിതത്തിനു വഴങ്ങി വിധിവാചകം ഉച്ചരിക്കാനും, പീലാത്തോസ് നിർബന്ധിക്കപ്പെട്ടു.

മതപരമായ കാര്യങ്ങളിൽ റോമൻ ഗവർണ്ണർമാർ യഹൂദരുടെ സ്ഥാപനങ്ങളെയും, ആചാരാനുഷ്ഠാനങ്ങളെയും, വിശ്വാസങ്ങളെയും അങ്ങേയറ്റം ആദരിച്ചിരുന്നു. പ്രധാന പുരോഹിതനായിരുന്നു സമുദായത്തിൻെറ തലവൻ. പക്ഷേ, അദ്ദേഹത്തിൻെറ തെരഞ്ഞെടുപ്പും പ്രവർത്തനവും പലപ്പോഴും ഗവർണ്ണറെയും സിറിയായിലെ പ്രതിപുരുഷനെയും ആശ്രയിച്ചാണിരുന്നത്. സാബത്താചരണം മാനിച്ച് യഹൂദരെ സൈനികസേവനത്തിൽനിന്ന് ഒഴിവാക്കിയിരുന്നു. ജീവിക്കുന്ന ഒന്നിൻെറയും പ്രതിമകൾ പാടില്ല എന്ന യഹൂദനിയമത്തെ ആദരിച്ച് യൂദയായിൽ ഇറക്കിയിരുന്ന റോമൻ നാണയങ്ങളിലൊന്നിലും ചക്രവർത്തിയുടെ രൂപം ചേർത്തിരുന്നില്ല. ചക്രവർത്തിയെ ആരാധിക്കുക എന്ന സമ്പ്രദായം സാമ്രാജ്യത്തിലെ മറ്റ് സ്ഥലങ്ങളിലെല്ലാം ഗവൺമെൻറ് നിയമമായിരുന്നെങ്കിലും യൂദയായിൽ അത് അടിച്ചേൽപ്പിച്ചില്ല.

യേശുവിൻെറ ജീവിതവുമായി ബന്ധപ്പെട്ട ആദ്യകാല ഗവർണ്ണർമാരെപ്പറ്റി വളരെക്കുറച്ച് അറിവേ നമുക്കുള്ളു. എ.ഡി. 6-ൽ സ്ഥാനമേറ്റ കൊപ്പോണിയസ് ആണ് ആദ്യത്തെ ഗവർണ്ണർ. വലേരിയസ്സ് ഗ്രാറ്റസ് ഗവർണ്ണറായിരുന്ന കാലത്താണ് (എ.ഡി. 15-26) അന്നത്തെ പ്രധാനാചാര്യനായിരുന്ന അന്നാസിനെ സ്ഥാനഭ്രഷ്ടനാക്കുന്നതും, കയ്യാഫാസിനെ നിയമിക്കുന്നതും. യേശുവിൻെറ വിചാരണയിൽ ഇവരിരുവരുടെയും പങ്ക് കാണാം. എ.ഡി. 26-ൽ ഇദ്ദേഹത്തിൻെറ കാലശേഷം പീലാത്തോസ് അധികാരമേറ്റു. കലഹപ്രിയനായിരുന്ന ഒരു ഭരണാധികാരിയായിരുന്നു അദ്ദേഹം. പല പ്രവർ

www.malankaralibrary.com

ത്തനങ്ങളും യഹൂദരുടെ രൂക്ഷമായ എതിർപ്പിനു കാരണമായി. യഹൂദരുടെ മതവികാരത്തെ വ്രണപ്പെടുത്താൻ ചക്രവർത്തിയുടെ രൂപവും പടവുമുള്ള കൊടികളേന്തി, സിറിയയിൽനിന്ന് ജറുസലേമിലേക്ക് മാർച്ച് ചെയ്ത് ജറുസലേംനഗരത്തിൽ പ്രവേശിക്കാൻ അദ്ദേഹം സൈന്യത്തോട് കൽപിച്ചു. പക്ഷേ, യഹൂദരുടെ ശക്തമായ എതിപ്പിനെതുടർന്ന് ഈ കല്പന നടപ്പിലാക്കാനായില്ല. ജറുസലേമിൽ ഒരു ജലസംഭരണി പണിയുന്നതിനു വേണ്ടി ഇദ്ദേഹം ദേവാലയ വസ്തുക്കൾ കണ്ടുകെട്ടിയതിൽ പ്രതിഷേധിച്ച് കലാപങ്ങളും സമരങ്ങളും പൊട്ടിപ്പുറപ്പെട്ടു. അനേകം യഹൂദർ ഈ സംഭവത്തെ തുടർന്ന് വധിക്കപ്പെട്ടു. വിശദവിവരങ്ങൾ ലഭ്യമല്ലെങ്കിലും, ജറുസലേം ദേവാലയത്തിൽ ബലിയർപ്പിച്ചുകൊണ്ടിരുന്ന ഏതാനും ഗലീലിയരെ പീലാത്തോസ് വധിക്കുന്ന സംഭവം സുവിശേഷത്തിൽ പറയുന്നുണ്ട് (ലൂക്കാ 13:1). അവർ ഹേറോദേസിന്റെ പ്രജകളായിരുന്നു. പീലാത്തോസും ഹേറോദേസും തമ്മിലുള്ള ശത്രുതയ്ക്ക് ഇതും കാരണമായിരിക്കാം.

യേശുവിനെ മരണശിക്ഷയ്ക്ക് വിധിച്ച വ്യക്തി എന്ന നിലയിൽ പീലാത്തോസിനെപ്പറ്റി എല്ലാ സുവിശേഷങ്ങളിലും പരാമർശമുണ്ട്. സാൻഹെദ്രിൻ സംഘം വിധിച്ച മരണശിക്ഷയ്ക്ക് നിയമപരമായ സാധുത കിട്ടാൻ വേണ്ടിയാണ് അവർ യേശുവിനെ ഗവർണ്ണറായ പീലാത്തോസിന്റെ അടുത്തേക്കയയ്ക്കുന്നത്. പീലാത്തോസ് യേശുവിനെ അദ്ദേഹത്തിന്റെ കോടതിയിൽ വിസ്തരിച്ചു.

എ.ഡി. 35-ൽ സമരിയായിലെ ഗരിസിം മലയിൽവച്ച് അനേകം സമരിയാക്കാർ പീലാത്തോസിന്റെ പട്ടാള ആക്രമണത്തിൽ കൊല്ലപ്പെട്ടു. ഭ്രാന്തമായ ഈ നടപടിയെപ്പറ്റി സമരിയാക്കാർ സിറിയയിലെ പ്രതിപുരുഷനായ വിറ്റേല്ലിയസിന്റെ അടുത്ത് പരാതിപ്പെട്ടു. റോമിനോട് വിശ്വസ്തരാണ് സമരിയക്കാർ എന്നു മനസ്സിലാക്കിയ അദ്ദേഹം അവരുടെ പരാതി സ്വീകരിക്കുകയും എ.ഡി. 36-ൽ, പീലാത്തോസിനെ സ്ഥാനഭ്രഷ്ടനാക്കി, സമാധാനം ബോധിപ്പിക്കാനായി റോമിലെ ചക്രവർത്തിയുടെ അടുത്തേക്ക് അയയ്ക്കുകയും ചെയ്തു.

യഹൂദജനത എന്നും വിദേശ ആധിപത്യത്തിന്റെ കീഴിലായിരുന്നു. അടിമത്തത്തിന്റെ ചരിത്രമാണ് അവർക്ക് പറയാനുള്ളത്. അതിനെക്കുറിച്ച് വിശദമായി ഈ അദ്ധ്യായത്തിൽ ചർച്ചചെയ്യുകയായിരുന്നു. അസ്സീറിയൻ അടിമത്തത്തിലും ബാബിലോണിയൻ അടിമത്തത്തിലും കഴിയേണ്ടിവന്ന യഹൂദജനത്തിന് ഏറെ പീഡനങ്ങൾ ഏൽക്കേണ്ടിവന്നു. ഗ്രീക്കുകാരുടെ ആധിപത്യവും യവനവത്കരണവും അവരുടെ ജീവിതരീതിയെത്തന്നെ

www.malankaralibrary.com

പിടിച്ചുലച്ചു. മതവികാരങ്ങൾക്ക് ക്ഷതം സംഭവിച്ച യഹൂദർ മക്കബായ വിപ്ലവത്തിലൂടെ പ്രതികരിച്ചെങ്കിലും ക്രമേണ റോമൻ ആധിപത്യത്തിലമരേണ്ടി വന്നു.

പുതിയ നിയമത്തോടും, യേശുവിൻെറ ജീവിതത്തോടും ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ റോമൻ ഭരണത്തിൻെറ വളരെയേറെ സ്വാധീനം നമുക്ക് കാണാം. യേശുവിൻെറ ജനനസമയത്തെ റോമൻ ഭരണാധികാരിയായിരുന്ന അഗസ്റ്റസ് സീസറിനെക്കുറിച്ചും (ലൂക്കാ 2:1) റോമൻ പടയാളികളെക്കുറിച്ചും, യേശുവിനെതിരായ വിധിവാചകം ഉച്ചരിക്കുന്ന റോമൻ ഗവർണ്ണറെക്കുറിച്ചുമൊക്കെ സുവിശേഷങ്ങൾ പ്രതിപാദിക്കുന്നുണ്ട്. ഇവകൂടാതെ റോമൻ നിയമങ്ങളെക്കുറിച്ചും ആചാരങ്ങളെക്കുറിച്ചും പലയിടത്തും പരാമർശങ്ങളുണ്ട്. റോമൻ ഭരണത്തിന് പലനേട്ടങ്ങളും അവകാശപ്പെടാമെങ്കിലും, സാധാരണജനം പല കഷ്ടതകളും അനുഭവിക്കേണ്ടതായി വന്നു. നികുതിഭാരം അവർക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. ഇതിൽനിന്നെല്ലാം അവരെ രക്ഷിക്കാൻ കഴിവുള്ള ഒരു വിമോചകനെ അവർ പ്രതീക്ഷയോടെ കാത്തിരുന്നു. അതുകൊണ്ടാകണം യേശുവിൽ ഒരു രാഷ്ട്രീയവിമോചകനെ ചിലരെങ്കിലും സ്വപ്നം കണ്ടത് (ലൂക്കാ 24:21).

www.malankaralibrary.com

# 4

# മതപശ്ചാത്തലം

ജീവിതത്തിൽ മതത്തിന് ഏറെ പ്രാധാന്യം നൽകിയിരുന്ന ഒരു ജനതയാണ് യഹൂദർ. ജീവിതത്തിലെ എല്ലാ മേഖലകളിലും മതം അവരെ സ്വാധീനിച്ചിരുന്നു. ഏക സത്യദൈവമായ യഹോവയാണ് തങ്ങളുടെ രക്ഷകനും പരിപാലകനുമെന്ന് യഹൂദർ ഉറച്ചുവിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്തു. ദൈവത്തോടു ബന്ധപ്പെടുവാൻ പ്രത്യേക സ്ഥലങ്ങളും സമയവും മാർഗ്ഗങ്ങളും അവർ കണ്ടെത്തി. ഭക്താനുഷ്ഠാനങ്ങളിലൂടെയും തിരുനാളാഘോഷങ്ങളിലൂടെയും ഈ ബന്ധം അവർ ദൃഢപ്പെടുത്തി. മതജീവിതത്തിനു നേതൃത്വം നൽകിയ പുരോഹിതരും, അവർ നേതൃത്വം കൊടുത്ത സംവിധാനങ്ങളും യഹൂദരുടെ ജീവിതത്തിൽ അവഗണിക്കാനാവാത്തവിധം സ്വാധീനം ചെലുത്തി. യഹൂദരുടെ മതജീവിതത്തെക്കുറിച്ചുള്ള അറിവ് സുവിശേഷപഠനത്തിന് സഹായകമാകും.

## ദേവാലയം

യഹൂദ മതജീവിതത്തിൻെറ കേന്ദ്രബിന്ദുവായിരുന്നു ദേവാലയം. യഹൂദരെ ഒന്നിപ്പിച്ച് ഒരു ജനതയാക്കി വളർത്തുന്നതിന് ദേവാലയം വലിയ പങ്കു വഹിച്ചിട്ടുണ്ട്. ദൈവം പ്രത്യേകമായി തെരഞ്ഞെടുത്ത ജനത്തിൻെറ മധ്യേയുള്ള ദൈവസാന്നിദ്ധ്യത്തിൻെറ അടയാളമായിരുന്നു ദേവാലയം. ദൈവത്തെ സ്തുതിച്ചിരുന്നതും ദൈവാനുഗ്രഹം പ്രാപിച്ചിരുന്നതും ദൈവിക വെളിപാടുകൾ സ്വീകരിച്ചിരുന്നതും ദേവാലയത്തിൽവച്ചായിരുന്നു. ദേവാലയത്തെക്കുറിച്ച് യഹൂദർ അഭിമാനിച്ചിരുന്നു. ദേവാലയത്തിനെതിരേ സംസാരിക്കുന്നവരെ ശിക്ഷിക്കാൻ പോലും അവർ മടികാട്ടിയില്ല. ഇതിന് വ്യക്തമായ ഉദാഹരണങ്ങളാണ് പുതിയ നിയമത്തിൽ യേശു, സ്റ്റീഫൻ, പൗലോസ് തുടങ്ങിയവരെ സംബന്ധിച്ച സംഭവങ്ങൾ. (മത്താ 26:60-61; മർക്കോ 14:58; അപ്പ 7:46-50; 21:27-28

www.malankaralibrary.com

### ദേവാലയം പഴയനിയമത്തിൽ

ബി.സി. 10-ാം നൂറ്റാണ്ടിലാണ് യഹൂദരുടെ ആദ്യദേവാലയം നിർമ്മിക്കപ്പെട്ടത്. അതിനു മുൻപും ഇസ്രായേൽക്കാർ പല സ്ഥലങ്ങളിലും ആരാധന നടത്തിയിരുന്നതായി കാണാം; ഉദാഹരണം ഷീലോ, ബഥേൽ (ജോഷ്വ 18:1, ന്യായ 2:26-27; 1 സാമു 7:1-2; 1 ദിന 16:39; 21:29). കൂടാതെ ബലിയർപ്പണത്തിനു മാത്രമായി ബലിപീഠങ്ങളുമുണ്ടായിരുന്നു.

ദാവീദ് രാജാവ് തൻെറ ഭരണകാലത്ത് (ബി.സി. 1010-970) ഇസ്രായേൽ ഗോത്രങ്ങളെ ഒരുമിച്ചു ചേർക്കുകയും ജറുസലേം തലസ്ഥാനമാക്കുകയും ചെയ്തു. തുടർന്ന് ദൈവസാന്നിദ്ധ്യ സ്മരണ നിലനിർത്തുന്നതിന് ഒരു കൂടാരം നിർമ്മിച്ച് വാഗ്ദാനപേടകം അതിൽ സ്ഥാപിച്ചു. ദാവീദ് ദൈവത്തിന് ഒരു ആലയം പണിയാൻ ആഗ്രഹിച്ചുവെങ്കിലും അദ്ദേഹത്തിൻെറ പുത്രൻ സോളമൻ വഴി അത് പൂർത്തിയാക്കാനാണ് ദൈവം ആഗ്രഹിച്ചത്.

### ആദ്യദേവാലയം (സോളമൻെറ ആലയം)

സോളമൻ രാജാവിൻെറ ഭരണത്തിൻെറ (ബി.സി. 970-931) 4-ാം വർഷമാണ് (2 ദിന 3:2) ദേവാലയത്തിൻെറ പണി ആരംഭിക്കുന്നത്. ഏഴു വർഷം കൊണ്ടാണ് അതു പൂർത്തീകരിച്ചത് (1 രാജാ 6:38).

ഘടന:

അറുപതു മുഴം നീളവും ഇരുപതു മുഴം വീതിയും മുപ്പതു മുഴം ഉയരവും ഉണ്ടായിരുന്ന ദേവാലയത്തെ മൂന്നുഭാഗങ്ങളായി തിരിച്ചിരുന്നു (1 രാജാ 6: 2-10). അതിന് ഒരു ചുറ്റുമതിലും, പ്രവേശനകവാടവും ഉണ്ടായിരുന്നു. ഒന്നാം ഭാഗത്തിന് പൂമുഖം (ഹീബ്രുവിൽ ഉലാം) എന്നുവിളിച്ചിരുന്നു (1 രാജാ 7:19; 2 ദിന 3:17). ഇത് ഒരു തുറസ്സായ സ്ഥലമായിരുന്നു എന്നു കരുതാം. പൂമുഖത്തിനു മുന്നിലായി മനോഹരമായ കൊത്തുപണികളാൽ അലംകൃതമായ രണ്ട് തൂണുകൾ ഉണ്ടായിരുന്നു (1 രാജാ 7:15-22) അവയ്ക്കു മുന്നിലായി ഒരു പിത്തള ബലിപീഠവും, ലോഹനിർമ്മിതമായ ജലസംഭരണിയും ഉണ്ടായിരുന്നു.

ദേവാലയത്തിൻെറ രണ്ടാമത്തെ ഭാഗത്തിന് "വിശുദ്ധസ്ഥലം" എന്നു പറയുന്നു. (1 രാജാ 7:50; 2 ദിന 3:4-7) യഹൂദരുടെ ഒട്ടുമിക്ക ആചാരാനുഷ്ഠാനങ്ങളും നടത്തപ്പെട്ടിരുന്നത് ഇവിടെവച്ചാണ്. ധൂപാർപ്പണ പീഠവും കാഴ്ചയപ്പത്തിൻെറ മേശയും വിളക്കുകാലുകളും, ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും ഇവിടെയാണ് സൂക്ഷിച്ചിരുന്നത്.

www.malankaralibrary.com

ഏറ്റവും ചെറുതും മൂന്നാമത്തേതുമായ ഭാഗത്തെ അതിവിശുദ്ധ സ്ഥലം അഥവാ ശ്രീകോവിൽ (Debir) എന്നുവിളിക്കുന്നു (1 രാജാ 6:5; 2 ദിന 7:20; 5:9). വളരെ മനോഹരമായി അലങ്കരിച്ചിരുന്ന ഈ സ്ഥലത്താണ് കർത്താവിന്റെ പേടകം സൂക്ഷിച്ചിരുന്നത്. കർത്താവിന്റെ സാന്നിദ്ധ്യം ഈ സ്ഥലത്തെ പരിപാവനവും അതിവിശുദ്ധവുമാക്കി. ഇവിടെവച്ചായിരുന്നു ദൈവം ജനത്തോട് പ്രധാന പുരോഹിതൻവഴി സംസാരിച്ചിരുന്നത്.

യഹൂദരുടെ അവിശ്വസ്തത ദൈവം തന്റെ സാന്നിദ്ധ്യത്തെ പിൻവലിക്കാൻ കാരണമാക്കി. സോളമൻ പണികഴിപ്പിച്ച ദേവാലയം രാജഭരണത്തിന്റെ അവസാനംവരെ നിലനിന്നു. എങ്കിലും ഇസ്രായേൽക്കാരുടെ പാപത്തിന്റെ ഫലമായി ബി.സി. 587-ൽ ബാബിലോണിയക്കാർ യൂദാ ആക്രമിക്കുകയും ദേവാലയം നശിപ്പിക്കുകയും ചെയ്തു. ബാബിലോണിയൻ രാജാവായ നെബുക്കദ്നേസർ ദേവാലയത്തിലെ വിലപിടിച്ച സാധനങ്ങൾ ബാബിലോണിയായിലേക്ക് കൊണ്ടുപോവുകയും ചെയ്തു. എവിടെയോ ഒളിപ്പിച്ച വാഗ്ദാനപേടകം പന്നീടൊരിക്കലും കണ്ടെത്തിയില്ല. ദേവാലയത്തിന്റെ നാശത്തിനുശേഷവും കർത്താവിന് കാഴ്ചകളും ധൂപവും സമർപ്പിക്കുവാൻ യഹൂദർ ജറുസലേമിൽ വന്നുകൊണ്ടിരുന്നു (ജറെ 41:5).

**രണ്ടാം ദേവാലയം**

സോളമൻ നിർമ്മിച്ച ദേവാലയം നശിപ്പിക്കപ്പെട്ട ശേഷം എസെക്കിയേൽ പ്രവാചകനുണ്ടായ ദേവാലയദർശനം (എസെ 40) വരാൻ പോകുന്ന പുതിയ ദേവാലയത്തെയും ആരാധനയെയും അനുഷ്ഠാനങ്ങളെയും കുറിച്ച് പ്രവാസികളായ ഇസ്രായേൽക്കാർക്ക് പുതിയ പ്രതീക്ഷ നൽകി.

പ്രവാസാനന്തരം തിരിച്ചുവന്ന യഹൂദൻമാർ ദേവാലയം പുനരുദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പേർഷ്യൻ രാജാവായ സൈറസിന്റെ സഹായത്താൽ ബി.സി. 520-നോടുകൂടി ഇസ്രായേൽക്കാർ ദേവാലയം പുനരുദ്ധരിച്ചു. ബി.സി. 515-ൽ പേർഷ്യൻ ഗവർണ്ണറും ദാവീദ്വംശജനുമായ സെറുബാബേലിന്റെ നേതൃത്വത്തിലാണ് പണിപൂർത്തിയാക്കിയത്. പ്രവാചകൻമാരായിരുന്ന ഹഗ്ഗായിയും സഖറിയായും ദേവാലയനിർമ്മിതിക്ക് ആത്മീയ പ്രചോദനം നൽകി. സെറുബാബേൽ പണികഴിപ്പിച്ചതിനാൽ 'സെറുബാബേലിന്റെ ദേവാലയം' എന്നാണ് ഇത് അറിയപ്പെട്ടിരുന്നത് (നെഹ 12:42). സോളമൻ രാജാവ് നിർമ്മിച്ച ദേവാലയത്തിന്റെ പഴയസ്ഥലത്ത്, പഴയ ആകൃതിയിലും, രൂപത്തിലും വലുപ്പത്തിലുമാണ് പുതിയത് നിർമ്മിച്ചതെങ്കിലും പഴയതിന്റെ സൗന്ദര്യമോ വർണ്ണഭംഗിയോ ഇതിനുണ്ടായിരുന്നി

www.malankaralibrary.com

ല്ല. രാജഭരണത്തിനുശേഷം പുരോഹിതൻമാരായിരുന്നു ദേവാലയത്തിൻെറ ചുമതല വഹിച്ചിരുന്നത്. കാലക്രമേണ ഇത് പലവിധ തിൻമകൾക്കും പുരോഹിത മേധാവിത്വത്തിനും ഇടയാക്കി.

### മൂന്നാം ദേവാലയം

ഹേറോദേസ് രാജാവ് (ബി.സി. 37- 4) ദേവാലയം പുതുക്കിപ്പണിയാൻ ആരംഭിച്ചു. 18,000 ആൾക്കാരുടെ പരിശ്രമം ഈ ദേവാലയത്തിനു പിന്നിലുണ്ട്. 46 സംവത്സരമെടുത്തു ഈ ശില്പഭംഗിയാർന്ന ദേവാലയം പണിയാൻ (യോഹ. 2:20). എന്നാൽ എ.ഡി. 70-ൽ റോമാക്കാർ ഈ ദേവാലയം നശിപ്പിച്ചു. യേശുവിൻെറ കാലത്ത് നിലനിന്നിരുന്ന ദേവാലയം ഹേറോദോസ് പുതുക്കിപ്പണിത ഈ ദേവാലയമാണ്. അതിനാൽ യേശുവിൻെറ ജീവിതവും പ്രവർത്തനങ്ങളുമായി ഈ ദേവാലയം വളരെ ബന്ധപ്പെട്ടിരിക്കുന്നു.

### ഘടന

നാലുഭാഗത്തുനിന്നും വരുന്ന ആളുകൾക്ക് പ്രവേശിക്കത്തക്ക വിധത്തിലാണ് ദേവാലയം പണികഴിപ്പിച്ചിരുന്നത്. ദേവാലയത്തിന് എട്ട് കവാടങ്ങൾ ഉണ്ടായിരുന്നു. ഇതിൽ കിഴക്കുഭാഗത്തുള്ള കവാടം (സുന്ദര കവാടം) വഴിയായിരിക്കണം യേശു തൻെറ രാജകീയ പ്രവേശനം നടത്തിയത് (മത്താ 21: 12; മർക്കോ 11:11; ലുക്കാ 19:45). ദേവാലയത്തിൽ പ്രവേശിക്കുന്നവർ ആദ്യമെത്തുന്നത് വിജാതീയർക്കായി മാറ്റി വയ്ക്കപ്പെട്ടിരുന്ന "വിജാതീയരുടെ തളം" (court of gentiles) എന്ന സ്ഥലത്താണ്. ദേവാലയത്തിൽ വരുന്ന എല്ലാവർക്കും പ്രവേശിക്കാൻ അനുവദിക്കപ്പെട്ടിരുന്ന സ്ഥലമായിരുന്നു വിജാതീയരുടെ തളം. ഈ സ്ഥലത്ത് ബലിയർപ്പിക്കാനുള്ള മൃഗങ്ങളെ സൂക്ഷിക്കുകയും ഭണ്ഡാരത്തിലിടാനുള്ള നാണയങ്ങളുടെ കൈമാറ്റം നടത്തുകയും ചെയ്തിരുന്നു. വിജാതീയർക്ക് ആരാധന നടത്താൻ പറ്റാത്തവിധം "കച്ചവടം" പെരുകിയതു കൊണ്ടാവണം യേശു ദേവാലയശുദ്ധീകരണം നടത്തിയത് (മത്താ 21:12; മർക്കോ. 11:15-17; ലുക്കാ 19:41; യോഹ 2:14-17).

ദേവാലയത്തിൻെറ കിഴക്കുഭാഗത്ത് പ്രവേശന കവാടത്തോട് ഏറ്റവും അടുത്തുള്ള സ്ഥലം സ്ത്രീകൾക്കുവേണ്ടിയുള്ളതായിരുന്നു. അവിടെ 13 കാണിക്കപ്പെട്ടികളും (മർക്കോ 12:41) ദേവാലയഭണ്ഡാരവും (യോഹ 8:20) സ്ഥാപിക്കപ്പെട്ടിരുന്നു. ഇതിൽ കാഴ്ചയിടുന്നതിനെകുറിച്ചാണ് മർക്കോ 12: 41-44 ലും, ലൂക്കാ 21:1-4 ലും പ്രതിപാദിക്കുന്നത്. അതിവിശുദ്ധസ്ഥലത്തോട് ചേർന്നുള്ള ഭാഗങ്ങളായിരുന്നു യഹൂദപുരുഷന്മാർക്കായി നീക്കിവച്ചിരുന്നത് (Court of Israel). അടുത്ത ഭാഗം പുരോഹിതൻമാർക്കായി മാറ്റിവച്ചിരുന്നു

www.malankaralibrary.com

(Priest's court). ദേവാലയത്തിൻെറ ഏറ്റവും പ്രധാനഭാഗമായിരുന്നു അതിവിശുദ്ധസ്ഥലം (Holy of Holies). പ്രധാനപുരോഹിതൻ മാത്രം വർഷത്തിലൊരിക്കൽ പാപപരിഹാരബലിക്കായ് ഇതിനുള്ളിൽ പ്രവേശിച്ചിരുന്നു. ഈ ഭാഗത്തെ തിരശ്ശീലയിട്ട് വേർതിരിച്ചിരുന്നു. ഈ തിരശ്ശീലയാണ് യേശുവിൻെറ മരണസമയത്ത് കീറപ്പെട്ടത് (മത്താ 27:51, മർക്കോ 15:38; ലൂക്കാ 23:45)

## യേശുവും ദേവാലയവും

പുതിയനിയമത്തിലും ദേവാലയത്തിന് പ്രധാന സ്ഥാനമുണ്ട്. പ്രത്യേകിച്ച് ലൂക്കായുടെ സുവിശേഷം ആരംഭിക്കുന്നതും അവസാനിക്കുന്നതും ദേവാലയ പരാമർശത്തോടുകൂടിയാണ് (ലൂക്കാ 1:5; 24:53). യേശു ദേവാലയത്തെ ആദരിച്ചിരുന്നു. "ദൈവത്തിൻെറ ഭവനം" (മത്താ12:4; ലൂക്കാ 6:4), "എൻെറ പിതാവിൻെറ ഭവനം" (യോഹ 2:6), "എല്ലാ ജനതകൾക്കും വേണ്ടിയുള്ള പ്രാർത്ഥനാലയം" (മത്താ 21:23; മർക്കോ 11:17; ലൂക്കാ 19:46) എന്നിങ്ങനെയുള്ള യേശുവിൻെറ സംബോധനകൾ അതു തെളിയിക്കുന്നു. ഏതൊരു യഹൂദനെയും പോലെ യേശുവും ദേവാലയ കർമ്മങ്ങൾ എല്ലാം ക്രമമായി ചെയ്യുന്നുണ്ട്. യേശുവിനെ ദേവാലയത്തിൽ സമർപ്പിക്കുന്നു (ലൂക്കാ 2: 21-24); പന്ത്രണ്ടാം വയസ്സിൽ യേശു പെസഹാതിരുനാളിനായി ദേവാലയത്തിൽ പോകുന്നു (ലൂക്കാ 2:49); അവിടുന്നു ദേവാലയത്തിൽ പഠിപ്പിക്കുന്നു (ലൂക്കാ 20:1, 22:53; യോഹ 18:25). ഈ സംഭവങ്ങളെല്ലാം യേശുവിന് ദേവാലയത്തോടുണ്ടായിരുന്ന മനോഭാവം വ്യക്തമാക്കുന്നു. ദേവാലയനികുതി കൊടുക്കുന്ന യേശുവിനെയും നാം സുവിശേഷത്തിൽ കാണുന്നു (മത്താ 17: 24-25). ദേവാലയത്തിനു പ്രാധാന്യം കൊടുത്ത യേശു അതിൽ അവശ്യമുണ്ടായിരിക്കേണ്ട ആന്തരിക ചൈതന്യത്തിന് ഊന്നൽ കൊടുത്തു. ദൈവത്തിൻെറ സാന്നിദ്ധ്യമാണ് ദേവാലയത്തെ പവിത്രമാക്കുന്നത്. ദേവാലയത്തിൻെറ പവിത്രത കാത്തുസൂക്ഷിക്കണമെന്ന് ദേവാലയ ശുദ്ധീകരണത്തിലൂടെ അവിടുന്ന് ഓർമ്മിപ്പിച്ചു (മർക്കോ 11:15-17; യോഹ2:13-27). ദേവാലയത്തിൽ പ്രാർത്ഥനയ്ക്കും ബലിയർപ്പണത്തിനും വരുന്ന വിശ്വാസികളും പരിശുദ്ധരായിരിക്കണമെന്ന് യേശു പഠിപ്പിച്ചു (മത്താ 5:23-24).

യേശുവിനെപ്പോലെ തന്നെ ആദിമക്രൈസ്തവസമൂഹവും ജറുസലേം ദേവാലയത്തിലെ കർമ്മങ്ങളിൽ പങ്കുകൊണ്ടിരുന്നു (അപ്പ 2:46; 3:1; 22:17) അപ്പസ്തോലൻമാരും ആദ്യകാലങ്ങളിൽ യേശുവിനെ അനുകരിച്ച് ദേവാലയത്തിൽ പഠിപ്പിച്ചിരുന്നതായി കാണാം. (അപ്പ 5:2) എന്നാൽ യേശുവാകുന്ന പുതിയ ദേവാലയം ആവിർഭവിച്ചതോടെ പഴയ ദേവാലയത്തിൻെറ പ്രസക്തി നഷ്ടമാകുന്നു (അപ്പ 6:14). യഹൂദർ ദൈവസാന്നിദ്ധ്യം ദേവാ

www.malankaralibrary.com

ലയത്തിൽ കണ്ടുവെങ്കിൽ ക്രൈസ്തവർ യേശുവഴി ദൈവസാന്നിദ്ധ്യം മനുഷ്യരുടെ ഇടയിൽ കാണുന്നു. കൂടാതെ ആരാധന യേശു കേന്ദ്രീകൃതമാകുകയും ചെയ്യുന്നു.

## സിനഗോഗ് (Synagogue)

ഇസ്രായേൽക്കാരുടെ പ്രാർത്ഥനാ കേന്ദ്രങ്ങൾ ആയിരുന്നു സിനഗോഗുകൾ.

'ഒന്നിച്ചുകൂട്ടുക' എന്ന് അർത്ഥം വരുന്ന "സ്യൂനാഗോ" എന്ന ഗ്രീക്കു പദത്തിൽനിന്നാണ് സിനഗോഗ് എന്ന പദത്തിൻെറ ഉദ്ഭവം. സിനഗോഗുകൾ രൂപംകൊണ്ട കാലഘട്ടത്തെക്കുറിച്ച് കൃത്യമായി പറയുക സാദ്ധ്യമല്ല. എങ്കിലും, ബാബിലോണിയൻ പ്രവാസകാലത്താണ് സിനഗോഗുകൾ നിലവിൽ വന്നതെന്ന് കരുതപ്പെടുന്നു. ബി.സി. 587ൽ ജറുസലേം ദേവാലയം തകർക്കപ്പെട്ടതോടുകൂടെ യഹൂദർക്ക് ആരാധന നടത്തുക അസാദ്ധ്യമായിത്തീർന്നു. അവരുടെ മതപരമായ ഐക്യവും കെട്ടുറപ്പും നഷ്ടപ്പെട്ടുപോകും എന്ന അവസ്ഥയുണ്ടായി. അപ്പോഴാണ് നിയമാനുഷ്ഠാനങ്ങളിലും മറ്റും തീക്ഷ്ണമതികളായ യഹൂദർ ഒന്നുചേർന്ന് സിനഗോഗുകൾ ആരംഭിച്ചത്.

സിനഗോഗുകളുടെ ഉദ്ഭവം സംബന്ധിച്ച് പരമ്പരാഗതങ്ങളായ വിവിധ അനുമാനങ്ങളുണ്ട്. താർഗും (പഴയനിയമത്തിൻെറ അറമായ പരിഭാഷ) അനുസരിച്ച് മോശയാണ് സിനഗോഗ് സ്ഥാപിച്ചത്. പ്രസിദ്ധ യഹൂദ ചരിത്രകാരനായ ജോസേഫുസും ഈ അഭിപ്രായംതന്നെ പ്രകടിപ്പിക്കുന്നുണ്ട്. പ്രവാസകാലത്താണ് സിനഗോഗുകൾ ഉദ്ഭവിച്ചതെന്ന് മറ്റുചിലർ അഭിപ്രായപ്പെടുന്നു. ആദ്യകാലങ്ങളിൽ സിനഗോഗുകൾ രാഷ്ട്രീയവും നീതിന്യായപരവുമായ കാര്യങ്ങൾ ചർച്ചചെയ്തിരുന്ന വേദികൾ ആയിരുന്നുവെന്നും, സിനഗോഗുകൾക്ക് മതപരമായ പ്രാധാന്യം ലഭിക്കുന്നത് പ്രവാസത്തോടെയാണെന്നും ചിലർ വാദിക്കുന്നു. പലസ്തീനായ്ക്കു പുറത്താണ് ആദ്യമായി സിനഗോഗുകൾ ആരംഭിച്ചതെന്നാണ് പൊതുവെ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്.

**ഘടന:**

യഹൂദരുടെ ആരാധനാകേന്ദ്രമായിരുന്ന ജറുസലേം ദേവാലയത്തിന് അഭിമുഖമായിട്ടാണ് സിനഗോഗുകൾ നിർമ്മിച്ചിരുന്നത്. നഗരത്തിലെ പ്രധാന സ്ഥലങ്ങളോ അല്പം ഉയർന്ന സ്ഥലങ്ങളോ ഇതിനായി തെരഞ്ഞെടുത്തിരുന്നു.

www.malankaralibrary.com

എ.ഡി. 70-ൽ റോമാക്കാർ ദേവാലയം നശിപ്പിച്ചതിനുശേഷം നിർമ്മിച്ചിട്ടുള്ള സിനഗോഗുകൾ ദേവാലയത്തിന്റെതന്നെ ആകൃതിയുള്ളവയായിരുന്നു. അവ വളരെ വലുതുമായിരുന്നു. പ്രധാന കവാടത്തിനെതിരേയുള്ള ഭിത്തിയുടെ മധ്യത്തിലാണ് 'തോറ' (നിയമം) വച്ചിരുന്ന പേടകം സൂക്ഷിച്ചിരുന്നത്. 'ആരോൻ ഹക്കാദോഷ്' എന്നാണ് ഈ പേടകം അറിയപ്പെട്ടിരുന്നത്. സിനഗോഗിൽ ഏതാണ്ട് മധ്യഭാഗത്തായി ഒരു ഉയർന്ന പീഠവും ഉണ്ടായിരുന്നു. അവിടെ നിന്നുകൊണ്ടാണ് 'തോറ' വായിച്ചിരുന്നതും വ്യാഖ്യാനിച്ചിരുന്നതും. പീഠത്തിന് ഇരുവശങ്ങളിലുമായി ശ്രോതാക്കൾക്ക് ഇരിക്കാനുള്ള ഇരിപ്പിടങ്ങൾ ക്രമീകരിച്ചിരുന്നു. ഇവയുടെ പിറകിലും വശങ്ങളിലുമാണ് സ്ത്രീകൾ ഇരുന്നിരുന്നത്. ചില സിനഗോഗുകളിൽ ഹാളിനിരുവശവും ഇടനാഴികൾ ഉണ്ടായിരുന്നു. സിനഗോഗുകൾ മനോഹരമായ ചിത്രപ്പണികളാൽ അലങ്കരിച്ചിരുന്നു. പ്രത്യേകിച്ച് 'തോറ' പ്രതിഷ്ഠിച്ചിരുന്ന സ്ഥലവും, വചനപീഠവും മനോഹരമായ കൊത്തുപണികളാൽ അലങ്കരിക്കപ്പെട്ടിരുന്നു. സിനഗോഗുകളിൽ ഏഴു ദളങ്ങളുള്ള വിളക്കുകളും, തിരുനാൾ കർമ്മങ്ങളിൽ ഉപയോഗിക്കാനുള്ള തിരിക്കാലുകളും ഉണ്ടായിരുന്നു.

### സിനഗോഗ് അധികാരികൾ:

സിനഗോഗ് അധികാരികളെ തിരഞ്ഞെടുത്തിരുന്നത് സമൂഹത്തിലെ പ്രമാണികളുടെ ഇടയിൽനിന്നായിരുന്നു. സിനഗോഗ് അധികാരിയായിരുന്നു പ്രാർത്ഥനകളിലും കീർത്തനാലാപനങ്ങളിലും പ്രമുഖസ്ഥാനം വഹിച്ചിരുന്നത്. ആരാധനാക്രമത്തിൽ ഓരോരുത്തരുടെയും സ്ഥാനം നിർണ്ണയിക്കുന്നതും ഈ അധികാരികളായിരുന്നു. സിനഗോഗിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കുക എന്നത് സിനഗോഗധികാരികളുടെ കടമയായിരുന്നു (ലൂക്കാ 13:14). പുതിയനിയമത്തിൽ സിനഗോഗധികാരികളെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം. ഉദാ: ജായ്റോസ് (ലൂക്കാ 8:41; മർക്കോ 5:22), ക്രിസ്പൂസ് (അപ്പ 18:8), സൊസ്തനേസ് (അപ്പ 18:17) എന്നിവർ സിനഗോഗധികാരികളായിരുന്നു. തോറാ വായിച്ചിരുന്നതും സിനഗോഗിനെ സംബന്ധിക്കുന്ന പ്രധാന ജോലികളെല്ലാം ചെയ്തിരുന്നതും സിനഗോഗധികാരികളായിരുന്നു. അവർ കുട്ടികളെ പഠിപ്പിക്കുകയും ചെയ്തിരുന്നു.

സിനഗോഗിലെ രണ്ടാം അധികാരിയാണ് 'ഹാസാൻ'. സിനഗോഗിന്റെ പരിസരം വൃത്തിയായി സൂക്ഷിക്കുക, ചുരുളുകൾ സംരക്ഷിക്കുക, കുട്ടികളുടെ മതപഠനത്തിന് മേൽനോട്ടം വഹിക്കുക, സിനഗോഗ് സംഘത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുക - ഇവയായിരുന്നു 'ഹാസാന്റെ' പ്രധാനപ്പെട്ട ധർമ്മങ്ങൾ. സാബത്തിന്റെ ആരംഭത്തിലും അവസാനത്തിലും

www.malankaralibrary.com

സിനഗോഗിൻെറ മുകളിൽനിന്ന് കാഹളം മുഴക്കുക, നിയമഗ്രന്ഥമെടുത്ത് വായനക്കാരനു നൽകുക, ആവശ്യത്തിനു വായനക്കാർ ഇല്ലാത്തപ്പോൾ വായന നടത്തുക, അവശ്യം വരുന്നതനുസരിച്ച് പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുക്കുകയും കുട്ടികളെ പഠിപ്പിക്കുകയും ചെയ്യുക. കോടതിയിൽ ഓഫീസറായി ജോലിചെയ്യുക തുടങ്ങിയവയും ഹാസാൻെറ കടമയിൽപ്പെടുന്നവയാണ്.

സിനഗോഗിലെ മറ്റ് അധികാരികൾ താഴെപ്പറയുന്നവരാണ്.

1. **മൂപ്പൻമാർ** (Elders) :- സിനഗോഗിലെ ഉന്നതാധികാരികളായിരുന്നു ഇവർ. ഇവരിൽനിന്നാണ് സിനഗോഗിൻെറ തലവനെ തെരഞ്ഞെടുത്തിരുന്നത്.

2. **വ്യാഖ്യാതാവ്** :- വിശുദ്ധഗ്രന്ഥം വായിക്കുകയും, പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തിരുന്നവരാണ് ഇവർ.

3. **പ്രതിനിധികൾ** :- സമൂഹത്തിൻെറ പ്രതിനിധികളാണിവർ. സമൂഹത്തിനുമുമ്പിൽ പ്രാർത്ഥനകൾ ഉറക്കെ ചൊല്ലിയിരുന്നത് ഇവരാണ്.

## സിനഗോഗിലെ തിരുക്കർമ്മങ്ങൾ

സിനഗോഗിലെ കർമ്മം പ്രധാനമായും പ്രാർത്ഥനയും പഠനവും ഉൾക്കൊള്ളുന്നതായിരുന്നു. പ്രാർത്ഥനയ്ക്ക് പ്രായപൂർത്തിയായ പത്ത് യുവാക്കളേ ആവശ്യമായിരുന്നുള്ളൂ. ഇവരിൽ ആർക്കുവേണമെങ്കിലും വിശുദ്ധഗ്രന്ഥം വായിക്കുകയും പ്രാർത്ഥന നടത്തുകയും ചെയ്യാം. ദേവാലയത്തിലെന്നപോലെ സിനഗോഗിലും രാവിലെയും, ഉച്ചയ്ക്കും, വൈകുന്നേരവും കർമ്മങ്ങൾ ഉണ്ടായിരുന്നു. സാബത്ത് ദിവസങ്ങളിൽ പ്രത്യേക കർമ്മങ്ങളും നടത്തിയിരുന്നു. സിനഗോഗിൽവെച്ച് നടത്തിയിരുന്ന പ്രധാന കർമ്മങ്ങൾ താഴെ പറയുന്നവയാണ്.

1. **'ഷേമാ' പ്രാർത്ഥന :- (ഇസ്രായേലേ കേൾക്കുക)**

"ഇസ്രായേലേ കേൾക്കുക" എന്നു തുടങ്ങുന്ന ഈ പ്രാർത്ഥന യഹൂദമത വിശ്വാസപ്രഖ്യാപനമായിരുന്നു. ഈ പ്രാർത്ഥന ഉരുവിടുന്നതിലൂടെ ദൈവത്തിൻെറ ഏകത്വത്തെ ഏറ്റുപറയുകയാണ് യഹൂദർ ചെയ്തിരുന്നത്. ബി.സി. രണ്ടാം നൂറ്റാണ്ടോടെ ഈ പ്രാർത്ഥന രാവിലെയും വൈകുന്നേരവും പ്രത്യേക പ്രാധാന്യത്തോടെ ഉരുവിട്ടു തുടങ്ങി. ദൈവവുമായുള്ള ഉടമ്പടിയുടെയും ഏകദൈവത്തിലുള്ള അവരുടെ വിശ്വാസത്തിൻെറയും അടയാളമായി എല്ലാ യഹൂദരും നെറ്റിത്ത ടത്തിലും ഇടതുകയ്യിലും ഈ പ്രാർത്ഥന എഴു

www.malankaralibrary.com

തിക്കെട്ടാൻ ബാദ്ധ്യസ്ഥരായിരുന്നു (നിയ 6:8). ഇത് എപ്പോഴും (മരണ സമയത്തുപോലും) അനുസ്മരിക്കുകയായിരുന്നു ലക്ഷ്യം. ഉടമ്പടിയെ അനുസ്മരിക്കുന്ന സാബത്ത് ദിവസങ്ങളിലും തിരുനാളുകളിലും 'ഷേമാ' പ്രാർത്ഥന നിർബന്ധമായി ചൊല്ലേണ്ടിയിരുന്നു.

ഷേമാ പ്രാർത്ഥന, നിയ 6:4-9; 11:13-21 എന്നിവയുടെ സംയോജനമാണ്. ജോസേഫൂസിന്റെ അഭിപ്രായത്തിൽ ഒരു ദിവസം കുറഞ്ഞത് രണ്ടുപ്രാവശ്യമെങ്കിലും ഓരോ യഹൂദനും ഈ പ്രാർത്ഥന ഉരുവിടാൻ കടപ്പെട്ടിരുന്നു. എങ്കിലും യഹൂദർ ദിവസത്തിൽ പല പ്രാവശ്യം ഇത് ഉരുവിട്ടിരുന്നു. 'ഷേമാ' പ്രാർത്ഥനയെ തുടർന്ന് സങ്കീർത്തനങ്ങൾ (145 മുതൽ 150 വരെ) പാടിയിരുന്നു.

2. സ്തുതിപ്പുകൾ

'ഷേമാ' പ്രാർത്ഥനയെ തുടർന്ന് പതിനെട്ടു സ്തുതിപ്പുകളാണ്. ഈ സമയം മുഴുവൻ സമൂഹം എഴുന്നേറ്റു നിൽക്കുന്നു. 'തെഫില്ലാ' എന്നാണ് ഈ പ്രാർത്ഥന അറിയപ്പെടുന്നത്. ഈ പ്രാർത്ഥനയുടെ ക്രമം നല്കിയത് റബ്ബി ഗമാലിയേൽ രണ്ടാമൻ ആണ്. പ്രാർത്ഥനയുടെ ഓരോ പാദത്തിനു ശേഷവും ജനം ഒന്നടങ്കം 'ആമ്മേൻ' എന്ന് ഉച്ചത്തിൽ പറഞ്ഞിരുന്നു.

3. വി. ഗ്രന്ഥ വായനകൾ:

a) തോറാ : തെഫില്ലാ പ്രാർത്ഥനയ്ക്കുശേഷമാണ് 'തോറാ' വായിച്ചിരുന്നത്. സിനഗോഗധികാരിയായ ഹാസാൻ സാക്ഷ്യകൂടാരത്തിൽനിന്ന് വിശുദ്ധഗ്രന്ഥമെടുത്തു തുറന്നു മേശപ്പുറത്തു വയ്ക്കുന്നു. ആദ്യമേ അഹറോന്റെ പിൻഗാമിയും അതിനുശേഷം ഒരു സാധാരണലേവായനും അതേത്തുടർന്ന് അഞ്ചു സാധാരണ ഇസ്രായേൽക്കാരും വി.ഗ്രന്ഥം വായിക്കുന്നു. ഇപ്രകാരമുള്ള വായനകളുടെ എണ്ണം ഓരോ തിരുനാളിലും വ്യത്യാസപ്പെട്ടിരുന്നു. പാപപരിഹാരദിനത്തിൽ ആറും, മറ്റു തിരുനാൾ ദിവസങ്ങളിൽ അഞ്ചും, പെസഹാത്തിരുനാളിൽ നാലും, സാബത്തുദിനത്തിൽ മൂന്നും, വായനകളാണുണ്ടായിരുന്നത്.

വായിക്കാനുള്ള സൗകര്യത്തിന് 'തോറാ'യെ 155 ഭാഗങ്ങളായി തിരിച്ചിരുന്നു. മൂന്നു വർഷം കൊണ്ടാണ് ഇത് വായിച്ചുതീർന്നിരുന്നത്. ഓരോ ദിവസത്തേക്കും പ്രത്യേക വായനകൾ ഉണ്ടായിരുന്നെങ്കിലും തിരുനാൾ ദിവസങ്ങളിൽ ആ ദിവസത്തേക്കു വേണ്ട വായനകൾ തെരെഞ്ഞെടുക്കപ്പെട്ടിരുന്നു. ഓരോ പ്രാവശ്യവും തോറാ മുഴുവനും വായിച്ചു തീർന്ന് അടുത്തവട്ടം വായന ആരംഭിക്കുന്ന ദിവസം സന്തോഷത്തിന്റെ ദിവസമായി ആചരിച്ചിരുന്നു.

www.malankaralibrary.com

b) ഹഫ്താറാ (Haftarah) തോറായുടെ വായനയ്ക്കുശേഷം പ്രവാചകഗ്രന്ഥത്തിൽനിന്നുള്ള വായനയായിരുന്നു. 'ഹഫ്താറാ' എന്നാണിത് അറിയപ്പെട്ടിരുന്നത്. ഹഫ്താറാ എന്ന ഹീബ്രു വാക്കിന്റെ അർത്ഥം 'അവസാനം' (conclusion) എന്നാണ്. പ്രവാചകൻമാരുടെ പുസ്തകത്തിൽ നിന്നുള്ള വായന തോറായിൽനിന്നുള്ള ഏതെങ്കിലും സംഭവത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നു. പ്രവാചകഗ്രന്ഥത്തിൽനിന്ന് മൂന്നു വാക്യങ്ങൾ വായിച്ചാലും മതിയായിരുന്നു. ബാക്കി ഉപേക്ഷിക്കാനുള്ള സ്വാതന്ത്ര്യം വായനക്കാരനുണ്ടായിരുന്നു. എന്നാൽ തോറാ മുഴുവൻ വായിക്കാൻ കടപ്പെട്ടിരുന്നു. ഒരുപക്ഷേ യേശു സിനഗോഗിൽ വച്ചു നടത്തിയ വായന ഹഫ്താറാ വായനയായിരുന്നിരിക്കാം (ലൂക്കാ 4:16-20)

4. സങ്കീർത്തനങ്ങൾ

വായനക്കുശേഷം സങ്കീർത്തനങ്ങൾ ആലപിക്കുന്ന പതിവ് യഹൂദർക്ക് ഉണ്ടായിരുന്നു. പ്രാർത്ഥനകൾക്കായി സങ്കീർത്തനം ഉപയോഗിച്ചുതുടങ്ങിയത് രണ്ടാം ദേവാലയം നശിപ്പിക്കപ്പെട്ടതിനുശേഷമുള്ള കാലഘട്ടത്തിലായിരിക്കുമെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

5. ആശീർവ്വാദ പ്രാർത്ഥനകൾ (Benedictions)

പലവിധത്തിലുള്ള ആശീർവ്വാദപ്രാർത്ഥനകൾ യഹൂദർ ചൊല്ലിയിരുന്നു. പത്തൊൻപതു പ്രാർത്ഥനകൾ അടങ്ങിയ ഒരു പുസ്തകം അവർ ഉപയോഗിച്ചിരുന്നു. സിനഗോഗ് കർമ്മങ്ങളുടെ അവസാനം പുരോഹിതനാണ് ഈ പ്രാർത്ഥനകൾ ചൊല്ലിയിരുന്നത്. ഈ പ്രാർത്ഥനകൾക്കു പ്രത്യുത്തരമായി ജനങ്ങൾ 'ആമ്മേൻ' എന്ന് ചൊല്ലിയിരുന്നു.

6. പ്രസംഗം (Sermon)

സിനഗോഗിലെ കർമ്മങ്ങൾക്ക് പ്രധാനമായും രണ്ടു ലക്ഷ്യങ്ങളാണുണ്ടായിരുന്നത്: ഒന്ന്, ദൈവത്തെ സ്തുതിക്കുക; രണ്ട്, പഠിപ്പിക്കുക. ആരംഭം മുതൽതന്നെ വിശുദ്ധഗ്രന്ഥ വ്യാഖ്യാനം സിനഗോഗ് കർമ്മങ്ങളുടെ അവശ്യ ഘടകമായിരുന്നു. ഈ പ്രഭാഷണം സിനഗോഗിൽ സന്നിഹിതനായിരിക്കുന്ന ആർക്കു വേണമെങ്കിലും നടത്താവുന്നതായിരുന്നു. എന്നാൽ സാധാരണയായി പ്രഭാഷണങ്ങൾ നടത്തിയിരുന്നത് റബ്ബിമാരായിരുന്നു. ഈ വിധത്തിലുള്ള പ്രഭാഷണങ്ങൾ പുതിയനിയമത്തിലും കാണാം (ലൂക്കാ 4: 21-27; അപ്പ 13:15-41). വി. ഗ്രന്ഥ വ്യാഖ്യാനത്തിനായി പ്രത്യേകം അഭിഷിക്തനാകേണ്ടിയിരുന്നില്ല. എന്നാൽ കാലാന്തരത്തിൽ അഭിഷേകം അവശ്യഘടകമായിത്തീർന്നു.

www.malankaralibrary.com

## സിനഗോഗിന്റെ മറ്റ് ഉപയോഗങ്ങൾ

a) വിദ്യാലയം:- കുട്ടികളെ പഠിപ്പിക്കാനുള്ള ഒരു വേദിയായിരുന്നു സിനഗോഗ്. അതിനായി പണ്ഡിതരായ റബ്ബിമാർ യഹൂദൻമാരുടെ ഇടയിലുണ്ടായിരുന്നു. ഈ റബ്ബിമാരുടെ കീഴിലായിരുന്നു ശിഷ്യർ വി. ഗ്രന്ഥപഠനം നടത്തിയിരുന്നത്. ഈ ശിഷ്യരിൽ പലരും പിന്നീട് റബ്ബിമാരായിട്ടുണ്ട്. കുട്ടികളെ വി. ഗ്രന്ഥ പഠനത്തിനു ചേർക്കുന്നതിനു പ്രത്യേക പ്രായപരിധിയൊന്നുമില്ലായിരുന്നു. കാരണം മതാനുഭവം നേടുകയെന്നതായിരുന്നു അവരുടെ പ്രധാന ഉദ്ദേശ്യം. യഹൂദരുടെ ആദ്യ പാഠപുസ്തകം ഹീബ്രു ബൈബിൾ ആയിരുന്നു.

b) സമൂഹജീവിതത്തിന്റെ കേന്ദ്രം:- യഹൂദർ ഒന്നിച്ചുകൂടുന്ന ഒരു സ്ഥലമായിരുന്നു സിനഗോഗ്. അവർ അവിടെ ഒരുമിച്ചുകൂടി ഭക്ഷണം പങ്കുവച്ച് കഴിച്ചിരുന്നു. അപരിചിതരും, പാവപ്പെട്ടവരുമായ പലരും അവരുടെ ഭക്ഷണത്തിൽ പങ്കുചേർന്നിരുന്നു. സാമൂഹികമായി വലിയ പ്രാധാന്യമുണ്ടായിരുന്നതുകൊണ്ട് പണം നിക്ഷേപിക്കാനും, ഒന്നിച്ചുകുടാനുമുള്ള വേദിയാകാറുണ്ട് സിനഗോഗ്. സിനഗോഗിൽ സംഭരിക്കുന്ന പണം പ്രധാനമായും ഉപവിപ്രവർത്തനങ്ങൾക്കാണ് ഉപയോഗിച്ചിരുന്നത്.

c) നിയമവേദി (Court of Law)

നിയമത്തെ സംബന്ധിച്ചുള്ള തർക്കങ്ങൾ പലപ്പോഴും തീരുമാനിച്ചിരുന്നത് സിനഗോഗിൽവച്ചായിരുന്നു. സിനഗോഗധികാരികളായിരുന്നു പല ശിക്ഷകളും വിധിച്ചിരുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു തദ്ദേശ സാൻഹെദ്രിൻ ആയിരുന്നു സിനഗോഗ്.

## സിനഗോഗ് പുതിയനിയമത്തിൽ

പുതിയ നിയമത്തിൽ ഒരു സ്ഥാപനത്തെ കുറിക്കാനാണ് സിനഗോഗ് എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. അൻപതിൽ കൂടുതൽ പ്രാവശ്യം സിനഗോഗുകളെക്കുറിച്ചുള്ള പരാമർശം പുതിയനിയമത്തിലുണ്ട്. ഇതിൽനിന്ന് യഹൂദൻമാരുടെ മതജീവിതത്തിൽ സിനഗോഗുകൾക്ക് അതിയായ പ്രാധാന്യം ഉണ്ടായിരുന്നെന്ന് മനസിലാക്കാം. കഫർണാം, നസറത്ത്, ജെറുസലെം, ഡമാസ്ക്കസ്, അന്ത്യോക്യാ, തെസലോനിക്ക, കൊറിന്തോസ്, എഫേസൂസ്, ഫിലിപ്പി എന്നിവിടങ്ങളിലെ സിനഗോഗുകളെക്കുറിച്ചു പുതിയ നിയമത്തിൽ പരാമർശമുണ്ട്.

www.malankaralibrary.com

### യേശുവും സിനഗോഗും

ഒരു യഥാർത്ഥ യഹൂദനെന്ന നിലയിൽ യേശു സിനഗോഗു ശുശ്രൂഷകളിൽ പങ്കെടുക്കുക പതിവായിരുന്നു (മത്താ 4:23; 9:35; 12:9; മർക്കോ 1:39, 3:1; ലൂക്കാ 4:15; 6:6; യോഹ 18:20). പലപ്പോഴും അവിടെവച്ച് യേശു ദൈവവചനം വ്യാഖ്യാനിക്കുകയും ജനത്തെ പഠിപ്പിക്കുകയും ചെയ്തിരുന്നു. യേശു തൻെറ പരസ്യജീവിതം ആരംഭിക്കുന്നത് നസ്രസ്സിലെ സിനഗോഗിൽ വച്ചു നടത്തുന്ന 'നയപ്രഖ്യാപന'ത്തോടെയാണ് (ലൂക്കാ 4:16-22). സിനഗോഗിൽവച്ച് അവിടുന്നു രോഗികളെ സുഖപ്പെടുത്തിയിരുന്നു (ലൂക്കാ 6:6-11). യേശുവിൻെറ പ്രവർത്തന വേദിയായി സുവിശേഷകന്മാർ സിനഗോഗിനെ അവതരിപ്പിക്കുന്നു. യേശുവിനെ അനുകരിച്ച് അപ്പസ്തോലന്മാരും സിനഗോഗു ശുശ്രൂഷകളിൽ പങ്കെടുക്കുകയും ജനത്തെ പഠിപ്പിക്കുകയും ചെയ്തുപോന്നു (അപ്പ 9:20; 13:15; 14:1; 17:1-2). യഹൂദർ ക്രൈസ്തവരെ സിനഗോഗുകളിൽ നിന്നു പുറത്താക്കുന്നതുവരെ സിനഗോഗായിരുന്നു പ്രധാനമായും സുവിശേഷ പ്രഘോഷണവേദി. ക്രൈസ്തവരുടെ ആദ്യകാലത്തെ കൂട്ടായ്മകൾ "സിനഗോഗ്" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത് (യാക്കോ 2:2).

## ഭക്താനുഷ്ഠാനങ്ങൾ

ജീവിതത്തിൽ മതത്തിനു പ്രാധാന്യം കൊടുത്തിരുന്ന യഹൂദർ ദൈവത്തോടു ബന്ധപ്പെടുവാൻ പ്രത്യേക ഭക്താനുഷ്ഠാനങ്ങൾ അഭ്യസിച്ചിരുന്നു. അവയിൽ പ്രധാനപ്പെട്ടവയാണ് ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും. അവ കൃത്യമായി പാലിക്കുവാൻ എല്ലാ യഹൂദരും പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

### 1. ഉപവാസം

യഹൂദരുടെ ഭക്താനുഷ്ഠാനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഉപവാസം. ഇതു സംബന്ധിച്ചു പഴയനിയമത്തിൽ ധാരാളം പരാമർശങ്ങളുണ്ട് (1 സാമു 12:16; 1 രാജ 20:1-12; എസ്ര 8:2; ഏശ 58:3-5; ജോയേ 1:14; 2:15). ഇതേക്കുറിച്ചുള്ള ആദ്യ പരാമർശം പുറപ്പാടിൻെറ പുസ്തകത്തിലാണ്. മോശ കർത്താവിനോടുകൂടെ സീനായ് മലയിൽ ചെലവഴിച്ച നാല്പതു ദിവസം ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്തില്ല (പുറ 34:28). വികാരങ്ങൾ അനിയന്ത്രിതമാകുമ്പോൾ ഭക്ഷണം ഉപേക്ഷിക്കുന്ന സംഭവങ്ങൾ പഴയനിയമത്തിൽ കാണാം (1 സാമു 1:7; 20:30; 1 രാജ 21:4). എന്നാൽ ഇത്തരം ഉപവാസങ്ങൾക്കു മതപരമായ പ്രാധാന്യം ഉണ്ടായിരുന്നില്ല. ദൈവതിരുമുമ്പിൽ സ്വയം എളിമപ്പെടുത്തുവാനായി ഭക്ഷണപദാർത്ഥങ്ങൾ ഉപേക്ഷിക്കുന്നതാണ് ഉപവാസം (1 രാജ 21:29; എസ്ര 8:21).

www.malankaralibrary.com

പ്രധാന പ്രാർത്ഥനാകേന്ദ്രങ്ങളിൽ സമൂഹമായി ഇസ്രായേൽജനം ഉപവസിച്ചിരുന്നു (ന്യായ 20:26-27; 1 സാമു 7:5-6). രാജാക്കന്മാരും പ്രവാചകന്മാരും പുരോഹിതന്മാരും ചില അടിയന്തരഘട്ടങ്ങളിൽ ഉപവാസത്തിനു നേതൃത്വം നല്കിയിരുന്നു (2 രാജ 19:1-7). പ്രഭാതം മുതൽ പ്രദോഷം വരെ നീളുന്നതാണ് ഉപവാസം (ന്യായ 20:26; 1 സാമു 7:6). ഉപവസിക്കുന്ന വ്യക്തി അനുതാപം പ്രകടിപ്പിക്കുവാനായി ബാഹ്യമായ ചില അനുഷ്ഠാനങ്ങൾ നടത്തുന്നു. പൂഴിമണ്ണോ ചാരമോ തലയിൽ വിതറി ചാക്കുവസ്ത്രം ധരിച്ചോ, വസ്ത്രം കീറിയോ തറയിൽ ഇരിക്കുന്നു. ഉപവാസദിവസങ്ങളിൽ തലമുടി ചീകുകയോ കുളിക്കുകയോ ഇല്ല (2 സാമു 12:16; 1 മക്ക 3:47). ഉപവാസത്തോടൊപ്പം വിലാപവുമുണ്ടാകും. ചില വിലാപ സങ്കീർത്തനങ്ങൾ ഉപവാസത്തോടനുബന്ധിച്ച് രൂപംകൊണ്ടതാവാം. പ്രത്യേക സന്ദർഭങ്ങളിൽ ഇസ്രായേൽക്കാർ ഉപവസിച്ചിരുന്നതായി വി.ഗ്രന്ഥത്തിൽ കാണാം.

1. പാപപരിഹാര ദിനം

മോശയുടെ നിയമമനുസരിച്ച് ആകെയുള്ള ഒരു സമൂഹ ഉപവാസം പാപപരിഹാരദിനത്തിലാണ്. ഏഴാം മാസത്തിലെ 10-ാം ദിവസമാണ് ഇത് ആചരിക്കേണ്ടത് (പുറ 30:10; ലേവ്യ 16:29; 23:26-32). ഈ നിയമം ലംഘിക്കുന്നവരെ സമൂഹത്തിൽനിന്നും പുറത്താക്കിയിരുന്നു (ലേവ്യ 23:29).

2. അപകടാവസ്ഥയിലും ദുഃഖത്തിന്റെ അവസരങ്ങളിലും

അപകടാവസ്ഥയിലും ദുഃഖത്തിന്റെ അവസരങ്ങളിലും ഇസ്രായേൽക്കാർ ഉപവസിച്ചിരുന്നു (ജറെ 36:9; ജോയേ 2:15). പക്ഷെ ഇവ നിയമാനുസൃതമായിരുന്നില്ല.

a) **ദേശീയ നാശമോ വിപത്തോ ഉണ്ടാകുന്ന അവസരങ്ങളിൽ**

യുദ്ധമോ മറ്റുകൊടിയ വിപത്തുകളോ ഉണ്ടാകുന്ന അവസരങ്ങളിൽ വ്യക്തികളോ സമൂഹമോ ഉപവസിച്ച് ദൈവകൃപയ്ക്കായി പ്രാർത്ഥിക്കുന്നു. ഈ അവസരങ്ങളിൽ യോദ്ധാക്കൾക്ക് നിർബന്ധിത ഉപവാസമുണ്ടായിരുന്നു (ന്യായ 20:26; 1 സാമു 7:6; 2 ദിന 26:3).

b) **രോഗാവസ്ഥയിൽ**

ദാവീദിന് ഊറിയായുടെ ഭാര്യ ബെർഷേബായിൽ പിറന്ന മകൻ രോഗഗ്രസ്തനായപ്പോൾ ദാവീദ് ഉപവസിക്കുന്നു (2 സാമു 12:16). രോഗാവസ്ഥയിൽ കഴിയുന്നവർക്കായി ഉപവസിക്കാൻ സങ്കീർത്തകൻ ആവശ്യപ്പെടുന്നുണ്ട് (സങ്കീ 35:13).

www.malankaralibrary.com

c) വിലാപാവസരങ്ങൾ

വിലാപവുമായി ബന്ധപ്പെട്ടാണ് ഉപവാസം രൂപപ്പെട്ടതെന്ന് കരുതപ്പെടുന്നു. ഈ അവസരത്തിൽ ഉപവാസമനുഷ്ഠിക്കുന്ന പതിവ്, ഇസ്രായേലിൽ സാധാരണമായിരുന്നു (1 ദിന 10:12; 1 സാമു 31:13).

d) പ്രായശ്ചിത്താവസരത്തിൽ

പ്രായശ്ചിത്തത്തിൻെറ ബാഹ്യമായ അടയാളമായിരുന്നു ഉപവാസം (1 സാമു 7:6; നെഹെ 9:1-15; 1 രാജാ 21:27). ദുരന്താവസരങ്ങളിൽ ഇസ്രായേൽക്കാർ പ്രായശ്ചിത്തമനുഷ്ഠിക്കുകയും ഉപവസിക്കുകയും ചെയ്തിരുന്നു (1 രാജാ 21:4 ff)

e) ആസന്നമാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന്

ഏദോമ്യരുടെ ആക്രമണം ഭയന്ന് യഹോഷാഫത്ത് യൂദായിൽ ഉപവാസം പ്രഖ്യാപിച്ചു (2 ദിന 20:3). യഹോയാക്കിം തൻെറ ഭരണത്തിൻെറ അഞ്ചാം വർഷം ഒൻപതാം മാസം യൂദായിൽ ഉപവാസം പ്രഖ്യാപിച്ചു (ജറെ 36:9). ജറുസലേമിൻെറ നാശത്തെക്കുറിച്ചു കേട്ട് നെഹെമിയ ദിവസങ്ങളോളം ഉപവസിച്ചു പ്രാർത്ഥിച്ചു (നെഹെ 1:4).

പ്രായശ്ചിത്ത ദിവസങ്ങൾക്കു പുറമെ യഹൂദർ തിങ്കൾ, വ്യാഴം എന്നീ ദിവസങ്ങളിലും ഉപവസിച്ചിരുന്നു. ബി.സി. 587-ൽ ജറുസലേം നശിപ്പിക്കപ്പെട്ടതിനുശേഷം ഉപവാസത്തിനു പ്രാധാന്യം കുടി. ഉപവാസത്തിൻെറ കാലയളവിനെ സംബന്ധിച്ചു പഴയനിയമത്തിൽ പരാമർശമുണ്ട്. അത് ഒരു ദിവസമോ (2 സാമു 3:35), ഒരു രാത്രിയോ (ദാനി 6:18), മുന്നു രാവും പകലുമോ (എസ്തേ 4:16), ഏഴു ദിവസമോ (1 സാമു 31:3), നാൽപതു ദിവസമോ (1 രാജാ 19:8) ആകാം.

ദൈവത്തിലുള്ള യഥാർത്ഥവും സനാതനവുമായ വിശ്വാസത്തെയാണ് ഉപവാസം സൂചിപ്പിക്കുക. പ്രവാചകഗ്രന്ഥങ്ങളിൽ ജീവിതവുമായി ബന്ധപ്പെടാത്ത ഉപവാസത്തെ പ്രവാചകർ നിശിതമായി വിമർശിക്കുന്നുണ്ട്. (ഏശ 58:1-5). ഇത്തരം ഉപവാസങ്ങളിൽ ദൈവം പ്രസാദിക്കുകയില്ലെന്നു അവർ ചൂണ്ടിക്കാട്ടി (ജറെ 14:12). ദൈവം ആഗ്രഹിക്കുന്ന ഉപവാസത്തെക്കുറിച്ചു പ്രവാചകന്മാർ വ്യക്തമായി പഠിപ്പിക്കുന്നുണ്ട് (ഏശ 58:6-8; ജോയേ 2:12-13). ആന്തരിക വിശുദ്ധീകരണമാണ് ഉപവാസംകൊണ്ട് ഉദ്ദേശിക്കുന്നത്.

ഉപവാസത്തെക്കുറിച്ച് സുവിശേഷങ്ങളിൽ പരാമർശമുണ്ട്. ദൈവത്തോടു ബന്ധപ്പെടുവാനുള്ള സ്വീകാര്യമായ മാർഗ്ഗങ്ങളിൽ ഒന്നായാണ് സുവിശേഷകന്മാർ ഉപവാസത്തെ കാണുന്നത്. യേശു തൻെറ പരസ്യജീവി

www.malankaralibrary.com

ത്തിന് ഒരുക്കമായി സ്വീകരിച്ച മാമ്മോദീസയ്ക്കുശേഷം നാല്പതു രാവും പകലും മരുഭൂമിയിൽ ഉപവാസവും പ്രാർത്ഥനയുമായി ചിലവഴിക്കുന്നു (മത്താ 4:1-11; മർക്കോ 1:12-13; ലൂക്കാ 4:1-13). ഉപവാസത്തിനുള്ള പ്രാധാന്യത്തെയാണ് ഇതു വെളിവാക്കുന്നത്. ഉപവാസത്തിൻെറ ബാഹ്യാനുഷ്ഠാനത്തേക്കാൾ അതിൻെറ ആന്തരികതയ്ക്കാണ് യേശു പ്രാധാന്യം നൽകുന്നത്. മറ്റുള്ളവരെ കാണിക്കുവാൻവേണ്ടിയാകരുത് ഉപവസിക്കുന്നതെന്ന് അവിടുന്നു വ്യക്തമാക്കി. "നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നുവെന്ന് അന്യരെ കാണിക്കുവാൻ വേണ്ടി അവർ മുഖം വികൃതമാക്കുന്നു.... എന്നാൽ നീ ഉപവസിക്കുന്നത് അദൃശ്യനായ പിതാവല്ലാതെ മറ്റാരും കണാതിരിക്കുന്നതിന്, ശിരസ്സിൽ തൈലം പുരട്ടുകയും മുഖം കഴുകുകയും ചെയ്യുക" (മത്താ 6:16-18; മർക്കോ 9:29). പരസ്യജീവിതകാലത്ത് യേശു ഉപവസിക്കുന്നതായി സുവിശേഷകന്മാർ രേഖപ്പെടുത്തുന്നില്ലെങ്കിലും ഒരു യഥാർത്ഥ യഹൂദനെന്ന നിലയിൽ നിയമം അനുശാസിക്കുന്ന ഉപവാസം യേശുവും ശിഷ്യരും അനുഷ്ഠിച്ചിരുന്നു എന്നു കരുതാം. യേശുവിൻെറ ശിഷ്യന്മാർ ഉപവസിക്കാത്തതെന്ത് എന്ന ചോദ്യത്തിന് യേശു നൽകുന്ന മറുപടി ഉപവാസത്തെ സംബന്ധിച്ച് ആഴമായ ദർശനം നൽകുന്നതാണ് (മർക്കോ 2:18-22; മത്താ 9:14-15). ദൈവവുമായുള്ള ബന്ധമാണ് ഉപവാസംകൊണ്ട് ഉദ്ദേശിക്കുന്നതെന്നും അവിടുന്ന് കൂടെയുള്ളപ്പോൾ ഉപവസിക്കേണ്ട ആവശ്യമില്ലെന്നും യേശു വ്യക്തമാക്കുകയാണിവിടെ.

ആദിമസഭയിലും വിശ്വാസികൾ ഉപവാസത്തിനു പ്രാധാന്യം നൽകിയിരുന്നു. ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ശേഷമാണ് അന്ത്യോക്യായിലെ സഭയിലെ ശ്രേഷ്ഠന്മാർ സാവൂളിനേയും ബർണബാസിനേയും സുവിശേഷവേലയ്ക്കായി അഭിഷേചിക്കുന്നത് (അപ്പ 13:1-3). പിന്നീട് ബർണബാസും സാവൂളും പ്രാർത്ഥനയ്ക്കും ഉപവാസത്തിനും ശേഷമാണ് സഭാശ്രേഷ്ഠന്മാരെ നിയമിച്ചിരുന്നത് (അപ്പ 14:23). തൻെറ ജീവിതത്തിൻെറ ഭാഗമായി ഉപവാസത്തെ പൗലോസ് കാണുന്നുണ്ട് (2 കോറി 6:5; 11:27). പൗരസ്ത്യ സഭകൾ ഉപവാസ പാരമ്പര്യം തീക്ഷ്ണതയോടെ അനുഷ്ഠിച്ചു വരുന്നു.

## 2. പ്രാർത്ഥന

ഇസ്രായേൽക്കാരുടെ മതജീവിതത്തിൽ പ്രാർത്ഥനയ്ക്ക് വലിയ സ്ഥാനമാണുള്ളത്. സീനായി ഉടമ്പടി വഴി രൂപംകൊണ്ട ഇസ്രായേൽ സമൂഹം ദൈവത്തെ തങ്ങളുടെ സ്രഷ്ടാവും, രക്ഷകനും പരിപാലകനുമായി

www.malankaralibrary.com

അംഗീകരിച്ചു (പുറ 19:5-8). ജീവിതത്തിലെ എല്ലാ അനുഭവങ്ങളിലും, വിജയത്തിലും പരാജയത്തിലും സന്തോഷത്തിലും സന്താപത്തിലും തങ്ങളുടെ നാഥനായ ദൈവത്തോട് പ്രാർത്ഥനയിലൂടെ ബന്ധപ്പെട്ടിരുന്നു. ഉടമ്പടി വഴി ഒരു വ്യക്തിയോടെന്നതിലുപരി ഒരു സമൂഹത്തോടാണ് പഴയ നിയമത്തിൽ ദൈവം കൂടുതലായി ബന്ധപ്പെട്ടിരുന്നത്. ഇതിന്റെ വെളിച്ചത്തിൽ ഇസ്രായേൽക്കാർ സമുഹമായി ദൈവത്തെ സ്തുതിക്കുകയും, അവിടുത്തേക്ക് കൃതജ്ഞതയും യാചനകളും അർപ്പിക്കുകയും അവിടുത്തോട് മാപ്പപേക്ഷിക്കുകയും ചെയ്തിരുന്നു. പഴയ നിയമത്തിൽ കൂടുതൽ കാണുന്നത് സമൂഹ പ്രാർത്ഥനകളാണ്. സങ്കീർത്തനങ്ങളിൽ പ്രാർത്ഥനയുടെ സാമൂഹിക വശം ദർശിക്കാവുന്നതാണ്. വ്യക്തിപരമായ പ്രാർത്ഥനയ്ക്കും ഇസ്രായേൽക്കാർ പ്രാധാന്യം കല്പിച്ചിരുന്നു. അബ്രാഹം (ഉത്പ 20:17), മോശ (പുറ 8:30), ഹന്ന (1 സാമു 1:10-11), സാമുവൽ (1 സാമു 8:6) എന്നിവർ വ്യക്തിപരമായ പ്രാർത്ഥനയുടെ മാതൃകകളാണ്.

പ്രാർത്ഥനയെ സംബന്ധിച്ച് യഹുദരുടെ ഇടയിൽ വ്യക്തമായ നിഷ്കർഷയുണ്ടായിരുന്നു. എല്ലാ യഹൂദരും ചൊല്ലുവാൻ കടപ്പെട്ടിരുന്ന പ്രാർത്ഥനകളാണ് "ഷേമ"യും "തെഫില്ല"യും. യഹോവയുടെ കല്പനകൾ അനുഷ്ഠിച്ചുകൊണ്ട് അവിടുത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുവാനുള്ള ആഹ്വാനവും (നിയമ 6:4) കല്പനകൾ അനുസരിക്കുന്നവർക്ക് ലഭിക്കുന്ന അനുഗ്രഹവും പാലിക്കാത്തവർക്കുള്ള ശാപവും (നിയമ 11:13-21) ഉൾക്കൊള്ളുന്നതാണ് ഈ 'ഷേമ' പ്രാർത്ഥന. "തെഫില്ല" പ്രാർത്ഥന ദിവസത്തിൽ മുന്നു പ്രാവശ്യം - രാവിലെയും, ഉച്ചയ്ക്കും, വൈകിട്ടും - ആണ് ചൊല്ലേണ്ടത് (ദാനി 6:10). ഈ പ്രാർത്ഥനകൾ ജറൂസലേമിലേക്ക് തിരിഞ്ഞാണ് ചൊല്ലിയിരുന്നത്. സങ്കീർത്തനം 55:17-ൽ "തെഫില്ല" പ്രാർത്ഥനയെക്കുറിച്ചു സൂചിപ്പിക്കുന്നുണ്ട്.

പ്രാർത്ഥന പ്രധാനമായും ദേവാലയകേന്ദ്രീകൃതമായിരുന്നു. ദേവാലയം "പ്രാർത്ഥനാലയം" എന്നാണ് അറിയപ്പെട്ടിരുന്നത് (ഏശ 56:7; ലൂക്കാ 19:46). ദൈവത്തിന്റെ സജീവ സാന്നിദ്ധ്യം ഒരു വ്യക്തി കൂടുതലായി അറിയുന്നതും അനുഭവിക്കുന്നതും ദേവാലയത്തിൽ വച്ചാണ്. വർഷത്തിലൊരിക്കൽ ജറൂസലെം ദേവാലയത്തിലേക്ക് തീർത്ഥാടനം നടത്തുക യഹൂദരുടെ കടമയാണ് (1 സാമു 1:3). ദേവാലയത്തിലെ ബലികളിലും പ്രാർത്ഥനകളിലും പങ്കെടുക്കുവാൻ അവർ പ്രത്യേകം താത്പര്യം പ്രകടിപ്പിച്ചിരുന്നു. യഹുദർ ബലികളുടേയും പ്രാർത്ഥനയുടേയും ബാഹ്യമായ അനുഷ്ഠാനങ്ങളിൽ ശ്രദ്ധിക്കുകയും അവയുടെ ആന്തരികത നഷ്ടപ്പെടുത്തുകയും ചെയ്ത കാ

www.malankaralibrary.com

ലഘട്ടങ്ങളിൽ പ്രവാചകൻമാർ ജനത്തിനെതിരെ ശബ്ദമുയർത്തി. പ്രാർത്ഥന ദൈവം കേൾക്കുകയില്ലെന്ന് അവർ പ്രഖ്യാപിച്ചു (ഏശ 1:15).

വിപ്രവാസ കാലഘട്ടത്തിൽ സിനഗോഗുകൾ രൂപം കൊണ്ടതിനു ശേഷം യഹൂദർ പ്രാർത്ഥിക്കുവാൻ സിനഗോഗുകളിൽ പതിവായി സമ്മേളിച്ചിരുന്നു. നിയമത്തെക്കുറിച്ചുള്ള പ്രബോധനവും പ്രാർത്ഥനയും അവിടെ നടന്നിരുന്നു. സാബത്തു ദിവസം സിനഗോഗുകളിൽ പ്രത്യേക പ്രാർത്ഥനകളുണ്ടായിരുന്നു. ഭവനങ്ങളും പ്രാർത്ഥനയ്ക്കായി ഉപയോഗിച്ചിരുന്നു (1 രാജാ 17:20; 2 രാജാ 20:2). പെസഹാ ആഘോഷങ്ങളോടനുബന്ധിച്ചുള്ള പ്രാർത്ഥനകൾ ഭവനങ്ങളിലാണ് നടന്നിരുന്നത്. ജറൂസലേമിന് അഭിമുഖമായാണ് പ്രാർത്ഥിച്ചിരുന്നത്.

ദിവസത്തിൽ ചില പ്രത്യേക സമയങ്ങളിൽ പ്രാർത്ഥിക്കണമെന്ന് നിഷ്കർഷിച്ചിരുന്നെങ്കിലും മറ്റു സമയങ്ങളിലും ആളുകൾ പ്രാർത്ഥിച്ചിരുന്നു (സങ്കീ 86:3; 88:1; 1 സാമു 15:11). പ്രാർത്ഥനാവസരങ്ങളിൽ വ്യത്യസ്ത ശാരീരിക നിലകൾ അവർ സ്വീകരിച്ചിരുന്നു. സാധാരണയായി നിന്നുകൊണ്ടാണ് പ്രാർത്ഥിച്ചിരുന്നത് (1 സാമു 1:26; 1 രാജാ 8:22; മത്താ 6:5; ലൂക്കാ 18:11). മുട്ടിൻമേൽനിന്നും (എസ്രാ 9:5; ദാനി 6:10; ലൂക്കാ 22:41; അപ്പ 7:60) കമിഴ്ന്നു കിടന്നും (2 സാമു 12:16; 1 രാജ 18:42) തലകുനിച്ചും സ്വർഗ്ഗത്തിലേക്ക് കരങ്ങളുയർത്തിയും (1 രാജാ 8:22) പ്രാർത്ഥിച്ചിരുന്നു. അനുതാപാവസരത്തിൽ കണ്ണുകൾ താഴ്ത്തിയും മാറത്തടിച്ചും പ്രാർത്ഥിച്ചിരുന്നു (ലൂക്കാ 18:13).

മതജീവിതത്തിൽ പ്രാർത്ഥനയ്ക്ക് പ്രാധാന്യം നൽകിയിരുന്ന യഹൂദ പശ്ചാത്തലത്തിലാണ് യേശു ജീവിച്ചതും പ്രവർത്തിച്ചതും. യഹൂദ നിയമമനുസരിച്ച് യേശുവിൻെറ മാതാപിതാക്കൾ ബാലനായ യേശുവിനെ ദേവാലയത്തിൽ സമർപ്പിക്കുകയും കാഴ്ച അർപ്പിക്കുകയും ചെയ്യുന്നതായി വി. ലൂക്കാ രേഖപ്പെടുത്തുന്നുണ്ട് (ലൂക്കാ 2:21-24). യേശുവിൻെറ മാതാപിതാക്കൻമാർ ആണ്ടുതോറും പെസഹാത്തിരുനാളിനു ജറൂസലേമിൽ പോയിരുന്നു (ലൂക്കാ 2:41-42). യേശു പ്രാർത്ഥനയുടെ മനുഷ്യനായിരുന്നുവെന്ന് സുവിശേഷകൻമാർ രേഖപ്പെടുത്തുന്നുണ്ട്. (ലൂക്കാ 3:21; 9:29; മർക്കോ 14: 32-34; മത്താ 11:25-27; യോഹ 6:11; 11:41). അവിടുന്നു പ്രഭാതത്തിലും (മർക്കോ 1:35-38; ലൂക്കാ 4:42-43) രാത്രിയിലും (ലൂക്കാ 6:12; മത്താ 26:36-46) പ്രാർത്ഥിക്കുന്നു. സിനഗോഗുകളിലും ദേവാലയത്തിലും അവിടുന്നു പ്രാർത്ഥിച്ചു. പ്രാർത്ഥനയെക്കുറിച്ച് നിരവധി പ്രബോധനങ്ങളും അവിടുന്നു നൽകി. യഹൂദരുടെ അനുഷ്ഠാനപരവും പ്രകടനപരവുമായ പ്രാർത്ഥനാശൈലി തിരുത്തേണ്ടതാണെന്ന് അവിടുന്ന് ഓർമ്മിപ്പിച്ചു. പ്രാർത്ഥിക്കു

www.malankaralibrary.com

മ്പോൾ അതിഭാഷണം അരുതെന്നും (മത്താ 6:5-8) പ്രതീക്ഷ കൈവിടാതെ പ്രാർത്ഥിക്കണമെന്നും (ലൂക്കാ 11:5-8) നിരന്തരം പ്രാർത്ഥിക്കണമെന്നും (ലൂക്കാ 18:1-8), മനുഷ്യരാൽ കാണപ്പെടാൻ വേണ്ടി പ്രാർത്ഥിക്കരുതെന്നും (മത്താ 6:5), മറ്റുള്ളവരോട് ക്ഷമിച്ചുകൊണ്ടു പ്രാർത്ഥിക്കണമെന്നും അവിടുന്നു പഠിപ്പിച്ചു. സ്നേഹമുള്ള പിതാവിനോടെന്നപോലെ പ്രാർത്ഥനയിൽ ദൈവത്തെ സമീപിക്കണമെന്നും യേശു ഓർമ്മിപ്പിച്ചു (മത്താ 6:9; ലൂക്കാ 11: 2). യഥാർത്ഥ പ്രാർത്ഥന എന്തെന്നും പ്രാർത്ഥിക്കുന്ന വ്യക്തിയുടെ മനോഭാവമെന്തായിരിക്കണമെന്നും യേശു ശിഷ്യരെ പഠിപ്പിച്ച "കർത്തൃപ്രാർത്ഥന" വെളിപ്പെടുത്തുന്നു (മത്താ 6:9-15; ലൂക്കാ 11:2-4).

### 3. ദാനധർമ്മം

യഹൂദരുടെ ഭക്തകൃത്യങ്ങളിൽ ദാനധർമ്മത്തിന് ഗണനീയമായ സ്ഥാനമുണ്ടായിരുന്നു. ദരിദ്രനേയും അഗതിയേയും സഹായിക്കുവാൻ പഴയനിയമം അനുശാസിക്കുന്നു (നിയമ 15:11). അവർക്കു നൽകുന്ന സാമ്പത്തിക സഹായം പാപപരിഹാരത്തിനും കഷ്ടതയുടെ നാളുകളിൽ ദൈവത്തിൽനിന്നു സഹായം ലഭിക്കുന്നതിനുമുള്ള മാർഗ്ഗമാണ് (സങ്കീ 112:9; ദാനി 4: 27). തോബിയാസ് തോബിത്തിനു നൽകുന്ന ഉപദേശം ശ്രദ്ധേയമാണ്: "ദാനധർമ്മം ചെയ്യുന്നതിൽ മടി കാണിക്കരുത്. പാവപ്പെട്ടവനിൽനിന്നു മുഖം തിരിച്ചുകളയരുത്. അപ്പോൾ ദൈവം നിന്നിൽനിന്നു മുഖം തിരിക്കുകയില്ല. സമ്പത്തേറുമ്പോൾ അതനുസരിച്ചു ദാനം ചെയ്യുക. കുറച്ചേ ഉള്ളുവെങ്കിൽ അതനുസരിച്ചു ദാനം ചെയ്യാൻ മടിക്കരുത്..... എന്തെന്നാൽ, ദാനധർമ്മം മൃത്യുവിൽനിന്നു രക്ഷിക്കുകയും അന്ധകാരത്തിൽപെടുന്നതിൽനിന്നു കാത്തുകൊള്ളുകയും ചെയ്യുന്നു" (തോബി 4:7-10). സിനഗോഗുകളിൽ പ്രാർത്ഥനയ്ക്കുശേഷം ദരിദ്രർക്കായി പ്രത്യേക പിരിവു നടത്തിയിരുന്നു. യഹൂദരുടെ ഭക്തകൃത്യങ്ങളിൽ ദാനധർമ്മത്തിനു പ്രത്യേക സ്ഥാനമാണുണ്ടായിരുന്നത്. റബ്ബിമാർ ജനത്തെ ദാനധർമ്മത്തിനു പ്രോത്സാഹിപ്പിച്ചിരുന്നു. റബ്ബി ഹില്ലേലിൻെറ അഭിപ്രായത്തിൽ "കൂടുതൽ സഹായം നൽകുന്നതനുസരിച്ച് ജീവിതത്തിൽ സമാധാനം കൂടുതലുണ്ടാകും." ജറുസലേം ദേവാലയത്തിലേക്കു വരുന്ന തീർത്ഥാടകർ വഴിയരികിൽ ഭിക്ഷ യാചിച്ചിരുന്ന ദരിദ്രർക്കും അഗതികൾക്കും ദാനം ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നതായി ജൊസേഫുസ് രേഖപ്പെടുത്തുന്നുണ്ട്.

ദരിദ്രർക്ക് സഹായം നൽകേണ്ടതിൻെറ ആവശ്യകത സുവിശേഷങ്ങളിൽ എടുത്തുപറയുന്നുണ്ട്. യേശുവിൻെറ പ്രബോധനങ്ങൾ ഇതിലേക്കു വെളിച്ചം വീശുന്നവയാണ്. സമ്പത്തു വിറ്റു ദാനം ചെയ്യുവാനും അതുവഴി

www.malankaralibrary.com

സ്വർഗ്ഗത്തിൽ നിക്ഷേപം സംഭരിച്ചുവയ്ക്കുവാനുമുള്ള യേശുവിൻെറ ഉദ്ബോധനം (ലൂക്കാ 12:33) സമ്പൂർണ്ണ ദാനം സ്വർഗ്ഗരാജ്യപ്രവേശനത്തിനു വഴി തെളിക്കുമെന്ന് ഓർമ്മിപ്പിക്കുന്നതാണ്. യേശുശിഷ്യത്വത്തിലേക്കു പ്രവേശിക്കുവാൻ ഒരുവൻ തനിക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കേണ്ടതുണ്ട് (ലൂക്കാ 18:22). ദാരിദ്ര്യം അനുഭവിക്കുന്നവർക്കു സമ്പത്തു പങ്കുവച്ചുകൊണ്ട് ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ധനവാൻേറയും ലാസറിൻേറയും ഉപമയിലൂടെ യേശു ഓർമ്മിപ്പിക്കുന്നു (ലൂക്കാ 16:19-31). സ്വത്തിൻെറ പകുതി ദരിദ്രർക്കു പങ്കുവച്ചുകൊണ്ടും വഞ്ചിച്ചവ നാലിരട്ടിയായി തിരികെ കൊടുത്തു കൊണ്ടും രക്ഷയുടെ അനുഭവത്തിലേക്ക് സക്കേവൂസ് പ്രവേശിക്കുന്നു (ലൂക്കാ 19:8-9). ദരിദ്രനെ സഹായിക്കുന്നവൻ യേശുവിനെത്തന്നെയാണ് സഹായിക്കുന്നത് (മത്താ 25:31-45). അവിടുന്ന് അതിനു പ്രതിഫലം നല്കും. മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടി, അവരിൽനിന്നു പ്രശംസ ലഭിക്കുവാൻ വേണ്ടി ചെയ്യുന്ന ദാനധർമ്മത്തിനു പിതാവിൻെറ പക്കൽനിന്നു പ്രതിഫലം ലഭിക്കുകയില്ലെന്ന് യേശു വ്യക്തമാക്കുന്നുണ്ട് (മത്താ 6:1).

യേശുവിൻെറ പ്രബോധനം സ്വീകരിച്ച ആദിമസഭയും ദാനധർമ്മത്തിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു (അപ്പ 2:44-45; 4:32-37; 5:1-11). ഔദാര്യത്തോടെ സാധുക്കൾക്കു സംഭാവന നൽകണമെന്നും അതുവഴി അവരെ ഉയർത്തണമെന്നും പൗലോസും ഉപദേശിക്കുന്നുണ്ട് (റോമ 12:8; 15:26; 1 കോറി 16:1-3; 2 കോറി 9:1).

## തിരുനാളുകൾ

യഹൂദരുടെ മതജീവിതത്തിൻെറ അവിഭാജ്യഘടകമായിരുന്നു തിരുനാളാഘോഷങ്ങൾ. ഒരു ജനതയായി രൂപപ്പെടുന്നതിനുമുമ്പുതന്നെ യഹൂദർ തിരുനാളുകൾ ആഘോഷിക്കുവാൻ തുടങ്ങിയിരുന്നു (പുറ 5:1). ജനതയായി രൂപപ്പെട്ടതിനുശേഷം ദൈവം നൽകിയ സ്വാതന്ത്ര്യത്തേയും ഉടമ്പടിബന്ധത്തേയും അനുസ്മരിക്കുവാൻ വേണ്ടി കൂടുതൽ തിരുനാളുകൾ ആഘോഷിച്ചുതുടങ്ങി. ആരംഭ കാലഘട്ടത്തിൽ ഭവനകേന്ദ്രീകൃതമായ ആഘോഷങ്ങളാണ് നടത്തിയിരുന്നത്. ജറുസലെം ദേവാലയം നിർമ്മിച്ചതിനുശേഷം തിരുനാളുകൾ പ്രധാനമായും ദേവാലയ കേന്ദ്രീകൃതമായിത്തീർന്നു. ഇസ്രായേൽക്കാരെ സംബന്ധിച്ചിടത്തോളം തിരുനാളുകൾ സന്തോഷത്തിൻെറയും ആഹ്ലാദത്തിൻേറയും അവസരമായിരുന്നു. കാലക്രമത്തിൽ തിരുനാൾ ആഘോഷങ്ങളോടനുബന്ധിച്ച് നിരവധി ദുരാചാരങ്ങൾ കടന്നുകൂടി. അവയ്ക്കെതിരെ പ്രവാചകൻമാർ ശബ്ദമുയർത്തി (ആമോ 8:5-14; ഏശ 1:13-20).

www.malankaralibrary.com

ഇസ്രായേൽക്കാരുടെ തിരുനാളുകളെ പൊതുവെ നാലായി തിരിക്കാം.

1. ആഴ്ചയിൽ ഒരിക്കൽ ആഘോഷിക്കുന്നവ
2. മാസത്തിൽ ഒരിക്കൽ ആഘോഷിക്കുന്നവ
3. വർഷത്തിൽ ഒരിക്കൽ ആഘോഷിക്കുന്നവ
4. പ്രത്യേക അവസരങ്ങളിൽ മാത്രം ആഘോഷിക്കുന്നവ

## 1. ആഴ്ചയിൽ ഒരിക്കൽ ആഘോഷിക്കുന്നവ

**സാബത്ത്**

ആഴ്ചയിൽ ഒരിക്കൽ ആഘോഷിക്കുന്ന തിരുനാളാണ് സാബത്ത്. "വിശ്രമിക്കുക", "വിരമിക്കുക" എന്നർത്ഥം വരുന്ന 'സാബാത്ത്' എന്ന ഹീബ്രു പദത്തിൽനിന്നാണ് ഈ വാക്കിൻെറ ഉത്ഭവം. എല്ലാ ജോലികളിലും നിന്ന് മാറി വിശ്രമത്തിനായി മാറ്റിവയ്ക്കപ്പെട്ട ദിവസമായിരുന്നു സാബത്ത്. സൃഷ്ടികർമ്മം പൂർത്തിയാക്കിയശേഷം ഏഴാം ദിവസം ദൈവം വിശ്രമിച്ച് അതിനെ വിശുദ്ധമാക്കിയതിൻെറ (പുറ 2:2-3) ഓർമ്മയായിട്ടാണ് സാബത്ത് ആചരിച്ചിരുന്നത്. പിന്നീട്, ഈജിപ്തുകാരുടെ അടിമത്വത്തിൽനിന്ന് ഇസ്രായേൽ ജനത്തെ ദൈവം മോചിപ്പിച്ചതിൻെറ അനുസ്മരണയായും സാബത്ത് ആചരിക്കുവാൻ തുടങ്ങി (നിയ 5:12-15). ആ ദിവസം വിശുദ്ധമായി ആചരിക്കുവാനും എല്ലാത്തരത്തിലുള്ള ജോലികളിൽനിന്നു വിരമിക്കുവാനും നിയമം അനുശാസിച്ചിരുന്നു. എല്ലാവിധ വ്യാപാരങ്ങളും വിലക്കപ്പെട്ടിരുന്നു (ഏശ 58:3). ഭക്ഷണം പാകം ചെയ്യുകയോ (പുറ 16:23) വിറകു ശേഖരിക്കുകയോ (പുറ 15:32-36) തീ കത്തിക്കുകയോ (പുറ 35:3) ചുമടു ചുമക്കുകയോ വിൽക്കുകയോ വാങ്ങുകയോ (ജറെ 17:21) ഉഴുകയോ കൊയ്യുകയോ ചെയ്യുന്നത് (പുറ 34:21) വിലക്കപ്പെട്ടിരുന്നു. യഹൂദർ മാത്രമല്ല അവരുടെ ദാസീദാസൻമാരും, മൃഗങ്ങളും പട്ടണത്തിലുള്ള പരദേശിയും ഈ നിയമം അനുശാസിക്കുവാൻ ബാദ്ധ്യസ്ഥരായിരുന്നു. ഇത് അക്ഷരാർത്ഥത്തിലുള്ള അനുസരണമായിരുന്നു. സാബത്തു നിയമം ലംഘിക്കുന്നവന് വധശിക്ഷവരെ നല്കിയിരുന്നു (പുറ 35:3; സംഖ്യ 15:32-36). ഈ ദിവസം ദേവാലയത്തിൽ പ്രത്യേക ബലികളും പ്രാർത്ഥനകളും അർപ്പിച്ചിരുന്നു. സാബത്താചരണം യഹൂദരെ സംബന്ധിച്ചിടത്തോളം യഹോവയോടുള്ള വിശ്വസ്തതയുടെ അടയാളവും രക്ഷയുടെ ഉറപ്പുമാണ് (ഏശ 58:13-14; ജറെ 17:19-27).

www.malankaralibrary.com

യേശുവും സാബത്തും

യേശു സാബത്ത് ആചരിച്ചിരുന്നതായി സുവിശേഷകൻമാർ രേഖപ്പെടുത്തുന്നുണ്ട്. സാബത്തു ദിവസം അവിടുന്നു സിനഗോഗിൽ പോവുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു (ലൂക്കാ 4:16; 13:10; മർക്കോ 1:21). ഒരു സാബത്തു ദിവസം നസറത്തിലെ സിനഗോഗിൽ നടത്തിയ വായനയോടും അനുബന്ധപ്രഭാഷണത്തോടുംകൂടിയേശു പരസ്യജീവിതം ആരംഭിക്കുന്നതായിട്ടാണ് വി. ലൂക്ക രേഖപ്പെടുത്തുന്നത്: "യേശു താൻ വളർന്ന സ്ഥലമായ നസറത്തിൽ വന്നു. പതിവുപോലെ ഒരു സാബത്തുദിവസം അവൻ അവരുടെ സിനഗോഗിൽ പ്രവേശിച്ച് വായിക്കാൻ എഴുന്നേറ്റു നിന്നു (ലൂക്കാ 4:16). യഹൂദ റബ്ബിമാർ അനുശാസിച്ചിരുന്ന ദുഷ്ക്കരവും അനാവശ്യവുമായ സാബത്തു നിയമങ്ങൾ യേശുവിൻെറ വിമർശനത്തിനു വിധേയമായി. സാബത്തിൻെറ നിയമപരമായ അനുഷ്ഠാനത്തേക്കാൾ സ്നേഹത്തിനും കരുണയ്ക്കും അവിടുന്നു പ്രാധാന്യം നൽകി. സാബത്തു നൻമ ചെയ്യുവാനുള്ള അവസരമായി യേശു മനസ്സിലാക്കി (മർക്കോ 3:4-5; ലൂക്കാ 13:10-17; യോഹ 7:21-24). അവിടുന്നു സാബത്തിൽ അനേകർക്കു രോഗശാന്തി നൽകി. ഇതുവഴി സാബത്തിനെ രക്ഷയുടെ ദിനമായി യേശു പ്രഖ്യാപിച്ചു. സാബത്താചരണത്തിൻെറ ബാഹ്യമായ അനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധിച്ചിരുന്ന യഹൂദർ യേശുവിനെതിരെ സാബത്തുലംഘനക്കുറ്റം ആരോപിക്കുന്നതായി എല്ലാ സുവിശേഷകൻമാരും രേഖപ്പെടുത്തുന്നുണ്ട് (മത്താ 12:1-8; 9-14; മർക്കോ 2:23-28; 3:1-6; ലൂക്കാ 6:1-5, 6-11; യോഹ 7:23). "സാബത്ത് മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ സാബത്തിനുവേണ്ടിയല്ല" (മർക്കോ 2:27) എന്ന യേശുവിൻെറ പ്രഖ്യാപനം സാബത്താചരണത്തിൻെറ അനുഷ്ഠാനപരത യിൽ മാത്രം ശ്രദ്ധിച്ചിരുന്ന യഹൂദജനതയുടെ സങ്കല്പത്തെ തിരുത്തുവാൻവേണ്ടിയുള്ളതായിരുന്നു. അവിടുന്ന് സാബത്തിൻേറയും കർത്താവാണ് (മർക്കോ 2:28).

ആദിമ ക്രൈസ്തവരും സാബത്ത് ആചരിച്ചിരുന്നു. സാബത്തിൽ പൗലോസ് സിനഗോഗിൽ പോവുകയും ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്യുന്നതായി അപ്പസ്തോലപ്രവർത്തനങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (അപ്പ 13:14-16; 20:7). കാലക്രമത്തിൽ യേശുവിൻെറ ഉത്ഥാനദിവസമായ ഞായറാഴ്ച സാബത്തു ദിവസമായി ആചരിക്കുവാൻ തുടങ്ങി. ഈ ദിവസം ദൈവശുശ്രൂഷയ്ക്കും വിശ്രമത്തിനുമായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

## 2. മാസത്തിലൊരിക്കൽ ആഘോഷിക്കുന്ന തിരുനാൾ

അമാവാസി

ഓരോ മാസത്തിൻെറയും ആദ്യ ദിവസം പ്രത്യേക ബലികളും കാഴ്ചകളും അർപ്പിച്ചുകൊണ്ട് അമാവാസി തിരുനാൾ ആചരിച്ചിരുന്നു (സംഖ്യ 28: 11-15; എസ്രാ 3:5). ഈ ദിവസത്തിൽ ദേവാലയശുശ്രൂഷ ചെയ്യുവാൻ പ്രത്യേകം ലേവായരെ നിയമിച്ചിരുന്നു (1 ദിന 23:31). നിയമം മൂലം ജോലി മുടക്കപ്പെട്ടിരുന്നില്ലെങ്കിലും അമാവാസി ദിനത്തിൽ യഹൂദർ സാധാരണയായി ജോലിചെയ്തിരുന്നില്ല. അമാവാസി ആചരണത്തിൽ പില്കാലത്ത് അനാചാരം കടന്നുകൂടുകയും പ്രവാചകൻ അവയ്ക്കെതിരെ ശബ്ദമുയർത്തുകയും ചെയ്യുന്നുണ്ട് (ഏശ 1:13-14). സുവിശേഷങ്ങളിൽ അമാവാസിയാചരണത്തെക്കുറിച്ചു പ്രതിപാദിക്കുന്നില്ലെങ്കിലും പൗലോസിൻെറ ലേഖനങ്ങളിൽ ഇതേക്കുറിച്ചു പരാമർശമുണ്ട്. സാബത്തും അമാവാസിയും ഉത്സവങ്ങളും എല്ലാം പൗലോസിനെ സംബന്ധിച്ചിടത്തോളം വരാനിരുന്നവൻെറ പ്രതിച്ഛായകൾ മാത്രമാണ് (കൊളോ 2:16-17). വിജാതീയരുടെ അമാവാസിയാചരണത്തിൽ പങ്കുചേർന്ന് പ്രപഞ്ചശക്തികളുടെ പക്കലേക്കു തിരിയുന്നതിനെ അദ്ദേഹം ഗലാത്തിയർക്കുള്ള ലേഖനത്തിൽ വിമർശിക്കുന്നുണ്ട് (ഗലാ 4:8-11).

## 3. വാർഷികത്തിരുനാളുകൾ

യഹൂദർ നിരവധി വാർഷികത്തിരുനാളുകൾ ആഘോഷിച്ചിരുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവ പെസഹാത്തിരുനാൾ, കൂടാരത്തിരുനാൾ, പന്തക്കുസ്ത തിരുനാൾ എന്നിവയാണ്.

പെസഹാത്തിരുനാൾ

ഇസ്രായേൽ ജനത്തെ ദൈവം ഈജിപ്തിൽനിന്നും മോചിപ്പിച്ചതിൻെറ ഓർമ്മയായിട്ടാണ് പെസഹാത്തിരുനാൾ ആഘോഷിച്ചിരുന്നത് (പുറ 12:11-14; നിയ 16:1-2). ഈ തിരുനാൾ വർഷംതോറും ആചരിക്കുവാൻ നിയമം നിഷ്കർഷിച്ചിരുന്നു (പുറ 12:14). വർഷത്തിൻെറ ആദ്യമാസമായ നീസാൻ മാസം (നെഹെ 2:1; എസ്തേ 3:7) 14-15 തീയതികളിലാണ് യഹൂദർ പെസഹാ ആചരിച്ചിരുന്നത് ('അബീബ്' എന്നും ഒന്നാം മാസം അറിയപ്പെട്ടിരുന്നു - നിയ 16:1).

ഈ ആഘോഷം ഏഴു ദിവസം നീണ്ടുനിന്നിരുന്നു. 14-ാം തീയതി വൈകുന്നേരമാണ് പെസഹാ ഭക്ഷണം (ലേവ്യ 23:5). അതിനു പ്രത്യേക ക്രമങ്ങളുണ്ടായിരുന്നു. പുറപ്പാടിൻെറ പുസ്തകം 12:11-14ൽ വിശദമായി

www.malankaralibrary.com

ഇതേക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. അതനുസരിച്ച് ഓരോ വീട്ടുകാരും പെസഹാഭക്ഷണത്തിനു വേണ്ട കുഞ്ഞാടിനെ 10-ാം തീയതി തിരഞ്ഞെടുക്കുകയും അതിനെ 14-ാം തീയതി വൈകുന്നേരം ബലിയർപ്പിക്കുകയും ചെയ്യണം. കുഞ്ഞാടിൻെറ രക്തം വീടിൻെറ കട്ടിലക്കാലുകളിലും മേൽപ്പടിയിലും തളിക്കുകയും അതിൻെറ മാംസം ചുട്ട് പുളിപ്പില്ലാത്ത അപ്പവും കയ്പ്പുള്ള ഇലകളും കൂട്ടി അന്നു രാത്രിതന്നെ ഭക്ഷിക്കുകയും ചെയ്യണം. പരിച്ഛേദിതർ മാത്രമേ പെസഹാ ഭക്ഷിക്കുവാൻ പാടുള്ളൂ (പുറ 12: 43-45). കുടുംബാംഗങ്ങൾ അര മുറുക്കി ചെരിപ്പുകളണിഞ്ഞ് വടി കയ്യിലേന്തി തിടുക്കത്തിലാണ് ഭക്ഷിക്കേണ്ടത്. പെസഹാക്കുഞ്ഞാടിനെ കൊല്ലുമ്പോൾ അസ്ഥികൾ ഒന്നുപോലും ഒടിക്കരുതെന്നു പ്രത്യേകം നിഷ്കർഷിച്ചിരുന്നു (പുറ 12:46). പെസഹാത്തിരുനാളിനോടനുബന്ധിച്ച് യഹൂദർ ജറുസലെം ദേവാലയത്തിലേക്കു തീർത്ഥാടനം നടത്തിയിരുന്നു.

പെസഹാഭക്ഷണത്തിൻെറ പിറ്റേ ദിവസം "പുളിപ്പില്ലാത്ത അപ്പ"ത്തിൻെറ തിരുനാൾ ആരംഭിക്കുന്നു. ഏഴു ദിവസം നീണ്ടുനിൽക്കുന്ന ഈ തിരുനാൾ ദിവസങ്ങളിൽ പുളിപ്പില്ലാത്ത മാവുകൊണ്ടുണ്ടാക്കിയ അപ്പമാണ് യഹൂദർ ഭക്ഷിച്ചിരുന്നത് (പുറ 34:18-19; ലേവ്യ 23:6). തിരുനാളിൻെറ ആദ്യ ദിവസവും അവസാന ദിവസവും ദാസ്യവേലകൾ നിരോധിക്കപ്പെട്ടിരുന്നു. ആരംഭത്തിൽ "പുളിപ്പില്ലാത്ത അപ്പത്തിൻെറ തിരുനാൾ" പ്രത്യേക തിരുനാളായാണ് ആഘോഷിച്ചിരുന്നതെങ്കിലും പിൽക്കാലത്ത് പുളിപ്പില്ലാത്ത അപ്പത്തിൻെറ തിരുനാൾ ദിനങ്ങൾ ഉൾപ്പെടെയുള്ള ദിനങ്ങളെ പെസഹാത്തിരുനാൾ ദിവസങ്ങളായി കരുതിവന്നു. ചില ബൈബിൾ പണ്ഡിതൻമാരുടെ അഭിപ്രായത്തിൽ ഈ രണ്ടു തിരുനാളുകളും ഇസ്രായേൽക്കാർ മറ്റു ജനതകളുടെ പാരമ്പര്യത്തിൽനിന്നും സ്വീകരിച്ച് രക്ഷാകരമായ അർത്ഥം നൽകി സംയോജിപ്പിച്ചതാണ്.

യേശുവിൻെറ കാലത്ത് വർഷംതോറും ആഘോഷിക്കുന്ന തിരുനാളുകളിൽ ഏറ്റവും പ്രധാനപ്പെട്ട തിരുനാളായിരുന്നു പെസഹാത്തിരുനാൾ. പതിനായിരക്കണക്കിന് യഹുദർ ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്ന് ജറുസലെം ദേവാലയത്തിൽ തീർത്ഥാടകരായി വന്നിരുന്നു. 10 പേരെങ്കിലും അടങ്ങിയ ഗ്രൂപ്പുകളായി സങ്കീർത്തനങ്ങളാലപിച്ചാണ് തീർത്ഥാടകർ വന്നിരുന്നത്. ഇസ്രായേൽ ജനത്തെ ഈജിപ്തിൽനിന്നും ദൈവം മോചിപ്പിച്ചതിൻെറ അനുസ്മരണയായിട്ടാണ് പഴയനിയമത്തിൽ പെസഹാത്തിരുനാൾ ആഘോഷിച്ചിരുന്നത്. യേശുവിൻെറ കാലഘട്ടത്തിൽ പ്രസ്തുത അനുസ്മരണയോടൊപ്പം വരാനിരിക്കുന്ന മിശിഹായെക്കുറിച്ചും അദ്ദേഹം നൽകുന്ന

www.malankaralibrary.com

രക്ഷയെക്കുറിച്ചുമുള്ള പ്രത്യാശ ഈ ആഘോഷവേളയിൽ വളരെ സജീവമായി യഹൂദർക്കിടയിൽ ഉണ്ടായിരുന്നു (യോഹ 6:15; മർക്കോ 15:7). പെസഹാത്തിരുനാളിനോടനുബന്ധിച്ച് ചില യഹൂദ വിപ്ലവകാരികൾ അഭിനവ മിശിഹാമാരായി പ്രത്യക്ഷപ്പെട്ടിരുന്നു. റോമക്കാർ പ്രസ്തുത നീക്കങ്ങളെ അടിച്ചമർത്തിയിരുന്നു. യേശുവിനെ രാജാവാക്കുവാൻ ബലമായി യഹൂദർ പിടിച്ചുകൊണ്ടുപോകുവാൻ ശ്രമിച്ചതും (യോഹ 6:15) പെസഹാത്തിരുനാൾ വേളയിൽ അവിടുത്തേക്ക് രാജകീയ സ്വീകരണം ജറുസലെമിൽ ലഭിച്ചതും ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കാവുന്നതാണ്.

ഒരു യഥാർത്ഥ യഹൂദനെന്ന നിലയിൽ യേശുവും പെസഹാ ആഘോഷിച്ചിരുന്നു. അവിടുന്ന് തിരുനാളിനോടനുബന്ധിച്ച് ജറുസലെം ദേവാലയത്തിൽ പോയിരുന്നു (ലൂക്കാ 2:42; യോഹ 2:13; 6:4). സമാന്തര സുവിശേഷങ്ങളുടെ വിവരണമനുസരിച്ച് യേശുവിൻെറ അന്ത്യ അത്താഴം പെസഹാ ഭക്ഷണമായിരുന്നു (മത്താ 26:17-25; മർക്കോ 14:12-21; യോഹ 13:21-31). യേശുവിനെ വിചാരണചെയ്യുന്നതും വിധിക്കുന്നതും, മരണശിക്ഷ നടപ്പാക്കുന്നതും പെസഹാക്കാലത്തായിരുന്നു. വി.യോഹന്നാൻെറ വിവരണമനുസരിച്ച് യേശുവിൻെറ മരണം പെസഹാക്കുഞ്ഞാടിനെ കൊല്ലുന്ന സമയത്തായിരുന്നു. പെസഹാക്കുഞ്ഞാടിനെ കൊല്ലുമ്പോൾ അതിൻെറ അസ്ഥികൾ ഒന്നുപോലും തകർക്കരുതെന്ന നിയമം (പുറ 12:46) യേശുവിൽ നിറവേറ്റുന്നതായി വി.യോഹന്നാൻ രേഖപ്പെടുത്തുന്നുണ്ട് (യോഹ 19:36). മനുഷ്യവർഗ്ഗത്തെ മുഴുവൻ മോചിപ്പിക്കുന്ന പെസഹാക്കുഞ്ഞാടായി യേശുവിനെ പുതിയനിയമ ഗ്രന്ഥകാരൻമാർ അവതരിപ്പിക്കുന്നു (യോഹ 1:29; 19:36; 1 കോറി 5: 7; 1 പത്രോ 1:19; വെളി 5:6; 9:12; 12:11). യേശുവിൻെറ കറയില്ലാത്ത രക്തം വിലയായി കൊടുത്ത് മോചിക്കപ്പെട്ട ദൈവജനമായി വി. പത്രോസ് ക്രൈസ്തവരെ ചിത്രീകരിക്കുന്നു (1 പത്രോ 1:19). പുതിയനിയമത്തിലെ പെസഹാ പഴയനിയമ പെസഹായുടെ പൂർത്തീകരണവും പൂർണ്ണതയുമാണ്.

കൂടാരത്തിരുനാൾ

"കർത്താവിൻെറ തിരുനാൾ" (ലേവ്യ 23:39), "തിരുനാൾ" (1 രാജാ 8: 2) എന്നീ പേരുകളിലും അറിയപ്പെട്ടിരുന്ന കൂടാരത്തിരുനാൾ 7-ാം മാസം (തിഷ്രി) 15-ാം തീയതി ആരംഭിക്കുന്നു. ഏഴു ദിവസങ്ങൾ ഇതിൻെറ ആഘോഷം നീണ്ടുനിന്നിരുന്നു. ഈ ദിവസങ്ങളിൽ ഇസ്രായേൽക്കാർ വൃക്ഷങ്ങളുടെ ശാഖകൾകൊണ്ടു നിർമ്മിച്ച കൂടാരങ്ങളിലാണ് താമസിച്ചിരുന്നത്. ഈജിപ്തിൽനിന്നും പുറപ്പെട്ട ഇസ്രായേൽ ജനം യാത്രയ്ക്കിടയിൽ മരുഭൂമിയിൽ കൂടാരങ്ങളിൽ താമസിച്ചിരുന്നതിൻെറ ഓർമ്മയ്ക്കാണ് ഇപ്രകാരം ചെയ്തി

www.malankaralibrary.com

രുന്നത് (ലേവ്യ 23:33-43). ആരംഭത്തിൽ ഇത് ഒരു കാർഷികോത്സവമായിരുന്നു. തിരുനാൾ ആഘോഷിക്കുവാൻ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി യഹൂദർ ജറുസലെമിൽ വരാറുണ്ടായിരുന്നു. ദേവാലയത്തിൽ സ്ത്രീകൾക്കായി മാറ്റിവച്ചിരിക്കുന്ന സ്ഥലം മുഴുവൻ ദീപാലംകൃതമാക്കിയിരുന്നു. തിരുനാൾ ദിവസങ്ങളിൽ ദേവാലയത്തിൽ പ്രത്യേകം ബലികളർപ്പിച്ചിരുന്നു. തിരുനാളിന്റെ അവസാന ദിവസമായിരുന്നു ഏറ്റവും പ്രധാനപ്പെട്ട ദിവസം. അന്ന് ആഘോഷമായി ശിലോഹാക്കുളത്തിൽനിന്ന് പുരോഹിതൻ സ്വർണ്ണനിർമ്മിതമായ പാത്രം ഉപയോഗിച്ച് വെള്ളം എടുക്കുകയും അതിൽ വീഞ്ഞ് കലർത്തിയശേഷം ഏഴു പ്രാവശ്യം ബലിപീഠത്തിനു പ്രദിക്ഷിണം വച്ച് വെള്ളം അൾത്താരയിൽ തളിക്കുകയും ചെയ്തിരുന്നു. ഓരോ ഏഴു വർഷത്തിലും ഈ തിരുനാളിൽ നിയമഗ്രന്ഥം മുഴുവൻ പരസ്യമായി വായിച്ചിരുന്നു (നിയ 31:9-13). കൂടാരത്തിരുനാൾ യഹൂദജനതയുടെയിടയിൽ വളരെ പ്രസിദ്ധമായ തിരുനാളായിരുന്നു. ഈ തിരുനാളിനെ ഏറ്റവും പരിശുദ്ധവും ഉന്നതവുമായ തിരുനാളെന്നാണ് ചരിത്രകാരനായ ജൊസേഫുസ് വിളിക്കുക.

കൂടാരത്തിരുനാളിനെക്കുറിച്ച് വി.യോഹന്നാന്റെ സുവിശേഷത്തിൽ പരാമർശമുണ്ട് (യോഹ 7). ഈ തിരുനാൾ ദിവസം യേശു ജറുസലേമിലേക്കു പോവുകയും ദേവാലയത്തിൽ പഠിപ്പിക്കുകയും ചെയ്തു (യോഹ 7: 14). "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന് വി. ലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ 7:37-38) എന്ന് യേശു പ്രഖ്യാപിച്ചത് കൂടാരത്തിരുനാളിന്റെ അവസാനദിവസമായിരുന്നു. കൂടാരത്തിരുനാളിന്റെ ഏറ്റവും അവസാന ദിവസമാണല്ലൊ പുരോഹിതൻ ആഘോഷമായി ശിലോഹക്കുളത്തിൽനിന്ന് വെള്ളം ദേവാലയത്തിലേക്ക് കൊണ്ടുവന്നിരുന്നത്.

### പന്തക്കുസ്ത തിരുനാൾ

"വിളവെടുപ്പു തിരുനാൾ" (പുറ 23:16), "ആഴ്ചകളുടെ തിരുനാൾ" (പുറ 34:22), "ആദ്യഫലങ്ങളുടെ തിരുനാൾ" (സംഖ്യ 28:26) എന്നിങ്ങനെയുള്ള പേരുകളിലും അറിയപ്പെടുന്ന ഈ തിരുനാൾ പെസഹാത്തിരുനാൾ ആഘോഷിക്കുന്ന ആഴ്ചയിലെ സാബത്തു മുതൽ ഏഴ് ആഴ്ചകൾക്കു ശേഷമുള്ള സാബത്തു ദിനത്തിലാണ് ആഘോഷിച്ചിരുന്നത്. 50-ാം ദിവസം എന്നർത്ഥം വരുന്ന "പന്തക്കുസ്ത" എന്ന പേര് ഈ തിരുനാളിനു ലഭിക്കുവാൻ കാരണമിതാണ്. ആരംഭത്തിൽ ഇത് വിളവെടുപ്പു തിരുനാളായിരുന്നു.

www.malankaralibrary.com

കാലക്രമത്തിൽ സീനായ് മലയിൽ വച്ച് ദൈവം മോശയ്ക്കു പ്രമാണങ്ങൾ നല്കിയതിൻെറ ഓർമ്മയ്ക്കായി ഈ തിരുനാൾ ആഘോഷിക്കുവാൻ തുടങ്ങി. കുടുംബാംഗങ്ങളോടൊപ്പം സമൂഹത്തിലെ അവഗണിക്കപ്പെട്ടവരും ഈ തിരുനാളിൽ പങ്കെടുത്തിരുന്നു (നിയ 16:11-12).

ഈ തിരുനാളിൽ അനുഷ്ഠിക്കേണ്ട കർമ്മങ്ങളെക്കുറിച്ച് ലേവ്യ 23: 15-21 ൽ വിശദീകരിക്കുന്നുണ്ട്. ഈ തിരുനാളിനോടനുബന്ധിച്ച് ജനങ്ങൾ ജറുസലെം ദേവാലയത്തിൽ വന്നിരുന്നു. ഈ തിരുനാൾ ആഘോഷിക്കേണ്ട ദിവസത്തെക്കുറിച്ച് ഫരിസേയരും സദുക്കായരും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായിരന്നു. ഫരിസേയരുടെ അഭിപ്രായത്തിൽ പെസഹാത്തിരുനാളിൻെറ പിറ്റേ ദിവസം മുതൽ ഏഴ് ആഴ്ചകൾക്കുശേഷം വരുന്ന ദിവസമാണ് ഈ തിരുനാൾ ആചരിക്കേണ്ടത്. ഈ ദിവസം ആഴ്ചയിലെ ഏതു ദിവസവുമാകാം. എന്നാൽ സദുക്കായരുടെ അഭിപ്രായത്തിൽ ഈ തിരുനാൾ സാബത്തു ദിവസം മാത്രമേ ആചരിക്കുവാൻ പാടുള്ളൂ. പെസഹാത്തിരുനാൾ കഴിഞ്ഞു വരുന്ന സാബത്തുമുതൽ ഏഴ് ആഴ്ചകളാണ് അവർ കണക്കുകൂട്ടിയിരുന്നത്.

സുവിശേഷങ്ങളിൽ ഈ തിരുനാളിനെക്കുറിച്ചു പരാമർശമൊന്നുമില്ല. അപ്പസ്തോലപ്രവർത്തനങ്ങളിലും കൊറിന്ത്യർക്കെഴുതിയ ലേഖനത്തിലും പന്തക്കുസ്ത തിരുനാളിനെക്കുറിച്ച് രേഖപ്പെടുത്തുന്നുണ്ട്. ഈ തിരുനാൾദിവസമാണ് അപ്പസ്തോലൻമാരുടെ മേൽ പരിശുദ്ധാത്മാവു വന്നതും (അപ്പ 2:1-4) അവർ ധൈര്യപൂർവ്വം വചനം പ്രസംഗിക്കുവാൻ ആരംഭിച്ചതും. സഭയുടെ ഉദ്ഘാടന ദിവസമാണ് പന്തക്കുസ്താ ദിനം എന്നു പറയാം. സീനായ് മലയിൽ വച്ച് ഒരു പുതിയ ജനം രൂപംകൊണ്ടതിൻെറയും അവർക്കു നിയമം നൽകിയതിൻേറയും ഓർമ്മ ആചരിക്കുന്ന ദിവസം ഒരു പുതിയ ജനം (പുതിയ ഇസ്രായേൽ-സഭ) രൂപം കൊണ്ടു. പൗലോസ് ഈ തിരുനാൾ ആഘോഷിച്ചിരുന്നതായി നാം വായിക്കുന്നുണ്ട് (അപ്പ 20:16; 1 കോറി 16:8). ഇന്ന് നാം പന്തക്കുസ്താ തിരുനാളിനെ മനസ്സിലാക്കുക പരിശുദ്ധാത്മാവിൻെറ ആഗമനദിവസമായാണ്.

## 4. പ്രത്യേക അവസരങ്ങളിൽ ആഘോഷിക്കുന്ന തിരുനാളുകൾ

### സാബത്തുവർഷം

എല്ലാ ഏഴാം വർഷവും സാബത്തുവർഷമായി യഹൂദർ ആചരിച്ചിരുന്നു. ഇതിൻെറ ആചരണത്തെക്കുറിച്ച് പഴയനിയമത്തിൽ പലയിടത്തും പരാമർശിക്കുന്നുണ്ട് (പുറ 23:10-13; ലേവ്യ 25:1-7; നിയ 15:1-11). സാബത്തു

www.malankaralibrary.com

ദിവസം പോലെ ഇതു വിശുദ്ധമായി ആചരിക്കേണ്ട വർഷമാണ്. സാബത്തു വർഷം അടിമകളെ സ്വതന്ത്രരാക്കുവാനും (പുറ 21:12; നിയ 15:12) കടം ഇളവു ചെയ്യുവാനും (നിയ 15:1-5) നിയമംമൂലം യഹൂദർ കടപ്പെട്ടിരുന്നു. ആ വർഷം ഭൂമിയിൽ കൃഷിചെയ്യുവാൻ പാടില്ലായിരുന്നു. എല്ലാ സാബത്തു വർഷവും ഇസ്രായേൽ ജനം ഒരുമിച്ചു കൂടുമ്പോൾ നിയമഗ്രന്ഥം വായിച്ചിരുന്നു (നിയ 31:9-12). സാബത്തുവർഷം കൃത്യമായി പാലിക്കുവാൻ ഇസ്രായേൽക്കാർ പരാജയപ്പെട്ടു. നെഹമിയയുടെ കാലഘട്ടത്തിൽ ഇത് കൃത്യമായി പാലിക്കുവാൻ തുടങ്ങിയെന്ന് സൂചനയുണ്ട്.

**ജൂബിലി വർഷം**

ഓരോ 50-ാം വർഷവും ഇസ്രായേൽക്കാർ ജൂബിലിവർഷമായി ആചരിച്ചിരുന്നു. ഏഴ് സാബത്തുവർഷങ്ങൾ ചേർന്നതാണ് ഒരു ജൂബിലിവർഷം. 49-ാം വർഷത്തിൽ പാപപരിഹാരദിനത്തിൽ (7-ാം മാസം 10-ാം ദിവസം) കാഹളം മുഴക്കുന്നതോടുകൂടിയാണ് ഇത് ആരംഭിക്കുന്നത്. ലേവ്യരുടെ പുസ്തകം 25-ാം അദ്ധ്യായത്തിൽ ഇതിന്റെ ആഘോഷങ്ങളെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ജൂബിലിവർഷം വിശുദ്ധമായി ആചരിക്കുവാൻ ഇസ്രായേൽജനം കടപ്പെട്ടിരുന്നു. ഇത് സ്വാതന്ത്ര്യത്തിന്റെ വർഷമാണ്. ദേശത്തുള്ള എല്ലാവർക്കും സ്വാതന്ത്ര്യം നൽകുവാനും ഓരോരുത്തരും താന്താങ്ങളുടെ സ്ഥലത്തേക്കു തിരികെപ്പോകുവാനും നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷം. ആ വർഷം വിതയ്ക്കുവാനോ ഭൂമിയിൽ താനേ വളരുന്നവ കൊയ്യുവാനോ അനുവാദമുണ്ടായിരുന്നില്ല. ദൈവത്തിന്റെ പിതൃത്വവും പരിപാലനയും അംഗീകരിച്ച് ഏറ്റുപറയുവാനും മനുഷ്യരുടെ സാഹോദര്യം പ്രായോഗികജീവിതത്തിൽ അഭ്യസിക്കുവാനും ജൂബിലിവർഷം പ്രത്യേകമായ വിധത്തിൽ യഹൂദർ കടപ്പെട്ടിരുന്നു. നസ്രസ്സിലെ സിനഗോഗിൽ വച്ച് യേശു നടത്തിയ പ്രഭാഷണത്തിൽ പരാമർശിക്കുന്ന "കർത്താവിനു സ്വീകാര്യമായ വത്സരം" (ലൂക്കാ 4:19) ജൂബിലി വർഷമാണ്.

## യഹൂദപുരോഹിതർ

യഹൂദജനതയുടെ മതജീവിതത്തിന് നേതൃത്വം നൽകിയിരുന്നത് പുരോഹിതരായിരുന്നു. കാലക്രമത്തിൽ യഹൂദജനതയുടെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ കാര്യങ്ങളിലും അവർക്ക് സ്വാധീനമുണ്ടായി. പ്രധാനപുരോഹിതനുൾപ്പെട്ട പുരോഹിതഗണമാണ് ദേവാലയത്തിന്റെ മേൽനോട്ടം വഹിച്ചിരുന്നത്. ദേവാലയത്തിലെ അതിവിശുദ്ധസ്ഥലത്ത് പ്രവേശിക്കാനുള്ള അധികാരം പ്രധാനപുരോഹിതനു മാത്രമേ ഉണ്ടായിരുന്നു

www.malankaralibrary.com

ള്ളൂ. ഈ അതിവിശുദ്ധസ്ഥലത്ത് ദൈവത്തിൻെറ പ്രത്യേക സാന്നിധ്യമുണ്ടെന്ന് യഹൂദജനത വിശ്വസിച്ചിരുന്നു. ദൈവത്തിൻെറ വെളിപാടുകൾ ലഭിച്ചിരുന്ന പ്രധാനപുരോഹിതനും മറ്റ് പുരോഹിതരും അനുശാസിച്ചിരുന്ന കാര്യങ്ങളെല്ലാം യഹൂദജനത അക്ഷരംപ്രതി പാലിച്ചിരുന്നു. ഇത്തരമൊരു മതസംവിധാനത്തിൻെറ കാലഘട്ടത്തിലായണ് യേശു ജനിച്ചതും ജീവിച്ചതും.

## ഉദ്ഭവവും ചരിത്രവും

പഴയനിയമത്തിൽ 'പുരോഹിതൻ' എന്ന വാക്കിന് 'കൊഹെൻ' എന്ന ഹീബ്രു പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ആ വാക്കിൻെറ അർത്ഥം 'നില്ക്കുന്നവൻ' എന്നാണ്. ദൈവസന്നിധിയിൽ നിൽക്കുന്നവൻ എന്ന അർത്ഥത്തിലായിരിക്കാം പുരോഹിതനെ സൂചിപ്പിക്കുവാൻ ഈ പദം ഉപയോഗിച്ചത്. യഹൂദമതത്തിൽ പൗരോഹിത്യത്തിൻെറ ആരംഭം എന്നാണെന്നു വ്യക്തമല്ല. സീനായ് ഉടമ്പടിക്ക് മുൻപ് പുരോഹിതർ ഉണ്ടായിരുന്നില്ലെന്നാണ് പണ്ഡിതാഭിപ്രായം. വാഗ്ദത്തദേശത്ത് എത്തിച്ചേർന്ന ഇസ്രായേൽക്കാർ പല സ്ഥലങ്ങളിലും പലവിധത്തിലാണ് മതകർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നത്. ഓരോ കുടുംബത്തിൻെറയും തലവൻതന്നെയാണ് യാഗാർപ്പണങ്ങൾ നടത്തിയിരുന്നത്. ഇസ്രായേൽക്കാർ സാക്ഷ്യകൂടാരവും വാഗ്ദാന പേടകവും നിർമ്മിച്ചപ്പോൾ അവയുടെ ശുശ്രൂഷകരും സംരക്ഷകരുമായി നിയമിക്കപ്പെട്ടവരാണ് പിന്നീട് പുരോഹിതരായി അറിയപ്പെട്ടുതുടങ്ങിയത്. മോശയുടെ സഹോദരനായ അഹറോനും കുടുംബത്തിനും ആണ് ഈ ചുമതല ലഭിച്ചത് (പുറ 25:40). കാലക്രമത്തിൽ പുരോഹിതസ്ഥാനം ലേവീഗോത്രത്തിന് അവകാശപ്പെട്ടതായിത്തീർന്നു. യാക്കോബിന് ലെയായിൽ ജനിച്ച മൂന്നാമത്തെ പുത്രനാണ് ലേവി. ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളിൽ ഒരു ഗോത്രത്തിൻെറ തലവനായിരുന്നു ലേവി. ദേവാലയത്തിലെ ബലിയർപ്പണത്തിനായി ഇവരെ തെരഞ്ഞെടുത്തിരുന്നതിനാൽ ഇവർക്ക് മറ്റ് ഗോത്രങ്ങളെപ്പോലെ ഓഹരിയൊന്നും ലഭിച്ചിരുന്നില്ല.

ലേവി ഗോത്രത്തിൽപ്പെട്ട എല്ലാ ലേവായരും ബലിയർപ്പകരായിരുന്നില്ല. ലേവായരിൽത്തന്നെ അഹറോൻെറ കുടുംബത്തിൽപ്പെട്ടവർ മാത്രമേ പുരോഹിതരായി നിയമിക്കപ്പെട്ടിരുന്നുള്ളൂ ( ലേവ്യ 8:9). കാലക്രമത്തിൽ അഹറോൻെറ വംശാവലിയിൽ സാദോക്കിൻെറ പിൻമുറക്കാരിൽനിന്നാണ് പുരോഹിതരെ നിയമിച്ചിരുന്നത് (1 രാജാ 1:26-27; 4:2). ബാബിലോണിയൻ പ്രവാസത്തിനു ശേഷവും ഈ നിലപാട് തുടർന്നു പോന്നു.

സോളമൻെറ കാലത്ത് ജറുസലെം ദേവാലയം സ്ഥാപിച്ചതോടുകൂടി പുരോഹിതൻമാരുടെ പ്രവർത്തനമെല്ലാം ദേവാലയം കേന്ദ്രീകൃതമായി. ഈ

www.malankaralibrary.com

കാലഘട്ടത്തിലാണ് അധികാരത്തിന്റെ അടിസ്ഥാനത്തിൽ പുരോഹിതൻമാർ വിവിധ വിഭാഗങ്ങളായി തരംതിരിക്കപ്പെട്ടത്. ബാബിലോണിയൻ പ്രവാസത്തിനുശേഷം ജെറുസലെം ദേവാലയം പുനരുദ്ധരിക്കപ്പെട്ടപ്പോൾ പുരോഹിതസമൂഹം ശക്തി പ്രാപിച്ചു. ഈ കാലഘട്ടത്തിലാണ് പുരോഹിതരുടെ സേവനങ്ങളും കടമകളും അവകാശങ്ങളും യാഗവിധികളും കൃത്യമായി നിർണ്ണയിക്കപ്പെട്ടത് (1 ദിന 24:3-19).

**കടമകൾ**

പ്രധാനമായും നാല് കടമകളായിരുന്നു ഉണ്ടായിരുന്നത്.

1. വിശുദ്ധ സ്ഥലം സൂക്ഷിക്കുക (1 സാമു 14:18-20)
2. ദൈവത്തിന്റെ ഇഷ്ടം വെളിപ്പെടുത്തിക്കൊടുക്കുക (ന്യായാ 18:5; 1 സാമു 14:41; 26:6).
3. നിയമങ്ങൾ വിശദീകരിച്ചുകൊടുക്കുക; പഠിപ്പിക്കുക (നിയ 33:10)
4. ദൈവത്തിന് ബലിയർപ്പിക്കുക (പുറ 29:38-42; സംഖ്യ 28:3-10)

**യേശുവിന്റെ കാലത്തെ യഹൂദ പുരോഹിതർ**

പുതിയനിയമത്തിൽ പുരോഹിതൻ എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം "ഹിറേവൂസ്" (hiereus) എന്നാണ്. മുപ്പത്തിയൊന്ന് പ്രാവശ്യം ഈ പദം ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ പതിനാല് പ്രാവശ്യം ഹെബ്രായർക്ക് എഴുതിയ ലേഖനത്തിലാണ്. പ്രധാനാചാര്യനുൾപ്പെട്ട പുരോഹിതഗണമാണ് യഹൂദരുടെ മതപരവും സാമൂഹികവും രാഷ്ട്രീയവുമായ കാര്യങ്ങൾ നിയന്ത്രിച്ചിരുന്നത്.

യേശുവിന്റെ കാലത്ത് പുരോഹിതരെ അധികാരമനുസരിച്ച് നാലായി തിരിച്ചിരുന്നു.

1. പ്രധാന പുരോഹിതൻ (High Priest)
2. മുഖ്യപരോഹിതൻ (Chief Priest)
3. സാധാരണ പുരോഹിതൻ (Ordinary Priest)
4. ലേവായർ (Levites)

1. പ്രധാനപുരോഹിതൻ

പഴയനിയമത്തിൽ മഹാപുരോഹിതനെ സൂചിപ്പിക്കുവാൻ "ഹക്കോഹെൻ ഹഗ്ഗദോൾ" (മഹാപുരോഹിതൻ) "കോഹെൻ ഹരോഷ്" (പ്രധാന പുരോഹിതൻ) എന്നീ ഹീബ്രു വാക്കുകളാണ് ഉപയോഗിക്കുന്നത്.

www.malankaralibrary.com

യേശുവിൻെറ കാലത്ത് യഹൂദർ മതകാര്യങ്ങളിൽ പുരോഹിത ഭരണത്തിൻകീഴിലായിരുന്നു. രാജാക്കൻമാരില്ലാത്ത അവസരങ്ങളിൽ പ്രധാനപുരോഹിതനാണ് രാജാവിൻെറ അധികാരം വിനിയോഗിച്ചിരുന്നത്. സോളമൻ സദോക്കിനെ ജെറുസലേമിൻെറ പ്രധാനപുരോഹിതനായി നിയമിച്ചതോടെയാണ് പരമാധികാരമുള്ള മഹാപുരോഹിതൻമാർ യഹൂദരുടെ ഇടയിൽ ഉണ്ടായത് (1 രാജാ 4:2; എസെ 40:46; 43:19) ബി.സി. 172 വരെ സദോക്യൻ വംശത്തിൽ നിന്നായിരുന്നു മഹാപുരോഹിതർ. എന്നാൽ പ്രവാസത്തിനുശേഷം മക്കബായരുടെ പിൻഗാമികളായ ഹസ്മോനിയൻ വംശത്തിലെ യോനാഥാൻ (ബി.സി. 152)ജെറുസലെമിലെ മഹാപുരോഹിതനായി. യോനാഥനുശേഷം ഹസ്മോനിയൻ വംശത്തിൽ നിന്നാണ് മഹാപുരോഹിതരെ തെരെഞ്ഞെടുത്തിരുന്നത്. അവർ ഒരേ സമയം ഭരണാധിപൻമാരും പ്രധാനപുരോഹിതരുമായിരുന്നു. ബി.സി. 37-ൽ പ്രധാനപുരോഹിതനായിരുന്ന അരിസ്റ്റോബൂളൂസിനെ ഹേറോദേസ് വധിക്കുകയും ഹസ്മോനിയൻ വംശാധിപത്യം നിലയ്ക്കുകയും ചെയ്തു. പിന്നീടു ഹേറോദേസ് തനിക്ക് ഇഷ്ടപ്പെട്ടവരെ പ്രധാനപുരോഹിതരാക്കി.

ഹേറോദേസിനോടും റോമൻ ഭരണത്തോടും കൂറു പുലർത്തിയിരുന്ന പുരോഹിതർ പലരും പ്രധാനപുരോഹിതരായിത്തീർന്നു. ഹേറോദേസിന് ഇഷ്ടമില്ലാത്തവരെ ആ സ്ഥാനത്തുനിന്നു നീക്കം ചെയ്തു. പ്രധാനപുരോഹിതൻെറയും സാൻഹെദ്രീൻ സംഘത്തിൻെറയും അധികാരങ്ങൾ വെട്ടിക്കുറച്ചു. ഇത്തരമൊരു സ്ഥിതിവിശേഷം വന്നതിനാൽ തങ്ങളുടെ സ്ഥാനം നേടാനും ഉറപ്പിക്കാനും പ്രധാനപുരോഹിതർ എന്തു കരുക്കൾ നീക്കാനും അനീതി പ്രവർത്തിക്കാനും മടികാണിച്ചില്ല. അതോടൊപ്പം ഇവർ റോമൻ ഭരണാധികാരികളുടെ സേവകരുമായിത്തീർന്നു.

ചരിത്രകാരനായ ജൊസേഫുസിൻെറ കണക്കനുസരിച്ച് അഹറോൻ മുതൽ ജെറുസലെം ദേവാലയം എ.ഡി. 70-ൽ നശിപ്പിക്കപ്പെട്ടപ്പോൾ പ്രധാനപുരോഹിതനായിരുന്ന ഫാനിയാസ് വരെ ഇസ്രായേലിൽ എൺപത്തിമൂന്ന് പ്രധാന പുരോഹിതർ ഭരണം നടത്തി. ഇവരിൽ പുതിയ നിയമകാലഘട്ടവുമായി ബന്ധപ്പെട്ട് നിൽക്കുന്നവർ മൂന്നു പേരാണ്.

1. സ്നാപക യോഹന്നാൻെറ കാലത്ത് പ്രധാന പുരോഹിതനായിരുന്ന അന്നാസ് (ലൂക്കാ 3:1-2)
2. യേശുവിൻെറ ശിക്ഷാവിധിയുടെയും കുരിശുമരണത്തിൻെറയും സമയത്ത് പ്രധാന പുരോഹിതനായിരുന്ന കയ്യാഫാസ് (യോഹ 11:49-51; 18:13).

www.malankaralibrary.com

3. പൗലോസ് ശ്ലീഹായെ വിചാരണ നടത്തിയ പ്രധാന പുരോഹിതനായ അനനിയാസ് (അപ്പ 23:2-3; 24:1).

ഇവരിൽ യേശുവിന്റെ ജീവിതചരിത്രവുമായി നേരിട്ട് ബന്ധമുള്ള രണ്ട് പ്രധാന പുരോഹിതരാണ് അന്നാസും കയ്യാഫാസും. ഏ.ഡി. 17 വരെ പ്രധാനാചാര്യനായിരുന്നത് അന്നാസിന്റെ മകൻ ഏലിയാസർ ആണ്. ഏ.ഡി. 18-ൽ വലേരിയൂസ് ഗ്രാത്തസ് അന്നാസിന്റെ മരുമകനായ കയ്യാഫാസിനെ പ്രധാന പുരോഹിതനായി നിയമിച്ചു. അങ്ങനെ ഏ.ഡി 18 മുതൽ 36 വരെ കയ്യാഫാസായിരുന്നു ഇസ്രായേലിലെ പ്രധാനപുരോഹിതൻ. യേശു വധിക്കപ്പെടുമ്പോൾ പ്രധാന പുരോഹിതൻ കയ്യാഫാസ് ആയിരുന്നു. ഏ.ഡി. 6-ൽ പ്രധാനപുരോഹിതനായിരുന്ന അന്നാസ് സ്ഥാനഭ്രഷ്ടനായെങ്കിലും തുടർന്നുവന്ന പ്രധാന പുരോഹിതരുടെ അധികാരത്തിൽ അദ്ദേഹം കൈകടത്തിയിരുന്നു ( യോഹ 18:13; അപ്പ 4-6; ലൂക്കാ 3:2).

## പ്രധാനപുരോഹിതന്റെ കടമകൾ

പ്രധാനമായും ദേവാലയത്തിലെ അനുഷ്ഠാനവിധികളോട് ബന്ധപ്പെട്ടാണ് പ്രധാനപുരോഹിതന്റെ സ്ഥാനം നിലനിന്നിരുന്നത്. ഇതോടൊപ്പം സാൻഹെദ്രീൻ സംഘം വഴി പ്രധാനപുരോഹിതൻ സാമൂഹിക രാഷ്ട്രീയ കാര്യങ്ങളിലും ഇടപെട്ടിരുന്നു. പഴയനിയമ കാഴ്ചപ്പാടനുസരിച്ച് എല്ലാ ജനങ്ങളുടെയും പാപപരിഹാരത്തിനായി ദൈവം നിത്യകാലത്തേക്ക് നിയമിക്കുന്ന വ്യക്തിയാണ് പ്രധാനപുരോഹിതൻ (പുറ 30:10). യഹൂദരുടെ ഏറ്റവും പ്രധാനപ്പെട്ട ദിവസങ്ങളിലെ കർമ്മങ്ങൾ, അതായത് പാപപരിഹാരദിനത്തിലെയും പെസഹാതിരുനാളിലെയും സാബത്തിലെയും വിളവെടുപ്പു തിരുനാളിലെയും കൂടാരത്തിരുനാളിലെയും കർമ്മങ്ങൾ നടത്തിയിരുന്നത് പ്രധാന പുരോഹിതനായിരുന്നു. ഈ അനുഷ്ഠാനങ്ങൾക്കുള്ള യോഗ്യത പ്രധാന പുരോഹിതൻ നേടിയിരുന്നത് പ്രത്യേകവിധത്തിലുള്ള ശുദ്ധികർമ്മ വിധികൾ പാലിച്ചുകൊണ്ടായിരുന്നു. മൃതശരീരം തൊടരുത്, വിലപിക്കുന്ന സ്ഥലത്തു പോകരുത്, മൃതദേഹത്തിന്റെ പിന്നാലെ പോകരുത്, തല മുണ്ഡനം ചെയ്യരുത്, കീറിയ വസ്ത്രങ്ങൾ ധരിക്കരുത്, അംഗവൈകല്യം ഉണ്ടാകരുത്, കന്യകയെ മാത്രമേ വിവാഹം ചെയ്യാവൂ, സ്വജനത്തിൽനിന്നു മാത്രമേ വിവാഹം കഴിക്കാവൂ എന്നീ നിയമങ്ങൾ പ്രധാന പുരോഹിതനു ബാധകമായിരുന്നു. പുരോഹിതരുടെ പുത്രിമാരെയാണ് പ്രധാന പുരോഹിതൻ വിവാഹം ചെയ്തിരുന്നത്.

www.malankaralibrary.com

### പ്രധാന പുരോഹിതൻെറ അവകാശങ്ങൾ

പ്രധാനപുരോഹിതന് പ്രത്യേകമായ ആനുകൂല്യങ്ങൾ ഉണ്ടായിരുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് വർഷത്തിൽ ഒരു ദിവസം ദേവാലയത്തിലെ അതിവിശുദ്ധസ്ഥലത്ത് (Holy of holies) പ്രവേശിക്കാനുള്ളതായിരുന്നു. ഈ അതിവിശുദ്ധസ്ഥലത്തുവെച്ചാണ് മഹാപുരോഹിതന് ദൈവത്തിൻെറ വെളിപാടു ലഭിക്കുന്നത് എന്നാണ് യഹൂദരുടെ വിശ്വാസം. ഇക്കാരണത്താൽ വളരെ ഭയത്തോടും വിറയലോടുംകൂടിയാണ് മഹാപുരോഹിതൻ അതിവിശുദ്ധസ്ഥലത്ത് പ്രവേശിച്ചിരുന്നതും കർമ്മങ്ങൾ നടത്തിയിരുന്നതും. ഏതു സമയത്തും ദേവാലയത്തിലെ യാഗകർമ്മങ്ങളിൽ പങ്കെടുക്കാനും എപ്പോൾ വേണമെങ്കിലും ബലിവസ്തു എടുക്കുവാനും പ്രധാനപുരോഹിതന് അവകാശമുണ്ടായിരുന്നു. വിലപിച്ചുകൊണ്ട് ബലിയർപ്പിക്കാനുള്ള അവകാശം പ്രധാനപുരോഹിതനുമാത്രമായിരുന്നു. ദേവാലയത്തിൽ അർപ്പിച്ച ബലിവസ്തുക്കൾ ആദ്യം എടുക്കാനുള്ള അവകാശവും അദ്ദേഹത്തിനായിരുന്നു. അദ്ദേഹം എടുത്തതിനുശേഷമേ മറ്റു പുരോഹിതൻമാർ എടുത്തിരുന്നുള്ളൂ. ഇതിനെല്ലാം പുറമെ, പ്രധാനപുരോഹിതന് സാൻഹെദ്രീൻ സംഘത്തിൻെറ പ്രസിഡൻറ് ആയിരിക്കാനുള്ള സുപ്രധാനമായ ഒരു അവകാശം കൂടെ ഉണ്ടായിരുന്നു. പ്രധാന പുരോഹിതൻെറ മരണത്തിന് പാപപരിഹാരശക്തിയുണ്ടായിരുന്നുവെന്ന് യഹൂദർ വിശ്വസിച്ചിരുന്നു (യോഹ 11:50-53). കൂടാതെ പ്രധാനപുരോഹിതൻെറ മരണംമൂലം കൊലപാതകം വഴിയുള്ള പാപം പൊറുക്കപ്പെടുന്നതായി കരുതപ്പെട്ടിരുന്നു. ഇക്കാരണത്താൽ പ്രധാനപുരോഹിതൻ മരിച്ചുകഴിഞ്ഞാൽ കൊലപാതകികളെ സ്വതന്ത്രരാക്കിയിരുന്നു (സംഖ്യ 35:25-29).

### 2. മുഖ്യപുരോഹിതർ

പ്രധാന പുരോഹിതൻ കഴിഞ്ഞാൽ ദേവാലയത്തിൽ കൂടുതൽ അധികാരം ഉണ്ടായിരുന്നത് മുഖ്യപുരോഹിതർക്കാണ്. മുഖ്യപുരോഹിതരെ അവരുടെ കർത്തവ്യങ്ങളനുസരിച്ച് അഞ്ചായി തിരിച്ചിരുന്നു:-

a. ദേവാലയത്തിൻെറ സേനാധിപർ

b. ഒരാഴ്ചയിലെ കർമ്മങ്ങളുടെ നേതൃത്വം വഹിക്കുന്ന പുരോഹിതർ

c. അനുദിന കർമ്മങ്ങളുടെ നേതൃത്വം വഹിച്ചിരുന്നവർ

d. ദേവാലയ മേൽനോട്ടക്കാർ

e. പണമിടപാടുകളുടെ മേൽനോട്ടക്കാർ

www.malankaralibrary.com

പ്രധാനപുരോഹിതൻെറ അധികാരത്തിൻകീഴിൽ വരുന്നവരായിരുന്നു മുഖ്യപുരോഹിതർ.

a. ദേവാലയത്തിൻെറ സേനാധിപർ

ദേവാലയകർമ്മങ്ങളിൽ പ്രധാനപുരോഹിതനെ സഹായിച്ചിരുന്നത് മുഖ്യപുരോഹിതരാണ്. ദേവാലയകർമ്മങ്ങളിൽ പ്രധാനപുരോഹിതൻെറ വലതുവശത്തായിരുന്നു ഇവരുടെ സ്ഥാനം. പ്രധാനപുരോഹിതൻെറ ദേവാലയകർമ്മങ്ങൾ അനുഷ്ഠാനവിധിപ്രകാരമാണോ എന്ന് നോക്കിയിരുന്നത് ഇവരാണ്. പാപപരിഹാരദിനത്തിൽ പ്രധാന പുരോഹിതന് കർമ്മങ്ങളിൽ പങ്കെടുക്കാൻ കഴിയാതെ വന്നാൽ ഈ സ്ഥാനം ഏറ്റെടുത്തിരുന്നത് ഇവരാണ്. പ്രധാനപുരോഹിതൻെറ അടുത്ത ബന്ധത്തിൽപ്പെട്ടവരെയാണ് ദേവാലയത്തിൻെറ സേനാധിപനായി നിയമിച്ചിരുന്നത്. ദേവാലയത്തിലെ പോലീസിന് നേതൃത്വം നല്കിയിരുന്നത് ദേവാലയത്തിൻെറ സേനാധിപനായിരുന്നു. അദ്ദഹേത്തിന് അറസ്റ്റ് ചെയ്യാനുള്ള അധികാരം ഉണ്ടായിരുന്നു. അപ്പസ്തോലൻമാരെ ദേവാലയത്തിൻെറ പുറത്തുവെച്ച് അറസ്റ്റ് ചെയ്യുന്നതായി അപ്പസ്തോല പ്രവർത്തനങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (അപ്പ 5: 24-26; 4:1).

b. ദേവാലയത്തിലെ ആഴ്ചകർമ്മങ്ങൾക്ക് നേതൃത്വം നല്കുന്ന പുരോഹിതർ

ദേവാലയസേനാധിപൻ കഴിഞ്ഞാൽ ദേവാലയത്തിൻെറ അടുത്തഅധികാരികൾ ഇവരാണ് ഇവർ ഇരുപത്തിനാലുപേരടങ്ങുന്ന ഒരു ഗണമായിരുന്നു. ഇവർ മാറിമാറി ഓരോ ആഴ്ചയിലെയും നേതൃത്വം ഏറ്റെടുത്തിരുന്നു. കുഷ്ഠരോഗികളുടെയും പ്രസവം കഴിഞ്ഞ അമ്മമാരുടെയും ശുദ്ധീകരണ കർമ്മങ്ങൾ ഇവരാണ് ചെയ്തിരുന്നത്. യേശുവിൻെറ അമ്മയായ മറിയം ശുദ്ധീകരണത്തിന് കാഴ്ചവസ്തുക്കളുമായി ദേവാലയത്തിലേക്കു പോകുന്നത് ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട് (ലൂക്കാ 2:22). രക്തബലിയർപ്പണം, ധാന്യപൂജാർപ്പണം, ധൂപാർപ്പണം പാപമോചനദ്രവ്യാർപ്പണം തുടങ്ങിയ കർമ്മങ്ങൾ എല്ലാം ചെയ്തിരുന്നത് ഇവരായിരുന്നു. ഇവരുടെ കീഴിലാണ് സാധാരണ പുരോഹിതർ (Ordinary Priests) ഓരോ കർമ്മവും നിർവ്വഹിച്ചിരുന്നത്.

c. അനുദിന കർമ്മങ്ങളുടെ നേതൃത്വം വഹിച്ചിരുന്ന പുരോഹിതർ

ഇവർ എണ്ണത്തിൽ 156പേരായിരുന്നു. ഓരോദിവസവും ഓരോരുത്തർ ദേവാലയത്തിൽ സന്നിഹിതരായിരുന്നു. ഇവരാണ് കാഴ്ചവസ്തുക്കൾ

www.malankaralibrary.com

സമർപ്പിച്ചിരുന്നത്. പ്രധാന പുരോഹിതൻ ബലിയർപ്പിക്കുമ്പോൾ ഇവർ അദ്ദേഹത്തിൻെറ ഇടതുവശത്ത് നിന്നിരുന്നു.

d. ദേവാലയ മേൽനോട്ടക്കാർ

ദേവാലയത്തിൻെറ സുരക്ഷിതത്വം ഏറ്റെടുത്തിരുന്ന ഇവർ ഏഴുപേരായിരുന്നു. ദേവാലയത്തിലേക്കുള്ള ഓരോ മുഖ്യകവാടത്തിനും ഏഴ് താക്കോൽവീതമുണ്ടായിരുന്നു. ഇതിൽ ഓരോന്നും ഓരോരുത്തർ സൂക്ഷിച്ചിരുന്നു. യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കാൻ ഇവരുമായിട്ടാണ് ആലോചിച്ചത് (ലൂക്കാ 22:1-6)

e. പണമിടപാടുകളുടെ മേൽനോട്ടക്കാർ

ഇവർ മൂന്നുപേരായിരുന്നു. ദേവാലയത്തിലെ പണസംബന്ധമായ എല്ലാക്കാര്യങ്ങളും നോക്കിയിരുന്നത് ഇവരാണ്. ദേവാലയത്തിലെ തിരുക്കർമ്മങ്ങൾക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്തുകൊടുക്കുക, ദേവാലയത്തിലെ സ്വർണ്ണം വെള്ളി പാത്രങ്ങൾ സൂക്ഷിക്കുക, യാഗദ്രവ്യങ്ങൾ വീതിച്ചുകൊടുക്കുക തുടങ്ങിയ കാര്യങ്ങൾ ഇവരുടെ ഉത്തരവാദിത്വമായിരുന്നു.

## 3. സാധാരണ പുരോഹിതർ

എണ്ണത്തിൽ ഇവർ വളരെയധികം ഉണ്ടായിരുന്നു. ആഴ്ചയിൽ രണ്ടു പ്രാവശ്യമായിരുന്നു ഇവർ ദേവാലയത്തിൽ കർമ്മങ്ങൾ നടത്തിയിരുന്നത്. ഇവരെ ഇരുപത്തിനാല് ഗണങ്ങളായി തിരിച്ചിരുന്നു. സ്നാപക യോഹന്നാൻെറ പിതാവ് സഖറിയാ ഒരു സാധാരണ പുരോഹിതനായിരുന്നു. ക്രമപ്രകാരം ആഴ്ചയിലെ തൻെറ ദിവസം ദേവാലയത്തിൽ ശുശ്രൂഷ ചെയ്യുമ്പോഴായിരുന്നു ദൈവത്തിൻെറ വെളിപാട് സഖറിയായ്ക്ക് ഉണ്ടാകുന്നത് (ലൂക്കാ 1:8). പ്രഭാതബലി ഒരുക്കുക, ധൂപാർപ്പണം നടത്തുക എന്നിവയെല്ലാമായിരുന്നു ഇവരുടെ കടമകൾ.

## 4. ലേവായർ

യാക്കോബിൻെറ പുത്രനായ ലേവിയുടെ പിൻമുറക്കാരാണ് ലേവിഗോത്രക്കാർ. പുരോഹിത ഗോത്രമായിട്ടാണ് ഇവർ അറിയപ്പെടുന്നത്. മോശയാണ് ഇവരെ പുരോഹിതരായി ഉയർത്തിയത് (നിയ 33:8-11). എന്നാൽ പിൽക്കാലത്ത് എല്ലാ ലേവായരും പുരോഹിതരായിരുന്നില്ല. ലേവായരിൽ ത്തന്നെ അഹറോൻെറ വംശത്തിൽ സദോക്കിൻെറ കുടുംബത്തിൽപെട്ടവരെ മാത്രമേ പുരോഹിതരായി തെരഞ്ഞെടുത്തിരുന്നുള്ളൂ എന്നും നാം കണ്ടുകഴിഞ്ഞു. മറ്റു കുടുംബങ്ങളിൽപ്പെട്ട ലേവായർ പുരോഹിതരെ സഹായി

www.malankaralibrary.com

ക്കുകയും ദേവാലയത്തിലെ താഴ്ന്ന ജോലികൾ നിർവഹിക്കുകയും ചെയ്തിരുന്നു.

ദേവാലയശുശ്രൂഷകളിൽ പുരോഹിതരെ സഹായിക്കുക, ആരാധനാസമയത്ത് സംഗീതത്തിനു നേതൃത്വം കൊടുക്കുക, കാഴ്ചയപ്പവും ബലിക്കാവശ്യമായ മറ്റു കാഴ്ചദ്രവ്യങ്ങളും ചുട്ടെടുക്കുക, ബലിമൃഗങ്ങളെ കൊല്ലുന്നതിൽ പുരോഹിതരെ സഹായിക്കുക, യഹോവയുടെ നിയമം കാത്തുസൂക്ഷിക്കുക, നീതി നടപ്പിലാക്കുക, അത് വരുംതലമുറയ്ക്കു കൈമാറുക (ലേവ്യ 10:11; നിയ 17:18; 39:9-13, 33:10), ദേവാലയത്തിലെ വിശുദ്ധവസ്തുക്കൾ സംരക്ഷിക്കുക, കുഷ്ഠരോഗികളെ പരിശോധിക്കുക, ദേവാലയ അറകൾ സംരക്ഷിക്കുക ഇവയൊക്കെ ആയിരുന്നു ലേവായരുടെ കടമകൾ. ഇതുകൂടാതെ ദേവാലയത്തിലെ നിയമങ്ങൾ പാലിക്കപ്പെടാൻ പടയാളികളുടെ ജോലിയും ഇവർ ചെയ്തിരുന്നു. ദേവാലയ വാതിലുകളിൽ കാവൽക്കാരായും ഇവർ നിന്നിരുന്നു. യേശുവിനെ അറസ്റ്റുചെയ്യുവാനായി എത്തിയത് ലേവായ പടയാളികളാണ് എന്നതാണ് പണ്ഡിതാഭിപ്രായം (മർക്കോ 14:43; മത്താ 20:47, ലൂക്കാ 22:47; യോഹ 18:3-12; മത്താ 26:55).

പുരോഹിതവൃത്തിക്കായി തെരഞ്ഞെടുക്കപ്പെട്ട ഗോത്രമായിരുന്നതിനാൽ മറ്റു ഗോത്രങ്ങളെപ്പോലെ ഇവർക്ക് ഓഹരിയൊന്നും ലഭിച്ചിരുന്നില്ല. അവരുടെ അവകാശവും ഓഹരിയും കർത്താവാകുന്നു എന്നാണ് പഴയനിയമ കാഴ്ചപ്പാട് (സംഖ്യ 18:20, നിയമ 10:9). എന്നാൽ ദേവാലയത്തിനു നല്കാൻ ഓരോ യഹൂദനും കടപ്പെട്ടിരുന്ന ദശാംശത്തിൽനിന്നും ആദ്യഫലങ്ങളിൽനിന്നും ബലിവസ്തുക്കളിൽനിന്നും ഒരു വീതം ലേവായർക്കുള്ളതായിരുന്നു. ഇതോടൊപ്പം ലേവായരുടെ കന്നുകാലികൾക്ക് മേച്ചിൽ സ്ഥലങ്ങളും അവർക്കു താമസിക്കാൻ പട്ടണങ്ങളും മറ്റു പതിനൊന്ന് ഗോത്രങ്ങൾ നല്കണമെന്ന് നിയമമുണ്ടായിരുന്നു (സംഖ്യ 35:1-8; 18:8-11). ലേവായർ തങ്ങൾക്കു കിട്ടിയ നഗരങ്ങളിലാണ് താമസിച്ചിരുന്നത്. ശുശ്രൂഷകൾക്കായി മാത്രമാണ് ഇവർ ദേവാലയത്തിൽ വന്നിരുന്നത്. ദേവാലയത്തിലെ ജോലികൾ ചെയ്യാൻ അടിമകൾ ഇവരെ സഹായിച്ചിരുന്നു.

## യേശുവും പുരോഹിതരും

യേശുവിൻെറ ജീവിതവും പ്രവർത്തനങ്ങളുമായി പുരോഹിതരെ ബന്ധപ്പെടുത്തി സുവിശേഷകന്മാർ ചിത്രീകരിക്കുന്നുണ്ട്. യേശുവിൻെറ ഉപമകളിൽ പുരോഹിതരും ലേവായരും പരാമർശിക്കപ്പെടുന്നുണ്ട് (ലൂക്കാ 10:25-37). പുരോഹിതരുടെ അധികാരത്തെ അംഗീകരിച്ചുകൊണ്ട് അവിടുന്ന് സുഖമാക്കപ്പെട്ട കുഷ്ഠരോഗിയെ പുരോഹിതൻെറ പക്കലേക്ക് അയയ്ക്കുന്നു (ലൂക്കാ

www.malankaralibrary.com

5:14). പക്ഷെ, മാനുഷികമൂല്യങ്ങൾ മറന്ന് മതാനുഷ്ഠാനങ്ങളിൽ മുഴുകുകയും തെറ്റായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന പുരോഹിതരുടെ മനോഭാവത്തെ അവിടുന്നു വിമർശിച്ചു. ഇത്തരം വിമർശനങ്ങൾ യേശുവിനെതിരായി തിരിയുവാൻ പുരോഹിതരെ പ്രേരിപ്പിച്ചു. പരസ്യജീവിതത്തിൻെറ അവസാനം അവിടുത്തേയ്ക്കെതിരായി അവർ സജീവമായി പ്രവർത്തിക്കുന്നതായി എല്ലാ സുവിശേഷകന്മാരും രേഖപ്പെടുത്തുന്നുണ്ട്. അവിടുത്തെ വിചാരണയ്ക്കും മരണശിക്ഷ വിധിക്കുന്നതിനും മുൻകൈ എടുക്കുന്നത് പുരോഹിതരാണ് (മർക്കോ 14:53-65; 15:11; ലൂക്കാ 22:1-2; യോഹ 18:13-14).

യേശു തൻെറ ജീവിതത്തിലൂടെയും മരണത്തിലൂടെയും യഹൂദപൗരോഹിത്യത്തിന് ഒരു പുതിയ കാഴ്ചപ്പാടു നൽകി. അവിടുന്ന് തൻെറ കുരിശുമരണത്തെ മറ്റുള്ളവർക്കു വേണ്ടി ബലിയർപ്പിക്കുന്ന പുരോഹിത ദൗത്യവുമായി ബന്ധപ്പെടുത്തി (മർക്കോ 10:45). എന്നാൽ യേശു യഹൂദ പുരോഹിതരെപ്പോലെ മതകർമ്മങ്ങൾ ചിട്ടപ്രകാരം ചെയ്യുന്ന പുരോഹിതനായിരുന്നില്ല. ഹെബ്രായ ലേഖനകർത്താവ് യേശുവിനെ വിശ്വസ്തനും കാരുണ്യവാനുമായ പ്രധാനപുരോഹിതനായിട്ടാണ് ചിത്രീകരിക്കുന്നത് (ഹെബ്രാ 4:14). യോഹന്നാൻെറ സുവിശേഷം 6, 14, 16, 17 അദ്ധ്യായങ്ങളിലും യേശുവിൻെറ പൗരോഹിത്യസ്വഭാവം വ്യക്തമാക്കുന്നുണ്ട്.

## സാൻഹെദ്രീൻ സംഘം

യഹൂദ ജനതയുടെ പരമാധികാരസമിതിയാണ് സാൻഹെദ്രീൻ. 'സുനെദ്രിയോൻ' എന്ന ഗ്രീക്കു പദത്തിൽനിന്നും 'സനെദ്രിൻ' എന്ന ഹീബ്രു പദത്തിൽനിന്നുമാണ് സാൻഹെദ്രീൻ എന്ന പദത്തിൻെറ ഉദ്ഭവം) സാൻഹെദ്രീൻ എന്ന വാക്കിൻെറ അർത്ഥം യോഗസ്ഥലം എന്നാണ്. മലയാളത്തിൽ ഈ വാക്ക് ന്യായാധിപസംഘം (അപ്പ 5:21), ജനപ്രമാണിസംഘം (ലൂക്കാ 22: 66; അപ്പ 22:5), ആലോചനാസംഘം (ലൂക്കാ 23:50) എന്നിങ്ങനെയാണ് ഭാഷാന്തരം ചെയ്തിരിക്കുന്നത്.

### ആരംഭവും ചരിത്രവും

മോശയുടെ ചരിത്രവുമായി ബന്ധപ്പെട്ടാണ് സാൻഹെദ്രീൻ ഉദ്ഭവിച്ചതെന്ന് പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നു. മോശയോട് ദൈവം ഇസ്രായേൽ ജനത്തെ നയിക്കാൻ എഴുപതുപേരെ തെരഞ്ഞെടുക്കാൻ കല്പിക്കുന്നതായി സംഖ്യയുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (സംഖ്യ 11: 16). ഇവരുടെ പിൻതുടർച്ചക്കാരായാണ് "സാൻഹെദ്രീൻ" സമിതി കണക്കാക്കപ്പെടുന്നത്. ഇസ്രായേൽക്കാരുടെ ബാബിലോൺ പ്രവാസത്തിനുശേഷം

www.malankaralibrary.com

എസ്രായാണ് സാൻഹെദ്രീൻ പുനരുദ്ധരിക്കുന്നത് (എസ്രാ 6:18). മക്കബായർ ഈ സമിതിക്ക് വീണ്ടും ചില മാറ്റങ്ങൾ വരുത്തി (1 മക്ക 12:35). എന്നാൽ ബി.സി. രണ്ടാം നൂറ്റാണ്ടിൽ സെലൂസിഡ് രാജാക്കൻമാരാണ് പുതിയനിയമത്തിലെ സാൻഹെദ്രീൻെറ പ്രവർത്തനശൈലി കൊണ്ടുവന്നത്. അവർ ജെറുസലേം നഗരത്തിൽ ഗ്രീക്ക് സമ്പ്രദായത്തിലുള്ള ഒരു പ്രാദേശിക ഭരണസംവിധാനം നടപ്പിലാക്കി. ഹസ്മോനിയൻ ഭരണകാലത്ത് സാൻഹെദ്രീൻ സംഘത്തിനു പരിമിതമായ അധികാരങ്ങളേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ റോമൻ ഗവർണ്ണർമാർ ഈ സമിതിക്ക് നിർണ്ണായകമായ പല അധികാരങ്ങളും നല്കിയിരുന്നു. തങ്ങൾക്കു വിധേയമായി മതപരവും ഭരണപരവുമായ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള അധികാരം അവർ സാൻഹെദ്രീന് നല്കി. ജെറുസലേമിലെ പരമോന്നത ന്യായാധിപസംഘത്തിൻെറ (സാൻഹെദ്രീൻ) കീഴിൽ പാലസ്തീനായിലെ ചെറിയ യഹൂദ നഗരങ്ങളിൽ ചെറിയചെറിയ സാൻഹെദ്രീൻ സമിതികൾ ഉണ്ടായിരുന്നു (മത്താ 10:17; മർക്കോ 13:9). എ.ഡി. 70-ൽ ജെറുസലേം നഗരവും ദേവാലയവും തർക്കപ്പെട്ടപ്പോൾ സാൻഹെദ്രീൻ സംഘത്തിൻെറ പ്രാധാന്യം കുറഞ്ഞു. രാഷ്ട്രീയാധികാരങ്ങൾ എല്ലാം എടുത്തു മാറ്റപ്പെട്ടു. മതപരമായ കാര്യങ്ങളിൽ മാത്രമേ പിന്നീട് അത് ഇടപെട്ടിരുന്നുള്ളൂ. പ്രധാന പുരോഹിതനടക്കം 71 അംഗങ്ങളാണ് സാൻഹെദ്രീൻ സമിതിയിലുണ്ടായിരുന്നത്. പ്രധാനപുരോഹിതനായിരുന്നു ഇതിൻെറ അധ്യക്ഷൻ. മുഖ്യപുരോഹിതരും അവരുടെ കുടുംബങ്ങളിലെ പ്രധാനപ്പെട്ടവരും ഇതിലെ അംഗങ്ങളായിരുന്നു. കൂടാതെ നിയമജ്ഞരുടെയും ഫരിസേയരുടെയും സദുക്കായരുടെയും പ്രതിനിധികളായ ജനപ്രമാണികളും ഇതിലെ അംഗങ്ങൾ ആയിരുന്നു.

**അധികാരങ്ങൾ**

സാൻഹെദ്രീന് മതപരമായ കാര്യങ്ങളിൽ പൂർണ്ണ അധികാരവും രാഷ്ട്രീയവും സാമൂഹികവുമായ കാര്യങ്ങളിൽ ഭാഗികമായ അധികാരങ്ങളുമുണ്ടായിരുന്നു. പ്രാദേശിക കൗൺസിലുകളിൽ തീരുമാനമാകാത്ത കേസുകളിൽ വിധികൽപ്പിക്കുകയും പ്രധാനപ്പെട്ട കേസുകളിലും പ്രശ്നങ്ങളിലുമൊക്കെ നേരിട്ട് ഇടപെടുകയും ചെയ്തിരുന്നു. ഈ സമിതിക്ക് വധശിക്ഷ നല്കാനുള്ള അധികാരമുണ്ടായിരുന്നോ എന്നതിനെ സംബന്ധിച്ച് പണ്ഡിതരുടെ ഇടയിൽ വിവിധാഭിപ്രായങ്ങളുണ്ട്. വധശിക്ഷയ്ക്ക് അനുവാദം നൽകേണ്ടതും നടപ്പിലാക്കേണ്ടതും റോമൻ ഗവർണ്ണറാണ് എന്ന വാദത്തിനാണ് കൂടുതൽ തെളിവുകൾ ഉള്ളത് (യോഹ 18:31; മർക്കോ 14:64; മത്താ 26:16). എന്നാൽ പ്രഥമരക്തസാക്ഷിയായ സ്റ്റീഫൻെറ വധം ഈ അഭിപ്രായത്തിന് ഒരപവാദമാണ് (അപ്പ 6:12-15; 7:54-60).

www.malankaralibrary.com

## പ്രവർത്തനശൈലി

സാൻഹെദ്രീൻെറ പ്രവർത്തനങ്ങളെക്കുറിച്ച് യഹൂദരുടെ 'മിഷ്നാ' യിൽ (യഹൂദനിയമസമാഹാരം) നിന്നാണ് നമുക്കു കൂടുതൽ അറിവു ലഭിക്കുന്നത് (മിഷ്നാ. സാൻ. 4:1-7;7:1-2; 1:1). മരണശിക്ഷയർഹിക്കുന്ന കുറ്റങ്ങളുടെ വിചാരണ സാബത്തിൻെറയോ തിരുനാളിൻെറയോ തലേദിവസം നടത്താൻ അനുവാദമില്ലായിരുന്നു. കാരണം തിരുന്നാളിലും സാബത്തു ദിവസത്തിലും വധശിക്ഷ നടപ്പിലാക്കാൻ സാധിക്കുമായിരുന്നില്ല. സാബത്തിലും തിരുനാളുകളിലും സാൻഹെദ്രീൻ സമ്മേളിക്കാൻ നിയമം അനുവദിച്ചിരുന്നില്ല. പകൽവെളിച്ചത്തിൽ മാത്രമേ സമിതി കൂടാൻ പാടുള്ളൂ എന്ന നിയമവുമു ണ്ടായിരുന്നു. പ്രഭാതബലിയുടെ സമയം മുതൽ വൈകുന്നേരത്തെ ബലിയുടെ സമയംവരെയാണ് സാൻഹെദ്രീൻ സമ്മേളിക്കേണ്ടത്. ദേവാലയത്തിൻെറ പ്രധാന കവാടത്തിന് തെക്കുള്ള കൽത്തളത്തിലാണ് സാൻഹെദ്രീൻ കൂടിയിരുന്നത്. സംഘാംഗങ്ങളെ വിളിച്ചുകൂട്ടിയിരുന്നത് മഹാപുരോഹിതനാണ്. സംഘാംഗങ്ങൾ അർദ്ധവൃത്താകൃതിയിലാണ് ഇരുന്നിരുന്നത്. മധ്യഭാഗത്തായിരുന്നു പ്രധാനപുരോഹിതൻെറ ഇരിപ്പിടം. യോഗത്തിന് കുറഞ്ഞത് ഇരുപത്തിമൂന്നുപേരെങ്കിലും ആവശ്യമായിരുന്നു. സംഘാംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായം അനുസരിച്ചാണ് വിധികൾ കൽപ്പിച്ചിരുന്നത്.

## യേശുവും സാൻഹെദ്രീൻ സംഘവും

യേശുവിൻെറ കുരിശുമരണത്തിന് പ്രധാനപ്പെട്ട പങ്കുവഹിച്ചത് സാൻഹെദ്രീനായിരുന്നു. എന്നാൽ നിയമവിരുദ്ധമായിട്ടാണ് ഈ സമയത്ത് സാൻഹെദ്രീൻ സമ്മേളിച്ചത് (മത്തായി 26:3-5; മർക്കോ 14:1-2; ലൂക്കാ 22:1-2; യോഹ 11:47). രാത്രിയിൽ സാൻഹെദ്രീൻ കൂടുവാൻ അധികാരമില്ലായിരുന്നു. യേശുവിൻെറ കാര്യത്തിൽ ഈ നിയമം ലംഘിച്ചതായിക്കാണുന്നു (യോഹ 18:15). യേശുവിനെ വിചാരണചെയ്യുന്നതിനായി പ്രധാനപുരോഹിതൻെറ കൊട്ടാരത്തിൽ സമ്മേളിച്ചതും നിയമവിരുദ്ധമായിട്ടാണ്. യേശുവിനെ വിചാരണചെയ്യുന്നതിനുമുമ്പുതന്നെ യേശുവിനെ വധിക്കണമെന്ന് സാൻഹെദ്രീൻ സംഘം തീരുമാനിച്ചിരുന്നു (യോഹ 11:53). വിചാരണയിലാകട്ടെ കൂടുതൽ കൂടുതൽ കുറ്റങ്ങൾ യേശുവിൽ കണ്ടുപിടിക്കാനാണ് അവർ ശ്രമിച്ചത്. യേശുവിൻെറ മരണശേഷം സാൻഹെദ്രീൻ സംഘം ശിഷ്യൻമാരുടെമേൽ കർശന നടപടികൾ സ്വീകരിക്കുന്നതായി അപ്പസ്തോല പ്രവർത്തനങ്ങളിൽ വായിക്കുന്നു (അപ്പ 4:5-22; 5:17-42;6:4-8).

www.malankaralibrary.com

# 5

# യഹൂദവിഭാഗങ്ങൾ

സുവിശേഷങ്ങളെയും, സുവിശേഷത്തിലെ യേശുവിനെയും കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ, വിവിധ യഹൂദ വിഭാഗങ്ങളെക്കുറിച്ചുള്ള അറിവ് നമ്മെ സഹായിക്കും. യഹൂദ പാരമ്പര്യത്തിലെ ഔദ്യോഗിക പുരോഹിത ഗണത്തോടു മത്സരിച്ച, വളരെ ശക്തരായ, അല്മായരുടെ ഗണമായ ഫരിസേയരും, ഭരണവർഗ്ഗത്തോടും പുരോഹിതവൃന്ദത്തോടും ഇഴുകിച്ചേർന്ന് ഭരണയന്ത്രത്തെ നിയന്ത്രിച്ചിരുന്ന സദുക്കായരും, നിയമവ്യാഖ്യാനം ജീവിതചര്യയാക്കിയ മധ്യവർഗ്ഗമായ നിയമജ്ഞരും റോമാക്കാരെ പുറത്താക്കാൻ ആയുധമെടുത്തു പോരാടിയ തീവ്രവാദികളും, ദൈവത്തിൻെറ യഥാർത്ഥമായ കടന്നുവരവിനായി തപശ്ചര്യയിലൂടെ കാത്തിരുന്ന എസ്സീനുകളുമെല്ലാം സുവിശേഷത്തിലെ നിർണ്ണായക ഘടകങ്ങളും യഹൂദമതത്തിൻെറ ഭാഗധേയം നിർണ്ണയിക്കുന്ന ശക്തികളുമായിരുന്നു.

## ഫരിസേയർ

യഹൂദരുടെ മത-രാഷ്ട്രീയ ജീവിതത്തിൽ വളരെ സ്വാധീനം ചെലുത്തിയ ഒരു വിഭാഗമാണ് ഫരിസേയർ. ക്രിസ്തുവിനുമുൻപ് രണ്ടാം നൂറ്റാണ്ടിൽ സംഘം ചേർന്ന ഇവർ 'ഹസിദിം' (ഭക്തർ) വിഭാഗത്തിൻെറ തുടർച്ചയാണ് എന്നു കരുതപ്പെടുന്നു. (1 മക്ക 2:42; 2 മക്ക 14:6). ഹീബ്രു ഭാഷയിലെ

* അസ്സീറിയൻ പ്രവാസത്തിനുശേഷം തങ്ങളുടെ കൂട്ടായ്മയും ഐക്യവും, വിശ്വാസവും ആഴപ്പെടുത്തുവാനായി യഹൂദർ ഒന്നിച്ചുകൂടുക പതിവായിരുന്നു. ഇപ്രകാരം സമ്മേളിച്ചിരുന്ന യഹൂദർ പില്കാലത്ത് 'ദൈവത്തിൻെറ ജന'മെന്നും 'ഭക്തൻമാരെന്നും' "ഹസീദിം" (hasidim) എന്നും വിളിക്കപ്പെടുന്ന ഒരു വിഭാഗമായി രൂപംകൊണ്ടു.

www.malankaralibrary.com

"പറഷ്" (വേർതിരിക്കുക) എന്ന ക്രിയാധാതുവിൽനിന്നാണ് "പെറിഷായ" (ഹീബ്രു - പെറുഷിം) അഥവാ 'ഫരിസേയർ' എന്ന വാക്കിന്റെ ഉദ്ഭവം.

ഇവർ നിയമത്തെ വാച്യാർത്ഥത്തിൽ സ്വീകരികയും സാബത്താചാരണം, ഉപവാസം, ദശാംശം കൊടുക്കൽ, പ്രാർത്ഥന എന്നിവ വളരെ നിഷ്ഠയോടുകൂടി പാലിക്കുകയും ചെയ്തിരുന്നു. ലൗകിക കാര്യങ്ങളിൽ മുഴുകി ജീവിച്ചിരുന്ന ഇക്കൂട്ടർ സാധാരണമനുഷ്യരിൽനിന്നു തങ്ങളെത്തന്നെ വേർതിരിക്കുകയും, മാറ്റി നിർത്തുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് ഇവരെ ഫരിസേയർ (വേർതിരിക്കപ്പെട്ടവർ) എന്നു വിളിച്ചുപോന്നത്. നിയമാനുഷ്ഠാനത്തിൽ വീഴ്ചവരുത്തിയവരുമായിട്ടുള്ള സമ്പർക്കം അശുദ്ധിക്കു കാരണമാകുമെന്ന് ഇവർ ഭയപ്പെട്ടിരുന്നു. ഫരിസേയർ അവൈദികരും പൊതുവേ കാര്യമായ നിയമപഠനം ഇല്ലാത്തവരുമായിരുന്നു. എന്നാൽ നിയമജ്ഞരായ ചില ഫരിസേയരുമുണ്ടായിരുന്നു (മർക്കോ 2:16; അപ്പ 23:9). ചരിത്ര കാരനായ ജോസെഫുസ് പറയുന്നത് നിയമത്തിൽ, പ്രത്യേകിച്ച് പ്രാദേശിക നിയമങ്ങളുടെ വ്യാഖ്യാനത്തിൽ, പ്രഥമസ്ഥാനം ഫരിസേയർക്കായിരുന്നുവെന്നാണ്. കൃത്യതയോടുകൂടി നിയമം അനുഷ്ഠിക്കാത്തവരോട് ഇവർ അസഹിഷ്ണുത പുലർത്തുകയും തങ്ങളാണ് യഥാർത്ഥ ഇസ്രായേലെന്ന് അഭിമാനിക്കുകയും ചെയ്തിരുന്നു. ഇവരുടെ ജോലി പ്രധാനമായും കച്ചവടമോ കൃഷിയോ ആയിരുന്നു. നിർമ്മാണപവർത്തനങ്ങളിലും ഇവർ ഏർപ്പെട്ടിരുന്നു.

ഫരിസേയ സമൂഹത്തിലേക്ക് പ്രവേശിക്കുന്നതിനുമുൻപ് ഒരു മാസം മുതൽ ഒരു വർഷം വരെ നീണ്ടുനിൽക്കുന്ന പരീക്ഷണ കാലഘട്ടം ഉണ്ടായിരുന്നു. ഈ അവസരത്തിൽ നിയമങ്ങൾ അനുസരിച്ചു ജീവിക്കാൻ കഴിയുമെന്ന് അവർ തെളിയിക്കേണ്ടിയിരുന്നു. അതിനുശേഷം നിയമങ്ങളും, നൈയാമിക പവിത്രതയും, സാബത്തും, അഭംഗുരം ആചരിച്ചുകൊള്ളാമെന്ന് അവർ പ്രതിജ്ഞയെടുക്കുകയും ചെയ്തിരുന്നു. ഫരിസേയ സമൂഹത്തിൽ ഒരു തലവനും (Chief pharisee) അദ്ദേഹത്തിന്റെ അസംബ്ളിയുമാണുണ്ടായിരുന്നത് (മത്താ 22:15; 12:14). സാബത്താചരണത്തിന്റെ ആരംഭത്തിൽ പൊതുവായ ഭക്ഷണം, സമൂഹത്തിന്റെ ആഭ്യന്തര കാര്യങ്ങളെ നിയന്ത്രിക്കാനായി പ്രത്യേക നിയമം ഇതൊക്കെ ഫരിസേയ സമൂഹത്തിന്റെ പ്രത്യേകതകളായിരുന്നു. ചിലപ്പോഴെല്ലാം തിരുനാളുകളിലും ആഘോഷങ്ങളിലും പങ്കെടുക്കാനും അനുശോചനം അറിയിക്കാനുമായി ഇവർ പൊതു വേദികളിൽ പ്രത്യക്ഷപ്പെട്ടിരുന്നു.

www.malankaralibrary.com

ഫരിസേയരുടെ വിശ്വാസ വീക്ഷണങ്ങൾ താഴെപ്പറയുന്നവയാണ്:

1. ദൈവമാണ് പ്രപഞ്ചത്തെ നയിക്കുകയും മനുഷ്യൻെറ പ്രവൃത്തികളെ നിയന്ത്രിക്കുകയും ചെയ്യുന്നത്.
2. മനുഷ്യൻ ദൈവത്തിൻെറ തിരുമനസ്സിനെയും നിയമത്തെയും ലംഘിച്ചാലും ദൈവത്തിൻെറ ഇഷ്ടം ആത്യന്തികമായി വിജയിക്കും.
3. നൻമ-തിൻമകൾ പ്രവർത്തിക്കാനുള്ള മനുഷ്യൻെറ സ്വാതന്ത്ര്യത്തെ ദൈവം എടുത്തു കളയുന്നില്ല.
4. മാലാഖമാർ, അരൂപികൾ, എന്നിവയിലും ദൈവത്തിൻെറ പരിപാലനയിലും ഇവർ വിശ്വസിച്ചിരുന്നു (അപ്പ 23:8).

പുതിയനിയമത്തിൽ ഏകദേശം നൂറു പ്രാവശ്യം ഫരിസേയരെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. യേശുവിനെ എതിർക്കുന്ന ഒരു വിഭാഗമായാണ് ഫരിസേയരെ സുവിശേഷങ്ങളിൽ ചിത്രീകരിക്കുന്നത് (മർക്കോ 3:6; 12:13; മത്താ 12:14; യോഹ 3:14; 9:7). യേശുവും ഫരിസേയരും തമ്മിൽ അടിസ്ഥാനപരമായി ചില കാര്യങ്ങളിൽ വിയോജിപ്പുണ്ടായിരുന്നു. സ്നേഹത്തിനും കരുണയ്ക്കും പ്രാധാന്യം നൽകുന്ന മതജീവിതത്തിന് യേശു പ്രാധാന്യം നൽകുമ്പോൾ നിയമാനുഷ്ഠാനങ്ങൾക്കും പാരമ്പര്യങ്ങൾക്കും പ്രാധാന്യം നൽകുന്ന മതജീവിതത്തിനാണ് ഫരിസേയർ ഊന്നൽ നൽകിയത്. ഈ വ്യത്യസ്ത വീക്ഷണങ്ങൾ യേശുവും ഫരിസേയരും തമ്മിലുള്ള സംഘർഷത്തിനു കാരണമായി (മത്താ 15:1-20; മർക്കോ 7:1-23).

ഉപവാസം, സാബത്താചരണം, വിവാഹമോചനം, ശുദ്ധികർമ്മം തുടങ്ങിയവയെ സംബന്ധിച്ചുള്ള ഫരിസേയരുടെ വീക്ഷണത്തെ യേശു ചോദ്യംചെയ്തു (മർക്കോ 2:18-22; 23-28; 3:1-6; 10:1-12). പ്രാർത്ഥനയിൽ ഇക്കൂട്ടർ കാണിക്കുന്ന കപടതയും ദാനം കൊടുക്കുമ്പോൾ മറ്റുള്ളവരുടെ ശ്രദ്ധയും പ്രശംസയും പിടിച്ചുപറ്റാനുള്ള ആഗ്രഹവും യേശുവിൻെറ വിമർശനത്തിനു വിഷയമായി (മത്താ 23:23; ലൂക്കാ 18:12). അന്ധരെ നയിക്കുന്ന അന്ധരെന്നും വെള്ളയടിച്ച കുഴിമാടങ്ങളെന്നും യേശു ഫരിസേയരെ വിശേഷിപ്പിച്ചു (മത്താ 23:16-27).

ഫരിസേയർ എപ്പോഴും ഒരു പ്രത്യേക സമൂഹത്തിനുവേണ്ടി നിലകൊണ്ട മനുഷ്യരാണ്. പാപികളെയും ദുർമാർഗ്ഗികളെയും മാറ്റി നിർത്തി നിയമം വാച്യാർത്ഥത്തിൽ അനുസരിക്കുന്ന യഥാർത്ഥ ഇസ്രായേലായ ഒരു സമൂഹത്തെക്കുറിച്ചുള്ള വീക്ഷണമായിരുന്നു അവർക്കുണ്ടായിരുന്നത്.

www.malankaralibrary.com

അതുകൊണ്ട് പാപികളെയും, ചുങ്കക്കാരെയും എല്ലാം ഉൾക്കൊണ്ട ഒരു സമൂഹത്തെ സ്വപ്നം കണ്ടിരുന്ന യേശുവിനെ അംഗീകരിക്കാൻ ഇവർക്കു സാധിച്ചില്ല. ഇപ്രകാരം ദൈവത്തെയും, നിയമത്തെയും കുറിച്ചുള്ള വികലമായ വീക്ഷണം വഴി അന്ധരായിത്തീർന്ന ഫരിസേയർക്ക് യേശുവിലൂടെ വെളിവാക്കപ്പെട്ട ദൈവത്തെ മനസിലാക്കാൻ ഒരിക്കലും സാധിച്ചിരുന്നില്ല (മത്താ 22:16; മർക്കോ 9:40; മത്താ 12:14; മർക്കോ 3:6). എന്നാൽ യേശുവിനെ മനസിലാക്കുകയും അംഗീകരിക്കുകയും ചെയ്ത ഫരിസേയരും ഉണ്ടായിരുന്നു. യേശുവിനെ അന്വേഷിക്കുന്ന നിക്കൊദെമൂസ് (യോഹ 3:1-2) യേശുവിരോധിയും പിന്നീട് അപ്പസ്തോലനുമായിത്തീർന്ന പൗലോസ് (അപ്പ 23:6) എന്നിവർ യേശുവിനെ അംഗീകരിച്ച ഫരിസേയരാണല്ലോ. മറ്റു യഹൂദ വിഭാഗങ്ങളെ അപേക്ഷിച്ച് ചരിത്രത്തിന്റെ ഗതിവിഗതികളെ മറികടന്ന് ഇന്നും നിലനിൽക്കുന്ന ഒരു വിഭാഗമാണ് ഫരിസയേർ.

## സദുക്കായർ

സമൂഹത്തിലെ സമ്പന്നരും ഉന്നതകുലജാതരും പ്രധാന പുരോഹിതസ്ഥാനം അലങ്കരിച്ചിരുന്നവരും യവനസംസ്കാരത്തെയും പാരമ്പര്യത്തെയും പ്രോത്സാഹിപ്പിച്ചിരുന്നവരുമായ ആളുകളുടെ വിഭാഗമാണ് സദുക്കായർ.

ദാവീദു രാജാവിന്റെ കാലത്തെ പ്രധാന പുരോഹിതനായ സാദോക്കിന്റെ (1 രാജാ 1:32) പേരിൽനിന്നാണ് സദുക്കായർ എന്ന പദമുണ്ടായത്. മക്കബായ വിപ്ലവകാലത്താണ് (BC 167-145) ഇവർ ഒരു സമൂഹമായി രൂപം കൊണ്ടത്. എപ്പോഴും ഭരിക്കുന്നവരുടെ പക്ഷം ചേരുകയും അധികാരവും സ്വത്തും നിലനിർത്തുകയും ചെയ്ത അവസരവാദികളായിരുന്നു സദുക്കായർ. രാഷ്ട്രീയ ലക്ഷ്യത്തോടെ റോമൻ ഭരണത്തെ പ്രീണിപ്പിക്കുകയും, റോമൻ ഭരണത്തിനെതിരെ പോരാടിയ വിപ്ലവകാരികളോടും, ഫരിസേയരോടുമൊപ്പം ചേരാതെ, നിലവിലുള്ള വ്യവസ്ഥിതിയെ നിലനിർത്തിക്കൊണ്ടു പോരുവാൻ പരിശ്രമിക്കുകയും ചെയ്തവരാണ് ഇക്കൂട്ടർ. യൂദാ രാജ്യത്തിന്റെ രാഷ്ട്രീയവും, ലൗകീകവുമായ വശത്തെപ്പറ്റി മാത്രം ചിന്തിക്കുകയും, തങ്ങളുടെ അധികാരം താഴെക്കിടയിലുള്ളവരിൽ അടിച്ചേല്പിക്കാനായി ഏതു ഹീന മാർഗ്ഗങ്ങളും, ഹിംസ തന്നെയും ഉപയോഗിക്കുകയും ചെയ്തിരുന്നു. ഫരിസേയർ യഹൂദമതത്തെ രാഷ്ട്രീയവും ദേശീയവുമായ ബന്ധങ്ങളില്ലാത്ത ഒരു ആദ്ധ്യാത്മിക മതമായി ചിന്തിക്കുമ്പോൾ, സദുക്കായർ മതത്തെ രാഷ്ട്രീയ ലക്ഷ്യങ്ങളോടെയാണ് കണ്ടിരുന്നത്. സദുക്കായർ എണ്ണത്തിൽ

www.malankaralibrary.com

വളരെ കുറവായിരുന്നു. മോശ യഹൂദജനത്തിനു കൈമാറിയ തോറായെ പരമോന്നതവും, മൗലീകവുമായ നിയമമായി സദുക്കായർ പരിഗണിച്ചു. ഇവർ പാരമ്പര്യങ്ങളെ വെറുക്കുകയും തോറയ്ക്കു പ്രാധാന്യം നൽകുകയും ചെയ്തു. സദുക്കായർ ശരീരത്തിൻെറ ഉയിർപ്പിലും, മാലാഖമാരിലും അരൂപികളിലും വിശ്വസിച്ചിരുന്നില്ല. മരണാനന്തര ജീവിതത്തെ ചോദ്യം ചെയ്യുന്ന സദുക്കായരെ സുവിശേഷത്തിൽ കണ്ടെത്തുന്നുണ്ട് (മത്താ 12:18; 22:23; ലൂക്കാ 20:27). മരണശേഷം ശരീരത്തോടൊപ്പം ആത്മാവും നശിക്കുന്നു എന്ന ചിന്താഗതിയാണ് മരണാനന്തര ജീവിതത്തെ തള്ളിപ്പറയാൻ ഇവരെ പ്രേരിപ്പിച്ചത്.

സദുക്കായർ അലിഖിത പാരമ്പര്യത്തെ എതിർക്കുന്നുണ്ടെങ്കിലും അവർക്ക് അലിഖിത പാരമ്പര്യം ഉള്ളതായി കാണാൻ സാധിക്കുന്നുണ്ട്. യഥാർത്ഥത്തിൽ വിശുദ്ധ ലിഖിതങ്ങൾക്കു തുല്യമായി അലിഖിത പാരമ്പര്യത്തെ പരിഗണിക്കുന്ന ഫരിസേയ ചിന്താഗതിയെയാണ് ഇവർ എതിർത്തുപോന്നത്. സദുക്കായർ ലിഖിത നിയമങ്ങളെ സംബന്ധിച്ചിടത്തോളം യാഥാസ്ഥിതികരായിരുന്നു. എങ്കിലും പല കാര്യങ്ങളിലും ഇവർ ഫരിസേയരെക്കാൾ വിട്ടുവീഴ്ചാ മനോഭാവം പുലർത്തിയവരായിരുന്നു.

യേശുവിൻെറ പരസ്യജീവിതകാലത്ത് പലപ്പോഴും സദുക്കായർ യേശുവിൻെറ പ്രേഷിതവേലയിൽ തടസ്സമായും പ്രതിയോഗികളായും നിലകൊണ്ടിട്ടുണ്ട്. യേശുവിൻെറ മരണത്തിൽ ഇവർക്കുള്ള പങ്ക് വളരെ വലുതും ഗൗരവമേറിയതുമാണ്. യേശുവിൻെറ അറസ്റ്റിൽ പ്രധാനപുരോഹിതൻമാർക്കുള്ള പങ്കിനെപ്പറ്റി സുവിശേഷകൻമാർ വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട് (മർക്കോ 11:27; 14:1- 53; 15:1). ആദിമ ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിലും അവർ വലിയ പങ്കുവഹിച്ചിരുന്നു (അപ്പ 4:1). യേശുവിൻെറ പരസ്യജീവിതകാലത്തും, പ്രത്യേകിച്ച് യേശുവിൻെറ ജറുസലെം പ്രവേശന സമയത്തും സദുക്കായർ യേശുവിനെ വകവരുത്തുവാനായി ആലോചനയിൽ ഏർപ്പെടുന്നു. യേശു ഗലീലിയിൽ പ്രവർത്തിച്ചിരുന്നപ്പോൾ സദുക്കായരുടെയും പ്രധാന പുരോഹിതരുടെയും നേതൃത്വത്തിനും സ്ഥാനത്തിനും യേശു ഭീഷണിയായിരുന്നില്ല. എന്നാൽ അവിടുന്നു ജറുസലെം ദേവാലയത്തിൽ പ്രവേശിക്കുകയും നാണയമാറ്റക്കാരെയും പ്രാവു വില്പനക്കാരെയും പുറത്താക്കുകയും ചെയ്തപ്പോൾ (മർക്കോ 11:15-18) ദേവാലയത്തിലുള്ള തങ്ങളുടെ സ്ഥാനത്തെത്തന്നെ യേശു വെല്ലുവിളിക്കുകയാണെന്ന് അവർക്കു തോന്നി. അതുകൊണ്ടുതന്നെയാണ് യേശുവിനെ വകവരുത്താനുള്ള മാർഗ്ഗങ്ങളെപ്പറ്റി ഇവർ ചിന്തിച്ചത് (യോഹ 11:45-53). യോഹന്നാനും,

www.malankaralibrary.com

പത്രോസും ജറുസലെം ദേവാലയത്തിൻെറ മുൻപിലിരുന്ന് ഭിക്ഷ യാചിച്ചിരുന്ന മുടന്തനെ സുഖപ്പെടുത്തുകയും ജനക്കൂട്ടത്തെ തങ്ങളിലേക്ക് ആകർഷിക്കുകയും ചെയ്തപ്പോൾ അവരെ ജയിലിലടയ്ക്കാൻ മുൻകൈയെടുത്തതും സദുക്കായരാണ് (അപ്പ 4:12). ദേവാലയത്തിൻെറ മേലുള്ള തങ്ങളുടെ അധികാരത്തെയും പുരോഹിത പദവിയെയും പ്രത്യക്ഷമായോ പരോക്ഷമായോ വെല്ലുവിളിക്കുന്ന രീതിയിൽ എന്തുതന്നെ കണ്ടാലും അതിനെ ഇല്ലാതാക്കാൻ ഇവർ പ്രത്യേക ശ്രദ്ധവച്ചിരുന്നു. ജറുസലെം ദേവാലയത്തിൻെറ നാശത്തോടെ സദുക്കായരും അപ്രത്യക്ഷരായി.

## നിയമജ്ഞർ (Scribes)

ഇസ്രായേൽജനത ബാബിലോണിയൻ അടിമത്വത്തിലായിരുന്ന കാലഘട്ടത്തിൽ ആവിർഭവിച്ച ഒരു വിഭാഗമാണ് നിയമജ്ഞർ. പ്രവാസസ്ഥലത്ത് നിയമം പഠിക്കുകയും, വ്യാഖ്യാനിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്ന ഒരു വിഭാഗം രൂപംകൊണ്ടു. ജറമിയായുടെ ഗ്രന്ഥത്തിൽ പരാമർശിക്കുന്ന "ബാറൂക്" ഇപ്രകാരമുള്ള ഒരു നിയമജ്ഞനാണ് (ജറെ 36:32). നിയമജ്ഞരുടെ ജോലി എല്ലാറ്റിലും മഹത്തരമായ ജോലിയായിരുന്നെന്നും സമൂഹമധ്യത്തിലും പൊതുയോഗങ്ങളിലും പുരോഹിതർക്കു തുല്യമായ സ്ഥാനമായിരുന്നെന്നും പ്രഭാഷകൻെറ പുസ്തകത്തിൽനിന്നും വ്യക്തമാകുന്നു (പ്രഭാ 38:24-39:11).

വർഷങ്ങൾ നീണ്ടുനില്ക്കുന്ന പരിശീലനമായിരുന്നു നിയമജ്ഞരുടേത്. പതിന്നാലു വയസ്സു തികയുമ്പോൾ നിയമത്തിൽ പ്രാവീണ്യം നേടത്തക്കവിധത്തിൽ വളരെ ചെറുപ്പത്തിലെ തന്നെ നിയമപഠനം തുടങ്ങിയിരുന്നു. എന്നാൽ നാല്പതു വയസ്സു തികയുമ്പോൾ മാത്രമാണ് ഒരാൾ നിയമജ്ഞരുടെ സംഘത്തിലെ ഔദ്യോഗിക അംഗമായി മാറിയിരുന്നത്. ഇപ്രകാരം അംഗീകരിക്കപ്പെട്ട നിയമജ്ഞർക്ക് ആരാധനാപരമായ നിയമങ്ങൾ ഉണ്ടാക്കുന്നതിനും, ന്യായാധിപനായി പ്രവർത്തിക്കുന്നതിനും കുറ്റവാളികളെ ശിക്ഷിക്കുന്നതിനുമുള്ള അധികാരമുണ്ടായിരുന്നു. പാരമ്പര്യങ്ങൾ ഉണ്ടാക്കുന്നതിനും കൈമാറുന്നതിനുമുള്ള അധികാരവും ഇവർക്കുതന്നെയായിരുന്നു. "കെട്ടാനും അഴിക്കാനു"മുള്ള അധികാരവും (മത്താ 16:19; 18:18) ഇവരിൽ നിക്ഷിപ്തമായിരുന്നു. ഇവർ നിയമം ശിഷ്യന്മാരെ പഠിപ്പിക്കുകയും അതിൻെറ ഉപയോഗവും വ്യാഖ്യാനവും എപ്രകാരമായിരിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തിരുന്നു. സാൻഹെദ്രിൻ സംഘത്തിലെ വളരെ നിർണ്ണായകമായ ശക്തിയായിരുന്നു നിയമജ്ഞർ. സമൂഹത്തിൽ ഉന്നതസ്ഥാനം

www.malankaralibrary.com

അലങ്കരിച്ചിരുന്ന നിയമജ്ഞരെ സിനഗോഗുകളുടെ അധികാരസ്ഥാന ത്തേക്കും മറ്റു പൊതുസ്ഥാനങ്ങളിലേക്കും ജനം തെരഞ്ഞെടുത്ത് അയച്ചി രുന്നു. "റബ്ബി" (My Master) എന്നാണ് ഇവർ സംബോധന ചെയ്യപ്പെട്ടിരുന്നത്. ഇവർ നീണ്ട മേലങ്കികൾ ധരിക്കുകയും പൊതുയോഗങ്ങളിൽ ഉന്നതസ്ഥാ നം കൈയടക്കുകയും മറ്റു മനുഷ്യരാൽ അഭിവാദ്യം ചെയ്യപ്പെടാൻ ആഗ്രഹി ക്കുകയും ചെയ്തിരുന്നു (മത്താ 23:5-7). യഹൂദ സമൂഹത്തിലെ മിക്ക വിഭാ ഗങ്ങൾക്കും നിയമപണ്ഡിതന്മാർ ഉണ്ടായിരുന്നു. സദുക്കായരായ നിയമ ജ്ഞരും, ഫരിസേയരായ നിയമജ്ഞരും പുരോഹിതരായ നിയമജ്ഞരും ഉണ്ടായിരുന്നു. ഭൂരിപക്ഷ നിയമജ്ഞരും ഫരിസേയ വിഭാഗത്തിൽപ്പെട്ടവരാ യിരുന്നു.

പഴയനിയമപ്രവാചകന്മാരെ ബഹുമാനിച്ചിരുന്നതുപോലെ യഹൂദ സമൂഹം നിയമജ്ഞരെ ബഹുമാനിച്ചിരുന്നു. നിയമത്തിന്റെ വ്യാഖ്യാതാ ക്കൾ എന്ന നിലയിലും ദൈവികജ്ഞാനം മറ്റുള്ളവരെ പഠിപ്പിക്കുന്ന ഗുരു ക്കന്മാരെന്ന നിലയിലും ഇവർക്കു സമൂഹത്തിൽ ഉന്നത സ്ഥാനമാണുണ്ടാ യിരുന്നത്. പ്രത്യേകിച്ച് ഫരിസേയ സമൂഹത്തിലെ നിയമജ്ഞരോട് വ്യ വസ്ഥയില്ലാത്ത അനുസരണമാണ് അംഗങ്ങൾ പ്രഖ്യാപിച്ചിരുന്നത്.

സുവിശേഷങ്ങളിൽ പരാമർശിക്കുന്ന നിയമജ്ഞർ 'മോശയുടെ നി യമ'ത്തിൽ അവഗാഹമുള്ളവരായിരുന്നു. പ്രധാന പുരോഹിതന്മാരും ഫരി സേയരുമായി ബന്ധപ്പെടുത്തിയാണ് പലപ്പോഴും ഇവരെപ്പറ്റി പ്രതിപാദി ക്കുന്നത്. ജനനേതാക്കളും യഹൂദമതത്തിന്റെ വക്താക്കളുമായാണ് ഇവർ പ്രത്യക്ഷപ്പെടുന്നത്. നിയമവ്യാഖ്യാനത്തിന്റെ കാര്യത്തിൽ യേശുവുമായി ഇക്കൂട്ടർ തർക്കിച്ചിരുന്നു (മത്താ 15:1-2). പാരമ്പര്യമനുസരിച്ച് നിയമപഠനവും വ്യാഖ്യാനവും ജീവിതചര്യയാക്കി മാറ്റിയ നിയമജ്ഞർക്ക് യേശുവെന്ന റബ്ബി യെ അംഗീകരിക്കുവാൻ സാധിച്ചിരുന്നില്ല. നിയമജ്ഞരുടെ പ്രബോധന ത്തെക്കാൾ ആധികാരികമായിരുന്നു യേശുവിന്റെ പ്രബോധനം (മത്താ 7: 28; 17:10). നിയമം പഠിപ്പിക്കുകയും എന്നാൽ അതനുസരിച്ച് ജീവിക്കാതിരി ക്കുകയും ചെയ്യുന്ന നിയമജ്ഞരെ യേശു നിശിതമായി വിമർശിക്കുന്നുണ്ട് (മത്താ 23:1-36). നിയമത്തിന്റെ ബാഹ്യമായ അനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധിക്കുകയും അതിന്റെ ആന്തരികചൈതന്യം നഷ്ടപ്പെടുത്തുകയും ചെയ്യു ന്ന ഇക്കൂട്ടർ യേശുവിന്റെ വീക്ഷണത്തിൽ 'കപടനാട്യക്കാരും' 'അന്ധരായ മാർഗ്ഗദർശികളു'മാണ് (മത്താ 23:15-16). യേശുവിന്റെ പീഡാനുഭവ വേളയിൽ നിയമജ്ഞർ സജീവമായി പ്രവർത്തിക്കുന്നുണ്ട്. യേശുവിനെ വധിക്കുവാൻ ഗൂഢാലോചന നടത്തുകയും (മത്താ 26:57-59) കുരിശിൽ കിടക്കുന്ന യേശു

www.malankaralibrary.com

വിനെ പരിഹസിക്കുകയും ചെയ്യുന്നു (മത്താ 27:41). യേശുവിനുശേഷം അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളേയും നിയമജ്ഞർ എതിർത്തിരുന്നു (അപ്പ 4:5-7). യേശുവിനെ അനുഗമിക്കുവാൻ താത്പര്യം പ്രകടിപ്പിച്ച നിയമജ്ഞരേയും സുവിശേഷത്തിൽ കാണുന്നുണ്ട് (മത്താ 8:19).

## തീവ്രവാദികൾ (Zealots)

യേശുവിൻെറ കാലഘട്ടത്തിൽ യഹൂദമത ജീവിതത്തിൽ നിർണ്ണായകമായ സ്ഥാനമുണ്ടായിരുന്ന മറ്റൊരു കൂട്ടരാണ് "തീവ്രവാദികൾ". പലസ്തീനിയൻ പ്രദേശത്തുള്ള റോമാക്കാരുടെ ആധിപത്യത്തെ എതിർക്കുകയും അവർക്കെതിരെയുള്ള വിപ്ലവങ്ങളിൽ പങ്കെടുക്കുകയും ചെയ്ത യഹൂദർ പൊതുവായി "തീവ്രവാദികൾ" (Zealots) എന്നപേരിലാണ് അറിയപ്പെട്ടിരുന്നത്. മതപരവും ദേശീയവുമായ നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള തീക്ഷ്ണതമൂലമാണ് ഇവർക്ക് "തീക്ഷ്ണർ" (തീവ്രവാദികൾ) എന്ന പേരു ലഭിച്ചത്. ഈ പദം മക്കബായരുടെ പിതാവായ മത്താത്തിയാസ് മരണക്കിടക്കയിൽവച്ച് മക്കൾക്കു നൽകുന്ന ഉപദേശത്തിൽ ഉപയോഗിച്ച ഒന്നായിരുന്നു: "അതുകൊണ്ട്, പ്രിയ മക്കളെ, നിയമത്തെപ്രതി നിങ്ങൾ തീക്ഷ്ണതയുള്ളവരാകുക, നമ്മുടെ പൂർവ്വികന്മാരോടു ചെയ്ത ഉടമ്പടിയെ പ്രതി നിങ്ങൾ നിങ്ങളുടെ ജീവൻ നല്കുക" (1 മക്ക 2:50).

എന്തു വിലകൊടുത്തും നിയമത്തെ സംരക്ഷിക്കണമെന്നും വേണ്ടിവന്നാൽ അതിനായി ആയുധംകൊണ്ടു പോരാടണമെന്നും ഇക്കൂട്ടർ ജനത്തെ പഠിപ്പിച്ചു. ഇപ്രകാരം വിപ്ലവം നയിക്കുന്നവരുടെ തീക്ഷ്ണതയും ആത്മാർത്ഥതയും ദൈവം പരിഗണിച്ച് അവരെ അവിടുന്ന് വിജയത്തിലേക്ക് നയിക്കുമെന്ന് ഇവർ വിശ്വസിച്ചിരുന്നു. നിയമത്തേയും പാരമ്പര്യത്തേയും സംരക്ഷിക്കുവാനുള്ള ആഗ്രഹത്തിൽനിന്നു മാത്രം ഉടലെടുത്തതല്ല ഈ തീവ്രവാദി പാരമ്പര്യം. ഇതൊരു ആദ്യകാരണം മാത്രമായിരുന്നു. എല്ലാറ്റിലും ഉപരിയായി ഇവരെ മുൻപോട്ടു നയിച്ച ചേതോവികാരം തീക്ഷ്ണതയുടെ "പാപമോചക മൂല്യ"ത്തെക്കുറിച്ചുള്ള അവബോധമായിരുന്നു. നിയമം സംരക്ഷിക്കുന്നതിനായുള്ള തങ്ങളുടെയും മറ്റെല്ലാ ഇസ്രായേൽക്കാരുടെയും ശ്രമം പാപപ്പരിഹാരത്തിനായി ദൈവം സ്വീകരിക്കുമെന്ന വിശ്വാസം തീക്ഷ്ണമതികൾക്കുണ്ടായിരുന്നു (1 മക്ക 2:26). എണ്ണത്തിൽ അധികമുണ്ടായിരുന്നില്ലെങ്കിലും റോമാക്കാർക്ക് സ്ഥിരം പ്രശ്നം സൃഷ്ടിച്ച ഒരു വിഭാഗമായിരുന്നു തീവ്രവാദികൾ.

www.malankaralibrary.com

യേശുവിൻെറ ശിഷ്യസമൂഹത്തിലെ ശിമയോൻ "തീവ്രവാദിയായ ശിമയോൻ" എന്നാണ് അറിയപ്പെട്ടിരുന്നത് (ലൂക്കാ 6:15). അപ്പസ്തോല പ്രവർത്തനങ്ങളിലും ശിമയോനെ, "തീവ്രവാദിയായ ശിമയോൻ" എന്നു തന്നെയാണ് പരാമർശിച്ചിരിക്കുന്നത് (അപ്പ 1:13). റോമൻ ആധിപത്യത്തെ എതിർക്കുകയും ദേശീയമായ സ്വാതന്ത്ര്യത്തിനുവേണ്ടി ഗലീലിയക്കാരനായ യൂദാസിൻെറ നേതൃത്വത്തിൽ സമരം നടത്തുകയും ചെയ്ത ആൾ എന്നതിലുപരി, നിയമം സംരക്ഷിക്കാനായി ശിമയോൻ കാണിച്ച തീക്ഷ്ണത കൊണ്ടായിരിക്കാം അദ്ദേഹത്തെ ഇപ്രകാരം വിളിച്ചിരുന്നത്. പഴയനിയമത്തിൽ പിനഹസും (സംഖ്യ 25:1-13) പുതിയനിയമത്തിൽ പൗലോസും (അപ്പ 22:3-4; ഗലാ 1:13-14) നിയമത്തെ സംബന്ധിച്ച തീക്ഷ്ണത പ്രകടിപ്പിച്ചവരാണ്. ഏ.ഡി. 70 ലെയും 135 ലെയും യഹൂദരുടെ പരാജയത്തിനുശേഷം യഹൂദരുടെ ഇടയിലെ "തീവ്രവാദി" പ്രസ്ഥാനം പരാജയമടഞ്ഞു.

## എസ്സീനുകൾ

ചാവുകടലിൻെറ തീരത്തും പലസ്തീനയുടെ ഇതരഭാഗങ്ങളിലും ജീവിച്ചിരുന്ന "എസ്സീനുകൾ" എന്ന യഹൂദ വിഭാഗത്തിൻെറ ഉദ്ഭവം ബി.സി. രണ്ടാം നൂറ്റാണ്ടിൻെറ ഉത്തരാർദ്ധത്തിലാണ്. 1947-ൽ ചാവുകടൽ തീരത്തിനടുത്തുള്ള "ഖുമ്രാൻ" ഗുഹകളിൽനിന്നു കണ്ടെത്തിയ പുരാതനരേഖകൾ ഇവരുടെ ജീവിതത്തിലേക്കു വെളിച്ചം വീശുന്നവയാണ്. "ഹസിദിം" വിഭാഗത്തിൽനിന്ന് വേർപിരിഞ്ഞവരായിരിക്കാം എസ്സീനുകൾ എന്നു കരുതപ്പെടുന്നു.

ചരിത്രകാരന്മാരായ ജൊസേഫൂസ്, ഫിലൊ, പ്ലീനി എന്നിവർ എസ്സീനുകളെപ്പറ്റി പരാമർശിക്കുന്നുണ്ട്. അവരുടെ വിവരണമനുസരിച്ച് എസ്സീനുകൾ ബാഹ്യമായ ബഹളങ്ങളിൽനിന്നും അകന്ന് സമൂഹങ്ങളായി സന്യാസജീവിതം നയിച്ചിരുന്നവരാണ്. ക്രിസ്തുമതത്തിലെ സന്യാസജീവിതത്തോട് വളരെ സാമ്യമുള്ളതായിരുന്നു അവരുടെ ജീവിതം. ഔദ്യോഗികമായി സമൂഹത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് അർത്ഥികൾ രണ്ടുവർഷത്തെ കർശനമായ പരിശീലനത്തിനു വിധേയരാകേണ്ടതുണ്ട്. ഭക്തിയോടും നീതിയോടുംകൂടെ വ്യാപരിച്ചുകൊള്ളാമെന്നും തിന്മകൾ ഉപേക്ഷിച്ചും ദുഷ്ടരെ വെറുത്തും സമൂഹനിയമങ്ങൾ പാലിച്ചുകൊണ്ടും ജീവിച്ചുകൊള്ളാമെന്ന് പരിശീലനം പൂർത്തിയാക്കുമ്പോൾ അർത്ഥികൾ പ്രതിജ്ഞ ചെയ്യുന്നു. പ്രാർത്ഥനയും ജോലിയും ജീവിതചര്യയുടെ രണ്ടു പ്രധാന ഘടകങ്ങളായിരുന്നു. കർശനമായ ജീവിതക്രമമാണ് ഇവർക്കുണ്ടായിരുന്നത്. നിയമാനു

www.malankaralibrary.com

ഷ്ഠാനത്തിന്റെ കാര്യത്തിൽ ഫരിസേയരെക്കാൾ കാർക്കശ്യം ഇവർ പ്രകടിപ്പിച്ചിരുന്നു. നിയമം ലംഘിക്കുന്നവരെ ശിക്ഷിക്കുകയും സമൂഹത്തിൽ നിന്നു പുറത്താക്കുകയും ചെയ്തിരുന്നു.

നൈയാമിക പവിത്രത, സാബത്താചരണം, വിശുദ്ധഗ്രന്ഥ പാരായണം തുടങ്ങിയവയിൽ അതീവ ശ്രദ്ധ കൊടുക്കുന്ന ശൈലിയായിരുന്നു ഇവരുടേത്. ജറുസലേം ദൈവാലയത്തിലെ ബലികളിലും പ്രാർത്ഥനകളിലും പങ്കുചേർന്നിരുന്നില്ല. കാരണം, അവിടെ അഹറോന്റെ പുരോഹിത ഗണത്തിൽ പെടാത്ത പുരോഹിതഗണമായിരുന്നു ദേവാലയ ശുശ്രൂഷകളെ നിയന്ത്രിച്ചിരുന്നത്. എന്നാൽ യഥാർത്ഥ പുരോഹിതവംശത്തിൽനിന്നുള്ള പുരോഹിതർ ബലിയർപ്പിക്കുന്ന ദിവസത്തിനായി കാത്തിരിക്കുകയും ആ സമയം ആഗതമാകുമ്പോൾ പുരോഹിത ശുശ്രൂഷകൾ ഏറ്റെടുക്കാനായി തങ്ങളുടെ സമൂഹത്തിലെ പുരോഹിതരെയും ലേവായരെയും ഇവർ സജ്ജമാക്കുകയും ചെയ്തിരുന്നു.

ആത്മാവ് അരൂപിയും നാശത്തിനതീതവുമാണെന്ന് എസ്സീനുകൾ വിശ്വസിച്ചിരുന്നു. മനുഷ്യൻ എല്ലാ പ്രവൃത്തികളും ദൈവത്തിന് വിധേയമാക്കി നിർവ്വഹിക്കേണ്ടതാണെന്ന് ഇവർ പഠിപ്പിച്ചു. ലോകത്തിൽ എപ്പോഴും നന്മയുടെയും തിന്മയുടെയും ശക്തികൾ തമ്മിൽ പരസ്പരം യുദ്ധം നടക്കുന്നു. നന്മയുടെ പക്ഷം ചേരുന്നവരെ പ്രകാശത്തിന്റെ മക്കളെന്നും തിന്മയുടെ പക്ഷം ചേരുന്നവരെ 'അന്ധകാരത്തിന്റെ മക്കളെ'ന്നും ഇവർ വിളിച്ചു. പ്രകാശത്തിന്റെ മക്കൾക്ക് സന്തോഷവും രക്ഷയും ലഭിക്കുമ്പോൾ അന്ധകാരത്തിന്റെ മക്കൾക്കു ലഭിക്കുന്നത് നിത്യനാശമായിരിക്കും. ഏ.ഡി. 66-73 കാലഘട്ടത്തിൽ നടന്ന യുദ്ധങ്ങൾക്കിടയിൽ ഈ സമൂഹം നാമാവശേഷമായി എന്നു കരുതപ്പെടുന്നു. സ്നാപകയോഹന്നാൻ എസ്സീൻ വിഭാഗത്തിൽപ്പെട്ട ഒരാളായിരുന്നു എന്ന് ചില ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു.

www.malankaralibrary.com

# 6

# അവഗണിക്കപ്പെട്ടവർ

യാഥാസ്ഥിതികരായ യഹൂദർ ചില സമൂഹങ്ങളെയും വ്യക്തികളെയും അവജ്ഞയോടെ വീക്ഷിക്കുകയും അവരുമായുള്ള സമ്പർക്കം ഒഴിവാക്കുകയും ചെയ്തിരുന്നു. തങ്ങൾ മാത്രമാണ് ദൈവത്തിനു സ്വീകാര്യരെന്നും മറ്റുള്ളവർ പല കാരണങ്ങളാൽ ദൈവത്തിൽനിന്നും അകന്നുപോയവരാണെന്നും അതിനാൽ അവരെ അകറ്റിനിറുത്തുകയും അവരുമായുള്ള സമ്പർക്കം ഒഴിവാക്കുകയും ചെയ്യണമെന്ന് അവർ വിശ്വസിച്ചു. വിജാതീയർ, സമരിയാക്കാർ, ചുങ്കക്കാർ, പാപികൾ എന്നിവർ ഇപ്രകാരം മാറ്റിനിറുത്തപ്പെട്ട വിഭാഗത്തിൽപ്പെട്ടവരാണ്. യഹൂദന്മാർ അവഗണിച്ച ഈ വിഭാഗങ്ങളെക്കുറിച്ചും ഇവരോടുള്ള യേശുവിൻെറ സമീപനത്തെക്കുറിച്ചും ഈ അദ്ധ്യായത്തിൽ മനസ്സിലാക്കുവാൻ ശ്രമിക്കുകയാണ്.

## വിജാതീയർ

യഹൂദരിൽ പെടാത്ത ജനവിഭാഗങ്ങളെല്ലാം "വിജാതീയർ" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇവരെ സൂചിപ്പിക്കാനായി ഹീബ്രുവിൽ 'ഗോയിം', 'അമ്മീം' എന്ന പദങ്ങൾ പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നു (ഉത്പ 12:2; നിയ 32:28; ജോഷ്വ 3:17).

ആദ്യകാലങ്ങളിൽ വിജാതീയരും യഹൂദരും എന്നുള്ള വേർതിരിവ് പ്രബലമായിരുന്നില്ല. വിപ്രവാസത്തിനുശേഷമാണ് ഈ വേർതിരിവ് കൂടുതൽ പ്രബലമായി കാണുന്നത്. കാരണം, വിപ്രവാസത്തിനുമുമ്പ് ഇസ്രായേൽമതത്തിൻെറ ദേശീയസ്വഭാവം എടുത്തുപറയത്തക്ക വിധത്തിലുള്ള ഒന്നായിരുന്നില്ല. ഗ്രീക്കുകാർ, ഇസ്രായേൽക്കാരോട് അപമര്യാദമായി പെരുമാറിയതും, ഇസ്രായേൽജനതയുടെ ആചാരാനുഷ്ഠാനങ്ങളെ അവഹേളി

www.malankaralibrary.com

ക്കത്തക്കവിധം അവർ പ്രവർത്തിച്ചതും യഹൂദർക്ക് വിരോധവും വ്യതിരിക്ത ഭാവവും വളർത്തിയെടുക്കുവാൻ കാരണമായി. യഹൂദർ വിജാതീയരിൽ നിന്നും മാറി നില്ക്കണമെന്ന് യഹുദനിയമങ്ങൾ ആവശ്യപ്പെട്ടിരുന്നു. കാരണം, വിജാതീയർ ബഹുദൈവവിശ്വാസികളും വിഗ്രഹാരാധകരും ഇസ്രായേൽ ജനത്തെ വഴിതെറ്റിക്കുന്നവരുമായിരുന്നു. യഹോവയെ മാത്രം ദൈവമായി കരുതിയിരുന്ന യഹൂദർ, മറ്റു ജനങ്ങളെ പുച്ഛരിക്കുകയും തങ്ങളെക്കാൾ ഹീനൻമാരായി കണക്കാക്കുകയും ചെയ്തുപോന്നു.

വ്യാജദൈവങ്ങളെ ആരാധിക്കുന്നതുകൊണ്ട് വിജാതീയർ യഹോവയുടെ കോപത്തിന് ഇരയാകുമെന്നും അവർക്കു ശിക്ഷ ലഭിക്കുമെന്നും യഹുദർ വിശ്വസിച്ചിരുന്നു. യഹൂദ റബ്ബിമാരുടെ പഠനമനുസരിച്ച് വിദൂരത്തായിരിക്കുന്ന 'ദൈവത്തിന്റെ അപരിചിതർ' ആയിരുന്നു വിജാതീയർ. അവർക്കും നിയമങ്ങൾ നൽകപ്പെട്ടെങ്കിലും അവയെ തിരസ്കരിച്ചതിനാൽ രക്ഷപ്പെടാനാകാതെ അവർ നിത്യനരകാഗ്നിക്ക് അർഹരായിത്തീർന്നു. യഹൂദരുടെ കാഴ്ചപ്പാടിൽ വിജാതീയരും അവരുടെ ഭാര്യമാരും മക്കളും ഭവനവും ഭൂമിയുമെല്ലാം അശുദ്ധമായിരുന്നു.

എന്നാൽ വിജാതീയരെ, തങ്ങളുടെ ഏക സത്യദൈവത്തിലേക്ക് കൂട്ടിക്കൊണ്ടുവരാനുള്ള ദൗത്യവും തങ്ങൾക്കുണ്ടെന്ന് യഹൂദർ മനസ്സിലാക്കിയിരുന്നു. പഴയനിയമ ഗ്രന്ഥങ്ങളിൽ ഇതിനുള്ള ആഹ്വാനങ്ങൾ കാണാവുന്നതാണ് (ഏശ 42:6; 60:3). ജറുസലെം ദേവാലയത്തിന്റെ പുറത്തെ തളത്തിൽ ഇവർക്കു പ്രവേശനമുണ്ടായിരുന്നു. ഇവിടെ കച്ചവടം നടത്തിയിരുന്നവരെയാണ് യേശുനാഥൻ പുറത്താക്കിയത് (യോഹ 2:13-17). അവസാന നാളുകളിൽ ദൈവത്തെ ആരാധിക്കുവാൻ വിജാതീയർ ജറുസലേമിൽ എത്തുമെന്ന് ഏശയ്യായുടെ പ്രവചന ഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ട് (ഏശ 2:2).

വിജാതീയർ ധാർമ്മികവും മതപരവുമായി വളരെ താഴ്ന്നവരാണെന്ന് യഹൂദർ വിശ്വസിച്ചിരുന്നു (മത്താ 5:47; 6:7; ലൂക്കാ 12:30; 1 കോറി 5:1; 12:2). എന്നാൽ യേശുവിന് വിജാതീയരോട് അനുകൂലമായ മനോഭാവമാണുണ്ടായിരുന്നത്. അവരും ദൈവരാജ്യത്തിലെ വിരുന്നിന് അവകാശികളാണ് (മത്താ 8:11; ലൂക്ക 13:28). മിശിഹാ വിജാതീയരുടെ പ്രകാശമായി അവതരിക്കുകയും എല്ലാവരെയും രക്ഷിക്കുകയും ചെയ്യുമെന്ന് ഏശയ്യാ പ്രവചിച്ചിരുന്നു (ഏശ 49:6). വി. ലൂക്കായുടെ അഭിപ്രായത്തിൽ യേശുവിന്റെ ജനനം "സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത"യാണ് (2:10). യേശു സകല മനുഷ്യർക്കുംവേണ്ടിയുള്ള രക്ഷകനാണ് (ലൂക്കാ 4:18-32, 24:47; മത്താ 28:16-20). അതുകൊണ്ടുതന്നെ യേശു തന്റെ പ്രവർത്തന മണ്ഡലത്തിൽനിന്നു വിജാതീയരെ ഒഴിവാക്കിയിരുന്നില്ല (മത്താ 4:15;

www.malankaralibrary.com

8:5-13, മർക്കോ 7:31-37). ഉത്ഥാനം ചെയ്ത മിശിഹാ, ശിഷ്യന്മാരെ അനുഗ്രഹിച്ചയച്ചപ്പോൾ സകല ജനതയേയും ശിഷ്യപ്പെടുത്തി ജ്ഞാനസ്നാനം നൽകാനാവശ്യപ്പെടുന്നുണ്ട് (മത്താ 28:19-20). യേശു 72 പേരെ തെരഞ്ഞെടുത്തയയ്ക്കുന്നത് (ലൂക്കാ 10:1) 72 വിജാതീയ പട്ടണങ്ങളുടെ പ്രതിനിധികളായിട്ടാണെന്ന് ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

യേശു തൻെറ രക്ഷാകര പദ്ധതിയിൽ വിജാതീയരെയും ഉൾപ്പെടുത്തിയിരുന്നെങ്കിലും ഔദ്യോഗികമായി വിജാതീയരുടെ ഇടയിൽ സുവിശേഷപ്രഘോഷണം ആരംഭിക്കുന്നത് യേശുവിൻെറ ഉത്ഥാന ശേഷമാണ്. യേശുവിൻെറ പരസ്യജീവിതം ഗലീലിയിൽ ആരംഭിച്ച് യൂദയായും സമരിയായും കടന്ന് ജറുസലേമിൽ അവസാനിച്ചു. യേശുവിൻെറ ഉത്ഥാനത്തിനുശേഷം അവിടുത്തെ ശിഷ്യൻമാർ ജറുസലേമിൽനിന്ന്, സുവിശേഷ സന്ദേശവുമായി ലോകത്തിലെ നാനാജാതികളുടെ ഇടയിലേക്കും നാനാദേശക്കാരുടെ അടുത്തേക്കും കടന്നുചെന്നു. പ്രധാനമായും പൗലോസ് വിജാതീയരുടെ ഇടയിലുള്ള സുവിശേഷപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു (അപ്പ 9:15; 11:15; 22:15-21; 26:20). അപ്പസ്തോലപ്രവർത്തനങ്ങളിലെ 10 മുതലുള്ള അദ്ധ്യായങ്ങൾ പ്രധാനമായും വിജാതീയരുടെ ഇടയിലുള്ള പ്രേഷിതപ്രവർത്തനത്തെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. വിജാതീയരെക്കൂടെ ഉൾപ്പെടുത്തിയുള്ള രക്ഷാകര പദ്ധതി ശിഷ്യൻമാരിലൂടെ നിറവേറ്റപ്പെടുന്നു. ശിഷ്യന്മാരുടെ പ്രേഷിതപ്രവർത്തനഫലമായി യേശുവിൻെറ സഭയിൽ ആദ്യം അംഗങ്ങളായി ചേർന്നത് യഹൂദർ മാത്രമായിരുന്നു. എന്നാൽ ഡീക്കനായിരുന്ന സ്തെഫാനോസിൻെറ മരണശേഷം ക്രിസ്ത്യാനികളെല്ലാം രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിലേക്കു ചിതറിക്കപ്പെട്ടു (അപ്പ 8:1-2). യൂദയായും സമരിയായും പിന്നിട്ട് മെഡിറ്ററേനിയൻ തീരത്തുള്ള നാടുകളിലും ക്രിസ്ത്യാനികൾ പോയി പാർത്തു. അതിൻെറ ഫലമായി അവിടെയുള്ള വിജാതീയരിൽ പലരും ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു.

വിജാതീയരോട് യഹൂദർക്കുള്ള വെറുപ്പും, അവരുമായി സമ്പർക്കത്തിലേർപ്പെടുവാനുള്ള വൈമനസ്യവുമെല്ലാം അപ്പസ്തോലപ്രവർത്തനങ്ങൾ 9, 10, 11 അദ്ധ്യായങ്ങളിൽ നിഴലിക്കുന്നുണ്ട്. വിജാതീയർ എതിർപ്പു കൂടാതെ രക്ഷാകര സന്ദേശം സ്വീകരിക്കുന്ന സന്ദർഭങ്ങളുണ്ട് (അപ്പ 10). "കർത്താവേ അങ്ങ് എൻെറ വീട്ടിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല അങ്ങ് ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി. എൻെറ ഭൃത്യൻ സുഖമാകും" എന്നുള്ള ശതാധിപൻെറ വിശ്വാസപ്രഖ്യാപനമാണല്ലോ "ഇസ്രായേലിൽ പോലും ഇതുപോലുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല" എന്നു പറയുവാൻ യേശുവിനെ പ്രേരിപ്പിച്ചത് (ലൂക്കാ 7:9).

www.malankaralibrary.com

## ചുങ്കക്കാർ

ഭരണച്ചെലവിനായി യഹൂദരിൽനിന്നും റോമാക്കാർ നിശ്ചിത തുക നികുതി (ചുങ്കം) ആയി പിരിച്ചെടുത്തിരുന്നു. ഭൂമിയ്ക്കും മറ്റു വസ്തുക്കൾക്കും, വിൽപനയ്ക്കായി ഇറക്കുമതി ചെയ്യുകയും കയറ്റുമതി നടത്തുകയും ചെയ്യുന്ന വസ്തുക്കൾക്കും ഇപ്രകാരം നികുതി ഈടാക്കിയിരുന്നു. ഇത്തരം നികുതികൾ യഹുദരിൽനിന്നു പിരിച്ചെടുക്കുവാൻ റോമാക്കാർ യഹൂദരുടെ ഇടയിൽനിന്നുതന്നെ ചിലരെ നിയമിച്ചിരുന്നു. ഇങ്ങനെ ചുങ്കം പിരിക്കുവാനായി നിയോഗിക്കപ്പെട്ടിരുന്നവർ "ചുങ്കക്കാർ" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

ഓരോ പ്രവിശ്യയിലെയും സമ്പന്നരായ വ്യക്തികൾ കരാർ അടിസ്ഥാനത്തിൽ ചുങ്കംപിരിവ് ഏറ്റെടുത്തിരുന്നു. പിരിവിൻെറ തുക നിശ്ചയിക്കാനും അവർക്ക് അവകാശമുണ്ടായിരുന്നു. മിക്കപ്പോഴും അവരുടെ സ്വാതന്ത്ര്യം ദുരുപയോഗിച്ച് ജനങ്ങളിൽനിന്ന് അമിതമായ നികുതി ഈടാക്കുകയും ഗവൺമെൻറിന് കരാർ അടിസ്ഥാനത്തിലുള്ള തുക നൽകിയശേഷം ബാക്കിയുള്ളത് സ്വന്തമാക്കുകയും അങ്ങനെ അമിതമായി സ്വത്ത് സമ്പാദിച്ചുകൂട്ടുകയും ചെയ്തിരുന്നു. ജനത്തിൻെറമേൽ അമിതഭാരം ചുമത്തിയിരുന്ന ഇക്കൂട്ടരെ ജനം വെറുത്തിരുന്നു. പലസ്തീനായിലെ യഹൂദരുടെ മേൽ ആധിപത്യം പുലർത്തുന്ന വിജാതീയ റോമൻ ഭരണാധികാരികളോട് ഇവർ സഹകരിച്ചതും വിജാതീയരൂപങ്ങളുള്ള നാണയങ്ങൾ ഉപയോഗിച്ചതും ഇവരെ വെറുക്കുന്നതിനുള്ള മറ്റു കാരണങ്ങളാണ്. തന്മൂലം അശുദ്ധരെന്നും പാപികളെന്നും ചിത്രീകരിച്ച് യഹൂദമതം ചുങ്കക്കാരെ മാറ്റിനിർത്തിയിരുന്നു. സമൂഹത്തിൽ ഉന്നതസ്ഥാനം വഹിക്കുന്നതിൽനിന്നും, കോടതികളിൽ സാക്ഷ്യം നൽകുന്നതിൽനിന്നും ഇവരെ ഒഴിവാക്കിയിരുന്നു. ചുങ്കക്കാർ ദേവാലയത്തിലും സിനഗോഗിലും പ്രവേശിക്കുന്നത് യാഥാസ്ഥിതികരായ യഹൂദർ ഇഷ്ടപ്പെട്ടിരുന്നില്ല. ഫരിസേയരും മറ്റും അവരോടൊപ്പം ഭക്ഷണം കഴിക്കുവാൻപോലും സമ്മതിച്ചിരുന്നില്ല.

യേശുവിന് ചുങ്കക്കാരോട് തുറന്ന സമീപനമാണുണ്ടായിരുന്നത്. തൻെറ രക്ഷാകരപദ്ധതിയിൽ അവിടുന്ന് അവരെയും ഉൾപ്പെടുത്തി. ചുങ്കക്കാരുടെ സ്നേഹിതനായി (മത്താ 11:9; ലൂക്കാ 7:34) അവരോടൊപ്പം ഭക്ഷണം കഴിച്ചു (മർക്കോ 2:15). തൻെറ ശിഷ്യത്വത്തിലേക്ക് അവിടുന്ന് അവരെയും വിളിച്ചു (മർക്കോ 2:14). ചുങ്കക്കാരെ മാതൃകാ കഥാപാത്രങ്ങളായി യേശു ചിത്രീകരിച്ചു (ലൂക്കാ 18:9-14). ദൈവവചനത്തോട് അനുകൂലമായി പ്രതികരിക്കുന്ന വ്യക്തികളായി ചുങ്കക്കാരെ വി. ലൂക്കാ സുവിശേഷകൻ അവതരിപ്പി

www.malankaralibrary.com

ക്കുന്നുണ്ട്. (ലൂക്കാ 3:12-13; 19:1-10). യഹൂദർ മാറ്റിനിറുത്തിയ ചുങ്കക്കാരും ദൈവത്തിന്റെ മക്കളാണെന്നും യഹൂദന്മാർ പാപികളെന്നു വിളിക്കുന്ന അവരെ തേടിയാണ് താൻ വന്നിരിക്കുന്നതെന്നും യേശു വ്യക്തമാക്കി (മത്താ 9:13; മർക്കോ 2:17; ലൂക്കാ 5:32).

## സമരിയാക്കാർ

യഹൂദജനം വെറുത്തിരുന്ന സമരിയാക്കാരുടെ ഉദ്ഭവത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ട്. ബി.സി. 722-ൽ സമരിയ കീഴടക്കിയ അസ്സീറിയക്കാർ വിജാതീയ ദേശങ്ങളിൽനിന്ന് അവിടെ കൊണ്ടുവന്നു താമസിപ്പിച്ച ആളുകളും തദ്ദേശവാസികളായ യഹൂദരും തമ്മിലുള്ള ബന്ധത്തിൽനിന്നും രൂപം കൊണ്ട സങ്കരവർഗ്ഗമാണ് സമരിയാക്കാർ എന്ന അഭിപ്രായമാണ് പൊതുവെ സ്വീകാര്യമായത്. ഇവരുടെ ഉദ്ഭവത്തെക്കുറിച്ച് പഴയനിയമത്തിലും പരാമർശിക്കുന്നുണ്ട് (2 രാജാ 17:29). എന്നാൽ തങ്ങൾ യഥാർത്ഥ യഹൂദരാണെന്ന് സമരിയാക്കാർ അവകാശപ്പെട്ടിരുന്നു. യഹൂദരുടെ വി.ഗ്രന്ഥത്തിലെ ആദ്യത്തെ അഞ്ചുഗ്രന്ഥങ്ങൾ (പഞ്ചഗ്രന്ഥി) മാത്രമാണ് വി.ഗ്രന്ഥമായി സമരിയാക്കാർ അംഗീകരിക്കുന്നത്.

വിജാതീയരുമായി സമരിയക്കാർ ഇടപഴകി ജീവിച്ചതുകൊണ്ട് വിജാതീയ പാരമ്പര്യങ്ങളും വിശ്വാസവും അവർ തങ്ങളുടെ മതജീവിതത്തിന്റെ ഭാഗമായി സ്വീകരിച്ചു. ഇക്കാരണത്താൽ യഹൂദർ അവരെ പ്രത്യേക സമൂഹമായി കാണുകയും വിജാതീയഗണത്തിൽ പെടുത്തുകയും ചെയ്തിരുന്നു (ലൂക്ക 17:18). സമരിയാക്കാരുമായി യാതൊരുവിധ സമ്പർക്കവും പാടില്ലെന്ന് റബ്ബിമാർ യഹൂദരോടു നിഷ്കർഷിച്ചിരുന്നു. സമരിയായിൽ പ്രവേശിക്കുന്നതും, സമരിയാക്കാരുമായി വിവാഹബന്ധത്തിലേർപ്പെടുന്നതും അവരോടൊരുമിച്ച് ഭക്ഷണം കഴിക്കുന്നതും വിലക്കിയിരുന്നു. യഹൂദരും സമരിയാക്കാരും തമ്മിലുള്ള ശത്രുത കാലക്രമത്തിൽ വർദ്ധിച്ചു. ബി.സി. 4-ാം നൂറ്റാണ്ടിൽ ഗെരിസിം മലയിൽ സമരിയാക്കാർ സ്വന്തമായി ഒരു ദേവാലയം നിർമ്മിച്ചതോടുകൂടി യഹുദരും സമരിയാക്കാരും തമ്മിലുള്ള ശത്രുത പാരമ്യതയിലെത്തി. ചരിത്രകാരനായ ജൊസേഫുസ് യഹൂദരും സമരിയാക്കാരും തമ്മിലുണ്ടായിരുന്ന ശത്രുതയെക്കുറിച്ച് വിവരിക്കുന്നുണ്ട്. ബാബിലോണിൽനിന്ന് പ്രവാസത്തിനുശേഷം തിരിച്ചെത്തിയ യഹൂദർ ജറൂസലേം ദേവാലയം പുതുക്കപ്പണിയുവാൻ ശ്രമിച്ചപ്പോൾ സമരിയാക്കാർ തടസ്സപ്പെടുത്തുകയുണ്ടായി (എസ്രാ 4:1-5; നെഹ 6:1-13). യഹൂദരും സമരിയാക്കാരും തമ്മിലുണ്ടായിരുന്ന ശത്രുതയെക്കുറിച്ച് സുവിശേഷങ്ങളിൽ പരാമർശമുണ്ട് (ലൂക്കാ 9:53-54; യോഹ 4:9.22).

www.malankaralibrary.com

യഹൂദർ വെറുത്തിരുന്ന സമരിയാക്കാരെ യേശു സ്വീകരിക്കുകയും അവരോട് കരുണാപൂർവ്വം പെരുമാറുകയും ചെയ്തു. ദൈവത്തിൻെറ രക്ഷാകര പദ്ധതിയിൽ എല്ലാവരും ഉൾപ്പെട്ടിട്ടുണ്ടെന്ന് അവിടുന്ന് വെളിപ്പെടുത്തി (ലൂക്ക 3:6; അപ്പ 1:8). യേശുവിൻെറ വചനം ശ്രവിച്ച അനേകം സമരിയാക്കാർ അവനിൽ വിശ്വസിച്ചു (യോഹ 4:40). അവരോടൊപ്പം അവിടുന്നു വസിച്ചു (യോഹ 4:40). ജറുസലേമിലേക്കുള്ള യാത്രാമദ്ധ്യേ തന്നെ തിരസ്കരിച്ച സമരിയാക്കാരോട് അവിടുന്ന് കരുണാപൂർവ്വം പെരുമാറി. അവരെ നശിപ്പിക്കുവാൻ ശ്രമിച്ച ശിഷ്യൻമാരെ അവിടുന്നു ശാസിച്ചു (ലൂക്കാ 9: 52-53). യഥാർത്ഥ വിശ്വാസത്തിൻെറയും, ഭക്തിയുടേയും പരസ്നേഹത്തിൻേറയും മാതൃകകളായി അവരെ യഹൂദരുടെ മുമ്പിൽ ഉയർത്തിക്കാട്ടി. നല്ല സമരിയാക്കാരനും (ലൂക്കാ 10:25-37) സുഖമാക്കപ്പെട്ട പത്തു കുഷ്ഠരോഗികളിൽ നന്ദിപറയുവാൻ തിരിച്ചുവന്ന സമരിയാക്കാരനും (ലൂക്കാ 17:11-19) ഈ ഗണത്തിൽപ്പെടുന്നവരാണ്. ഉത്ഥാനം ചെയ്ത യേശു ശിഷ്യർക്കു നൽകുന്ന പ്രേഷിത ദൗത്യത്തിൽ സമരിയായിലും അവർ സാക്ഷികളാകണമെന്ന് കല്പിക്കുന്നുണ്ട് (അപ്പ 1:8). ദൈവരാജ്യത്തിൽനിന്ന് യഹൂദർ മാറ്റി നിറുത്തിയ സമരിയാക്കാർ ദൈവരാജ്യത്തിന് അവകാശികളാണെന്ന് യേശു തൻെറ വചനത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഓർമ്മിപ്പിച്ചു. സമരിയാക്കാർ ദൈവവചനം സന്തോഷത്തോടെ സ്വീകരിച്ചതായി വി. ലൂക്കാ രേഖപ്പെടുത്തുന്നുണ്ട് (അപ്പ 8:12-13).

## പാപികൾ

ദൈവകേന്ദ്രീകൃതമല്ലാതെയും ദൈവഹിതത്തിനെതിരായും ജീവിക്കുന്ന വ്യക്തികളെയാണ് പഴയ നിയമത്തിൽ "പാപികൾ" എന്നു വിളിക്കുന്നത്. നിയമഗ്രന്ഥത്തിലെ വചനങ്ങൾ അനുസരിച്ചു ജീവിക്കുന്നവനെ നീതിമാനായും അവയെ അവഗണിക്കുന്നവനെ പാപിയായും യഹൂദർ കണക്കാക്കിയിരുന്നു. പാപികളോടു കൂട്ടുചേരരുതെന്നും അവരിൽനിന്ന് അകന്ന് ജീവിക്കണമെന്നും ഉള്ള ഉപദേശങ്ങൾ പഴയനിയമത്തിൽ കാണാം. മതപരവും ധാർമ്മികവുമായ നിയമങ്ങൾ അനുഷ്ഠിക്കാത്തവരും, വിഗ്രഹാരാധകരും, സാബത്തു ലംഘിക്കുന്നവരും, വിജാതീയരും, വ്യഭിചാരികളും മാത്രമല്ല യഹൂദരുടെ ദൃഷ്ടിയിൽ നികൃഷ്ടമായ ജോലികൾ ചെയ്തിരുന്ന ചുങ്കക്കാരും, നാണയമാറ്റക്കാരും, സത്രം സൂക്ഷിപ്പുകാരും മൃഗസംരക്ഷകരും എല്ലാം പാപികളായി കണക്കാക്കപ്പെട്ടിരുന്നു (മത്താ 9:10-11; 12:1-14; 26:45; മർക്കോ 14: 41; ലൂക്കാ 7:37; 11:37-38; യോഹ 9:16). ഇത്തരക്കാരെ നിയമജ്ഞരും ഫരിസേയരും അവജ്ഞയോടെയാണു വീക്ഷിച്ചിരുന്നത്. സമൂഹത്തിൻെറ മുഖ്യധാരയിൽനിന്ന് ഇവരെ മാറ്റി നിറുത്തുകയും ചെയ്തിരുന്നു.

www.malankaralibrary.com

സുവിശേഷത്തിൽ പാപികളെക്കുറിച്ച് നിരവധി തവണ പരാമർശിക്കുന്നുണ്ട്. യഹൂദർ പാപികളായി കണക്കാക്കി മാറ്റിനിറുത്തിയിരുന്നവരോടുള്ള യേശുവിൻെറ സമീപനം വിപ്ലവാത്മകമായിരുന്നു. അവിടുന്ന് അവരോട് ആർദ്രതയോടെ പെരുമാറുകയും കരുണ കാണിക്കുകയും ചെയ്തു. നീതിമാനേയും പാപിയേയും ഒരുപോലെ സ്നേഹിക്കുന്ന ദൈവപിതാവിൻെറ സാർവ്വത്രിക സ്നേഹത്തെക്കുറിച്ച് അവിടുന്നു ജനത്തെ ഓർമ്മിപ്പിച്ചു (മത്താ 5:43-45). പാപികളോടുകൂടി യേശു വസിക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്തു. "ചുങ്കക്കാരുടേയും പാപികളുടേയും സ്നേഹിതൻ" എന്നു വിളിച്ച് നിയമജ്ഞരും ഫരിസേയരും യേശുവിൻെറ ഈ മനോഭാവത്തോടുള്ള എതിർപ്പ് പ്രകടിപ്പിച്ചു (മത്താ 11:19; ലൂക്ക 15:1-2; 19:7). രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യമെന്നും താൻ പാപികളെ മാനസാന്തരത്തിലേക്കു വിളിക്കാനാണ് വന്നിരിക്കുന്നതെന്നും അവിടുന്നു അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു (മത്താ 9:12-13; ലൂക്ക 19:10). പാപിയുടെ മാനസാന്തരത്തിൽ സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകുമെന്ന് അവിടുന്ന് ഓർമ്മിപ്പിച്ചു (ലൂക്ക 15:7-10). യേശുവിൻെറ ഈ സമീപനം പല വ്യക്തികളേയും തിൻമയുടെ പാതയിൽനിന്നും മാറി നൻമയിലേക്കു കടന്നുവരുവാൻ സഹായിച്ചു (ലൂക്ക 19:1-10; യോഹ 8:1-11). പാപികൾ ദൈവരാജ്യത്തിൽനിന്നു മാറ്റിനിറുത്തപ്പെടേണ്ടവരല്ലെന്നും, യഹൂദർ അവഗണിക്കുന്ന അവരായിരിക്കും ദൈവരാജ്യത്തിൽ സ്വീകരിക്കപ്പെടുക എന്നും യേശു വ്യക്തമാക്കുന്നു. യേശുവിൻെറ മരണം പാപികൾക്കുവേണ്ടിയുള്ള മരണമായിരുന്നു. "ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്" എന്നാണ് യേശുവിനെ യോഹന്നാൻ ശ്ലീഹാ വിശേഷിപ്പിക്കുന്നത് (യോഹ 1:29-36). ഉത്ഥാനം ചെയ്ത യേശു പാപമോചനത്തിനുള്ള അനുതാപത്തെക്കുറിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കുവാൻ ശിഷ്യൻമാർക്കു കല്പന നൽകുന്നതുവഴി (ലൂക്കാ 24:47) സഭയുടെ പ്രേഷിത പ്രവർത്തനത്തിൽ പാപികളെ പ്രത്യേകം പരിഗണിക്കമെന്ന് ഓർമ്മിപ്പിക്കുന്നു.

വിജാതീയർ, സമരിയാക്കാർ, ചുങ്കക്കാർ, പാപികൾ ഇവരോടൊപ്പം അവഗണിക്കപ്പെട്ട മറ്റു വ്യക്തികളും വിഭാഗങ്ങളും ഉണ്ടായിരുന്നു. കുഷ്ഠരോഗികളും, വിധവകളും, ആട്ടിടയന്മാരും, മക്കളില്ലാത്ത ദമ്പതികളുമൊക്കെ അവഗണിക്കപ്പെട്ടവരുടെ ഗണത്തിൽപ്പെടുന്നു. യേശുവിന് ഇവരോടുള്ള സമീപനം വളരെ കരുണാർദ്രവും സ്നേഹപൂർണ്ണവുമായിരുന്നു. അവരുടെ ജീവിതത്തിൽ അവിടുന്ന് പരിഗണനയും പ്രത്യാശയും നൽകി (ലൂക്കാ 1:5-25; 2:10-17; 7:11-17; മർക്കോ 1:40-45).

www.malankaralibrary.com

# 7

# സുവിശേഷങ്ങൾ രൂപീകരണവും ഉള്ളടക്കവും

മനുഷ്യനായി അവതരിച്ച ദൈവപുത്രനായ യേശുവിന്റെ ജീവിതം, പ്രവർത്തനം, പ്രബോധനം തുടങ്ങിയവയെക്കുറിച്ച് അറിവു നൽകുന്ന ഗ്രന്ഥങ്ങളാണ് സുവിശേഷങ്ങൾ. പുതിയ നിയമഗ്രന്ഥങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയാണിവ. ക്രൈസ്തവർ പ്രാർത്ഥനയ്ക്കും പഠനത്തിനും കൂടുതലായി ഉപയോഗിക്കുന്നതും സുവിശേഷങ്ങൾ തന്നെ.

"സുവിശേഷം" എന്ന വാക്ക് ഗ്രീക്കിലെ "എവൻഗേലിയോൻ" എന്ന വാക്കിന്റെ തർജ്ജമയാണ്. ആ ഗ്രീക്ക് വാക്കാകട്ടെ "എവു" (നല്ല) "അൻ ഗേലിയോൻ" (വാർത്ത, സന്ദേശം) എന്നീ പദങ്ങൾ ചേർന്നുണ്ടായതാണ്. ആ വാക്കിനർത്ഥം "നല്ല വാർത്ത" അഥവാ "നല്ല സന്ദേശം" എന്നാണ്. ഇംഗ്ലീഷിൽ "ഗോസ്പൽ" എന്ന വാക്കിന്റെ അർത്ഥവും ഇതുതന്നെ (good + spell എന്ന വാക്കിൽനിന്നാണ് "ഗോസ്പൽ" എന്ന വാക്ക് രൂപം കൊണ്ടത്). എല്ലാ നല്ല വാർത്തകൾക്കും "എവൻഗേലിയോൻ" എന്നാണ് പറയുക (ഉദാഹരണമായി യുദ്ധത്തിലെ വിജയം, ജീവിതത്തിലെ ഉയർച്ച തുടങ്ങിയവ). ഈ പദം ആരംഭത്തിൽ മതപരമായ അർത്ഥത്തിലല്ല ഉപയോഗിച്ചിരുന്നത്. പഴയനിയമത്തിൽ ഏശയ്യായുടെ പുസ്തകത്തിൽ മതപരമായ അർത്ഥത്തോടെ ഈ വാക്ക് ഉപയോഗിച്ചു തുടങ്ങി (ഏശ 40:9-10; 41:27; 52:7-8; 61:1). ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങളെയാണ് ഇവിടെ നല്ല വാർത്തയായി അവതരിപ്പിക്കുക. പുതിയ നിയമത്തിൽ "എവൻഗേലിയോൻ" എന്ന പദം മതപരമായ അർത്ഥത്തിൽ മാത്രമാണ് ഉപയോഗിക്കുന്നത്. ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ മനുഷ്യവംശത്തിനു നല്കിയ രക്ഷയാണ് "സുവിശേഷം". രക്ഷയെക്കുറിച്ചുള്ള അറിയിപ്പിനും "സുവിശേഷം" എന്ന പദം ഉപയോഗിക്കുന്നു. ഈ അർത്ഥത്തിലാണ് പൗലോസ് സുവിശേഷം എന്ന പദം ഉപയോഗിക്കുന്നത് (റോമാ 2:16; 16:25; ഗലാ 1:8; 2:2). "എന്റെ

www.malankaralibrary.com

സുവിശേഷമനുസരിച്ച്" (റോമാ 16:25) എന്നു പറയുമ്പോൾ പൗലോസ് ഉദ്ദേശിക്കുന്നത് യേശുവിലൂടെ ലഭിച്ച രക്ഷയെക്കുറിച്ചുള്ള പ്രഖ്യാപനമാണ്. അദ്ദേഹം പ്രസംഗിക്കുന്ന സുവിശേഷത്തിന്റെ ഉള്ളടക്കം എന്തെന്ന് 1 കോറി 15:1-7-ൽ വ്യക്തമാണ്. യേശുവിന്റെ മരണം, ഉത്ഥാനം, യേശുവിലൂടെയുള്ള പാപമോചനം, മാനസാന്തരപ്പെടുവാനുള്ള ആഹ്വാനം തുടങ്ങിയവയാണ് അപ്പസ്തോലൻമാർ പ്രഘോഷിച്ച സുവിശേഷത്തിന്റെ ഉള്ളടക്കം (അപ്പ 2:22-40; 3:11-26; 4:8-12; 5:29-32; 10:34-43). ചുരുക്കത്തിൽ, ആദിമ സഭയിൽ "സുവിശേഷം" എന്ന വാക്ക് എഴുതപ്പെട്ട ഗ്രന്ഥങ്ങളെ സൂചിപ്പിക്കാനല്ല രക്ഷയെയും രക്ഷയുടെ പ്രഖ്യാപനത്തെയും (Proclamation) സൂചിപ്പിക്കാനാണ് ആദ്യമായി ഉപയോഗിച്ചത്. സുവിശേഷങ്ങൾ എഴുതപ്പെടുന്നതിനു മുമ്പുതന്നെ സഭയിൽ സുവിശേഷവും (നല്ല വാർത്ത) സുവിശേഷത്തിന്റെ പ്രഖ്യാപനവും വായ്മൊഴിയായി ഉണ്ടായിരുന്നു.

രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് "സുവിശേഷം" എന്ന വാക്ക് രക്ഷയെക്കുറിച്ച് എഴുതപ്പെട്ട ഗ്രന്ഥം എന്ന അർത്ഥത്തിൽ ആദ്യമായി ഉപയോഗിച്ചത് (ദീദാക്കെ 15:3; 2 ക്ലെമന്റ് 8:5). രക്തസാക്ഷിയായ വി.ജസ്റ്റിൻ ആണ് "സുവിശേഷങ്ങൾ" (ബഹുവചനരൂപം) എന്ന വാക്ക് യേശുവിന്റെ വാക്കുകൾ, പ്രവർത്തനങ്ങൾ, പീഡാനുഭവം, ഉത്ഥാനം എന്നിവ വിവരിക്കുന്ന ഗ്രന്ഥങ്ങളെ സൂചിപ്പിക്കാനായി ആദ്യമായി ഉപയോഗിച്ചത്. എഴുതപ്പെട്ട ഗ്രന്ഥത്തിന്റെ (സുവിശേഷഗ്രന്ഥം) കർത്താവ് എന്ന നിലയിൽ "സുവിശേഷകൻ" എന്ന വാക്ക് മൂന്നാം നൂറ്റാണ്ടിലാണ് പ്രചാരത്തിലെത്തുന്നത്. ഹിപ്പോളിറ്റസ്, തെർത്തുല്യൻ എന്നീ സഭാപണ്ഡിതൻമാരാണ് ആ അർത്ഥത്തിൽ പ്രയോഗിച്ചത്.

## സുവിശേഷങ്ങളുടെ രൂപീകരണം

സഭയുടെ ആരംഭത്തിൽ രക്ഷയുടെ സന്ദേശം പ്രഘോഷിക്കപ്പെടുകയാണ്, എഴുതപ്പെടുകയല്ല ചെയ്തത്. യേശുവിന്റെ ഉത്ഥാനത്തിനു ശേഷം ശിഷ്യന്മാർ വിവിധദേശങ്ങളിൽ പോയി സുവിശേഷം പ്രഘോഷിച്ചു. തങ്ങൾ കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്ത കാര്യങ്ങൾ കേൾവിക്കാരുടെ രക്ഷയ്ക്കു സഹായകമായ വിധത്തിൽ പ്രഘോഷിച്ചു. അന്ന് സുവിശേഷങ്ങൾ എഴുതപ്പെട്ടിരുന്നില്ല. പില്ക്കാലത്താണ് സുവിശേഷങ്ങൾ രൂപംകൊണ്ടത്. "സുവിശേഷങ്ങളെ സംബന്ധിച്ച ചരിത്രവസ്തുതകൾ"എന്ന പേരിൽ 1964 ഏപ്രിൽ 21-ന് റോമിലെ പൊന്തിഫിക്കൽ ബിബ്ളിക്കൽ കമ്മീഷൻ പ്രസിദ്ധീകരിച്ച പ്രബോധനം സുവിശേഷങ്ങളുടെ രൂപീകരണത്തെ സംബന്ധിച്ച് ഉൾക്കാഴ്ച നൽകുന്നതാണ്. ഈ പ്രബോ

www.malankaralibrary.com

ധനമനുസരിച്ച് സുവിശേഷരൂപീകരണഘട്ടത്തെ മൂന്നായി വിഭജിച്ചു മനസ്സിലാക്കാവുന്നതാണ്.

1. യേശുവിൻെറ വാക്കുകളും പ്രവർത്തികളും
(ബി.സി. 4 - എ.ഡി. 30)

പിതാവിനാൽ അയയ്ക്കപ്പെട്ട സുവിശേഷകനായ യേശു (ലൂക്ക 4:18) ഈ കാലഘട്ടത്തിൽ രക്ഷയുടെ സന്ദേശം മനുഷ്യർക്കു നൽകുകയും (വാക്കുകളിലുടെയും പ്രവർത്തികളിലുടെയും) തൻെറ പീഡാനുഭവത്തിലൂടെയും കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും മനുഷ്യരക്ഷ സാധിക്കുകയും ചെയ്തു. ഉത്ഥാനം ചെയ്ത യേശു, "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16:15) എന്ന് ശിഷ്യന്മാരോടു കല്പിച്ചു.

2. അപ്പസ്തോലൻമാരുടെ കാലഘട്ടം
(എ.ഡി. 30 - 65)

"ആദിമുതൽ തന്നെ വചനത്തിൻെറ ദൃക്സാക്ഷികളും ശുശ്രൂഷകരും" (ലുക്കാ 1:2) ആയിരുന്ന അപ്പസ്തോലൻമാർ യേശു സംഭവത്തെക്കുറിച്ച് പ്രഘോഷിക്കുവാൻ തുടങ്ങി. പ്രധാനമായും അവർ യേശുവിൻെറ ജീവിതത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളായ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും അവ നൽകുന്ന രക്ഷയുമാണ് പ്രഘോഷിച്ചത് (അപ്പ 2:22-40; 3:11-26). യേശുവുമായി ബന്ധപ്പെട്ട ചില ചരിത്രസത്യങ്ങൾ പ്രഘോഷിക്കുക മാത്രമല്ല അവർ ചെയ്തത്. അതിലുപരി യേശുസംഭവത്തിൻെറ (പീഡാനുഭവം, കുരിശുമരണം, ഉത്ഥാനം) അർത്ഥം വ്യാഖ്യാനിച്ചു കൊടുക്കുകയും മനുഷ്യജീവിതത്തിൽ അതു നൽകുന്ന സന്ദേശം വെളിപ്പെടുത്തുകയും ചെയ്തു. കേൾവിക്കാരെ വിശ്വാസത്തിലേക്കു നയിക്കുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം. അപ്പസ്തോലൻമാർ യേശുസംഭവം പ്രഘോഷിച്ചപ്പോൾ യേശുവിൻെറ പ്രബോധനങ്ങളും, അവിടുത്തെ പ്രവർത്തികളും അവിടുത്തെ ജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങളും പ്രഘോഷണത്തിനു സഹായകമായി സ്വീകരിച്ചു. യേശുവിൻെറ പ്രബോധനങ്ങൾ പ്രഘോഷണത്തിൽ ഉപയോഗിച്ചപ്പോൾ അവിടുന്നു പറഞ്ഞ അതേ വാക്കുകൾ അവർ ഉപയോഗിച്ചില്ല. അത് അസാദ്ധ്യവുമായിരുന്നു. സുവിശേഷപ്രഘോഷകർ യേശുവിൻെറ വചനങ്ങളുടേയും പ്രവൃത്തികളുടേയും അർത്ഥം മനസ്സിലാക്കി സ്ഥലകാലങ്ങൾ കണക്കിലെടുത്ത് സ്വന്തമായ രീതിയിൽ അവതരിപ്പിക്കുകയാണ് ചെയ്തത്. യേശുവിൻെറ വചനങ്ങൾ അതേപടി ആവിഷ്ക്കരി

www.malankaralibrary.com

ക്കുന്നതിലുപരി ആ വചനങ്ങളുടെ സന്ദേശം പൂർണ്ണ വിശ്വസ്തതയോടെ കൈമാറുന്നതിലാണ് സുവിശേഷപ്രഘോഷകർ ശ്രദ്ധിച്ചിരുന്നത്.

സുവിശേഷ രൂപീകരണത്തിൻെറ രണ്ടാം ഘട്ടത്തിൻെറ അവസാനമായപ്പോഴേക്കും (എഡി 60നും 65 നും ഇടയ്ക്ക്) യേശുസംഭവങ്ങൾ ലിഖിതരൂപത്തിൽ ആക്കുവാൻ തുടങ്ങി. വിവിധ സ്ഥലങ്ങളിൽ ക്രൈസ്തവസമൂഹങ്ങൾ രൂപംകൊണ്ടതോടെ എല്ലാ സമൂഹങ്ങളിലും അപ്പസ്തോലൻമാർക്ക് സന്നിഹിതരാകുവാനും പ്രബോധനം നൽകുവാനും സാധിക്കാതെ വന്നതാവാം യേശു സംഭവം കുറിച്ചു വയ്ക്കുവാൻ തുടങ്ങിയതിൻെറ പ്രധാന കാരണം. അപ്പസ്തോലൻമാരുടെ പ്രബോധനത്തെ അടിസ്ഥാനമാക്കി സത്യവിശ്വാസം എല്ലാ സമൂഹങ്ങളിലും തെറ്റുകൂടാതെ പഠിപ്പിക്കുവാൻ വേണ്ടി "വിശ്വാസ സംഹിതകളാ"യോ "മതബോധന സഹായികളാ" യോ യേശുവിൻെറ വചനങ്ങളും പ്രവൃത്തികളും എഴുതിവയ്ക്കപ്പെട്ടു. ഇങ്ങനെ കുറിച്ചു വയ്ക്കപ്പെട്ടവ ആരാധനാസമ്മേളനങ്ങളിൽ വായനയ്ക്കും മതബോധനത്തിനും, സുവിശേഷപ്രഘോഷണത്തിനും സഹായകമായി. യേശുവിൻെറ ജീവിതവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളാണ് ആദ്യമായി എഴുതിയത് (ഉദാ. പീഡാനുഭവം, കുരിശുമരണം, ഉത്ഥാനം). പിന്നീട് യേശുവചസ്സുകളും അവിടുത്തെ അദ്ഭുതങ്ങളും കുറിച്ചുവയ്ക്കപ്പെട്ടു. യേശുസംഭവത്തെക്കുറിച്ച് പലരുടെയും കുറിപ്പുകൾ സമൂഹത്തിൽ നിലവിലുണ്ടായിരുന്നു എന്ന് വി.ലുക്കാ രേഖപ്പെടുത്തുന്നുണ്ട്: "നമ്മുടെ ഇടയിൽ നിറവേറിയ കാര്യങ്ങളുടെ വിവരണം എഴുതുവാൻ അനേകം പേർ പരിശ്രമിച്ചിട്ടുണ്ടല്ലോ. അതാകട്ടെ ആദിമുതൽ തന്നെ വചനത്തിൻെറ ദൃക്സാക്ഷികളും ശുശ്രൂഷകൻമാരും ആയിരുന്നവർ നമുക്ക് ഏല്പിച്ചു തന്നിട്ടുള്ളതനുസരിച്ചാണ്" (ലൂക്കാ 1:1-2).

### 3. സുവിശേഷകൻമാരുടെ ഘട്ടം (എ.ഡി. 65 - 90)

മൂന്നാമത്തേതും അവസാനത്തേതുമായ ഘട്ടം സുവിശേഷകൻമാരുടെ ഘട്ടമാണ്. ഇന്നുള്ള രൂപത്തിൽ സുവിശേഷങ്ങൾ നമുക്കു ലഭ്യമാക്കിത്തന്നത് സുവിശേഷകൻമാരാണ്. ഈ ഘട്ടത്തിൽ അവർ എന്താണ് ചെയ്തതെന്ന് രണ്ടാംവത്തിക്കാൻ സുനഹദോസിൻെറ "ദൈവാവിഷ്കരണം" എന്ന പ്രമാണരേഖയിൽ പറയുന്നു: "നാലു വി.ഗ്രന്ഥകാരൻമാരും സുവിശേഷം രചിച്ചപ്പോൾ അന്നു വാമൊഴിയായോ വരമൊഴിയായോ ഏല്പിക്കപ്പെട്ടിരുന്നവയിൽ ചിലതു സ്വീകരിക്കുകയും മറ്റു ചിലത് ഉദ്ഗ്രഥിക്കുകയുമുണ്ടായി. ഇനിയും, ഓരോ സഭയുടേയും പരിതഃസ്ഥിതി പരിഗണിച്ച് അവ

www.malankaralibrary.com

വിശദീകരിച്ചിട്ടുണ്ട്. അവയുടെ പ്രഘോഷണ രൂപം നിലനിർത്തിക്കൊണ്ടു പോന്നിട്ടുമുണ്ട്. അതേസമയം ഇവയിലെല്ലാം അവരുടെ ലക്ഷ്യം ക്രിസ്തുവിനെപ്പറ്റിയുള്ള കറയറ്റ പരമാർത്ഥം നമുക്കുതരിക എന്നതുമാത്രമായിരുന്നു." (19)

മൂന്നാമത്തെ സുവിശേഷഗ്രന്ഥത്തിന്റെ കർത്താവായ വി.ലൂക്കാ സുവിശേഷത്തിന്റെ ആമുഖമായി എഴുതിയിരിക്കുന്ന കാര്യങ്ങൾ ഇക്കാര്യം സ്ഥിരീകരിക്കുന്നതാണ്. "നമ്മുടെ ഇടയിൽ നിറവേറിയ കാര്യങ്ങളുടെ വിവരണം എഴുതാൻ അനേകം പേർ പരിശ്രമിച്ചിട്ടുണ്ടല്ലോ. അതാകട്ടെ ആദിമുതൽ തന്നെ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകൻമാരും ആയിരുന്നവർ നമുക്ക് ഏല്പിച്ചുതന്നിട്ടുള്ളത് അനുസരിച്ചാണ്. അല്ലയോ, ശ്രേഷ്ഠനായ തെയോഫിലോസ്, എല്ലാക്കാര്യങ്ങളും പ്രാരംഭം മുതല്ക്കേ സൂക്ഷ്മമായി പരിശോധിച്ചതിനുശേഷം എല്ലാ ക്രമമായി നിനക്കെഴുതുന്നത് ഉചിതമാണെന്ന് എനിക്കും തോന്നി, അത് നിന്നെ പഠിപ്പിച്ചിട്ടുള്ള വചനങ്ങളുടെ വിശ്വസ്തതയെക്കുറിച്ചു നിനക്കു ബോദ്ധ്യം വരാനാണ്" (ലൂക്കാ 1:1-4). സുവിശേഷരചയിതാക്കൾ യേശുവിനെ സംബന്ധിച്ച് വാമൊഴിയായും വരമൊഴിയായും (ലിഖിതരുപം) തങ്ങൾക്കു ലഭിച്ചിരുന്ന പാരമ്പര്യങ്ങൾ പഠിക്കുകയും അവയിൽ ഉചിതമായവ സ്വീകരിച്ച് തങ്ങളുടെ സമൂഹത്തിന്റെ വിശ്വാസ വളർച്ചയ്ക്കുവേണ്ടി ചിട്ടയായി രേഖപ്പെടുത്തി പുസ്തകരൂപത്തിലാക്കുകയും ചെയ്തു. യേശുവിന്റെ ഒരു ജീവചരിത്രം എഴുതുക ആയിരുന്നില്ല അവരുടെ ഉദ്ദേശ്യം. മറിച്ച്, യേശുവിന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട സംഭവങ്ങൾ കോർത്തിണക്കി ഒരു രൂപം നൽകി അവതരിപ്പിക്കുകയായിരുന്നു. സുവിശേഷകൻമാർ തങ്ങളുടെ സമൂഹത്തിന്റെ ആവശ്യങ്ങളും പശ്ചാത്തലവും കണക്കിലെടുത്താണ് യേശുവിന്റെ വചനങ്ങളും ചെയ്തികളും കുറിച്ചുവച്ചത്. ഉദാഹരണമായി വി. ലുക്കായുടെ സുവിശേഷത്തിൽ "ആഴത്തിൽ കുഴിച്ച് പാറമേൽ അടിസ്ഥാനമിട്ട് വീടുപണിത" മനുഷ്യനോട് യേശു തന്റെ വചനം അനുസരിച്ച് പ്രവർത്തിക്കുന്നവനെ ഉപമിക്കുന്നുണ്ട് (ലുക്കാ 6:46-47). എന്നാൽ വി.മത്തായിയുടെ സുവിശേഷത്തിൽ "പാറമേൽ ഭവനം പണിത" വിവേകിയായ മനുഷ്യൻ എന്നു മാത്രമേ പറയുന്നുള്ളു. "ആഴത്തിൽ കുഴിച്ച്" എന്ന ലൂക്കായുടെ പരാമർശം കാണുന്നില്ല. അന്ത്യോക്യയിലെ ആളുകൾക്കുവേണ്ടിയാണ് വി. ലൂക്കാ സുവിശേഷരചന നടത്തിയത്. അവിടുത്തെ ഭൂമിയുടെ പ്രത്യേകതയും നദിയിലെ വെള്ളപ്പൊക്കവും മൂലം ആളുകൾ ആഴത്തിൽ കുഴിച്ച് വാനം നന്നായി താഴ്ത്തിയാണ് വീടുകൾ നിർമ്മിച്ചിരുന്നത്. വി. മത്തായി സുവിശേഷം എഴുതിയത് പലസ്തീനയിലെ ആളുകൾക്കു വേണ്ടിയാണ്. പലസ്തീനിയൻ പശ്ചാത്തലത്തിൽ ഭവനം

www.malankaralibrary.com

പണിയുവാൻ ആഴത്തിൽ കുഴിക്കേണ്ടതില്ല. ഉറപ്പുള്ള സ്ഥലമായാൽ മതി. വാക്കുകളിൽ വ്യത്യാസമുണ്ടെങ്കിലും രണ്ടു സുവിശേഷകൻമാരുടേയും അടിസ്ഥാനസന്ദേശം ഒന്നുതന്നെ - യേശുവചനം അനുസരിച്ച് ജീവിക്കുന്നവന് ഉറച്ച അടിസ്ഥാനമുണ്ട്. ഒരു പ്രതികൂല സാഹചര്യവും അവനെ തകർക്കുകയില്ല. ചുരുക്കത്തിൽ സമൂഹത്തിന്റെ പ്രത്യേകതകളും ആവശ്യങ്ങളും മനസ്സിലാക്കി യേശുരഹസ്യം സുവിശേഷകൻമാർ അവതരിപ്പിച്ചു. അവതരിപ്പിക്കുന്നത് ഒരേ സത്യമാണെങ്കിലും അവതരിപ്പിക്കുന്ന രീതിക്കു വ്യത്യാസമുണ്ട്. നാലു സുവിശേഷകൻമാരും യേശുസംഭവം തങ്ങളുടേതായ ഉൾക്കാഴ്ചയിലും ദൈവശാസ്ത്രപരമായ വീക്ഷണത്തിലും രചനാരൂപത്തിലാക്കി. അതിനാൽ നാലു സുവിശേഷഗ്രന്ഥങ്ങൾക്കും പ്രസക്തിയുണ്ട്.

ചുരുക്കത്തിൽ നമുക്ക് ഇപ്പോൾ ലഭ്യമായിരിക്കുന്ന സുവിശേഷ ഗ്രന്ഥങ്ങളുടെ രൂപീകരണത്തിനു പിന്നിൽ നീണ്ടവർഷങ്ങളുടെ ചരിത്രമുണ്ട്. വാമൊഴിയായും വരമൊഴിയായും സമൂഹത്തിൽ വർഷങ്ങളായി നിലവിലുണ്ടായിരുന്ന പാരമ്പര്യത്തിൽനിന്നും തങ്ങൾക്ക് ആവശ്യമുള്ളതു തെരഞ്ഞെടുത്ത് തങ്ങളുടേതായ ദൈവശാസ്ത്ര വീക്ഷണം നൽകി സുവിശേഷഗ്രന്ഥങ്ങൾക്ക് സുവിശേഷകൻമാർ അവസാനരൂപം നൽകി. യേശുവിന്റെ ഒരു ജീവചരിത്രം കുറിച്ചുവയ്ക്കുക ആയിരുന്നില്ല അവരുടെ ലക്ഷ്യം. ഒരു സുവിശേഷത്തിലും നമുക്ക് അത് ലഭ്യമല്ല. സുവിശേഷ രൂപീകരണത്തിന്റെ എല്ലാ ഘട്ടങ്ങളിലും ദൈവാരൂപിയുടെ പ്രവർത്തനവും സഹായവുമുണ്ടായിരുന്നു. ദൈവിക സത്യങ്ങൾ മനസ്സിലാക്കുന്നതിനും തെറ്റുകൂടാതെ കൈമാറുന്നതിനും കുറിച്ചുവയ്ക്കുന്നതിനും പരിശുദ്ധാരൂപി സഹായിച്ചു.

## സമാന്തര സുവിശേഷങ്ങൾ

ആദ്യത്തെ മൂന്നു സുവിശേഷങ്ങൾ തമ്മിൽ ഘടനയിലും ഉള്ളടക്കത്തിലും അവതരണശൈലിയിലും ദൈവശാസ്ത്രപരമായ വീക്ഷണത്തിലും ശ്രദ്ധേയമായ സാമ്യമുണ്ട്. അവയുടെ ഉള്ളടക്കം മൂന്നു സമാന്തരകോളങ്ങളിലായി ക്രമീകരിച്ച് വീക്ഷിച്ചാൽ ഇതു വ്യക്തമാകും. ആദ്യത്തെ മൂന്നു സുവിശേഷങ്ങൾ തമ്മിലുള്ള ബന്ധം കണക്കിലെടുത്ത് ഇവയെ "സമാന്തര സുവിശേഷങ്ങൾ" (Synoptic Gospels) എന്നു വിളിക്കുന്നു.

a) <u>ഉള്ളടക്കത്തിലുള്ള</u> സാധർമ്മ്യം

ആദ്യത്തെ മൂന്നു സുവിശേഷങ്ങളുടേയും ഉള്ളടക്കം മിക്കവാറും ഒന്നുതന്നെയാണ്. യേശുവിന്റെ വാക്കുകളും പ്രവൃത്തികളും (പ്രബോധനങ്ങൾ,

www.malankaralibrary.com

ഉപമകൾ, അദ്ഭുതങ്ങൾ) മൂന്നു സുവിശേഷങ്ങളിലും ഒരുപോലെ രേഖപ്പെടുത്തിയിരിക്കുന്നു. മർക്കോസിൻെറ സുവിശേഷത്തിലുള്ള 661 വാക്യങ്ങളിൽ 600 വാക്യങ്ങളും മത്തായിയുടെയും ലൂക്കായുടെയും സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**b) ഘടനയിലുള്ള സാധർമ്മ്യം**

സുവിശേഷഗ്രന്ഥങ്ങളുടെ ഘടനയിൽ പ്രകടമായ ബന്ധം കാണാവുന്നതാണ്.

| | മത്തായി | മർക്കോസ് | ലൂക്കാ |
|---|---|---|---|
| യേശുവിൻെറ പരസ്യജീവിതത്തിന് ഒരുക്കം | 3:1-4:11 | 1:1-13 | 3:1-4:13 |
| ഗലീലിയായിലെ പ്രവർത്തനം | 4:12-18:35 | 1:14-9:50 | 4:14-9:50 |
| ജറുസലേമിലേക്കുള്ള യാത്ര | 19-20 | 10 | 9:51-19:28 |
| ജറുസലേമിലെ പ്രവർത്തനം | 21-25 | 11-13 | 19:29-21:38 |
| പീഡാനുഭവം | 26-27 | 14-15 | 22-23 |
| ഉത്ഥാനം | 28 | 16 | 24 |

**c) ദൈവശാസ്ത്രപരമായ വീക്ഷണത്തിലുള്ള സാധർമ്മ്യം**

യേശു വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകൻ, ശിഷ്യത്വം, യേശുവിൻെറ ഉത്ഥാന രഹസ്യം തുടങ്ങിയവ സമാന്തര സുവിശേഷങ്ങളിലെ പൊതുവായ ദൈവശാസ്ത്ര പ്രമേയങ്ങളാണ്.

**d) ഭാഷയിലുള്ള സാധർമ്മ്യം**

ഭാഷാശൈലിയിലും വാക്കുകളിലും പ്രയോഗത്തിലും മൂന്നുസുവിശേഷങ്ങളും തമ്മിൽ പ്രകടമായ സാമ്യമുണ്ട്. ചില വിവരണങ്ങളിൽ വാക്കുകളും ചിലപ്പോൾ വാചകങ്ങൾ തന്നെയും മൂന്നു സുവിശേഷങ്ങളിലും ഒന്നുപോലെയാണ്.

www.malankaralibrary.com

സമാന്തര സുവിശേഷങ്ങൾ തമ്മിൽ പലകാര്യങ്ങളിൽ സാധർമ്മ്യമുള്ളതുപോലെ തന്നെ ചില കാര്യങ്ങളിൽ അവ തമ്മിൽ വ്യത്യാസമുണ്ടെന്ന കാര്യം കൂടി ഓർക്കേണ്ടതുണ്ട്.

a) ഉള്ളടക്കത്തിലുള്ള വ്യത്യാസം

ചില വിവരണങ്ങൾ രണ്ടു സുവിശേഷങ്ങളിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ (മത്താ 5:1-12; ലൂക്കാ 6:20-23; മത്താ 5:38-42; ലൂക്കാ 6:29-30; മത്താ 19:1-12; മർക്കോ 10:1-12) ചിലപ്പോൾ ഈ വിവരണങ്ങളിൽ തന്നെ വ്യത്യാസമുണ്ട് (ഉദാ: യേശുവിന്റെ ബാല്യകാല വിവരണം- മത്താ 1-2; ലൂക്ക 1-2). ചില സംഭവങ്ങൾ ഒരു സുവിശേഷത്തിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ (മത്താ 20:1-16; 25:1-13; 31-46; ലൂക്കാ 10:25-37; 15:11-32; 19:1-10).

b) ക്രമീകരണത്തിലുള്ള വ്യത്യാസം

പൊതുഘടനയിൽ മൂന്നു സുവിശേഷങ്ങൾ തമ്മിൽ ബന്ധമുണ്ടെങ്കിലും ഉള്ളടക്കത്തിന്റെ ക്രമീകരണത്തിൽ വ്യത്യാസങ്ങൾ കാണാം. ഒരു സുവിശേഷത്തിൽ തുടർച്ചയായി രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ മറ്റൊരു സുവിശേഷത്തിൽ പലയിടത്തായി രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണമായി, വി.മത്തായിയുടെ സുവിശേഷം പതിമൂന്നാം അദ്ധ്യായത്തിൽ തുടർച്ചയായി രേഖപ്പെടുത്തിയിരിക്കുന്ന 6 ഉപമകളിൽ മൂന്നെണ്ണം മാത്രമേ ലൂക്കായുടെ സുവിശേഷത്തിൽ കാണുന്നുള്ളൂ. അവതന്നെയും ഒരുമിച്ചല്ല രേഖപ്പെടുത്തിയിരിക്കുന്നത്. മറ്റൊരു ഉദാഹരണം യേശുവിന്റെ പ്രബോധനങ്ങളാണ്. വി.മർക്കോസിന്റെ സുവിശേഷ ത്തിൽ കാണാത്ത പ്രബോധനങ്ങൾ പലതും വി. മത്തായിയുടേയും ലൂക്കായുടേയും സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വി.മത്തായി യേശുവിന്റെ പ്രബോധനങ്ങൾ പ്രധാനപ്പെട്ട 5 പ്രബോധനങ്ങളായി 5 ഭാഗങ്ങളിൽ രേഖപ്പെടുത്തുമ്പോൾ (മത്തായി 5-7; 10; 13; 18; 24-25) ഈ പ്രബോധനങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കാര്യങ്ങൾ യേശുവിന്റെ പരസ്യജീവിതത്തിൽ പല സന്ദർഭങ്ങളിൽ (പ്രത്യേകിച്ച് ജറുസലേം യാത്രയ്ക്കിടയിൽ) നടക്കുന്നതായാണ് വി.ലൂക്കാ രേഖപ്പെടുത്തുന്നത്.

ആദ്യത്തെ മൂന്നു സുവിശേഷങ്ങൾ തമ്മിലുള്ള ബന്ധവും വ്യത്യാസവും സമാന്തരസുവിശേഷങ്ങളെ സംബന്ധിച്ച ഒരു പ്രശ്നമാണ്. ഐകരൂപ്യത്തിനും വ്യത്യാസത്തിനും കാരണമെന്തെന്നതാണ് പ്രശ്നം. ഈ പ്രശ്നത്തെ സാങ്കേതികമായി "സമാന്തരസുവിശേഷ പ്രശ്നം" (Synoptic problem) എന്നാണു പറയുന്നത്. ബൈബിൾ പണ്ഡിതൻമാർ ഈ പ്രശ്നത്തി

www.malankaralibrary.com

നു പരിഹാരമായി ചില നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. അവയിൽ പൊതുവെ സ്വീകാര്യമായതും ഭൂരിപക്ഷം പണ്ഡിതൻമാർ അംഗീകരിക്കുന്നതുമായ നിഗമനം താഴെപ്പറയുന്നതാണ്.

1. ആദ്യമായി എഴുതപ്പെട്ട സുവിശേഷം വി.മർക്കോസിൻെറ സുവിശേഷമാണ്.


2. വി. മത്തായിയും വി.ലൂക്കായും സുവിശേഷരചനയ്ക്ക് വി.മർക്കോസിൻെറ സുവിശേഷം സഹായകമായി സ്വീകരിച്ചു (ചില സംഭവങ്ങൾ മൂന്നു സുവിശേഷത്തിലും കാണുന്നതിന് കാരണമിതാണ്. ഉദാ: (1) മർക്കോ 1:16-20; മത്താ 4:18-22; ലൂക്കാ 5:1-11; (2) മർക്കോ 6:1-6; മത്താ 13:53-58; ലൂക്കാ 4:16-30).

3. വി. മർക്കോസിൻെറ സുവിശേഷത്തിനു പുറമേ വി.ലൂക്കായ്ക്കും വി. മത്തായിക്കും പൊതുവായി മറ്റൊരു സ്രോതസ്സും (Source) ഉണ്ടായിരുന്നു. ഈ സ്രോതസ്സിനെ ബൈബിൾ പണ്ഡിതൻമാർ "ഉറവിടം" എന്നർത്ഥം വരുന്ന "Quelle" എന്ന ജർമ്മൻ വാക്കിലാണ് വിളിക്കുക (അതിൻെറ ചുരുക്കപ്പേര് "Q"). ചില വിവരണങ്ങൾ വി.മത്തായിയുടേയും ലൂക്കായുടേയും സുവിശേഷങ്ങളിൽ മാത്രം കാണുവാൻ കാരണമിതാണ് (ഉദാ (1) മത്താ 5:38-42; ലൂക്കാ 6:29-30; (2) മത്താ 11:25-30; ലൂക്കാ 10:21-22). യേശുവചസ്സുകളാണ് "Quelle" യുടെ ഉള്ളടക്കം എന്ന നിഗമനത്തിലാണ് പണ്ഡിതൻമാർ എത്തിച്ചേർന്നിട്ടുള്ളത്.

4. വി.മത്തായിക്കും വി.ലൂക്കായ്ക്കും, മർക്കോസിൻെറ സുവിശേഷവും Quelle യും കൂടാതെ സുവിശേഷരചനയ്ക്ക് സ്വന്തമായ ഓരോ സ്രോതസ്സും (special source) ലഭിച്ചു. മത്തായിയുടെ സ്രോതസ്സിനെ "M" എന്നും ലൂക്കായുടെ പ്രത്യേക സ്രോതസ്സിനെ "L" എന്നും ചുരുക്കപ്പേരിൽ വിളിക്കുന്നു. ഒരു സുവിശേഷത്തിൽ മാത്രം ചില സംഭവങ്ങൾ കാണുന്നതിനു കാരണമിതാണ് (ഉദാ മത്താ 25:31-46 മത്തായിയുടെ പ്രത്യേക സ്രോതസ്സിൽനിന്നു - "M" - ലൂക്കാ 19:1-10 ലുക്കായുടെ പ്രത്യേക സ്രോതസ്സിൽനിന്നും - "L" - ലഭിച്ചതാണ്.

സമാന്തരസുവിശേഷങ്ങളുമായി ബന്ധപ്പെട്ട പ്രശ്നത്തിനു (synoptic problem) ഉത്തരം താഴെക്കാണുന്ന ചിത്രത്തിൽ നിന്നും വെളിവാകുന്നതാണ്.

www.malankaralibrary.com




## വി. മത്തായിയുടെ സുവിശേഷം

"സഭയുടെ സുവിശേഷം", "പ്രേഷിതസുവിശേഷം", "യഹൂദ ക്രൈസ്തവ സുവിശേഷം" എന്നിങ്ങനെ വിശേഷിപ്പിക്കപ്പെടുന്ന വി. മത്തായിയുടെ സുവിശേഷം ആദ്യ നൂറ്റാണ്ടുമുതൽ ക്രൈസ്തവരുടെ ഇടയിൽ വളരെ അറിയപ്പെടുന്ന സുവിശേഷമാണ്.

സുവിശേഷത്തിൽനിന്നും ഗ്രന്ഥകാരനെക്കുറിച്ച് വ്യക്തമായ അറിവു ലഭിക്കുന്നില്ല. യേശുവിൻെറ അപ്പസ്തോല സമൂഹത്തിലെ അംഗമായ മത്തായിയാണ് (മത്താ 10:3; മർക്കോ 3:18; ലൂക്കാ 6:15; അപ്പ 1:13) ഈ സുവിശേഷത്തിൻെറ കർത്താവ് എന്ന് പാരമ്പര്യം പഠിപ്പിക്കുന്നു (പപ്പിയാസ്, ഇരനേവൂസ്, തെർത്തുല്യൻ, ഒരിജൻ). അദ്ദേഹം ചുങ്കക്കാരനായിരുന്നു എന്ന് മത്തായിയുടെ സുവിശേഷത്തിൽനിന്നു മനസ്സിലാക്കാം (മത്താ 10: 3; 9:9). മത്തായി ശ്ലീഹാ അറമായ ഭാഷയിൽ സുവിശേഷം എഴുതിയെന്നും പിന്നീട് ഗ്രീക്കുഭാഷയിലേക്കു തർജ്ജമ ചെയ്യപ്പെട്ടു എന്നും പാരമ്പര്യമുണ്ട് (പപ്പിയാസ്). പക്ഷേ ഈ പാരമ്പര്യം പൊതുവെ അംഗീകരിക്കപ്പെടുന്നില്ല. ഇപ്പോൾ ലഭിച്ചിട്ടുള്ള ഗ്രീക്കു ഭാഷയിലുള്ള മത്തായിയുടെ സുവിശേഷം അറമായ ഭാഷയിലുള്ള സുവിശേഷത്തിൻെറ തർജ്ജമയല്ല എന്നാണ് പണ്ഡിതമതം. എ.ഡി. 75-നും 90-നും ഇടയ്ക്ക് ഈ സുവിശേഷം എഴുതപ്പെട്ടു എന്നു കരുതുന്നു. പലസ്തീനയിലെ യഹൂദ ക്രൈസ്തവരെ പ്രധാനമായും ഉദ്ദേശിച്ചായിരിക്കണം സുവിശേഷം രചിച്ചത്. സുവിശേഷത്തിൻെറ ശൈലിയും ഉള്ളടക്കവും ഇക്കാര്യം സൂചിപ്പിക്കുന്നു.

www.malankaralibrary.com

ഘടന

മത്തായിയുടെ സുവിശേഷം വളരെ ശ്രദ്ധാപൂർവ്വം എഴുതപ്പെട്ടതാണ്. അദ്ദേഹത്തിനു ലഭിച്ച പാരമ്പര്യം ഉപയോഗിച്ച് അടുക്കും ചിട്ടയോടും കൂടി സുവിശേഷത്തിന് രൂപംനൽകി. യേശുവിൻെറ ജീവിതത്തിലെ സംഭവങ്ങൾ കാലക്രമം അനുസരിച്ചല്ല രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു വിഷയത്തോടു ബന്ധപ്പെട്ട കാര്യങ്ങൾ ഒരുമിച്ച് എഴുതുവാൻ അദ്ദേഹം ശ്രദ്ധിച്ചു. മത്തായിയുടെ സുവിശേഷത്തെ 5 പുസ്തകങ്ങളായി വിഭജിക്കാം. ഈ വിഭജനം യേശുവിൻെറ 5 പ്രധാനപ്പെട്ട പ്രബോധനങ്ങളെ അടിസ്ഥാനമാക്കിയാണ്. ഓരോ പുസ്തകത്തിലും ഒരു വിവരണവും ഒരു പ്രബോധനവും അടങ്ങിയിരിക്കുന്നു. ഈ അഞ്ചു പുസ്തകങ്ങൾ (ഭാഗങ്ങൾ) കൂടാതെ സുവിശേഷ ത്തിൻെറ ആരംഭത്തിൽ യേശുവിൻെറ ബാല്യകാലവിവരണവും അവസാനഭാഗത്ത് പീഡാനുഭവവും ഉത്ഥാനവും രേഖപ്പെടുത്തിയിട്ടുണ്ട്.

മത്താ 1-2 യേശുവിൻെറ ബാല്യകാല വിവരണം

I മത്താ 3-7 ദൈവരാജ്യത്തിൻെറ ഉദയം

a. വിവരണം (മത്താ 3-4) യേശുവിൻെറ പരസ്യജീവിതത്തിൻെറ ആരംഭം

b. പ്രബോധനം (മത്താ 5-7) മലയിലെ പ്രസംഗം - ശിഷ്യത്വത്തെ സംബന്ധിച്ച അടിസ്ഥാന പ്രബോധനങ്ങൾ.

II മത്താ 8-10 രക്ഷാകരദൗത്യം

a. വിവരണം (മത്താ 8-9) 10 അദ്ഭുതങ്ങൾ

b. പ്രബോധനം (മത്താ 10) പ്രേഷിത പ്രബോധനം - സ്വർഗ്ഗരാജ്യത്തിൻെറ വളർച്ച

III മത്താ 11-13 മറഞ്ഞിരിക്കുന്ന സ്വർഗ്ഗരാജ്യം

a. വിവരണം (മത്താ 11-12) ഫരിസേയർ യേശുവിൻെറ പ്രബോധനം എതിർക്കുന്നു.

b. പ്രബോധനം (മത്താ 13) സ്വർഗ്ഗരാജ്യത്തെ സംബന്ധിച്ച ഉപമകൾ. രാജ്യത്തിൻെറ സ്വഭാവത്തിൻെറ വിശദീകരണം.

IV മത്താ 14-18 സ്വർഗ്ഗരാജ്യത്തിൻെറ വളർച്ച

www.malankaralibrary.com

a. വിവരണം (മത്താ 14-17) ശിഷ്യൻമാരുടെ പരിശീലനം.

b. പ്രബോധനം (മത്താ 18) സഭയേയും സഭാധികാരിക ളേയും സംബന്ധിച്ച പ്രബോധനം.

V മത്താ 19-25 പീഡാനുഭവത്തിലേക്ക്

a. വിവരണം (മത്താ 19-23) യേശു നേരിടുന്ന എതിർപ്പു കൾ

b. പ്രബോധനം (മത്താ 24-25) യുഗാന്ത്യോൻമുഖ പ്രഭാ ഷണം - വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള പ്രഭാ ഷണം.

മത്താ 26-28 പീഡാനുഭവവും ഉത്ഥാനവും

മത്തായിയുടെ സുവിശേഷത്തിൽ പ്രധാനമായും 5 പ്രഭാഷണങ്ങളാണുള്ളത്. ഓരോ പ്രഭാഷണവും അതിൻെറ പശ്ചാത്തലത്തെക്കുറിച്ചുള്ള മനോഹരമായ ആമുഖവിവരണത്തോടെ ആരംഭിക്കുകയും (മത്താ 5:1-2; 10: 1-4; 13:1-3; 18:1-2; 24:1-2), "യേശു ഈ വചനങ്ങൾ അവസാനിപ്പിച്ചപ്പോൾ" എന്ന പ്രസ്താവനയോടെ അവസാനിപ്പിക്കുകയും ചെയ്യുന്നു (മത്താ 7:28; 11:1; 13:53; 19:1; 26:1) ഓരോ പ്രബോധനത്തിനും മുമ്പ് യേശുവിൻെറ പ്രവർത്തനങ്ങളെക്കുറിച്ചു നല്കുന്ന നീണ്ടവിവരണം പ്രബോധനങ്ങളെ തമ്മിൽ വേർതിരിക്കുന്നു. മത്തായിയുടെ സുവിശേഷത്തിലെ 5 പ്രബോധനങ്ങൾ പഞ്ചഗ്രന്ഥിയിലെ 5 പുസ്തകങ്ങളെ അനുകരിച്ചുള്ളതാണെന്ന് ചില പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നുണ്ട്. അതിനാൽ ഈ സുവിശേഷം "ക്രൈസ്തവ പഞ്ചഗ്രന്ഥി" എന്ന പേരിലും അറിയപ്പെടുന്നു.

## പ്രധാനപ്പെട്ട പ്രമേയങ്ങൾ

സുവിശേഷകൻമാരുടെ ലക്ഷ്യം യേശുവിൻെറ ജീവചരിത്രം എഴുതുക എന്നതായിരുന്നില്ല. ദൈവശാസ്ത്രപരമായ ലക്ഷ്യം മുൻനിറുത്തിയാണ് അവർ സുവിശേഷരചന നടത്തിയത്. മറ്റു സുവിശേഷങ്ങളിലെന്നതുപോലെ മത്തായിയുടെ സുവിശേഷത്തിലും ദൈവശാസ്ത്രപരമായ ചിന്തകളും പ്രമേയങ്ങളും പ്രകടമാണ്. പ്രധാനപ്പെട്ട പ്രമേയങ്ങൾ താഴെപ്പറയുന്നവയാണ്.

### 1. യേശു പഴയ നിയമത്തിൻെറ പൂർത്തീകരണം

മറ്റ് സുവിശേഷങ്ങളെ അപേക്ഷിച്ച് മത്തായിയുടെ സുവിശേഷം യേശുവിൽ ദൈവത്തിൻെറ വാഗ്ദാനം പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു എന്ന

www.malankaralibrary.com

വസ്തുതയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. പഴയ നിയമഗ്രന്ഥങ്ങളിൽനിന്ന് അദ്ദേഹം 43 പ്രാവശ്യം ഉദ്ധരിക്കുന്നുണ്ട് (മറ്റു സുവിശേഷങ്ങളുടെ ക്രമം- മർക്കോസ് - 19 പ്രാവശ്യം; ലൂക്കാ 19 പ്രാവശ്യം; യോഹന്നാൻ 14 പ്രാവശ്യം). അവയിൽ 13 തവണ "പ്രവാചകൻവഴി പറയപ്പെട്ട വചനം പൂർത്തിയാക്കാനാണ് ഇതു സംഭവിച്ചത്" (1:22-23; 2:5, 15, 17-18.23; 4:14; 8:17; 12:17-18; 13:14.35; 21:4; 26:56; 27:9) എന്ന പ്രയോഗം കൂട്ടിച്ചേർക്കുന്നുണ്ട്. യേശു വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനാണെന്നും അവിടുന്നിൽ പ്രവാചകവചനം നിറവേറിയെന്നും ഓർമ്മിപ്പിക്കുകയാണ് ഇതിൻെറ ലക്ഷ്യം.

പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണം യേശുവിൽ നിറവേറി എന്ന വസ്തുത ബാല്യകാല വിവരണത്തിൽ (മത്താ 1-2) പലതവണ ആവർത്തിച്ചിട്ടുണ്ട്. യേശുവിനെ പുതിയ മോശയായും (5-7) ദാവീദിൻെറ പുത്രനായും (9:27; 12:22; 20:30; 21:9) സുവിശേഷകൻ അവതരിപ്പിക്കുന്നു. പഴയനിയമ ഉദ്ധരണികളും പഴയ നിയമപ്രതിരൂപങ്ങളും വഴി യേശു പഴയ നിയമത്തിൻെറ പൂർത്തീകരണമാണെന്ന് ഓർമ്മിപ്പിക്കുകയാണ്.

2. ദൈവരാജ്യം

സമാന്തര സുവിശേഷങ്ങളിൽ യേശുവിൻെറ പ്രഘോഷണത്തിലെ പ്രധാനപ്പെട്ട വിഷയമാണ് "ദൈവരാജ്യം". മത്തായിയുടെ സുവിശേഷത്തിലെ പ്രധാനപ്പെട്ട ഒരു പ്രമേയമാണത്. ഈ സുവിശേഷം "രാജ്യത്തെ സംബന്ധിച്ച സുവിശേഷം" എന്ന് അപരനാമത്തിലും അറിയപ്പെടുവാൻ കാരണമിതാണ്. "ദൈവരാജ്യം" "സ്വർഗ്ഗരാജ്യം" എന്നീ പദങ്ങൾ മത്തായിയുടെ സുവിശേഷത്തിൽ 38 പ്രാവശ്യം പ്രയോഗിച്ചിട്ടുണ്ട്. "സ്വർഗ്ഗരാജ്യം" എന്ന പദമാണ് മത്തായി കൂടുതൽ ഉപയോഗിച്ചിരിക്കുന്നത് (33). രണ്ട് പദങ്ങളുടേയും അർത്ഥം ഒന്നുതന്നെയാണ് (യഹൂദർ "ദൈവ രാജ്യം" എന്ന പദത്തിനു പകരം സ്വർഗ്ഗരാജ്യം എന്ന പദമാണ് ഉപയോഗിക്കുന്നത് "ദൈവത്തിൻെറ നാമം വൃഥാ പ്രയോഗിക്കരുത്" എന്ന കല്പനയനുസരിച്ചാണിത്. "ദൈവരാജ്യം" എന്ന വാക്കിൽ "ദൈവം" എന്ന പദം ഉള്ളതിനാൽ അതിനുപകരം "സ്വർഗ്ഗം"- ദൈവം വസിക്കുന്ന സ്ഥലം-എന്ന വാക്ക് ഉപയോഗിച്ചു). ദൈവരാജ്യം എന്നതുകൊണ്ട് വിവക്ഷിക്കുക ദൈവത്തിൻെറ ഭരണം എന്നതാണ്. കാലത്തിൻെറ പൂർണ്ണതയിൽ ദൈവത്തിൻെറ ഭരണം (ദൈവരാജ്യം) മനുഷ്യരുടെ ഇടയിൽ യേശുവിലൂടെ ഉദ്ഘാടനം ചെയ്യപ്പെട്ടു. യേശുവിൻെറ വാക്കുകളും പ്രവൃത്തികളും ദൈവരാജ്യത്തിൻെറ സാന്നിദ്ധ്യം വെളിപ്പെടുത്തി. "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (3:2; 4:17) "ദൈവരാജ്യം നിങ്ങളിൽ വന്നു കഴിഞ്ഞിരിക്കുന്നു" (മത്താ 12:8) എന്നീ പ്രസ്താവ

www.malankaralibrary.com

നകൾ ഈ അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്. യേശുവിന്റെ ആഗമനത്തോടെ സ്വർഗ്ഗരാജ്യം ഭൂമിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. എന്നാൽ അതു വളരുകയും പൂർത്തീകരിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. അതിന്റെ പൂർത്തീകരണം സംഭവിക്കുക യുഗാന്ത്യത്തിലാണ് (13:43; 25:34; 26:29). ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടി സ്ഥാപിതമായ സമൂഹമാണ് സഭ.

3. സഭ

വി.മത്തായിയുടെ സുവിശേഷത്തെ "സഭയുടെ സുവിശേഷം" എന്നു വിളിക്കുന്നു. സഭാസംബന്ധമായ കാര്യങ്ങൾ വി.മത്തായിയുടെ സുവിശേഷത്തിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. സുവിശേഷകൻമാരിൽ മത്തായി മാത്രമേ "സഭ" എന്ന പദം ഉപയോഗിക്കുന്നുള്ളു (മത്താ 16:18; 18:18). യേശു സ്ഥാപിക്കുന്ന സഭയുടെ തലവൻ അപ്പസ്തോലസമൂഹത്തിന്റെ തലവനായ പത്രോസാണ്. അദ്ദേഹത്തിന് അപ്പസ്തോലസമൂഹത്തിൽ പ്രത്യേക സ്ഥാനമാണുള്ളത് (മത്താ 16:18-20). സഭയിൽ മറ്റ് അധികാരികളും ഉണ്ട് (മത്താ 10:41; 13:52; 23:34). അധികാരം സേവനത്തിനുള്ളതാകയാൽ അധികാരികൾ എളിമയുള്ളവരായിരിക്കണം (മത്താ 18:1-5). സാധാരണ വിശ്വാസികൾക്കു മാതൃകനല്കുവാൻ അവർക്ക് വലിയ ഉത്തരവാദിത്വമാണുള്ളത് (മത്താ 16:6-9). വഴിതെറ്റിയവരെ അന്വേഷിച്ചു പോകുവാനും തെറ്റുചെയ്തവരെ സ്നേഹപൂർവ്വം തിരുത്തുവാനും അവർക്കു സാധിക്കണം (മത്താ 16: 10-20). സഭയിൽ വിശ്വാസികൾ പരസ്പരം ക്ഷമിക്കണം (മത്താ 16:21-35). സഭാ സമൂഹത്തിൽ വിശുദ്ധരും പാപികളുമുണ്ടാകും (മത്താ 13:36-43; 22: 11-14). ആർക്കുംവീഴ്ചയുണ്ടാകാം (മത്താ 26:69-75).

വി. മത്തായിയുടെ വീക്ഷണത്തിൽ സഭ "പുതിയ ഇസ്രായേൽ" ആണ്. ലോകം മുഴുവനും ഉൾക്കൊള്ളുന്ന ഒരു പ്രേഷിതദൗത്യം സഭയ്ക്കുണ്ട് (മത്താ 28:18-20). മത്തായിയുടെ സുവിശേഷം സഭയുടെ ആരാധന, മതബോധനം, അജപാലനം എന്നീ കാര്യങ്ങൾക്ക് കുടുതലായി ഉപയോഗിക്കുവാൻ പറ്റിയതാണ്.

## മർക്കോസിന്റെ സുവിശേഷം

സുവിശേഷങ്ങളിൽ ഏറ്റവും ചെറുതും ദൈവശാസ്ത്രപരമായ വീക്ഷണത്തിലും ശൈലിയിലും ലളിതവുമാണ് മർക്കോസിന്റെ സുവിശേഷം. മർക്കോസിന്റെ സുവിശേഷമാണ് ആദ്യം എഴുതപ്പെട്ടതെന്നും മത്തായിയും ലൂക്കായും ഈ സുവിശേഷം തങ്ങളുടെ രചനയ്ക്കു സഹായകമായി സ്വീകരിച്ചു എന്നും ബൈബിൾ പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നു.

www.malankaralibrary.com

പത്രോസിൻേറയും പൗലോസിൻേറയും പ്രേഷിതപ്രവർത്തനങ്ങളിൽ സഹായിയായിരുന്ന മർക്കോസാണ് ഈ സുവിശേഷം രചിച്ചതെന്ന് പാരമ്പര്യം സാക്ഷ്യപ്പെടുത്തുന്നു. "യോഹന്നാൻ", "മർക്കോസ്", "യോഹന്നാൻ -മർക്കോസ്" എന്നീ വ്യത്യസ്ത പേരുകളിലാണ് പുതിയനിയമ ഗ്രന്ഥങ്ങളിൽ ഇദ്ദേഹം അറിയപ്പെടുന്നത് (അപ്പ 12:12-25; 13:13; 15:37-39, 1 പത്രോ 5:13). "യോഹന്നാൻ" എന്ന യഹൂദനാമവും "മർക്കോസ്" എന്ന ലത്തീൻ നാമവും സൂചിപ്പിക്കുക അദ്ദേഹം ഗ്രീക്കു സംസാരിക്കുന്ന പ്രദേശത്തുനിന്നുള്ള യഹൂദനായിരുന്നിരിക്കണം എന്നതാണ്. ദൃക്സാക്ഷി വിവരണം പോലെയുള്ള സംഭവങ്ങളുടെ അവതരണം ഗ്രന്ഥകാരൻ എഴുതിയിരിക്കുന്ന സംഭവങ്ങളുമായി അടുത്ത ബന്ധമുണ്ടായിരുന്ന ഒരാളാണെന്ന് സൂചിപ്പിക്കുന്നു. പാരമ്പര്യം പറയുന്നതുപോലെ അദ്ദേഹം പത്രോസിൽനിന്നു കേട്ട സംഭവങ്ങളായിരിക്കാം സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മറ്റു സമാന്തരസുവിശേഷകൻമാരേക്കാൾ പത്രോസിന് മർക്കോസ് പ്രാധാന്യം നൽകുന്നതും ശ്രദ്ധേയമാണ്.

റോമിലുള്ള വിജാതീയ ക്രൈസ്തവരെ ഉദ്ദേശിച്ചാണ് അദ്ദേഹം സുവിശേഷം എഴുതിയത്. വിജാതീയരുടെ ഇടയിലുള്ള പ്രേഷിതപ്രവർത്തനത്തിന് പ്രാധാന്യം നൽകുന്നതും (7:24-30; 11:17) യഹൂദപാരമ്പര്യങ്ങളും അറമായ പദങ്ങളും വിശദീകരിക്കുന്നതും (7:3-4; 3:17; 5:41) സുവിശേഷത്തിൽ പഴയനിയമ പൂർത്തീകരണത്തിന് ഊന്നൽ നൽകാതിരിക്കുന്നതും എല്ലാം വിജാതീയ ക്രൈസ്തവരെ ഉദ്ദേശിച്ചാണ് സുവിശേഷം രചിച്ചത് എന്ന സൂചന നൽകുന്നു. റോമിലെ വിശ്വാസികൾക്കുവേണ്ടി എഴുതിയതിനാലാവാം സാന്ദർഭികമായി ലത്തീൻ പ്രയോഗങ്ങൾ സുവിശേഷത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് (12:42; 15:16). എ.ഡി. 65നും 70 നും ഇടയ്ക്കായിരിക്കണം സുവിശേഷം രചിക്കപ്പെട്ടത്.

## സുവിശേഷ രചനയുടെ ലക്ഷ്യം

സുവിശേഷത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ആമുഖവാക്യം (1:1) രചനയുടെ ലക്ഷ്യത്തിലേക്ക് വെളിച്ചം വീശുന്നതാണ്: "ദൈവപുത്രനായ യേശുക്രിസ്തുവിൻെറ സുവിശേഷത്തിൻെറ ആരംഭം". യേശു ദൈവപുത്രനാണെന്നു സ്ഥാപിക്കുക എന്നതാണ് മർക്കോസിൻെറ പ്രധാന ലക്ഷ്യം. റോമൻ ചക്രവർത്തിയായിരുന്ന നീറോയുടെ മതമർദ്ദനത്തിലൂടെ കടന്നുപോകുന്ന വിശ്വാസികൾക്ക് ശക്തി നൽകുവാൻ വേണ്ടിയാവണം മർക്കോസ് യേശുവിൻെറ പീഡാനുഭവത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതും തന്മയത്വത്തോടുകൂടി അതു ചിത്രീകരിക്കുന്നതും. പീഡ

www.malankaralibrary.com

യനുഭവിച്ചു മരിച്ച യേശുവിനെ നോക്കി "സത്യമായും ഈ മനുഷ്യൻ ദൈവ പുത്രനായിരുന്നു" എന്ന് ശതാധിപൻ പ്രഖ്യാപിച്ചത് ഇത്തരുണത്തിൽ ശ്ര ദ്ധേയമാണ് (15:39).

## സവിശേഷതകൾ

മർക്കോസിൻെറ സുവിശേഷം യേശുവിൻെറ പ്രബോധനത്തേക്കാൾ അവിടുത്തെ പ്രവർത്തനത്തിനു പ്രാധാന്യം കൊടുക്കുന്നു. യേശുവിൻെറ പ്ര ബോധനത്തെക്കുറിച്ച് എഴുതുമ്പോൾ കഴിയുന്നതും ചുരുക്കമായി എഴുതു വാൻ ശ്രമിക്കുകയോ "അവൻ പഠിപ്പിച്ചു" എന്ന സംഗ്രഹ പ്രസ്താവന നടത്തു കയോ ചെയ്യുന്നു (2:13; 4:23; 6:2.34; 10:1; 12:33).

യേശുവിൻെറ മാനുഷിക ഭാവത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു. ഉദാഹരണമായി അനുകമ്പ (1:41; 6:34; 8:2) കോപം (3:5; 8:2;10:14) ദുഃഖം (14: 33.34) തുടങ്ങിയവ. കാര്യങ്ങൾ പച്ചയായും യാഥാർത്ഥ്യബോധത്തോ ടെയും ആവിഷ്കരിച്ചിരിക്കുന്നു.

യേശുവിൻെറ പീഡാനുഭവത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് എഴു തപ്പെട്ട സുവിശേഷമാണ് മർക്കോസിൻേറത്. സുവിശേഷത്തിൻെറ അഞ്ചി ൽ രണ്ടു ഭാഗം യേശുവിൻെറ ജറുസലെം യാത്രയുടെയും പീഡാനുഭവത്തി ൻെറയും വിവരണമാണ്.

വിജാതീയർക്ക് പ്രാധാന്യം നൽകുന്ന സുവിശേഷമാണിത് (13:10; 14:9).

## സുവിശേഷത്തിൻെറ ഘടന

യേശുവിനെയും അവിടുത്തെ ആധികാരികതയെയും വെളിപ്പെടു ത്തുന്ന വിധത്തിൽ ആണ് സുവിശേഷത്തിൻെറ ഘടന. ഇതനുസരിച്ച് സു വിശേഷത്തെ താഴെപ്പറയുന്നവിധം വിഭജിച്ചു മനസ്സിലാക്കാവുന്നതാണ്.

ആമുഖം (1:1-13)

I ഒന്നാംഭാഗം (1:14-8:26) മിശിഹായെ സംബന്ധിച്ച രഹസ്യം-യേശു ആരെന്ന് വെളിപ്പെടുത്തുന്നു.

പത്രോസിൻെറ വിശ്വാസപ്രഖ്യാപനം (8:27-33)

II രണ്ടാംഭാഗം (8:34-16:8) മനുഷ്യപുത്രനെ സംബന്ധിച്ച രഹസ്യം - യേശുവിൻെറ സഹനത്തെക്കുറിച്ചുള്ള വെളിപ്പെടുത്തൽ

www.malankaralibrary.com

അനുബന്ധം (16 : 9-20)

യേശു മിശിഹായും ദൈവപുത്രനും മനുഷ്യപുത്രനുമാണെന്നുള്ള ആദിമസഭയുടെ വിശ്വാസം ആദ്യഭാഗത്ത് ആവിഷ്ക്കരിക്കുന്നു. യേശുവിൻെറ അമാനുഷിക ശക്തിയും അധികാരവും വെളിപ്പെടുത്തുന്ന നിരവധി അദ്ഭുതങ്ങൾ ഈ ഭാഗത്തുണ്ട്. അവിടുത്തെ പ്രബോധനത്തെക്കാൾ പ്രവർത്തന ങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നത്. അല്പമായി കാണുന്ന പ്രബോധനം പ്രധാനമായും ജനക്കൂട്ടത്തെ ഉദ്ദേശിച്ചുള്ളതാണ്. യേശു ആരെന്ന് മനസ്സിലാക്കുവാൻ ജനക്കൂട്ടവും ശിഷ്യരും പരാജയപ്പെടുന്നു. യേശു ആരെന്നുള്ള ചോദ്യം ഈ ഭാഗത്ത് പലതവണ ആവർത്തിക്കുന്നുണ്ട് (1:27; 2:7; 4:41;6:2-6). യേശു മിശിഹാ അഥവാ ക്രിസ്തു ആണെന്ന് ആളുകൾ മനസ്സിലാക്കുന്നത് പടിപടിയായിട്ടാണ്. ആദ്യഭാഗത്തിൻെറ അവസാനം രേഖപ്പെടുത്തിയിരിക്കുന്ന അന്ധന് കാഴ്ച നൽകുന്ന അദ്ഭുതം (8:22-26) ഇക്കാര്യം സൂചിപ്പിക്കുന്നു. പടിപടിയായിട്ടാണ് അയാൾക്കു കാഴ്ച ലഭിക്കുന്നത്. യേശുരഹസ്യം മനസ്സിലാക്കുവാൻ വേണ്ട ആന്തരികമായ ഉൾക്കാഴ്ച ഒരുവന് ലഭിക്കുന്നത് സാവകാശമാണ്. ശിഷ്യൻമാരുടെ അന്ധത സാവകാശം നീക്കുവാൻ യേശുവിനു മാത്രമേ സാധിക്കൂ.

ഒന്നാം ഭാഗത്തിനും രണ്ടാംഭാഗത്തിനും ഇടയ്ക്കായി രേഖപ്പെടുത്തിയിരിക്കുന്ന പത്രോസിൻെറ വിശ്വാസപ്രഖ്യാപനം (8:27-33) രണ്ടു ഭാഗങ്ങളെയും തമ്മിൽ യോജിപ്പിക്കുന്ന ഒരു പാലമായി നിലകൊള്ളുന്നു. യേശു ആരെന്നുള്ള ആദ്യഭാഗത്തെ ചോദ്യങ്ങൾക്കുള്ള (1:27; 2:7; 4:41; 6:2-6) മറുപടിയാണ് "നീ ക്രിസ്തുവാണ്" എന്നുള്ള പത്രോസിൻെറ പ്രഖ്യാപനം (8:30). ഈ പ്രഖ്യാപനത്തെത്തുടർന്ന് താൻ സഹിക്കുന്ന ക്രിസ്തുവാണെന്നു കൂടി യേശു വെളിപ്പെടുത്തി (8:31). സഹിക്കുന്ന ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പെടുത്തൽ പത്രോസിന് മനസ്സിലാക്കുവാനോ അംഗീകരിക്കുവാനോ സാധിക്കുന്നില്ല (8:32). യേശു ക്രിസ്തുവാണെന്നുള്ള പത്രോസിൻെറ വെളിപ്പെടുത്തൽ ശരിയാണെങ്കിലും അത് പൂർണ്ണമല്ല. സുവിശേഷത്തിൻെറ രണ്ടാം ഭാഗം പത്രോസിൻെറ പ്രഖ്യാപനം പൂർണ്ണമാക്കുകയാണ്. രണ്ടാംഭാഗത്ത് (8:34-16:8) സഹിക്കുന്ന ക്രിസ്തുവാണ് താനെന്ന് യേശു വെളിപ്പെടുത്തുന്നു (8:31; 9:9.12.31; 10:33; 14:21). ഈ ഭാഗത്ത് യേശുവിൻെറ പ്രബോധനങ്ങളാണ് കൂടുതൽ. അദ്ഭുതങ്ങൾ ചുരുക്കമായേ രേഖപ്പെടുത്തുന്നുള്ളു. പീഡാനുഭവവേളയിൽ "നീയാണോ വാഴ്ത്തപ്പെട്ടവൻെറ പുത്രനായ ക്രിസ്തു"? എന്ന പ്രധാന പുരോഹിതൻെറ ചോദ്യത്തിന് (14:61) "ഞാൻ തന്നെ" എന്ന് യേശു നൽകുന്ന മറുപടി (14:62) സഹിക്കുന്ന ക്രിസ്തുവിനെ വെളിപ്പെടുത്തുന്നതാ

www.malankaralibrary.com

ണ്. കുരിശിൽ മരണമടഞ്ഞ യേശുവിനെ നോക്കി "സത്യമായും ഈ മനുഷ്യൻ ദൈവപുത്രൻ തന്നെ" (15:39) എന്ന ശതാധിപന്റെ പ്രഖ്യാപനം സഹിക്കുന്ന ക്രിസ്തുവിനെക്കുറിച്ചുള്ള പൂർണ്ണമായ വെളിപ്പെടുത്തലാണ്.

രണ്ടാംഭാഗത്തെ മൂന്നായി തിരിക്കാവുന്നതാണ്:

(i) 8:27-10:52; (ii) 11:1-13:37; (iii) 14:1-16:8. ഇവയിൽ ആദ്യഭാഗത്ത് പീഡാനുഭവത്തെക്കുറിച്ച് മൂന്നു പ്രവചനങ്ങളുണ്ട് (8:31; 9:30-31; 10:33-34). ഓരോ പ്രവചനത്തിനുശേഷവും ശിഷ്യൻമാർ അതു മനസ്സിലാക്കുന്നില്ല എന്ന കാര്യം രേഖപ്പെടുത്തിയിരിക്കുന്നു (8:32-33; 9:32-34; 10:35-37). തുടർന്ന് യേശു പ്രബോധനം നൽകുന്നു. അന്ധനായ ബർതിമേയൂസിന് യേശു കാഴ്ച നൽകുന്നതു രേഖപ്പെടുത്തിക്കൊണ്ട് ഈ ഭാഗം അവസാനിക്കുന്നു. ബഹ്യമായ കാഴ്ചയോടൊപ്പം ആന്തരികമായ ഉൾക്കാഴ്ചയും (വിശ്വാസം) ബർതിമേയൂസിനു ലഭിക്കുന്നു. രണ്ടാംഭാഗത്ത് (11:1-13:37) യേശു തന്റെ ശക്തിയും (11:12-14. 20-25) അധികാരവും വെളിപ്പെടുത്തുന്നു (11:15-19). യഹൂദരുടെമേൽ അവിടുന്ന് വിധിപ്രസ്താവിക്കുകയും മനുഷ്യപുത്രന്റെ മഹത്വപൂർണ്ണമായ ആഗമനത്തിൽ ഒരുക്കമുള്ളവരായിരിക്കാൻ ജനത്തെ ഉപദേശിക്കുകയും ചെയ്യുന്നു (13:24-37). അവസാനഭാഗത്ത് (14:1-16:8) യേശു ആരെന്ന് പൂർണ്ണമായി വെളിപ്പെടുത്തുന്നു. പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും മഹത്വത്തിലേക്കു ക്രിസ്തു പ്രവേശിക്കുന്നു.

ആമുഖത്തിൽ (1:1-13) സ്നാപകയോഹന്നാന്റെ പ്രവർത്തനം, യേശുവിന്റെ ജ്ഞാനസ്നാനം, അവിടുന്നു നേരിട്ട പരീക്ഷ, ദൗത്യത്തിന്റെ തുടക്കം എന്നിവ ചുരുക്കമായി പ്രതിപാദിക്കുന്നു. അനുബന്ധത്തിൽ (16:9-20) ഉത്ഥാനം ചെയ്ത യേശു ശിഷ്യർക്ക് നൽകുന്ന പ്രേഷിതദൗത്യവും, യേശുവിന്റെ സ്വർഗ്ഗാരോഹണവും വിവരിക്കുന്നു. ഈ ഭാഗം പിന്നീട് കൂട്ടിച്ചേർത്തതാണെന്നാണ് നിഗമനം.

## ദൈവശാസ്ത്രപരമായ പ്രമേയങ്ങൾ

### 1. ദൈവരാജ്യം

മർക്കോസിന്റെ സുവിശേഷത്തിൽ കാണുന്ന ദൈവശാസ്ത്ര പരമായ പ്രമേയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണിത്. യേശുവിന്റെ പ്രബോധനത്തിന്റെ ഉള്ളടക്കം ദൈവരാജ്യമാണ്. "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (1:15) എന്ന ആഹ്വാനത്തോടെയാണ് യേശു പരസ്യജീവിതം ആരംഭിക്കുന്നത്.

www.malankaralibrary.com

ആഗതമാകുന്ന ദൈവഭരണത്തിന് എല്ലാ മനുഷ്യരും കീഴ്പെടുന്ന അവസ്ഥയാണ് ദൈവരാജ്യം. യേശുവിന്റെ പ്രബോധനങ്ങളിൽ ഏറിയ പങ്കും ഇതേക്കുറിച്ചുള്ള അവബോധം മനുഷ്യരിൽ ഉളവാക്കുവാൻ വേണ്ടിയുള്ളവയായിരുന്നു. യേശുവിൽ ദൈവരാജ്യം ഉദ്ഘാടനം ചെയ്യപ്പെട്ടെങ്കിലും അതിന്റെ പൂർത്തീകരണം ഭാവിയിലാണ് സംഭവിക്കുക (13:26; 14:25). യേശുവിന്റെ അദ്ഭുതങ്ങൾ പ്രത്യേകിച്ച് രോഗശാന്തികൾ, ദൈവരാജ്യത്തിന്റെ ആവിർഭാവം വിളിച്ചറിയിക്കുന്നവയാണ്.

2. ദൈവപുത്രൻ

യേശു "ദൈവപുത്രൻ" ആണെന്നുള്ള ക്രിസ്തുദർശനത്തിന് സുവിശേഷകൻമാരിൽ മർക്കോസാണ് കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്. "ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം" എന്ന ആമുഖവാക്യം (1:1) തന്നെ ഇക്കാര്യം വെളിവാക്കുന്നതാണ്. യേശു ദൈവപുത്രനാണെന്ന് ജ്ഞാനസ്നാനവേളയിലും (1:11) രൂപാന്തരീകരണസമയത്തും (9:7) പിതാവു വെളിപ്പെടുത്തുന്നു. "നീയാണോ വാഴ്ത്തപ്പെട്ടവന്റെ പുത്രനായ ക്രിസ്തു"? എന്ന പ്രധാന പുരോഹിതന്റെ ചോദ്യത്തിന് (14:61) "ഞാൻ തന്നെ" എന്ന് യേശു നൽകുന്ന മറുപടിയും (14:62) "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" എന്ന ശതാധിപന്റെ പ്രഖ്യാപനവും (15:39) ഈ സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. ദൈവത്തിനുമാത്രം സാധിക്കുന്ന അദ്ഭുതപ്രവർത്തികളും (ഉദാ: കടലിനെ ശാന്തമാക്കുക 4:35-41; മരിച്ചവരെ ഉയിർപ്പിക്കുക 5:35-43) പാപമോചനവും (2:1-12) യേശുവിന്റെ ദൈവികതത്വത്തിലേക്ക് വിരൽ ചൂണ്ടുന്നവയാണ്.

3. മനുഷ്യപുത്രൻ

മർക്കോസിന്റെ സുവിശേഷത്തിൽ ആഴമേറിയ ക്രിസ്തുദർശനം ഉൾക്കൊള്ളുന്ന ഒരു പ്രമേയമാണിത്. യേശുവിന്റെ ദൈവികതയും മാനുഷികതയും ഒരുപോലെ വെളിവാക്കുന്ന ഒരു നാമമാണിത്. യേശു തന്നെക്കുറിച്ച് പറയുവാൻ മാത്രം ഉപയോഗിക്കുന്ന ഒരു നാമമാണ് "മനുഷ്യപുത്രൻ" എന്നത്. ദാനിയേൽ 7:13ൽ "മനുഷ്യപുത്രൻ" ദൈവത്തിൽനിന്ന് എല്ലാ മഹത്വവും ആധിപത്യവും ലഭിച്ച മഹത്വപൂർണ്ണനായ ഒരു വ്യക്തിത്വമാണ്. ഏശയ്യ 53-ൽ സഹിക്കുന്ന "മനുഷ്യപുത്രനെ"ക്കുറിച്ചു പരാമർശിക്കുന്നു. മർക്കോസിന്റെ സുവിശേഷത്തിൽ "മനുഷ്യപുത്രൻ" മഹത്വവും സഹനവും ഉൾക്കൊള്ളുന്ന വ്യക്തിയാണ് (8:31-38; 9:9.12; 13; 26:14:62).

www.malankaralibrary.com

4. മിശിഹാരഹസ്യം (Messianic Secret)

മിശിഹായെ സംബന്ധിച്ചുള്ള രഹസ്യത്തിൻെറ വെളിപ്പെടുത്തൽ മർക്കോസിൻെറ സുവിശേഷത്തിൻെറ പ്രത്യേകതയാണ്. യേശു മിശിഹായാണെന്നുള്ള കാര്യം പടിപടിയായും ചിട്ടയോടു കൂടിയുമാണ് മർക്കോസ് വെളിപ്പെടുത്തുന്നത്. രക്ഷകൻ പീഡാസഹനത്തിലൂടെ മനുഷ്യവർഗ്ഗത്തെ രക്ഷിക്കേണ്ടിയിരിക്കുന്നു എന്ന വസ്തുത വി. ലിഖിതങ്ങൾ മുൻകൂട്ടി പറഞ്ഞിരുന്നതാണ് (9:12; 14:21.49). എന്നാൽ യഹൂദർ പ്രതീക്ഷിച്ചിരുന്നത് ശക്തനും പ്രതാപവാനുമായ രാഷ്ട്രീയ രക്ഷകനെയാണ്. അവരുടെ മനസ്സിൽ ആഴത്തിൽ വേരുന്നിയ ഈ ധാരണ സാവകാശം മാറ്റിയെടുക്കുവാൻ യേശു ശ്രമിച്ചു. തൻെറ അദ്ഭുതങ്ങൾ മറ്റുള്ളവർ അറിയുവാൻ അവിടുന്ന് ആഗ്രഹിച്ചില്ല. താൻ മിശിഹാ ആണെന്ന് ആദ്യം അവിടുന്നു പ്രഖ്യാപിച്ചില്ല. മറിച്ച് തന്നെത്തന്നെ മനുഷ്യപുത്രനായി അവിടുന്നു വിശേഷിപ്പിച്ചു (2: 10.28; 8:31). എന്നാൽ സുവിശേഷത്തിൻെറ രണ്ടാംഭാഗത്ത് യേശു മിശിഹായാണെന്ന രഹസ്യം സാവകാശം വെളിപ്പെടുത്തുന്നു. പത്രോസിൻെറ വിശ്വാസപ്രഖ്യാപനത്തോടെ ഇതിനു തുടക്കമിട്ടു. താൻ ക്രിസ്തുവാണെന്നുള്ള യേശുവിൻെറ പ്രഖ്യാപനത്തോടെ (14:62) അത് പൂർണ്ണമാവുകയും ചെയ്തു. സഹിക്കുന്ന, മഹത്വപൂർണ്ണനായ ക്രിസ്തുവിനെ നാം ദർശിക്കുന്നത് പീഡാനുഭവ-ഉത്ഥാന വിവരണങ്ങളിലാണ്.

## വി. ലൂക്കായുടെ സുവിശേഷം

"പരിശുദ്ധാത്മാവിൻെറ സുവിശേഷം", "ദരിദ്രരുടെ സുവിശേഷം", "സാർവ്വത്രിക രക്ഷയുടെ സുവിശേഷം", "പ്രാർത്ഥനയുടെ സുവിശേഷം" "സ്ത്രീകളുടെ സുവിശേഷം" എന്നീ വിശേഷണങ്ങളുള്ള സുവിശേഷമാണ് മൂന്നാമത്തെ സുവിശേഷം. ഈ സുവിശേഷത്തിൻെറയും അപ്പസ്തോല പ്രവർത്തനങ്ങളുടെയും ഗ്രന്ഥകർത്താവ് ഒരാൾ തന്നെ. പൗലോസിൻെറ പ്രേഷിത പ്രവർത്തനങ്ങളിൽ അദ്ദേഹത്തിൻെറ സഹായിയും (ഫിലി 24) ഭിഷഗ്വരനുമായിരുന്ന (കൊളൊ. 4:14) ലൂക്കാ ഇതെഴുതിയെന്നാണ് പാരമ്പര്യം.

ഒരു വിജാതീയ ക്രൈസ്തവനായിരുന്ന ലൂക്കാ പ്രധാനമായും വിജാതീയ ക്രൈസ്തവരെ ഉദ്ദേശിച്ചാണ് സുവിശേഷ രചന നടത്തിയത്. യഹൂദ പാരമ്പര്യങ്ങളും നിയമങ്ങളും സുവിശേഷത്തിൽ കാര്യമായി പരാമർശിക്കാത്തതിനു കാരണമിതാണ്. ശുദ്ധിയേയും അശുദ്ധിയേയും സംബന്ധിച്ചുള്ള തർക്കങ്ങൾ (മർക്കോ 7:1-23), യഹൂദനിയമത്തിന് അതീതമായി വർത്തിക്കണമെന്ന ആശയം (മത്താ 5:21-48), കപടഭക്തിക്കെതിരെയുള്ള

www.malankaralibrary.com

താക്കീത് (മത്താ 6:1-8. 16-18) ഇവയൊന്നും ഈ സുവിശേഷത്തിൽ കാണുന്നില്ല. എ.ഡി. 75നും 80 നും ഇടയ്ക്ക് ഗ്രീസിൽവച്ച് ഈ സുവിശേഷം എഴുതപ്പെട്ടു എന്നുകരുതുന്നു. ജറുസലെം നഗരത്തിൻെറയും ദേവാലയത്തിൻെറയും പതനത്തെക്കുറിച്ച് (എ.ഡി. 70) സുവിശേഷത്തിൽ സൂചനയുണ്ട് (ലൂക്കാ 19:41-43; 21:5-6).

സുവിശേഷരചനയ്ക്ക് സഹായകമായി ഗ്രന്ഥകാരൻ ഒന്നിലധികം സ്രോതസ്സുകൾ (Sources) അവലംബിച്ചിട്ടുണ്ട് (ലൂക്കാ 1:1-2). പ്രധാനമായും മൂന്ന് സ്രോതസ്സുകളാണ് അദ്ദേഹത്തിനു ലഭിച്ചിട്ടുള്ളത്. (i) മർക്കോസിൻെറ സുവിശേഷം; (ii) മത്തായിയ്ക്കു ലഭിച്ചിട്ടുള്ള യേശുവിൻെറ പ്രബോധനങ്ങളടങ്ങിയ രേഖ (Q); (iii) ലൂക്കായ്ക്കു മാത്രം സ്വന്തമായി ലഭിച്ച വിവരങ്ങൾ. ഇവയെല്ലാം ഉപയോഗിച്ച് യേശുസംഭവത്തെപ്പറ്റി ക്രമമായ ഒരു വിവരണം നൽകുവാനാണ് സുവിശേഷകൻ ശ്രമിക്കുന്നത്.

സുവിശേഷത്തിൻെറ ആമുഖത്തിൽ ഗ്രന്ഥകാരൻ രചനയുടെ ലക്ഷ്യം വിശദീകരിക്കുന്നുണ്ട് (1:3-4). സമൂഹത്തിൽ സമാദരണീയനായ തെയോഫിലോസ് യേശു സംഭവത്തെക്കുറിച്ച് പഠിച്ചിട്ടുള്ള കാര്യങ്ങൾ കൂടുതൽ ആഴത്തിൽ മനസ്സിലാക്കുകയും അതുവഴി വിശ്വാസത്തിൽ ആഴപ്പെടുകയും ചെയ്യുക എന്നതാണു ലക്ഷ്യം. തെയോഫിലോസ് ഒരു സാങ്കല്പിക നാമമാണെന്നും പുതിയതായി വിശ്വാസത്തിലേക്കു വന്ന എല്ലാവരേയും ഉദ്ദേശിച്ചാണ് ഗ്രന്ഥം രചിച്ചതെന്നും ചിലർ അഭിപ്രായപ്പെടുന്നു. മനോഹരമായ ഗ്രീക്കുഭാഷയിൽ ഒരു കലാകാരൻെറ വൈദഗ്ദ്ധ്യത്തോടെ എഴുതപ്പെട്ടതാണ് ഈ സുവിശേഷം. ഗ്രീക്കു ചരിത്ര രചനാശൈലിയുടെ സ്വാധീനം സുവിശേഷത്തിലുണ്ട് (1:1-4).

## ഘടനയും ഉള്ളടക്കവും

മർക്കോസിൻെറ സുവിശേഷത്തിൻെറ പൊതുഘടനയാണ് ലൂക്കായും സ്വീകരിച്ചിട്ടുള്ളത്. ഇവ തമ്മിലുള്ള പ്രകടമായ വ്യത്യാസം മർക്കോസ് 6:45-8:26 ലൂക്കായുടെ സുവിശേഷത്തിൽ രേഖപ്പെടുത്തുന്നില്ല എന്നതാണ്. ജറുസലെമിനും ദേവാലയത്തിനും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു ഘടനയാണ് ലൂക്കായുടെ സുവിശേഷത്തിനുള്ളത്. സുവിശേഷം ആരംഭിക്കുന്നതും അവസാനിക്കുന്നതും ജറുസലെം ദേവാലയത്തിൽ നടക്കുന്ന സംഭവങ്ങൾ അവതരിപ്പിച്ചുകൊണ്ടാണ് (1:5-25; 24: 52-53). മറ്റൊരു സുവിശേഷകനും നൽകാത്തവിധത്തിലുള്ള പ്രാധാന്യം ലൂക്കാ യേശുവിൻെറ ജറുസലെം യാത്രയ്ക്കു നൽകുന്നുണ്ട്. പത്ത് അദ്ധ്യായങ്ങൾ യാത്രാവിവരണത്തിനായി അദ്ദേഹം നീക്കിവയ്ക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ് (9:51-19:27).

www.malankaralibrary.com

ലൂക്കായുടെ സുവിശേഷം എട്ടു ഭാഗങ്ങളായി തിരിക്കാം.

1:1-4 **ആമുഖം :** സുവിശേഷ രചനയക്ക് സഹായകമായ ഉറവിടങ്ങൾ (സ്രോതസുകൾ), രചനയുടെ ഉദ്ദേശ്യം, ആർക്കു സമർപ്പിച്ചിരിക്കുന്നുവെന്ന കാര്യം തുടങ്ങിയവ ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിച്ചിരിക്കുന്നു.

1:5-2:52 **യേശുവിൻെറ ബാല്യകാല വിവരണം:** സ്നാപകയോഹന്നാൻെറയും യേശുവിൻെറയും ജനനവും ബാല്യവും അവയോടു ബന്ധപ്പെട്ട സംഭവങ്ങളും പ്രതിപാദിച്ചിരിക്കുന്നു. രണ്ടു ശിശുക്കളുടെയും ബാല്യകാലത്തെക്കുറിച്ചുള്ള വിവരണം നൽകുകയല്ല പ്രധാന ഉദ്ദേശ്യം. രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളിലൂടെ സുവിശേഷകൻ സുവിശേഷത്തിലെ പ്രധാനപ്പെട്ട ദൈവശാസ്ത്ര പ്രമേയങ്ങൾ അവതരിപ്പിക്കുന്നു. യഥാർത്ഥ വിശ്വാസത്തിൻെറയും ഭക്തിയുടെയും മാതൃകകളെ ഈ ഭാഗത്തു കണ്ടെത്താം.

3:1-4:13 - **യേശുവിൻെറ പരസ്യജീവിതത്തിന് ഒരുക്കം:** സ്നാപകൻെറ പ്രവർത്തനവും കാരാഗൃഹവും, യേശുവിൻെറ ജ്ഞാനസ്നാനം, വംശാവലി, യേശുവിനു മരുഭൂമിയിൽ നേരിടേണ്ടി വന്ന പരീക്ഷകൾ തുടങ്ങിയവയാണ് ഈ ഭാഗത്തിലെ പ്രതിപാദ്യം.

4:14-9:50 - **ഗലീലിയായിലെ യേശുവിൻെറ പ്രവർത്തനങ്ങൾ:** ആത്മാവിനാൽ നിറഞ്ഞ് യേശു ഗലീലിയിൽ പ്രവർത്തനം ആരംഭിക്കുന്നു. വാക്കുകളിലൂടെയും പ്രവർത്തിയിലൂടെയും ദരിദ്രരോടു സുവിശേഷം അറിയിക്കുന്നു. യേശു ശിഷ്യൻമാരെ തെരഞ്ഞെടുക്കുകയും അവർക്കു പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നു.

9:51-19:27 - **ജറുസലെമിലെക്കുള്ള യേശുവിൻെറ യാത്ര:** വളരെ പ്രാധാന്യത്തോടെയാണ് ലൂക്കാ ഈ സംഭവം വിവരിച്ചിരിക്കുന്നത്. ജറുസലെമിലേക്കുള്ള യാത്ര മഹത്വത്തിലേക്കുള്ള യാത്രയാണ്. "തൻെറ ആരോഹണത്തിൻെറ ദിവസങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കവേ, അവൻ ജറുസലെമിലേക്കു പോകാൻ ഉറച്ചു" (9:51) എന്ന ആമുഖ പ്രസ്താവനയോടെയാണ് വിവരണം ആരംഭിക്കുന്നത്. പീഡാസഹനവും, കുരിശുമരണവും ഉത്ഥാനവും വഴിയാണ് മഹത്വത്തിലേക്ക് യേശു പ്രവേശിക്കേണ്ടത്. ജറുസലെമിൽ വച്ചാണ് ഇതെല്ലാം സംഭവിക്കുന്നത്. മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള യാത്രയാണിത്. യാത്രയുടെ ആരംഭത്തിൽ, തന്നെ സ്വീകരിക്കാത്ത സമരിയാക്കാരെ ശിക്ഷിക്കാതെ അവരോടു കരുണാപൂർവ്വം പെരുമാറുന്നു (9:52-55). യാത്രയുടെ അവസാനം സക്കേവൂസിൻെറ ഭവനത്തിന് രക്ഷ നൽകുകയും "നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നി

www.malankaralibrary.com

രിക്കുന്നത്" (19:10) എന്ന് പ്രസ്താവിക്കുകയും ചെയ്യുന്നു. യാത്രയ്ക്കിടയിൽ ശിഷ്യൻമാരെ പഠിപ്പിക്കുന്നു.

19:28-21:38 **ജറുസലെമിലെ യേശുവിൻെറ പ്രവർത്തനങ്ങൾ:** യഹൂദമത കേന്ദ്രമായ ജറുസലെമിലെത്തിയ യേശു ആരാധനാകേന്ദ്രമായ ദേവാലയത്തിൽ പ്രവേശിക്കുകയും ദേവാലയശുദ്ധീകരണം നടത്തുകയും ചെയ്യുന്നു. ദേവാലയത്തിൽ ദിവസവും അധികാരത്തോടുകൂടി പഠിപ്പിക്കുന്നു. നിയമജ്ഞരും പ്രധാനപുരോഹിതൻമാരും യേശുവിൻെറ അധികാരത്തെ ചോദ്യം ചെയ്യുന്നു. യേശുവിനോടുള്ള എതിർപ്പ് രൂക്ഷമാവുന്നു. ജറുസലെമിൻെറ പതനത്തെക്കുറിച്ച് യേശു പ്രവചിക്കുകയും മനുഷ്യപുത്രൻെറ ആഗമദിവസം കാത്ത് ജാഗരൂകതയോടെ വർത്തിക്കുവാൻ ഉപദേശിക്കുകയും ചെയ്യുന്നു.

22-23 **യേശുവിൻെറ പീഡാനുഭവ വിവരണം :** അന്ധകാരശക്തിയുടെ ആധിപത്യത്തിൻെറ സമയമാണ് യേശുവിൻെറ പീഡാനുഭവ സമയം (22:3; 22:31). യഹൂദർ പ്രത്യേകിച്ച് പുരോഹിതപ്രമുഖൻമാരും നിയമജ്ഞരും യേശുവിൻെറ മരണത്തിന് ഉത്തരവാദികളാണ്. റോമൻ ഭരണ സംവിധാനം, യേശു നിഷ്കളങ്കനാണെന്ന് പ്രസ്താവിക്കുന്നുണ്ടെങ്കിലും യഹൂദരുടെ സമ്മർദ്ദത്തിനു വഴങ്ങി യേശുവിനെ മരണത്തിന് ഏല്പിച്ചു കൊടുക്കുന്നു. പീഡാനുഭവവും മരണവും യേശു തികഞ്ഞ ശാന്തതയോടെ നേരിടുകയും സ്വീകരിക്കുകയും ചെയ്യുന്നു. യേശുവിൻെറ മരണം നീതിമാൻെറ മരണമാണ് (23:47).

24 **യേശുവിൻെറ ഉത്ഥാനം :** അന്ധകാരശക്തിയുടെ മേലുള്ള വിജയം. ഉത്ഥാനം ചെയ്ത യേശു ശിഷ്യൻമാർക്ക് പ്രത്യക്ഷപ്പെടുകയും ഉത്ഥാനസത്യത്തെക്കുറിച്ച് അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിനെ സ്വീകരിച്ചതിനുശേഷം രക്ഷയുടെ സന്ദേശം എല്ലാ ജനതകളിലും എത്തിക്കുവാനുള്ള പ്രേഷിതദൗത്യം അവർക്കു നൽകുന്നു (24:47-49). തുടർന്ന് യേശു പിതാവിൻെറ പക്കലേക്ക് യാത്രയാവുന്നു.

**പ്രധാനപ്പെട്ട പ്രമേയങ്ങൾ:**

## സാർവ്വത്രിക രക്ഷ

യഹൂദരും വിജാതീയരും ദൈവത്തിൻെറ രക്ഷാകരപദ്ധതിയിൽ പങ്കുചേരുമെന്നും രക്ഷ യഹൂദർക്കു മാത്രം അവകാശപ്പെട്ടതല്ലെന്നും സുവിശേഷകൻ വ്യക്തമാക്കുന്നു. യേശുവിൻെറ ജനനം 'സകലജനത്തിനും' സന്തോഷത്തിൻെറ വാർത്തയാണ് (2:10). ദൈവം സകലജനതയ്ക്കും വേണ്ടി

www.malankaralibrary.com

ഒരുക്കിയിരിക്കുന്ന രക്ഷയാണ് യേശു (2:31). അവിടുന്ന് വിജാതീയർക്ക് വെളിപാടിൻെറ പ്രകാശവും യഹൂദജനതയ്ക്ക് മഹിമയുമാണ് (2:32). സ്നാപകയോഹന്നാൻ രക്ഷയുടെ സാർവ്വത്രികമാനത്തിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. "സകലമനുഷ്യരും ദൈവത്തിൻെറ രക്ഷ കാണും" (3:6). തൻെറ ശുശ്രൂഷയുടെ ആരംഭത്തിൽതന്നെ പഴയ നിയമത്തിലെ രണ്ടു സംഭവങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ട് ദൈവകൃപയ്ക്ക് വിജാതീയരും അർഹരാണെന്ന് യേശു വ്യക്തമാക്കി (4:25-27). ദൈവത്തിൻെറ രക്ഷ യഹൂദർ സ്വീകരിക്കാതെ വന്നാൽ വിജാതീയർ അതിനർഹരായിത്തീരും. സ്വർഗ്ഗീയവിരുന്നിൽനിന്ന് യഹൂദർ പിന്തള്ളപ്പെടും (14:16-24). വിജാതീയദേശത്ത് യേശു അദ്ഭുതം പ്രവർത്തിക്കുന്നതിലുടെ ദൈവത്തിൻെറ ശ്രദ്ധ വിജാതീയരിലേക്ക് തിരിഞ്ഞു കഴിഞ്ഞു എന്ന് സുവിശേഷകൻ സൂചിപ്പിക്കുന്നു (8:26-39). ഉത്ഥാനം ചെയ്ത യേശു രക്ഷാകരസന്ദേശം എല്ലാ ജനതകളിലും എത്തിക്കുവാനുള്ള പ്രേഷിതദൗത്യം നൽകുന്നു: "പാപമോചനത്തിനുള്ള അനുതാപം അവൻെറ നാമത്തിൽ ജറുസലെമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു" (24:47: അപ്പ 1:8). യഹൂദരുടെയും സമരിയാക്കാരുടേയും വിജാതീയരുടേയും ഇടയിൽ രക്ഷാകരസന്ദേശം പ്രഘോഷിച്ചുകൊണ്ട് ശിഷ്യന്മാർ പ്രേഷിത ദൗത്യം നിർവ്വഹിച്ചുവെന്ന് അപ്പസ്തോലപ്രവർത്തനങ്ങൾ വിവരിക്കുന്നു.

## പരിശുദ്ധാരുപി

ലൂക്കായുടെ സുവിശേഷം "പരിശുദ്ധാരൂപിയുടെ സുവിശേഷം" എന്ന പേരിലും അറിയപ്പെടുന്നു. കാരണം പരിശുദ്ധാത്മാവിൻെറ പ്രവർത്തനങ്ങൾക്ക് ഈ സുവിശേഷം പ്രാധാന്യം നൽകുന്നു. യേശുവിൻെറ ജനനത്തോടെ ഒരു പുതിയ കാലഘട്ടം ആരംഭിക്കുകയാണെന്ന് സുവിശേഷകൻ വ്യക്തമാക്കുന്നു. ഈ കാലഘട്ടത്തിൽ പരിശുദ്ധാത്മാവ് പ്രത്യേകവിധത്തിൽ വ്യക്തികളിൽ പ്രവർത്തിക്കുന്നു. യേശുവിൻെറ ജനനം പരിശുദ്ധാത്മാവ് കന്യകാമറിയത്തിൻെറ മേൽ ആവസിക്കുന്നതിൻെറ ഫലമായിട്ടാണ് (1:35). പരിശുദ്ധാത്മാവിനാൽ നിറഞ്ഞ അനേകം വ്യക്തികൾ - എലിസബത്തും (1:46) സക്കറിയായും (1:67) ശിമയോനും (2:25-27) യേശുവിൻെറ ബാല്യകാലവിവരണത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. യേശുവിൻെറ ജീവിതവും പ്രവർത്തനവും ആത്മാവിനാൽ നിറഞ്ഞവയായിരുന്നു: ജ്ഞാനസ്നാനവേളയിൽ പരിശുദ്ധാത്മാവ് യേശുവിൻെറ മേൽ ഇറങ്ങിവന്നു (3:22); ആത്മാവിനാൽ നിറഞ്ഞവനായി യേശു ജോർദാനിൽ നിന്നു മടങ്ങി (4:1); ആത്മാവിൻെറ ശക്തിയോടുകൂടി അവിടുന്ന് ഗലീലിയിൽ പ്രവർത്തിച്ചു (4:14). തൻെറ ജീ

www.malankaralibrary.com

വിതത്തിലും പ്രവർത്തനത്തിലും ദൈവാരൂപിയ്ക്കുള്ള സ്ഥാനത്തെക്കുറിച്ച് യേശുവിനു തികഞ്ഞ അവബോധമുണ്ടായിരുന്നു. "കർത്താവിൻെറ ആത്മാവ് എൻെറമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (4:18) എന്ന പ്രഖ്യാപനം ഇക്കാര്യം വെളിപ്പെടുത്തുന്നു. ദൈവാരൂപി ഏറ്റവും വലിയ ദാനമാണെന്ന് യേശു ശിഷ്യർക്കു വെളിപ്പെടുത്തി (11:13). ശിഷ്യരുടെ ജീവിതത്തിലും പരിശുദ്ധാരൂപിക്ക് വലിയ സ്ഥാനമാണുള്ളത്. പരിശുദ്ധാരൂപിയെ സ്വീകരിച്ചതിനുശേഷം മാത്രമേ പ്രേഷിതദൗത്യം തുടങ്ങാവൂ എന്ന് യേശു ശിഷ്യരോടു കല്പിച്ചു (24:49; അപ്പ 1:8). പരിശുദ്ധാരൂപിയെ സ്വീകരിച്ചതിനുശേഷം മാത്രമാണ് അപ്പോസ്തലൻമാർ പ്രേഷിതദൗത്യം നിർവ്വഹിക്കുവാൻ ആരംഭിക്കുന്നത് (അപ്പ 2).

## പ്രാർത്ഥന

ലൂക്കായുടെ സുവിശേഷത്തിലെ മറ്റൊരു പ്രധാനപ്പെട്ട പ്രമേയമാണ് പ്രാർത്ഥന. സുവിശേഷം ആരംഭിക്കുന്നതും അവസാനിക്കുന്നതും ജറുസലെം ദേവാലയത്തിൽ പ്രാർത്ഥിക്കുന്ന വിശ്വാസികളുടെ ചിത്രത്തോടെയാണ് (1:8-9; 24:50-53). ആദ്യ അദ്ധ്യായങ്ങളിൽ പ്രാർത്ഥനയുടെ മാതൃകകളായി സഖറിയായെയും (1:8-9; 1:67-79) എലിസബത്തിനെയും (1:25) മറിയത്തെയും (1:46-55) ശിമയോനെയും (2:28-35) അന്നായെയും (2:37-39) ലൂക്കാ അവതരിപ്പിക്കുന്നു. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും ദൈവപരിപാലനയിലുള്ള ആശ്രയവും ഇവരുടെ പ്രാർത്ഥനകളിൽ പ്രകടമാണ്.

ദൈവപുത്രനായ യേശുവിൻെറ ജീവിതത്തിലും പ്രബോധനത്തിലും പ്രാർത്ഥനയ്ക്ക് വലിയ സ്ഥാനമുണ്ടായിരുന്നു. യേശു പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു. ജീവിതത്തിലെ നിർണ്ണായക നിമിഷങ്ങൾക്കുമുമ്പ് അവിടുന്ന് പ്രാർത്ഥിക്കുന്നതായി ലൂക്കാ പ്രത്യേകം എടുത്തുപറയുന്നുണ്ട്. ജ്ഞാസ്നാനവേളയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് പരിശുദ്ധാത്മാവ് പ്രാവിൻെറ രൂപത്തിൽ ഇറങ്ങിവന്നതും സ്വർഗ്ഗത്തിൽനിന്ന് യേശു ദൈവപുത്രനാണെന്നുള്ള വെളിപ്പെടുത്തലുണ്ടാകുന്നതും (3:21-22). ശിഷ്യൻമാരെ തെരഞ്ഞെടുക്കുന്നതിനുമുമ്പ് അവിടുന്ന് രാത്രിമുഴുവൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു (6:12). പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോഴാണ് അവിടുന്നു രൂപാന്തരപ്പെടുന്നത് (9:29). കുരിശിൽ കിടന്നുകൊണ്ട് അവിടുന്നു തന്നെ ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു (23:34). വി. ലൂക്കാ മാത്രമേ മുകളിൽ പറഞ്ഞ സന്ദർഭങ്ങളിലുള്ള യേശുവിൻെറ പ്രാർത്ഥന രേഖപ്പെടുത്തു

www.malankaralibrary.com

ന്നുള്ളു എന്നത് ശ്രദ്ധേയമാണ്. തൻെറ തിരക്കിനിടയിൽ യേശു പല സന്ദർഭങ്ങളിലും പ്രാർത്ഥനയ്ക്കായി സമയം കണ്ടെത്തുന്നതായി സുവിശേഷകൻ രേഖപ്പെടുത്തുന്നു (ലൂക്കാ 4:42; 5:16; 6:12). പീഡാനുഭവത്തിനു തൊട്ടു മുമ്പായി ദൈവഹിതം തേടി അവിടുന്നു പ്രാർത്ഥിക്കുന്നു (22:39-46).

പ്രാർത്ഥനയെക്കുറിച്ചുള്ള യേശുവിൻെറ പ്രബോധനങ്ങളും ശ്രദ്ധേയമാണ്. അതിൻെറ സംഗ്രഹമാണ് കർത്തൃപ്രാർത്ഥന (11:2-4; മത്താ 6:9-13). വിശ്വാസത്തോടുകൂടിയും നിരന്തരമായും പ്രാർത്ഥിക്കുക ആവശ്യമാണെന്ന് വെളിവാക്കുന്ന രണ്ട് ഉപമകളാണ് അർദ്ധരാത്രിയിൽ അപ്പം തേടി വന്ന സുഹൃത്തിൻെറ ഉപമയും (11:5-8) ന്യായാധിപൻെറയും വിധവയുടെയും ഉപമയും (18:1-8). ഇവ രണ്ടും ലൂക്കായുടെ സുവിശേഷത്തിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. മനുഷ്യൻ പ്രാർത്ഥനയിൽ സ്വീകരിക്കേണ്ട മനോഭാവം വെളിവാക്കുന്നതും ലൂക്കാ മാത്രം രേഖപ്പെടുത്തുന്നതുമായ മറ്റൊരു ഉപമയാണ് ഫരിസേയൻേറയും ചുങ്കക്കാരൻേറയും ഉപമ (18:9-14). യേശുവിൻെറ പ്രാർത്ഥനാ ജീവിതത്തിൽനിന്നും പ്രബോധനത്തിൽനിന്നും ചൈതന്യമുൾക്കൊണ്ടുകൊണ്ട് ശിഷ്യസമൂഹം യേശുവിൻെറ സ്വർഗ്ഗാരോഹണത്തിനു ശേഷം ഒരുമയോടെ പ്രാർത്ഥിക്കുന്നതായി ലൂക്കാ രേഖപ്പെടുത്തുന്നു (24: 51-53; അപ്പ 1:14).

## കാരുണ്യം

ലൂക്കായുടെ സുവിശേഷം കരുണയുടെ സുവിശേഷമാണ്. സമൂഹം ഭ്രഷ്ടു കല്പിച്ചു മാറ്റി നിറുത്തിയിരുന്ന ചുങ്കക്കാരോടും പാപികളോടും യേശു പ്രത്യേകം കരുണ പ്രകടിപ്പിച്ചു. പാപിനിയോട് അവിടുന്ന് കരുണയോടെ പെരുമാറി. അവൾക്കെതിരെ വിധിപ്രസ്താവിക്കാതെ അവളുടെ പാപങ്ങൾ ക്ഷമിച്ച് സമാധാനത്തിൽ പറഞ്ഞയച്ചു (7:36-50). പാപികളായി സമൂഹം കണക്കാക്കിയിരുന്ന ചുങ്കക്കാരുടെ ഭവനത്തിലേക്ക് യേശു കടന്നു ചെന്നു. അവർക്ക് അംഗീകാരം നൽകി സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് അവരെ കൊണ്ടുവന്നു (5:27-30). ചുങ്കക്കാരോടും പാപികളോടുമുള്ള യേശുവിൻെറ സമീപനം ഫരിസേയരുടെയും നിയമജ്ഞരുടെയും വിമർശനത്തിനു കാരണമായി (5:30;15:2). താൻ നീതിമാൻമാരെ വിളിക്കാനല്ല പാപികളെ പശ്ചാത്താപത്തിലേക്കു ക്ഷണിക്കാനാണ് വന്നിരിക്കുന്നത് എന്ന് യേശു പ്രഖ്യാപിച്ചു. ധൂർത്തപുത്രൻെറ ഉപമയിലൂടെ ദൈവത്തിൻെറ അനന്തസ്നേഹവും പാപികളോടുള്ള അവിടുത്തെ കാരുണ്യവും യേശു വെളിപ്പെടുത്തി (15:11-32). പാപികൾ തിരിച്ചുവരുന്നത് ഫരിസേയർക്കും നിയമജ്ഞർക്കും അസ്വസ്ഥത ഉളവാക്കുമെങ്കിലും അതിൽ സ്വർഗ്ഗം സന്തോഷിക്കുമെന്ന്

www.malankaralibrary.com

യേശു വെളിപ്പെടുത്തി (15:7-10). യേശുവിൻെറ കരുണാമസൃണമായ സമീപനം രക്ഷയുടെ അനുഭവത്തിലേക്ക് വ്യക്തികളെ നയിക്കുന്നു (19:1-10).

## ദരിദ്രർക്കു സുവാർത്ത

ലൂക്കായുടെ സുവിശേഷത്തിലെ വളരെ ആകർഷണീയമായ ഒരു പ്രമേയമാണിത്. ദരിദ്രരോടുള്ള ദൈവത്തിൻെറ കരുതൽ സുവിശേഷത്തിൻെറ ആരംഭം മുതൽ വെളിവാകുന്നുണ്ട്. വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾകൊണ്ട് സംതൃപ്തരാക്കുന്ന ദൈവത്തെക്കുറിച്ചുള്ള പ്രസ്താവന (1:52) ദരിദ്രർക്കു പ്രതീക്ഷ നൽകുന്നതാണ്. സമ്പത്തു ദരിദ്രരുമായി പങ്കുവച്ച് രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവരുവാൻ സമ്പന്നരെ സ്നാപക യോഹന്നാൻ ഉദ്ബോധിപ്പിച്ചു (3:11). ദരിദ്രർക്കു സുവിശേഷം അറിയിക്കുകയാണ് തൻെറ ദൗത്യമെന്നും അതിനുവേണ്ടിയാണ് താൻ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നതെന്നുമുള്ള യേശുവിൻെറ പ്രഖ്യാപനം അവിടുത്തെ പ്രവർത്തനങ്ങളിൽ ദരിദ്രർക്കുള്ള സ്ഥാനം വെളിപ്പെടുത്തുന്നതാണ് (4:18; 7: 22). ദാരിദ്ര്യത്തിൻെറ ആത്മീയ മാനത്തേക്കാൾ സാമ്പത്തിക മാനത്തിനാണ് ലൂക്കാ പ്രാധാന്യം കൊടുക്കുന്നത് (6:24-26). സമ്പത്തുള്ളവൻ അത് ഇല്ലാത്തവരുമായി പങ്കുവയ്ക്കണമെന്നും ദരിദ്രരെ അവഗണിക്കരുതെന്നും (16:19-31) സമ്പത്തു പങ്കുവയ്ക്കാതെ അതു തനിക്കായി സൂക്ഷിച്ചുവയ്ക്കുന്നവൻ ഭോഷനാണെന്നും (12:16-21) യേശു ഓർമ്മിപ്പിച്ചു. ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുന്നതാണെന്ന് അവിടുന്നു വ്യക്തമാക്കി (18:25). ദരിദ്രർക്കു സമ്പത്തു പങ്കുവച്ചുകൊണ്ട് രക്ഷയുടെ അനുഭവത്തിലേക്കു വന്ന സമ്പന്നനായ സക്കേവൂസ് സ്വത്ത് എപ്രകാരം ഉപയോഗിച്ച് ദരിദ്രരെ സഹായിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു (19:1-10). ആദിമ ക്രൈസ്തവസമൂഹം യേശുവിൻെറ ഉപദേശം സ്വീകരിച്ച് ദരിദ്രരെ സഹായിച്ചിരുന്നതായി വി.ലൂക്കാ അപ്പസ്തോലപ്രവർത്തനങ്ങളിൽ വിവരിക്കുന്നുണ്ട് (അപ്പ 2:45; 4:32-37).

## സ്ത്രീകൾ

സമൂഹത്തിൽ എല്ലാ മേഖലകളിലും അവകാശം നിഷേധിക്കപ്പെട്ടിരുന്ന സ്ത്രീകളോടുള്ള യേശുവിൻെറ അനുഭാവപൂർവ്വമായ സമീപനം ലൂക്കായുടെ സുവിശേഷത്തിൽ സവിശേഷ ശ്രദ്ധ അർഹിക്കുന്ന ഒരു പ്രമേയമാണ്. സ്ത്രീയും പുരുഷനും ദൈവത്തിൻെറ മുമ്പിൽ സ്ഥാനത്തിലും മഹിമയിലും തുല്യരാണെന്ന് ലുക്കാ വ്യക്തമാക്കുന്നു സ്ത്രീ-പുരുഷ കഥാപാത്രങ്ങളെ സമാന്തരമായി എടുത്തുകാട്ടിക്കൊണ്ടാണ് പ്രധാനമായും ഇക്കാ

www.malankaralibrary.com

ര്യം വെളിപ്പെടുത്തുന്നത്. ഉദാഹരണമായി ദൈവിക വെളിപാടുകൾ സഖറിയയ്ക്കും മറിയത്തിനും ലഭിക്കുന്നു (1:5-20=1:26-38); സഖറിയായും എലിസബത്തും ദൈവപ്രമാണങ്ങൾ കുറ്റമറ്റവിധം അനുഷ്ഠിച്ചിരുന്നു (1:6); മറിയവും സഖറിയായും ദൈവത്തെ സ്തുതിക്കുന്നു (1:46-55 = 1:67-79); ശിമയോനും അന്നായ്ക്കും രക്ഷകനെ കാണുവാനുള്ള ഭാഗ്യം ലഭിക്കുന്നു (2:25-35=2:36-38). പുരുഷനും സ്ത്രീയും തുല്യരാണെന്ന് സൂചിപ്പിക്കുന്ന മറ്റനേകം സംഭവങ്ങളും ലൂക്കായുടെ സുവിശേഷത്തിൻെറ പ്രത്യേകതയാണ് (10:29-42; 15:4-10; 18:1-8). ദൈവരാജ്യത്തിൻെറ സുവിശേഷം അറിയിച്ചുകൊണ്ടുള്ള യേശുവിൻെറ യാത്രയിൽ സ്ത്രീകളും ശിഷ്യൻമാരോടൊപ്പം അവിടുത്തെ അനുഗമിക്കുന്നതായി ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (8:1-3). തന്നെ അനുഗമിക്കുവാൻ സ്ത്രീകളേയും അനുവദിക്കുന്നതു വഴി അവർക്കു വലിയ അംഗീകാരമാണ് യേശു നൽകുന്നത്. യേശുവിൻെറ പീഡാനുഭവവേളയിൽ നിശ്ബദമെങ്കിലും പരിഗണനീയമായ ഒരു സ്ഥാനമാണ് സ്ത്രീകൾക്കുള്ളത് (23:27, 49.55).

## യോഹന്നാൻെറ സുവിശേഷം

ഈ സുവിശേഷത്തിൻെറ കർത്താവ് യേശു ശിഷ്യരിൽ ഒരുവനായ യോഹന്നാൻ തന്നെയാണെന്നാണ് പാരമ്പര്യം. ഗ്രന്ഥകർത്താവ് യേശുവിൻെറ പ്രേഷ്ഠശിഷ്യനായിരുന്നുവെന്നും അവിടുത്തെ ജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങൾക്ക് ദൃക്സാക്ഷിയായിരുന്നുവെന്നും സുവിശേഷത്തിൽ നിന്നും മനസ്സിലാക്കാം (യോഹ 19:35; 21:24). എ.ഡി. 95-നോടടുത്ത് എഫേസോസിൽ വച്ച് സുവിശേഷ രചന നടത്തി എന്നാണ് പണ്ഡിതമതം.

ഉള്ളടക്കത്തിലും ഘടനയിലും, സാഹിത്യരൂപത്തിലും, ശൈലിയിലും ദൈവശാസ്ത്രവീക്ഷണത്തിലും യോഹന്നാൻെറ സുവിശേഷം സമാന്തരസുവിശേഷങ്ങളിൽനിന്ന് വേറിട്ടു നില്ക്കുന്നു. സമാന്തര സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന പല കാര്യങ്ങളും യോഹന്നാൻെറ സുവിശേഷത്തിൽ കാണുന്നില്ല. ഉദാഹരണമായി സമാന്തരസുവിശേഷങ്ങളിൽ കാണുന്ന ഉപമകളിൽ ഒന്നുപോലും യോഹന്നാൻ രേഖപ്പെടുത്തുന്നില്ല. സമാന്തര സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന മുപ്പത് അദ്ഭുതങ്ങളിൽ രണ്ടെണ്ണം മാത്രമേ ഇതിൽ കാണുന്നുള്ളു (6:1-13; 6:16-21). യോഹന്നാൻ രേഖപ്പെടുത്തുന്ന മറ്റ് അഞ്ച് അദ്ഭുതങ്ങൾ (2:1-11; 4:46-54; 5:1-9. 9:1-7; 11:33-44) സമാന്തരസുവിശേഷങ്ങളിലില്ലാത്തവയുമാണ്. യേശുവിൻെറ പ്രവർത്തനങ്ങൾ ഗലീലിയയിൽ ആരംഭിച്ച് ജറുസലേമിൽ അവസാനിക്കുന്നതായി സമാന്തരസുവിശേഷകൻമാർ രേഖപ്പെടുത്തുമ്പോൾ ജറുസലേമിൽ ആരം

www.malankaralibrary.com

ഭിക്കുകയും ജറുസലേം കേന്ദ്രമാക്കി പ്രവർത്തിക്കുകയും ചെയ്യുന്നതായിട്ടാണ് യോഹന്നാൻ രേഖപ്പെടുത്തുന്നത്. പ്രതീകാത്മകത, സംഭാഷണങ്ങൾ, വിപരീതാർത്ഥ പ്രയോഗങ്ങൾ തുടങ്ങിയവ യോഹന്നാൻെറ സുവിശേഷത്തിൻെറ മറ്റൊരു പ്രത്യേകതയാണ്. "ജീവജലം", "മുന്തിരിയും ശാഖയും", "നല്ല ഇടയൻ", "യേശു സ്നേഹിക്കുന്ന ശിഷ്യൻ", "അന്ധനായി ജനിച്ച മനുഷ്യൻ" ഇവയെല്ലാം പ്രതീകങ്ങളാണ്. ഇവയിലൂടെ ആദ്ധ്യാത്മിക സത്യങ്ങൾ വെളിപ്പെടുത്തുന്നു. ആദ്ധ്യാത്മിക സത്യങ്ങൾ വെളിപ്പെടുത്താനായി ഉപയോഗിക്കുന്ന മറ്റൊരു രീതിയാണ് സംഭാഷണം. നിക്കൊദേമൂസ്, സമരിയക്കാരി, യഹൂദർ, ശിഷ്യൻമാർ തുടങ്ങിയവരുമായി യേശു നടത്തുന്ന സംഭാഷണം ഇത്തരത്തിലുള്ളതാണ് (3:1-21; 4:1-26; 8:12-59; 11:1-16). ഈ സംഭാഷണങ്ങളിൽ മൂന്നു ഘടകങ്ങൾ ഉണ്ടാകും.

1. വളരെ പ്രധാനപ്പെട്ട ഒരു സത്യത്തെക്കുറിച്ചുള്ള യേശുവിൻെറ പ്രസ്താവന (യോഹ 3:3)

2. അതു മനസ്സിലാക്കുവാനുള്ള ശ്രോതാക്കളുടെ കഴിവുകേട് (യോഹ 3:4)

3. തെറ്റിദ്ധാരണ നീക്കുവാൻ വേണ്ടിയുള്ള യേശുവിൻെറ വിശദീകരണം (3:5-8. 10-15).

വിപരീതാർത്ഥത്തിൽ വാക്കുകൾ പ്രയോഗിക്കുക എന്നത് യോഹന്നാൻെറ സുവിശേഷത്തിൻെറ പ്രത്യേകതയാണ്. സംസാരിക്കുന്നയാളുദ്ദേശിക്കുന്നതിന് ഉപരിയായോ വിരുദ്ധമായോ അയാളുടെ പ്രസ്താവനയ്ക്ക് സുവിശേഷകൻ അർത്ഥം കല്പിക്കുന്നു. "ജനം മുഴുവൻ നശിക്കാതിരിക്കാനായി അവർക്കുവേണ്ടി ഒരുവൻ മരിക്കുന്നത് യുക്തമാണ്" (യോഹ 11:51) എന്ന് രാഷ്ട്രീയ അർത്ഥത്തിലാണ് കയ്യാഫാസ് പറഞ്ഞതെങ്കിലും യോഹന്നാൻ പ്രസ്തുത പ്രസ്താവന യേശുവിൻെറ രക്ഷാകരമായ മരണത്തെക്കുറിച്ചുള്ള ഒരു പ്രവചനമായാണ് അവതരിപ്പിക്കുന്നത്. ജ്ഞാനവാദം (Gnosticism) ഗ്രീക്ക്-യഹൂദചിന്താഗതികൾ തുടങ്ങിയവ യോഹന്നാൻെറ സുവിശേഷത്തെ സ്വാധീനിച്ചിട്ടുണ്ട്. "വചനം", "ജീവൻ", "പ്രകാശം", "സത്യം", "ജീവജലം" "മുന്തിരി വള്ളിയും ശാഖകളും" തുടങ്ങിയവ ഈ പശ്ചാത്തലത്തിലെ മനസ്സിലാക്കുവാൻ സാധിക്കൂ. പഴയനിയമത്തിൽ നിന്ന് 14 പ്രാവശ്യം ഉദ്ധരിക്കുന്നുണ്ട്.

### ഘടനയും ഉള്ളടക്കവും

ഇരുപത്തിയൊന്ന് അദ്ധ്യായങ്ങളുള്ള സുവിശേഷത്തെ താഴെ കൊടുത്തിരിക്കുന്നവിധം വിഭജിക്കാം.

www.malankaralibrary.com

യോഹ 1:1-18 ആമുഖം

യോഹ 1:19-12:50 അടയാളങ്ങളുടെ പുസ്തകം - യേശുവിൻെറ പ്രവർത്തനങ്ങൾ

യോഹ 13:1-20:31 മഹത്വത്തിൻെറ പുസ്തകം - പിതാവിൻെറ പക്കലേക്കുള്ള യേശുവിൻെറ യാത്ര

യോഹ 21:1-25 അനുബന്ധം

യോഹന്നാൻെറ സുവിശേഷത്തെ പ്രധാനമായും രണ്ടു ഭാഗങ്ങളായി തിരിക്കാം. ആദ്യഭാഗത്തെ (1:19-12:50) "അടയാളങ്ങളുടെ പുസ്തക"മെന്നും രണ്ടാംഭാഗത്തെ "മഹത്വത്തിൻെറ പുസ്തക"മെന്നും (13:1-20:31) വിളിക്കുന്നു. യേശു തൻെറ പരസ്യജീവിതകാലത്ത് അടയാളങ്ങളിലൂടെ സ്വയം വെളിപ്പെടുത്തുന്നതാണ് ആദ്യഭാഗത്തിൻെറ ഉള്ളടക്കം. സുവിശേഷത്തിൽ കാണുന്ന 7 അദ്ഭുതങ്ങളും ആദ്യഭാഗത്താണ് രേഖപ്പെടുത്തിയിരിക്കുന്നത് (2:1-11; 4:46-54; 5:1-9; 6:1-13; 6:16-21; 9:1-7; 11:33-44). കാനായിലെ വിവാഹ വിരുന്നിൽ വച്ച് നടത്തിയ ആദ്യത്തെ അദ്ഭുതത്തെക്കുറിച്ച് സുവിശേഷകൻെറ പരാമർശം ശ്രദ്ധേയമാണ്. "യേശു തൻെറ മഹത്വം വെളിപ്പെടുത്തുന്നതിനു പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ്, ഗലീലിയിലെ കാനായിൽ ചെയ്ത ഈ അദ്ഭുതം" (2:11). പീഡാസഹനവും മരണവും ഉത്ഥാനവും വഴി പിതാവിൻെറ പക്കലേക്കുള്ള യേശുവിൻെറ മടക്കമാണ് രണ്ടാം ഭാഗത്തിൻെറ ഉള്ളടക്കം. ഈ ഭാഗത്തെ "മഹത്വത്തിൻെറ പുസ്തകം" എന്നുവിളിക്കുന്നു. പീഡാസഹനവും മരണവും ഉത്ഥാനവും യേശുവിൻെറ മഹത്വീകരണത്തിനുള്ള സമയമാണ് . തൻെറ ശുശ്രൂഷയുടെ തുടക്കത്തിൽ "എൻെറ സമയം ഇനിയും ആയിട്ടില്ല" എന്ന് യേശു പറയുന്നത് (2:4) മഹത്വീകരണത്തിനുള്ള സമയത്തെ ഉദ്ദേശിച്ചാണ്. പീഡാനുഭവത്തിലേക്കു പ്രവേശിക്കുന്നതിനു തൊട്ടുമുമ്പ് തൻെറ മണിക്കൂർ ആയി എന്ന് യേശു പ്രഖ്യാപിക്കുന്നു (12:27:28; 13:1). പീഡാനുഭവവിവരണം ആരംഭിക്കുന്നത് യേശു ശിഷ്യരുടെ പാദങ്ങൾ കഴുകുന്ന സംഭവം രേഖപ്പെടുത്തിക്കൊണ്ടാണ്. സേവനത്തിലൂടെയാണ് മഹത്വത്തിലേക്ക് പ്രവേശിക്കുന്നത് എന്ന യാഥാർത്ഥ്യം വ്യക്തമാക്കുകയെന്നതാണ് ഇതിൻെറ ഉദ്ദേശ്യം.

ആഴമേറിയ ക്രിസ്തുദർശനം ഉൾക്കൊള്ളുന്ന ആമുഖം (1:1-18) യോഹന്നാൻെറ സുവിശേഷത്തിൻെറ പ്രത്യേകതയാണ്. പതിനെട്ടു വാക്യങ്ങളുള്ള മനോഹരമായ ഈ ഗീതത്തിൽ മനുഷ്യനായി അവതരിച്ച വചനമായ യേശുവാണ് പ്രതിപാദ്യ വിഷയം. പിതാവിനോടുകൂടി ആയിരുന്ന വചനത്തിൻെറ ദൈവത്വം, സൃഷ്ടികർമ്മത്തിലുള്ള പങ്കാളിത്തം, മനുഷ്യാവതാരം, മനു

www.malankaralibrary.com

ഷ്യനായി അവതരിച്ച വചനത്തോട് മനുഷ്യൻ പ്രകടിപ്പിച്ച അനുകൂലവും പ്രതികൂലവുമായ പ്രതികരണങ്ങളും അവയുടെ ഫലങ്ങളും തുടങ്ങിയവയാണ് ആമുഖത്തിൻെറ ഉള്ളടക്കം.

സുവിശേഷത്തിൻെറ അനുബന്ധമായ ഇരുപത്തിയൊന്നാം അദ്ധ്യായം യോഹന്നാൻെറ തന്നെ ശിഷ്യരോ, ശിഷ്യൻമാരിലൊരുവനോ കൂട്ടിച്ചേർത്തതാണെന്നാണ് പണ്ഡിതമതം. "ഈ ശിഷ്യൻ തന്നെയാണ് ഈ കാര്യങ്ങൾക്കു സാക്ഷ്യം നൽകുന്നതും ഇവ എഴുതിയതും. അവൻെറ സാക്ഷ്യം സത്യമാണെന്ന് ഞങ്ങൾക്കറിയാം" (20:24) എന്ന പ്രസ്താവന ഈ നിഗമനത്തിലേക്ക് നയിക്കുന്നതാണ്. ഉത്ഥാനം ചെയ്ത യേശു വീണ്ടും ശിഷ്യർക്കു പ്രത്യക്ഷപ്പെട്ടു സ്വയം വെളിപ്പെടുത്തുന്നതും പത്രോസ് വിശ്വാസപ്രഖ്യാപനം നടത്തുന്നതും അജപാലനദൗത്യം പത്രോസിന് നൽകുന്നതുമാണ് അനുബന്ധത്തിൻെറ ഉള്ളടക്കം.

### ദൈവശാസ്ത്ര പ്രമേയങ്ങൾ

1. **യേശുവും പിതാവും ഒന്നാണ്:** വചനമായ യേശുവിന് പിതാവുമായി ഗാഢബന്ധമാണുള്ളത്. ഈ വചനം പിതാവുമായി ഒന്നാണ് (1:18; 10:30). യേശുവിൻെറ പ്രവർത്തനങ്ങളെല്ലാം പിതാവിൻേറതാണ്. അവിടുത്തെ പ്രവർത്തനങ്ങൾ പിതാവിനെ വെളിപ്പെടുത്തുന്നവയാണ് (10:37-38). യേശുവിലൂടെ പിതാവ് എല്ലാം നിർവ്വഹിക്കുന്നു (5:19-23). പിതാവിനെ പൂർണ്ണമായി വെളിപ്പെടുത്തുന്നത് അവിടുത്തെ പുത്രനായ യേശുക്രിസ്തുവാണ്.

2. **ജീവദായകനായ യേശു :** യേശു ലോകത്തിലേക്കു വന്നത് ജീവൻ നൽകുന്നതിനാണ് (10:10). അവിടുന്ന് "ജീവജലവും" (4:10-15) "ജീവൻെറ അപ്പവു"മാണ് (6:25-50). യേശുവിൻെറ വചനം കേൾക്കുകയും അവിടുത്തെ അയച്ചവനിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്കാണ് നിത്യജീവൻ (5:24). യേശുവിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും (11:25).

3. **ലോകത്തിൻെറ പ്രകാശമായ യേശു:** അന്ധകാരത്തെ കീഴടക്കുവാൻ ലോകത്തിലേക്കു വന്ന പ്രകാശമായി യോഹന്നാൻ യേശുവിനെ അവതരിപ്പിക്കുന്നു (1:4-5). താൻ ലോകത്തിൻെറ പ്രകാശമാണെന്നും തന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ലെന്നും അവന് ജീവൻെറ പ്രകാശമുണ്ടായിരിക്കുമെന്നും യേശു പ്രഖ്യാപിച്ചു (10:12). ലോകത്തിലേക്ക് വന്ന പ്രകാശമായ യേശുവിനെ സ്വീകരിക്കാത്തവർക്ക് ശിക്ഷാവിധി ലഭിക്കും (3:19). ജന്മനാ അന്ധനായവന് കാഴ്ച നല്കുന്നതുവഴി താൻ ലോകത്തിൻെറ പ്രകാശമാണെന്ന് പ്രതീകാത്മകമായി യേശു വെളിപ്പെടുത്തി (9:1-41). ബാഹ്യമായ കാഴ്ചയോടൊപ്പം ആന്തരികമായ ഉൾക്കാഴ്ചയും

www.malankaralibrary.com

യേശു അവനു നൽകുന്നു. യേശു ദൈവത്തിൽ നിന്നുള്ളവനാണെന്ന് കാഴ്ച ലഭിച്ച അന്ധൻ തിരിച്ചറിയുകയും (9:33) യേശുവിലുള്ള വിശ്വാസം ഏറ്റു പറയുകയും ചെയ്യുന്നു.

4. **യേശുവും ശിഷ്യരും തമ്മിലുള്ള ബന്ധം:** യേശുവും ശിഷ്യരും തമ്മിലുള്ള ബന്ധം ഗാഢവും വ്യക്തിപരവുമാണ്. മുന്തിരിച്ചെടിയും ശാഖകളും തമ്മിലുള്ള ബന്ധത്തോടും (15:1-10) ഇടയനും ആടുകളും തമ്മിലുള്ള ബന്ധത്തോടും (10:1-18) പ്രതീകാത്മകമായി അതിനെ താരതമ്യപ്പെടുത്തുന്നു. ശാഖകൾ മുന്തിരിച്ചെടിയോട് എന്നപോലെ ക്രിസ്തുശിഷ്യൻ ക്രിസ്തുവിനോട് ചേർന്നുനിന്നാൽ മാത്രമേ ഫലം പുറപ്പെടുവിക്കുവാൻ സാധിക്കൂ. ഗാഢമായ ബന്ധമാണ് ക്രിസ്തുവും ശിഷ്യരും തമ്മിലുള്ളത്. നല്ല ഇടയൻ തൻെറ ആടുകളെ അറിയുകയും അവയെ പേരുചൊല്ലി വിളിക്കുകയും ചെയ്യുന്നതുപോലെ യേശു തൻെറ ശിഷ്യരെ വ്യക്തിപരമായി അറിയുകയും പരിപാലിക്കുകയും ചെയ്യുന്നു. ആടുകൾ ഇടയൻെറ സ്വരം തിരിച്ചറിയുന്നതുപോലെ ശിഷ്യർ യേശുവിൻെറ സ്വരം തിരിച്ചറിയുന്നു. യേശുവും ശിഷ്യരും തമ്മിലുള്ള ബന്ധം അധികാരിയും ശുശ്രൂഷകരും തമ്മിലുള്ള ബന്ധം പോലെയല്ല എന്ന് ശിഷ്യരുടെ പാദങ്ങൾ കഴുകിക്കൊണ്ട് യേശു വ്യക്തമാക്കുന്നു (13:1-20). യേശു ശിഷ്യരുടെ ഇടയിൽ ശുശ്രൂഷകനെപ്പോലെ വർത്തിച്ചു (13: 14). താൻ തെരഞ്ഞെടുത്ത ശിഷ്യൻമാർക്കുവേണ്ടി യേശു പ്രത്യേകമായി പ്രാർത്ഥിക്കുന്നത് യോഹന്നാൻെറ സുവിശേഷത്തിൽ മാത്രമേ രേഖപ്പെടുത്തുന്നുള്ളു (17).

5. **വിശ്വാസം:** മനുഷ്യരക്ഷയ്ക്കായി ലോകത്തിലേക്കു വന്ന യേശുവിനോടും അവിടുത്തെ അയച്ച പിതാവിനോടുമുള്ള മനുഷ്യൻെറ അനുകൂലമായ പ്രതികരണമാണ് വിശ്വാസം. ഇതുവഴി ഒരുവൻ നിത്യജീവൻ പ്രാപിക്കുന്നു (17:3). യേശുവിനെ സ്വീകരിക്കുന്നതിലും (1:12;5:43) അനുഗമിക്കുന്നതിലും (1:39; 8:12) അവിടുത്തെ പക്കലേക്ക് വരുന്നതിലും (5:40; 6:35.37; 7:37) അവിടുന്നിൽ വസിക്കുന്നതിലും (6:56; 18:4) അവിടുത്തെ വചനം സ്വീകരിക്കുന്നതിലും അവയിൽ തുടരുന്നതിലും (12:48; 17:8; 8:31) അവിടുന്നു നൽകുന്ന സാക്ഷ്യം അംഗീകരിക്കുന്നതിലും (3:11) വിശ്വാസം അടങ്ങിയിരിക്കുന്നു. ഇത് മനുഷ്യൻ തൻെറ കഴിവുകൊണ്ടു നേടുന്ന ഒന്നല്ല. പിതാവിനാൽ ആകർഷിക്കപ്പെട്ടാലല്ലാതെ ഒരുവനും യേശുവിൻെറ പക്കലേക്കു കടന്നു ചെല്ലാൻ സാധിക്കുകയില്ല (6:44). യേശുവിനെയും സഹോദരങ്ങളെയും സ്നേഹിച്ചുകൊണ്ടാണ് ഒരുവൻ തൻെറ വിശ്വാസം വെളിപ്പെടുത്തുന്നത് (13:34; 14:15.21).

www.malankaralibrary.com

## SELECT BIBLIOGRAPHY

1. Brown C., (ed), *The New International Dictionary of New Testament Theology*, 4 vols., Grand Rapids, Michigan, 1975 - 1978.

2. Buttrick G.A., (ed), *The Interpreters Dictionary of the Bible*, 4 vols., Nashville, 1962.

3. Cate R.L., *A History of the New Testament and Its Times*, Nashville, 1991.

4. Filson F.V., *A New Testament History*, London, 1964.

5. Jeremias J., *Jerusalem in the Time of Jesus*, London, 1969.

6. Josephus F., *The Works of Josephus : Completed and Unabridged* (tr.), A.M. Whiston, Massachusetts, 1987.

7. Kümmel G., *Introduction to the New Testament* (tr.), H. Clark, London, 1975.

8. Martin R.P., *New Testament Foundations*, 2 Vols., Exeter, 1975, 1978.

9. കല്ലുവീട്ടിൽ പോൾ, സി.എം.ഐ. (എഡി.)., *വചനഭാഷ്യം*, ബാംഗ്ലൂർ, 1995

10. തേറാത്ത് ആൻറണി (എഡി.), *ബൈബിൾ നിഘണ്ടു*, ആലുവ, 1997

www.malankaralibrary.com

പലസ്തീനയുടെ ഭൂപ്രകൃതിയും കാലാവസ്ഥയും യഹൂദരുടെ ജീവിതവും ആചാരാനുഷ്ഠാനങ്ങളും യേശുവിൻെറ കാലഘട്ടത്തിലെ സാമൂഹികവും സാമ്പത്തികവും, രാഷ്ട്രീയവും മതപരവുമായ അവസ്ഥ, സുവിശേഷഗ്രന്ഥങ്ങളുടെ രൂപീകരണവും അവയുടെ ഉള്ളടക്കവും തുടങ്ങിയ വിഷയങ്ങൾ ലളിതമായ ശൈലിയിൽ ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. സുവിശേഷഗ്രന്ഥങ്ങളുടെ സന്ദേശം മനസ്സിലാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഈ ചെറിയ ഗ്രന്ഥത്തിൻെറ പഠനം സഹായകമാകും.

www.malankaralibrary.com